# കലയും സാഹിത്യവും

മാരാര്

895.14
TSE

# കലയും സാഹിത്യവും

•

മാവോ സേതുങ്ങ്.

895.14
TSE

# കലയും സാഹിത്യവും

## മാവോ സേതുങ്

൧൦൬൬

വിവർത്തനം: സിദ്ധാർത്ഥൻ

PC Library & Research Center

പ്രസാധകർ

മാസ്‌ലൈൻ പബ്ലിക്കേഷൻസ്, പാലാ.

വിതരണം:

ജനതാ ബുക്ക്സ്റ്റാൾ, പാലാ.

വില: 5 രൂപാ.

# Kalayum Sahithyavum

(Malayalam)

Mao Tse-Tung

Translated by:

SIDHARTHAN

895.14 TSE

Printed at:

SOBHA PRINTERS, PARAMPUZHA P. O., KOTTAYAM–4.

No. of Copies: 2000

First Published: November 1973

Price Rs. 5.00

Published by:

MASS LINE PUBLICATIONS, PALAI.

Distributors:

JANATHA BOOK STALL, PALAI.

# വിദ്യാഭ്യാസത്തിനും സാംസ്കാരികോന്നമനത്തിനും വേണ്ടിയുള്ള സംഘടിത പ്രവത്തനം

(1927 മാർച്ച്)

ചൈനയിൽ വിദ്യാഭ്യാസവും സാംസ്ക്കാരി[illegible] സംരംഭങ്ങളും ജന്മിമാരുടെ കുത്തകാവകാശമായി നീ[illegible] വയ്ക്കപ്പെട്ടവയായിരുന്നു. കർഷകക്ക് ആ രംഗങ്ങള[illegible]ലേക്കുള്ള പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. പക്ഷേ ജന്മിമാരുടെ സംസ്ക്കാരം കർഷകരാൽ സൃഷ്ടിക്കപ്പെട്ടതാണ്. എന്തെന്നാൽ കർഷകരുടെ വിയപ്പിൽ നിന്നും രക്തത്തിൽ നിന്നും ആണ് അതു് ഉടലെടുക്കുന്നതുതന്നെ. ചൈനയിൽ ജനങ്ങളുടെ തൊണ്ണൂറു ശതമാനത്തിനും സാംസ്ക്കാരികോന്നമനമോ വിദ്യാഭ്യാസമോ ലഭിച്ചിട്ടില്ല. ഇതിൽ ബഹുഭൂരിപക്ഷവും കർഷകർ ആകുന്നു.

ഗ്രാമപ്രദേശങ്ങളിൽ ജന്മിമാരുടെ അധീശാധികാരം നിലംപതിച്ചതോടുകൂടി വിദ്യാഭ്യാസത്തിനും സാംസ്ക്കാരിക പ്രവത്തനത്തിനും വേണ്ടിയുള്ള കഷ്കരുടെ പ്രസ്ഥാനം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ വിദ്യാലയങ്ങളെ കഠിനമായി വെറുത്തിരുന്ന കഷ്കർ ഇപ്പോൾ അത്യുൽസാഹത്തോടെ സായംന്തന ക്ലാസ്സുകൾ സംഘടിപ്പിക്കുകയാണ്. ''വിദേശ മാതൃകയിലുള്ള വിദ്യാലയങ്ങൾ'' എല്ലായ്പോഴും കർഷകരുടെ ഇടയിൽ ജനസമ്മതി ഇല്ലാത്തവയായിരുന്നു. വിദ്യാത്ഥിയായി

രുന്ന കാലഘട്ടത്തിൽ വീട്ടിൽ പോകുന്ന അവസരങ്ങളിൽ ഒക്കെയും ഞാൻ ''വിദേശമാതൃകയിലുള്ള വിദ്യാലയങ്ങളിലെ'' അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും ആയി കൂടിച്ചേരുക പതിവാക്കുകയും ''വിദേശമാതൃകയിലുള്ള വിദ്യാലയങ്ങളുടെ'' താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും അതുപോലെയുള്ള വിദ്യാലയങ്ങളെ എതിർത്തുകൊണ്ടുള്ള കർഷകരുടെ നിലപാട് ഏതുവിധേനയും തെററായിരുന്നു എന്ന് എല്ലായ്പോഴും ചിന്തിക്കുകയും ചെയ്തു. ഞാൻ ഒരു കമ്യൂണിസ്റ്റുകാരനാവുകയും മാർക്സിസ്റ്റ് ചിന്താഗതി അംഗീകരിക്കുകയും ചെയ്തതിനുശേഷം 1925_ൽ ആറുമാസം ഗ്രാമപ്രദേശങ്ങളിൽ ചിലവഴിച്ചപ്പോഴാണ് എൻെറ മുൻപിലത്തെ നിലപാട് തെററായിരുന്നു എന്നും കർഷകരുടെ നിലപാട് ശരിയായിരുന്നു എന്നും എനിക്കു ബോദ്ധ്യമായത്. ഗ്രാമപ്രദേശത്തെ പ്രാഥമിക വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്ന വിവരങ്ങൾ എല്ലാം നഗരങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നവയും ഗ്രാമപ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് ഒരു വിധത്തിലും പൊരുത്തപ്പെടാത്തവയും ആയിരുന്നു. ഇതിനും പുറമേ പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ കർഷകരുടെ നേരേ വളരെ മോശമായ രീതിയിൽ പെരുമാറി. തങ്ങൾക്കു സഹായകമായ രീതിയിലല്ല അദ്ധ്യാപകർ പെരുമാറുന്നതെന്നു കണ്ടപ്പോൾ കർഷകർ അവരെ വെറുക്കുവാൻ തുടങ്ങി. ഇതിൻെറ ഫലമായി ആധുനികരീതിയിലുള്ള വിദ്യാലയങ്ങളേക്കാൾ കൂടുതൽ പഴയരീതിയിലുള്ള വിദ്യാലയങ്ങൾ കർഷകർ ഇഷ്ടപ്പെടുകയും—''വിദേശ മാതൃകയിലുള്ള വിദ്യാലയങ്ങളേ''ക്കാൾ കൂടുതൽ ''ചൈനീസ് വിദ്യാലയങ്ങൾ'' എന്ന് അവർ വിളിച്ചിരുന്നവയെ കൂടുതൽ ഇഷ്ടപ്പെടുകയും—പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകരേക്കാൾ പഴയരീതിയിലുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ താരതമ്യേന കൂടുതൽ ഇഷ്ടപ്പെടുകയും ചെയ്തു.

ഇപ്പോൾ കർഷകർ ഊർജ്ജസ്വലതയോടുകൂടി കർഷക വിദ്യാലയങ്ങൾ എന്നു തങ്ങൾ വിളിക്കുന്നവയെ

സ്ഥാപിച്ചു കൊണ്ടിരിക്കയാണു്. ശരിക്കു പറഞ്ഞാൽ അവ സായന്തന ക്ലാസ്സുകളാണു്. അതുപോലെയുള്ള അനേകം വിദ്യാലയങ്ങൾ തുറന്നു പ്രവൎത്തനം ആരംഭിച്ചിട്ടുണ്ടു്, കൂടുതൽ എണ്ണം സ്ഥാപിച്ചുകൊണ്ടിരിക്കുകയുമാണു്. ശരാശരി ഓരോ ഗ്രാമത്തിനും ഓരോ വിദ്യാലയം എന്ന കണക്കിൽ സ്ഥാപിക്കുന്നതിനു വേണ്ടിയാണു് പ്രവൎത്തനം നടക്കുന്നതു്. അതുപോലെയുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ കർഷകർ വളരെ അത്യുൽസാഹം കാണിക്കുകയും അവയെമാത്രം തങ്ങളുടെ സ്വന്തമായി പരിഗണിക്കുകയും ചെയ്യുന്നു. സായന്തന ക്ലാസ്സുകൾക്കുവേണ്ട മൂലധനം ലഭിക്കുന്നതു് ''അന്ധവിശ്വാസപരമായ ആചാരങ്ങളിൽ നിന്നു് ഉണ്ടാകുന്ന പൊതുവരുമാന''ത്തിൽ നിന്നാണു്; അതായതു് പുരാതന ദേവാലയങ്ങളുടെ സ്വത്തുക്കൾ, മററു തരത്തിലുള്ള പൊതുമുതലുകൾ, വെറുതെ കിടന്നിരുന്ന പൊതുസ്വത്തുക്കൾ എന്നിവയിൽ നിന്നു്. കർഷകരുടെ ആവശ്യങ്ങൾക്കു് അനുയോജ്യമല്ലാത്ത പ്രാഥമിക വിദ്യാലയങ്ങൾ, അതായതു് ''വിദേശമാതൃകയിലുള്ള വിദ്യാലയങ്ങൾ'' സ്ഥാപിക്കുന്നതിനു് ഈ പൊതുമുതലുകളെ ഉപയോഗപ്പെടുത്തുവാൻ കൗണ്ടിയിലെ വിദ്യാഭ്യാസ ഭരണസമിതികൾ ആഗ്രഹിച്ചു; അതേസമയം കർഷകർ അവയെ കർഷകവിദ്യാലയങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുവാനും ആഗ്രഹിച്ചു. അവസാനം ഈ മുതലുകൾ വിഭജിക്കപ്പെടുകയുണ്ടായെങ്കിലും ചില സ്ഥലങ്ങളിൽ അവ മുഴുവനായി തന്നെ കർഷകൎക്കു ലഭിച്ചു. കർഷകപ്രസ്ഥാനത്തിൻെറ വളൎച്ചയോടുകൂടി കർഷകരുടെ സാംസ്ക്കാരിക നിലവാരം വളരെ പെട്ടെന്നു് ഉയൎന്നിട്ടുണ്ടു്. അധികം നാൾ കഴിയുന്നതിനു മുൻപു് സംസ്ഥാനത്തു് ആകമാനമുള്ള ഗ്രാമപ്രദേ

ശങ്ങളിൽ ആയിരക്കണക്കിന് വിദ്യാലയങ്ങൾ പെട്ടെന്ന് ഉയർന്നുവരും—വ്യർത്ഥമായ വാക്കുകൾ മാത്രമായി അവശേഷിച്ച ''ജനകീയ വിദ്യാഭ്യാസ''ത്തിനു വേണ്ടിയുള്ള ബുദ്ധിജീവികളുടേയും ''വിദ്യാഭ്യാസ ധുരന്ധരന്മാർ'' എന്നു വിളിക്കപ്പെടുന്നവരുടേയും നിഷ്പ്രയോജനമായ ഒച്ചപ്പാടുകളിൽനിന്ന് വളരെ വ്യത്യസ്തമായ ഒരു പ്രവർത്തനം.

—'ഹുനാനിലെ കർഷക പ്രസ്ഥാനത്തെ സംബന്ധിച്ച നടത്തിയ ഒരു അന്വേഷണത്തെ കുറിച്ചുള്ള റിപ്പോർട്ടി'ൽ നിന്ന്.

# കൽപ്പിതകഥകളും യാഥാർത്ഥ്യവും

(1937 ആഗസ്റ്റ്)

........പുരാണകല്പിതകഥകളിൽ ഒട്ടനവധി രൂപമാററങ്ങളെകുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് കാണാം. ''ഷാൻ ഹെയ് ചിങ്'' (1) എന്ന പുസ്തകത്തിൽ കാ്വാഫു സൂര്യനുമായി നടത്തുന്ന മത്സരഓട്ടവും ''ഹൈ്വനാൻ ട്ഷെ'' (2) എന്ന പുസ്തകത്തിൽ ''യീ'' ഒൻപതു സൂര്യന്മാരെ എയ്തുവീഴ്ത്തുന്നതും ''സി യു ചി'' (3)എന്ന പുസ്തകത്തിൽ വാനരരാജാവ് എഴുപത്തിരണ്ടുതരത്തിൽ രൂപം മാറുന്നതും ''ലിയാവോ ചെയ്യുടെ അസാധാരണ കഥകൾ'' (4) എന്ന പുസ്തകത്തിൽ പ്രേതങ്ങളും കുറുനരികളും മനുഷ്യരായി രൂപംമാറുന്നതിനെ കുറിച്ചുള്ള നിരവധി ഉപകഥകളും മററും ഉദാഹരണങ്ങളാണ്. എന്നാൽ ഐതിഹ്യങ്ങളിൽ കാണുന്ന വിപരീതങ്ങളുടെ അന്യോന്യ പരിവർത്തനങ്ങൾ യഥാർത്ഥ വൈരുദ്ധ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന വാസ്തവത്തിലുള്ള മാററങ്ങളല്ല. നേരേമറിച്ച് വിപരീതങ്ങളുടെ യഥാർത്ഥവും സങ്കീർണ്ണവും ആയ ഒട്ടേറെ അന്യോന്യ പരിവർത്തനങ്ങൾ മനുഷ്യമനസ്സിൽ സൃഷ്ടിച്ച അതിസരളവും സാങ്കൽപ്പികവും ആത്മനിഷ്ഠമായി ഗ്രഹിക്കപ്പെട്ടതുമായ അന്യോന്യ പരിവർത്തനങ്ങളാണ് അവ.

---

(1) ബി. സി. 403–നും 221–നും ഇടയ്ക്ക് എഴുതപ്പെട്ട ഷാൻഹെയ് ചിങ് എന്ന പുസ്തകത്തിൽ അമാനുഷനായ കാ്വാഫു സൂര്യൻെറ പിന്നാലെ ഒപ്പം എത്തിയ

''ഭാവനയിലൂടെ പ്രകൃതിശക്തികളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും അവയെ ഭരിക്കുകയും അവയ്ക്കു് രൂപം കൊടുക്കുകയുമാണു് പുരാവൃത്തങ്ങളിലെല്ലാം ചെയ്യുന്നതു്. ഇക്കാരണത്താൽ മനുഷ്യൻ പ്രകൃതിശക്തികളുടെ മേൽ ആധിപത്യം നേടിക്കഴിയുന്ന ഉടൻതന്നെ അവ അ

---

കഥയുണ്ടു്. ഓട്ടമത്സരത്തിൽ ജയിച്ചു കഴിഞ്ഞു് സൂര്യനിൽ ഒരു പര്യടനം നടത്തുന്ന അയാറം അവസാനം ദാഹംകൊണ്ടു മരിക്കുന്നു.

(2) ഒരു ചൈനീസ് പുരാണ കല്പിതകഥയിലെ കഥാപാത്രമാണു് വില്ലാളിവീരനായ യീ. ബി. സി. രണ്ടാം നൂററാണ്ടിൽ എഴുതപ്പെട്ട ഹ്വൈനാൻ ട്ഷെ എന്ന ഗ്രന്ഥത്തിൽ പറയുന്നതു് യാവോ ചക്രവത്തിയുടെ കാലത്തു് ആകാശത്തിൽ പത്തു സൂര്യൻമാർ ഉണ്ടായിരുന്നെന്നാണു്. ഈ സൂര്യന്മാരിൽനിന്നു് ഉൽഗമിച്ച അത്യുഷ്ണംമൂലം സസ്യജാലങ്ങറംക്കു് ഉണ്ടായിക്കൊണ്ടിരുന്ന നാശം ഒഴിവാക്കുവാൻ വേണ്ടി സൂര്യന്മാരെ എയ്തു വീഴ്ത്തുവാൻ യാവോ ചക്രവത്തി, യീ ക്കു് ഉത്തരവുനൽകി. എ. ഡി. രണ്ടാംനൂററാണ്ടിൽ വാങ്‌യി എഴുതിയ മറെറാരു കഥയിൽ ഈ വില്ലാളി പത്തിൽ ഒൻപതു സൂര്യന്മാരേയും എയ്തു വീഴ്ത്തിയതായി പറയുന്നു.

(3) സി യൂ ചി അഥവാ പടിഞ്ഞാറൻ ദിക്കിലേക്കു് ഒരു തീത്ഥയാത്ര എന്ന നോവൽ 16-ാം നൂററാണ്ടിൽ എഴുതപ്പെട്ടതാണു്. സുൺ വൂ-കുംഗ് എന്ന വാനരനാണു് ഇതിലെ കഥാനായകൻ. പക്ഷി, കല്ലു്, മരം, എന്നിവ പോലെയുള്ള എഴുപത്തിരണ്ടു രൂപങ്ങറം കൈക്കൊള്ളുവാനുള്ള അത്ഭുത സിദ്ധി അയാറംക്കുണ്ടായിരുന്നു.

(4) പതിനേഴാം നൂററാണ്ടിൽ പൂ ഡുംഗ്-ലിംഗ് എഴുതിയ നാനൂററിമുപ്പത്തിഒന്നു കഥകറം അടങ്ങിയ ഒരു പ്രസിദ്ധ ഗ്രന്ഥം.

പ്രത്യക്ഷമാവുകയും ചെയ്യുന്നു,'' x എന്നു് മാർക്സ് പറഞ്ഞിട്ടുണ്ടു്. മനുഷ്യൻ പ്രകൃതിശക്തികളുടെ മേൽ നടത്തുന്ന ആക്രമണത്തെ ഭാവനാപരമായി ചിത്രീകരിക്കുന്നതുകൊണ്ടാണു് പുരാവൃത്തങ്ങളിലും മുത്തശ്ശിക്കഥകളിലും കാണുന്ന ലക്ഷക്കണക്കിനു രൂപപരിവർത്തനങ്ങൾ ജനങ്ങളെ ആഹ്ലാദിപ്പിക്കുന്നതു്. ഏററവും നല്ല പുരാണകഥകൾ മാർക്സ് പറഞ്ഞതുപോലെ ''ശാശ്വതമായ ആകർഷകത്വം ഉള്ളവയാണു്.'' പക്ഷേ ഏതെങ്കിലും സാഹചര്യത്തിൽ നിലനിന്ന വാസ്തവത്തിലുള്ള വൈരുദ്ധ്യങ്ങളിൽ നിന്നല്ല പുരാവൃത്താക്കൾ ഉണ്ടാക്കപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടു് അവ യാഥാർത്ഥ്യത്തെ ശാസ്ത്രീയമായി പ്രതിഫലിപ്പിക്കുന്നില്ല. അതായതു് പുരാവൃത്തങ്ങളിൽ, അല്ലെങ്കിൽ മുത്തശ്ശിക്കഥകളിൽ ഒരു വൈരുദ്ധ്യത്തിനു രൂപം കൊടുക്കുന്ന കാഴ്ചപ്പാടുകൾക്കു് സാങ്കല്പികമായ അനന്യതയല്ലാതെ യഥാർത്ഥത്തിലുള്ള അനന്യതയില്ല.

---

x കാറൽ മാർക്സിൻെറ ''സാമ്പത്തിക ശാസ്ത്രത്തിനൊരു മുഖവുര''യിൽ നിന്നു്. 1904-ലെ ചിക്കാഗോ പതിപ്പു്, പേജ് 310-311.

# പഠനം

(1938 ഒക്ടോബർ)

പൊതുവിൽ പറഞ്ഞാൽ, വേണ്ടത്ര വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള എല്ലാ കമ്യൂണിസ്റ്റു പാർട്ടി അംഗങ്ങളും മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ സിദ്ധാന്തങ്ങൾ പഠിക്കുകയും നമ്മുടെ ദേശീയ ചരിത്രം പഠിക്കുകയും ആധുനിക കാലത്തെ പ്രസ്ഥാനങ്ങളേയും, പ്രവണതകളേയും കുറിച്ചു പഠിക്കുകയും ചെയ്യണം; കൂടാതെ കുറഞ്ഞ വിദ്യാഭ്യാസമുള്ള അംഗങ്ങളെ പഠിപ്പിക്കുവാൻ അവർ സഹായിക്കുകയും ചെയ്യണം. പാർട്ടിപ്രവർത്തകർ പ്രത്യേകിച്ചും ഈ വിഷയങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കണം. അതേസമയം കേന്ദ്രകമ്മിററി അംഗങ്ങളും മേലേക്കിടയിലുള്ള പാർട്ടി പ്രവർത്തകരും ഇക്കാര്യത്തിൽ മററാരേയുംകാൾ കൂടുതൽ ശ്രദ്ധ ചെലുത്തണം. വിപ്ലവകരമായ സിദ്ധാന്തവും ചരിത്രത്തെ കുറിച്ചുള്ള അറിവും പ്രായോഗിക പ്രസ്ഥാനത്തെ കുറിച്ചുള്ള ഒരു അഗാധമായ ധാരണയും സ്വായത്തമായിട്ടില്ലെങ്കിൽ ഒരു രാഷ്ട്രീയപാർട്ടിക്കും ഒരു മഹത്തായ വിപ്ലവപ്രസ്ഥാനത്തെ വിജയത്തിലേക്കു നയിക്കുവാൻ ഒരുപക്ഷേ കഴിഞ്ഞെന്നു വരികയില്ല.

മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ സിദ്ധാന്തങ്ങൾ സാർവ്വത്രികമായി പ്രയോഗിക്കാവുന്നതാണ്. നമ്മൾ ഇതിനെ ഒരു വിശ്വാസ പ്രമാണമായിട്ടല്ല പരിഗണിക്കേണ്ടതു്, പ്രത്യുത പ്രവർത്തനത്തിനുള്ള ഒരു മാർഗ്ഗദർശിയായിട്ടാണ്. വെറും മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സാങ്കേതികപദങ്ങളും പദശൈലികളും മാത്രം നമ്മൾ പഠിച്ചാൽ പോരാ, മാർക്സിസം—ലെനിനിസം വിപ്ലവത്തിൻെറ ശാസ്ത്രമാ

യിട്ട് നമ്മാം പഠിക്കണം. യഥാർത്ഥ ജീവിതത്തെ കുറിച്ചും വിപ്ലവാനുഭവങ്ങളെ കുറിച്ചും തങ്ങാം നട ത്തിയ വ്യാപകമായ പഠനത്തിൽനിന്നു് മാർക്സും എംഗൽസും ലെനിനും സ്റ്റാലിനും ആവിർഭവിപ്പിച്ച പൊതുനിയമങ്ങളെ മനസ്സിലാക്കിയതുകൊണ്ടു മാത്രം കാര്യമായില്ല. പ്രത്യുത പ്രശ്നങ്ങാം പരിശോധിക്കു ന്നതിനും അവയ്ക്കു് പരിഹാരം കാണുന്നതിനും ഉള്ള അവരുടെ നിലപാടിനേയും സമീപനത്തേയും കുറിച്ചും നമ്മാം പഠിക്കേണ്ടിയിരിക്കുന്നു. മാർക്സിസം—ലെനിനിസത്തിൽ നമ്മുടെ പാർട്ടിക്കുള്ള വൈദഗ്ദ്ധ്യം ഇപ്പോാം മുമ്പിലിത്തേതിനേക്കാാം ഏറെക്കുറെ മെച്ച പ്പെട്ടതാണെങ്കിലും അതിനിയും വ്യാപകമോ അഗാ ധമോ ആയിത്തീൎന്നിട്ടില്ല. അനേകകോടി ജനങ്ങാം ഉള്ള ഒരു മഹത്തായ രാഷ്ട്രത്തിനു് വൻപിച്ചതും അഭൂതപൂൎവ്വവും ആയ ഒരു സമരത്തിൽ നേതൃത്വം കൊടു ക്കുക എന്ന കർത്തവ്യമാണു് നമുക്കുള്ളതു്. അതു കൊണ്ടു് മാർക്സിസം—ലെനിനിസത്തെ കുറിച്ചുള്ള പഠനം വ്യാപിപ്പിക്കുകയും അഗാധമാക്കുകയും ചെയ്യുക എന്നതു് നമ്മളെ സംബന്ധിച്ചിടത്തോളം വളരെ പെട്ടെ ന്നു് പരിഹാരം കണ്ടുപിടിക്കേണ്ട ഒരു വലിയ പ്രശ്ന മാണു്. ഏകാഗ്രമായ പരിശ്രമത്തിൽ കൂടി മാത്രമേ ഇതു സാദ്ധ്യമാവുകയുള്ളു. കേന്ദ്രകമ്മററിയുടെ ഈ പ്ലീനറി സമ്മേളനത്തിനുശേഷം പാർട്ടിയിൽ ആക മാനം ഒരു പഠനമത്സരം ആരംഭിക്കുമെന്നു് ഞാൻ ആശി ക്കുന്നു. ഈ പഠനമത്സരത്തിൽനിന്നു് ആരാണു് യഥാ ൎത്ഥത്തിൽ കുറെച്ചെങ്കിലും പഠിച്ചതെന്നും ആരാണു് കൂടുതൽ പഠിച്ചതെന്നും ആരാണു കൂടുതൽ മെച്ചമായിട്ടു പഠിച്ചതെന്നും നമുക്കു കാണുവാൻ സാധിക്കും. നേതൃ ത്വത്തിന്റെ പ്രധാന ഉത്തരവാദിത്വങ്ങളുടെ ചുമതല ഏല്ക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം, മാർക്സിസി സം—ലെനിനിസത്തെകുറിച്ചു് ഭാഗികമോ അവ്യക്തമോ അല്ലാത്തതും ചിട്ടപ്രകാരമുള്ളതും പ്രവർത്തനക്ഷമമായതു മായ അറിവു നേടിയെടുത്തിട്ടുള്ള നൂറോ ഇരുനൂറോ സഖാക്കാം നമ്മുടെ പാർട്ടിക്കകത്തുണ്ടെങ്കിൽ നമ്മുടെ

പാർട്ടിയുടെ സമരം ചെയ്യുന്നതിനുള്ള കഴിവു് വമ്പിച്ച തോതിൽ വർദ്ധിക്കുകയും ജാപ്പനീസ് സാമ്രാജ്യത്തെ പരാജയപ്പെടുത്തുന്നതിനുള്ള നമ്മുടെ പ്രവർത്തനത്തിൻെറ വേഗത കൂട്ടുകയും ചെയ്യും.

നമ്മുടെ മററൊരു കർത്തവ്യം ചരിത്രപരമായ നമ്മുടെ പൈതൃകസമ്പത്തിനെ കുറിച്ചു പഠിക്കുകയും മാർക്സിസ്റ്റു രീതിയിൽകൂടി വിമർശന ബുദ്ധ്യാ അതിലെ പ്രധാനകാര്യങ്ങളെ സമാഹരിക്കുകയുമാണു്. അനേകായിരം വർഷങ്ങൾ ദൈർഘ്യമുള്ള നമ്മുടെ ദേശീയചരിത്രത്തിനു് അതിൻേറതായ പ്രത്യേകതകളും അതിൽ എണ്ണമററ അമൂല്യവസ്തുക്കളും ഉണ്ടു്. പക്ഷേ ഈ കാര്യങ്ങളിൽ നമുക്കുള്ള അറിവു് സ്കൂൾവിദ്യാർത്ഥികളുടെ കാര്യത്തിൽ എന്നതുപോലെ പരിമിതമാണു്. ഭൂതകാല ചൈനയിൽ നിന്നാണു് സമകാലീന ചൈന വളർന്നു വന്നിട്ടുള്ളതു്. നമ്മുടെ ചരിത്രപരമായ സമീപനം മാർക്സിസ്റ്റ് രീതിയിലുള്ളതാണു്. നമ്മുടെ ചരിത്രത്തെ നമ്മൾ തീർച്ചയായും വെട്ടിമുറിച്ചു കളയരുതു്. കൺഫ്യൂഷിയസ് മുതൽ സൺയാററ്—സെൻ വരെയുള്ള നമ്മുടെ ചരിത്രത്തെ നമ്മൾ സമാഹരിക്കുകയും ഈ വിലപ്പെട്ട ഓസ്യത്തു് ഏറെറടുക്കുകയും വേണം. ഇന്നത്തെ മഹത്തായ പ്രസ്ഥാനത്തിനെ മാർഗ്ഗനിർദ്ദേശം നൽകുന്നതിൽ ഇതു നമുക്കു് വളരെയേറെ സഹായം ചെയ്യും. മാർക്സിസ്റ്റുകൾ ആയതുകൊണ്ടു് കമ്യൂണിസ്ററുകാർ സാർവ്വദേശീയതത്വത്തിൽ വിശ്വസിക്കുന്നവരാണു്. എന്നാൽ, മാർക്സിസത്തെ നമ്മുടെ രാജ്യത്തിൻെറ പ്രത്യേക സ്വഭാവ വിശേഷങ്ങളുമായി സംയോജിപ്പിക്കുകയും, അതിനു് ഒരു വ്യക്തമായ ദേശീയരൂപം ആർജ്ജിക്കുവാൻ സാധിക്കുകയും ചെയ്യെങ്കിൽ മാത്രമേ നമുക്കു് മാർക്സിസത്തെ പ്രയോഗത്തിൽ കൊണ്ടുവരുവാൻ കഴിയുകയുള്ളു. വിവിധ രാജ്യങ്ങളിലെ വ്യക്തവും നിർദ്ദിഷ്ടവും ആയ വിപ്ലവ പ്രവർത്തനങ്ങളോടു് സംയോജിക്കുന്നതിലാണു് മാർക്സിസം—ലെനിനിസത്തിൻെറ മഹത്തായ ശക്തി സ്ഥിതിചെയ്യുന്നതു്. ചൈനീസ് കമ്യൂണിസ്ററു

പാർട്ടിയെ സംബന്ധിച്ചിടത്തോളമുള്ള പ്രശ്നം മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സിദ്ധാന്തങ്ങളെ ചൈനയുടെ പ്രത്യേക പരിതസ്ഥിതികളിൽ പ്രയോഗിക്കുവാൻ പഠിക്കുക എന്നുള്ളതാണ്. മഹത്തായ ചൈനീസ് രാഷ്ട്രത്തിന്റെ അംശമായ, ചൈനീസ് രാഷ്ട്രത്തിന്റെ മാംസത്തിന്റേയും രക്തത്തിന്റേയും ഭാഗമായ ചൈനയിലെ കമ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം ചൈനയുടെ സ്വഭാവ വിശേഷങ്ങളിൽ നിന്ന് വേർതിരിച്ചു നിറുത്തിക്കൊണ്ട് മാർക്സിസത്തെ കുറിച്ച് എന്തെങ്കിലും സംസാരിക്കുന്നത് മാർക്സിസത്തെ അവ്യക്തമായി കാണുകയായിരിക്കും, മാർക്സിസത്തെ ശൂന്യതയിൽ പ്രതിഷ്ഠിക്കുക ആയിരിക്കും. അതുകൊണ്ട്, മാർക്സിസത്തിന്റെ എല്ലാ ആവിഷ്ക്കരണങ്ങൾക്കും ഒരു അവതർക്കിതരായ ചൈനീസ് സ്വഭാവം ഉണ്ടായിരിക്കത്തക്ക വിധത്തിൽ അതിനെ ചൈനയിൽ സ്ഥായിയായി പ്രയോഗിക്കുന്നത്, അതായത് ചൈനയുടെ പ്രത്യേകമായ സ്വഭാവവിശേഷങ്ങളുടെ വെളിച്ചത്തിൽ മാർക്സിസത്തെ പ്രയോഗത്തിൽ വരുത്തുന്നത് എങ്ങനെയെന്ന കാര്യം മുഴവൻ പാർട്ടിയും മനസ്സിലാക്കുകയും പരിഹാരം കണ്ടുപിടിക്കുകയും ചെയ്യേണ്ട ഒരു അടിയന്തിര പ്രശ്നമായി തീരുന്നു. വിദേശത്തുനിന്ന് ഇറക്കുമതിചെയ്ത അച്ചിൽ വാർത്തതുപോലെയുള്ള രൂപങ്ങൾ നിർത്തൽ ചെയ്യണം. ശൂന്യവും അവ്യക്തവും ആയ രാഗങ്ങൾ ആലപിക്കുന്നതു നിറുത്തണം. സ്വന്തഅഭിപ്രായം മാത്രം ശരിയാണെന്ന വാദത്തെ എന്നേക്കുമായി കുഴിച്ചു മൂടണം. അവയ്ക്കുപകരം ചൈനയിലെ സാധാരണ ജനങ്ങൾ ഇഷ്ടപ്പെടുന്ന ഓജസ്സും ചൈതന്യവും ഉള്ള ചൈനീസ് രീതിയേയും അന്തസ്സത്തയേയും പ്രതിഷ്ഠിക്കണം. സാർവ്വദേശീയമായ ഉള്ളടക്കത്തെ ദേശീയമായ രൂപത്തിൽ നിന്നു് വേർതിരിക്കുന്നത് സാർവ്വദേശീയത്വത്തെ കുറിച്ച് പ്രാഥമികപാഠംപോലും അറിവില്ലാത്തവരുടെ പതിവാണ്. നമ്മൾ, നേരേമറിച്ച്, ഇവയെ രണ്ടു അടുത്തു ബന്ധിപ്പിക്കണം. ഇക്കാര്യത്തിൽ നമ്മ

അണികരംക്കിടയിൽ ഗുരുതരമായ തെററുകരം പററി യിട്ടുണ്ട്. ഇവയെ നമ്മരം കർത്തവ്യബോധത്തോടു കൂടി പരിഹരിക്കണം.

ഇപ്പോഴത്തെ പ്രസ്ഥാനത്തിൻെറ പ്രത്യേകതകരം എന്തൊക്കെയാണ്? എന്തൊക്കെയാണ് അതിൻെറ നിയമങ്ങരം? എങ്ങിനെയാണ് അതിനെ നിയന്ത്രിക്കുന്നതു്? ഇവയെല്ലാം പ്രായോഗികമായ ചോദ്യങ്ങളാണ്. ജാപ്പനീസ് സാമ്രാജ്യത്വത്തെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കുവാനോ അല്ലെങ്കിൽ ചൈനയെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കുവാനോ നമുക്കു് ഇന്നുവരേയ്ക്കും കഴിഞ്ഞിട്ടില്ല. പ്രസ്ഥാനം പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുതിയ കാര്യങ്ങരം ഇനിയും വെളിപ്പെടേണ്ടിയിരിക്കുന്നു. അവ അവസാനമില്ലാത്ത ഒരു പ്രവാഹംപോലെ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാനത്തെക്കുറിച്ച് അതിൻെറ പരിപൂർണ്ണതയിലും അതിൻെറ ഇപ്പോഴത്തെ പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിലും പഠിക്കുക എന്നതു് നമ്മുടെ നിരന്തരമായ ശ്രദ്ധ ആവശ്യമായി വരുന്ന ഒരു മഹത്തായ കത്തവ്യമാണ്. ഈ പ്രശ്നങ്ങളെ ഗൗരവപൂർവ്വവും ശ്രദ്ധാപൂർവ്വവും പഠിക്കുവാൻ വിസമ്മതിക്കുന്ന ആരം ഒരു മാർക്സിസ്റ്റ് അല്ല.

ആത്മസംതൃപ്തി, പഠനത്തിൻെറ ശത്രുവാണ്. ആത്മസംതൃപ്തിയിൽനിന്നു് വിമുക്തനാകുവാൻ കഴിയാത്തിടത്തോളം കാലം നമുക്കൊന്നുംതന്നെശരിക്കു പഠിക്കുവാൻ കഴിയുകയില്ല. നമ്മുടെ നേരെയുള്ള നമ്മുടെ മനോഭാവം ''പഠിത്തത്തിൽ അത്യാത്തി ഉള്ളവനായിരിക്കുക'' എന്നതായിരിക്കണം. മററുള്ളവരുടെനേരെയുള്ള നമ്മുടെ മനോഭാവം ''പഠിപ്പിക്കുന്നതിൽ അക്ഷീണനായിരിക്കുകx എന്നതായിരിക്കണം

—'ദേശീയസമരത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്കു്' എന്ന ലേഖനത്തിൽ നിന്നു്.

---

കൺഫ്യൂഷിയൻ ഗ്രന്ഥങ്ങളുടെ സമാഹാരം. ബുക്കു് 7, അദ്ധ്യായം 2.

# മെയ് നാല് പ്രസ്ഥാനം

(1939 മേയ്)

ഇരുപതു വർഷങ്ങൾക്കു മുൻപുണ്ടായ മേയ് നാല് പ്രസ്ഥാനം സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനും എതിരായുള്ള ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെ ഒരു പുതിയ ഘട്ടത്തെ കുറിച്ചു സാംസ്കാരിക രംഗത്തെ പരിഷ്ക്കാരങ്ങൾക്കു വേണ്ടിയുള്ള സമരത്തിലേക്ക് പ്രസ്ഥാനം വളർന്നു. ഇതു് ഈ വിപ്ലവത്തിന്റെ വിവിധരൂപങ്ങളിൽ ഒന്നു മാത്രമായിരുന്നു. ആ കാലഘട്ടത്തിൽ പുതിയ സാമൂഹ്യ ശക്തിയുടെ വളർച്ചയുടേയും വികാസത്തിന്റേയും ഫലമായി സാമ്രാജ്യത്ത്വത്തിനും ഫ്യൂഡലിസത്തിനും എതിരായുള്ള ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിൽ ശക്തിമത്തായ ഒരു താവളം പൊന്തിവന്നു, അതായതു് തൊഴിലാളിവർഗ്ഗവും വിദ്യാർത്ഥികളും പുതുതായി ഉണർന്നെഴുന്നേററ ദേശിയ ബൂർഷ്വാസിയും ചേർന്നു് രൂപീകരിച്ച താവളം. എന്നാൽ മേയ് നാല് പ്രസ്ഥാനത്തിന്റെ മുന്നണിപ്പടയാളികളായി വീരോചിതമായ രീതിയിൽ മുന്നേറിയതു് ലക്ഷക്കണക്കിനുള്ള വിദ്യാർത്ഥികൾ ആയിരുന്നു. മേയ് നാലു പ്രസ്ഥാനം 1911—ലെ വിപ്ലവത്തേക്കാൾ ഒരു പടി കൂടി കൂടുതൽ പുരോഗമിച്ചിട്ടുണ്ടായിരുന്നു എന്നു് ഇതു് വെളിപ്പെടുത്തി.

ചൈനയിലെ ബൂർഷ്വാ ജനാധിപത്യവിപ്ലവം അനേകം ഘട്ടങ്ങളിൽകൂടി കടന്നുപോയിട്ടുണ്ടു്. അതു് രൂപം കൊണ്ട കാലഘട്ടം മുതലുള്ള ചരിത്രത്തെ പരിശോധിക്കുകയാണെങ്കിൽ ഇതു മനസ്സിലാകുന്നതാണു്. കറുപ്പു യുദ്ധം, ടൈപിംഗ് ദൈവീക രാജ്യത്തിന്റെ യുദ്ധം,

1894—ലെ ചൈനാ—ജപ്പാൻ യുദ്ധം, 1898—ലെ പരിഷ്കര ണ പ്രസ്ഥാനം, ബോക്സർ പ്രസ്ഥാനം, 1911—ലെ വിപ്ളവം, മേയ് നാല് പ്രസ്ഥാനം, വടക്കൻ യുദ്ധ യാത്ര, കാർഷിക വിപ്ളവത്തിനു വേണ്ടിയുള്ള യുദ്ധ എന്നിവയാണ് കറുപ്പുയുദ്ധംതൊട്ട് ഇങ്ങോട്ടുള്ള പ്രധാന സംഭവങ്ങൾ. ഇന്നു നടന്നു കൊണ്ടിരിക്കുന്ന ജപ്പാൻ വിരുദ്ധ സമരം അതിൻെറ വികസനത്തിലെ മററാരു ഘട്ടത്തെ കുറിക്കുന്നു, ഏററവും മഹത്തായതും ഏററവുമധികം ഊർജ്ജസ്വലമായതും ഏറ്റവുമധികം ചലനാത്മകമായതും ആയ ഒരു ഘട്ടം. വിദേശീയരായ സാമ്രാജ്യത്വശക്തികളും സ്വദേശീയരായ നാടുവാഴിത്തശക്തികളും മുഖ്യമായും ബഹിഷ്കരിക്കപ്പെടുകയും ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും ചെയ്താൽ മാത്രമേ ബൂർഷ്വാ ജനകീയവിപ്ളവം വിജയിച്ചതായി പരിഗണിക്കുവാൻ കഴിയുകയുള്ളു. കറുപ്പുയുദ്ധത്തിനും അതിൻെറ തുടർച്ചയായുള്ള വിപ്ലവഘട്ടങ്ങൾക്കും ഓരോന്നിനും പ്രത്യേകമായ സ്വഭാവവിശേഷങ്ങൾ ഉണ്ട്. അവയ്ക്ക് ഓരോന്നിനുമുള്ള ഏററവും പ്രധാനപ്പെട്ട പ്രത്യേകത അവ കമ്യൂണിസ്റ്റ് പാർട്ടി ഉടലെടുക്കുന്നതിന് മുൻപോ പിൻപോ സംഭവിച്ചു എന്നുള്ളതാണ്. എന്നിരുന്നാലും, മുഴുവനായിട്ട് എടുത്തുനോക്കുകയാണെങ്കിൽ, ഈ എല്ലാ ഘട്ടങ്ങൾക്കും ഒരു ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിൻെറ പ്രത്യേകതകൾ ഉണ്ട്. ചൈനയുടെ ചരിത്രത്തിൽ ഇതുവരെ അറിയപ്പെട്ടിട്ടില്ലാത്ത ഒരു സാമൂഹ്യ വ്യവസ്ഥയായ ഒരു ജനാധിപത്യ സാമൂഹ്യ വ്യവസ്ഥ സ്ഥാപിക്കുന്നതിന് ഈ വിപ്ളവം കൊണ്ട് ഉദ്ദേശിക്കുന്നു. ഇതിൻെറ മുന്നോടിയായിട്ട് നിലവിൽ ഉണ്ടായിരുന്നത് നാടുവാഴിത്ത സമുദായമായിരുന്നു, കഴിഞ്ഞ നൂറു വർഷങ്ങളായി നിലവിലിരുന്ന അർദ്ധഅധിനിവേശ, അർദ്ധനാടുവാഴിത്തസമുദായം. ഇതിനെത്തുടർന്ന് നിലവിൽ വരുന്നതു് സോഷ്യലിസ്റ്റ് സമുദായം ആയിരിക്കും. എന്തിനാണ് ആദ്യം ഒരു ബൂർഷ്വാജനാധിപത്യ സമുദായത്തിനു വേണ്ടിയും പിന്നീട് ഒരു സോഷ്യലിസ്റ്റ് സമുദായത്തിനു വേണ്ടിയും

പരിശ്രമിക്കുന്നതെന്നു് ചോദിക്കുകയാണെങ്കിൽ ഒരു കമ്മ്യൂണിസ്റ്റുകാരൻപറയും: ''ഞാൻ ചരിത്രത്തിൻെറ അനിർവാര്യമായ ഗതിയെ പിൻതുടരുന്നു.''

ചൈനയിൽ ജനാധിപത്യവിപ്ളവം വിജയത്തിൽ എത്തിക്കുന്നതിനു് ചില സാമൂഹ്യശക്തികൾ ആവശ്യമാണു്. തൊഴിലാളിവർഗ്ഗം, കർഷകജനത, ബുദ്ധിജീവികൾ, ബൂർഷ്വാസിയുടെ ഇടയിലുള്ള പുരോഗമനവിഭാഗം എന്നിവരാണു് ആ ശക്തികൾ. വേറൊരുവിധത്തിൽ പറഞ്ഞാൽ വിപ്ലവകാരികളായ തൊഴിലാളികളും, കർഷകരും, സൈനികരും, ബുദ്ധിജീവികളും, കച്ചവടക്കാരും ആണു് ആ ശക്തികൾ. ഇവരിൽ തൊഴിലാളികളും കർഷകരും പ്രധാന വിപ്ലവശക്തികളും, തൊഴിലാളിവർഗ്ഗം വിപ്ളവത്തിൻെറ നേതാവും ആണു്. ഈ പ്രധാനപ്പെട്ട വിപ്ലവശക്തികളെ കൂടാതെയും തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വം ഇല്ലാതെയും സാമ്രാജ്യത്വവിരുദ്ധവും നാട്ടുവാഴിത്തവിരുദ്ധവും ആയ ജനാധിപത്യവിപ്ലവം പരിസമാപ്തിയിലെത്തിക്കുക അസാദ്ധ്യമാണു്. ഇന്നു് വിപ്ലവത്തിൻെറ പ്രധാന ശത്രുക്കൾ ജാപ്പനീസു് സാമ്രാജ്യത്വവാദികളും അവരോടു് സഹകരിച്ചു പ്രവർത്തിക്കുന്ന ചൈനാക്കാരും ആണു്. വിപ്ലവത്തിലെ അടിസ്ഥാനപരമായ നയം എല്ലാ തൊഴിലാളികളും കർഷകരും സൈനികരും ബുദ്ധിജീവികളും ജാപ്പനീസു് കടന്നാക്രമണത്തെ എതിർക്കുന്നവരായ കച്ചവടക്കാരും ഉൾക്കൊള്ളുന്ന ഒരു 'ദേശീയ ജപ്പാൻവിരുദ്ധ ഐക്യമുന്നണി, രൂപീകരിക്കുകയാണു്. ഈ ഐക്യമുന്നണി വളരെയേറെ പ്രബലമാക്കുകയും വികസിപ്പിക്കുകയും ചെയ്തുകഴിയുമ്പോൾ ജപ്പാൻ വിരുദ്ധ സമരത്തിൽ അവസാനവിജയം നേടുവാൻ കഴിയും.

ചൈനയിലെ ജനാധിപത്യ വിപ്ലവപ്രസ്ഥാനത്തിൽ ബുദ്ധിജീവികളായിരുന്നു ആദ്യമായി പ്രബുദ്ധരായിതീർന്ന ജനവിഭാഗം. 1911—ലെ വിപ്ളവവും മേയ് നാലു് പ്രസ്ഥാനവും ഈ വസ്തുതയെ വ്യക്തമായി തെളിയിച്ചു. കൂടാതെ മേയ് നാലു് പ്രസ്ഥാനത്തിൻെറ സമയത്തു് ബുദ്ധിജീവികൾ 1911—ലെ വിപ്ളവ

ത്തിന്റെ സമയത്തേക്കാരംഎണ്ണത്തിൽ കൂടുതലും, രാഷ്ട്രീയമായി കൂടുതൽ പ്രബുദ്ധരും ആയിരുന്നു. എന്നാൽ ബുദ്ധിജീവികരം തൊഴിലാളി, കർഷക ജനവിഭാഗങ്ങളും ആയി സ്വയം താദാത്മ്യം പ്രാപിക്കുന്നില്ലെങ്കിൽ അവക്ക് ഒരു പ്രവത്തനവും പൂണ്ണമായി ചെയ്യുതീക്കുവാൻ കഴിയുകയില്ല. അവസാനവിശകലനത്തിൽ, വിപ്ളവകാരികളായ ബുദ്ധിജീവികരംക്കും വിപ്ളവകാരികരം അല്ലാത്തവരും പ്രതിവിപ്ളവകാരികളും ആയ ബുദ്ധിജീവികരംക്കും ഇടയിലുള്ള അതിർ വരമ്പു നിർണ്ണയിക്കുന്നതു് അവർ തൊഴിലാളി കർഷക ജനവിഭാഗങ്ങളും ആയി താദാത്മ്യം പ്രാപിക്കുവാൻ തയാറാണോ എന്നതും, അവർ യഥാർത്ഥത്തിൽ ഈ ജനവിഭാഗങ്ങളും ആയി താദാത്മ്യം പ്രാപിക്കുന്നുണ്ടോ എന്നതും ആണു്. ഈ രീതിയിൽമാത്രമാണു് അവസാന വിശകലനത്തിൽ അതിർവരമ്പു നിണ്ണയിക്കുവാൻ കഴിയുന്നതു്; അല്ലാതെ 'മൂന്നു ജനകീയ സിദ്ധാന്തങ്ങരം'ക്കോ മാർക്സിസത്തിനോ അധരസേവ നടത്തുന്നതിനെ ആസ്പദമാക്കിയല്ല. തൊഴിലാളികളും കർഷകരും ആയി താദാത്മ്യം പ്രാപിക്കുവാൻ തയാറുള്ളതും അവരുമായി യഥാർത്ഥത്തിൽ സ്വയം താദാത്മ്യം പ്രാപിക്കുന്നതുമായ ഒരാളാണു് ഒരു യഥാത്ഥ വിപ്ളവകാരി.

മേയ്നാലു് പ്രസ്ഥാനത്തിനുശേഷം ഇപ്പോരം ഇരുപതു വർഷങ്ങരം കഴിഞ്ഞു. അതുപോലെതന്നെ ജപ്പാൻ വിരുദ്ധസമരം പൊട്ടിപ്പുറപ്പെട്ടിട്ടു് ഇപ്പോരം ഏകദേശം രണ്ടുവർഷങ്ങരം ആയി. ജനാധിപത്യവിപ്ളവത്തിലും ജപ്പാൻ വിരുദ്ധ സമരത്തിലും നമ്മുടെ രാഷ്ട്രത്തിലെ യുവാക്കളും സാംസ്കാരിക പ്രവത്തകരും ഒരു ഭാരിച്ച ഉത്തരവാദിത്വം വഹിക്കുന്നു. ചൈനീസ് വിപ്ളവത്തിന്റെ സ്വഭാവത്തെ കുറിച്ചും അതിനു പ്രചോദനം നൽകുന്ന ശക്തികളെ കുറിച്ചും അവർ മനസ്സിലാക്കുമെന്നും, തൊഴിലാളികളും കർഷകരും ആയിട്ടു് അവർ തങ്ങളുടെ പ്രവർത്തനങ്ങളെ ബന്ധപ്പെടുത്തുമെന്നും, ഈ ജനവിഭാഗങ്ങളുടെ മദ്ധ്യത്തിലേക്കു പോവുകയും അവരുടെ ഇടയിൽ പ്രചരണവും സംഘടനാ പ്രവത്തനവും

തുടർന്നു നടത്തുകയും ചെയ്യുമെന്നും ഞാൻ ആശിക്കുന്നു. ധീരതയോടും ദൃഢനിശ്ചയത്തോടുംകൂടി രാജ്യത്താകമാനമുള്ള ജനങ്ങൾ ഉയർന്നെഴുന്നേൽക്കുന്ന ദിവസമായിരിക്കും ജപ്പാൻ വിരുദ്ധ സമരത്തിന്റെ വിജയദിനം. രാജ്യത്താകമാനമുള്ള യുവാക്കൾ ഇതിനായി തങ്ങളുടെ ശക്തി പ്രയോഗിക്കട്ടെ!

# പുത്തൻ ജനാധിപത്യ സംസ്കാരം

(1940 ജനുവരി)

## XI. പുത്തൻ ജനാധിപത്യ സംസ്ക്കാരം

പുതിയ കാലഘട്ടത്തിലെ ചൈനീസ് രാഷ്ട്രീയത്തിൻെറ ചരിത്രപരമായ പ്രത്യേക സ്വഭാവങ്ങളും പുത്തൻ ജനാധിപത്യ റിപ്പബ്ലിക്കിനെ കുറിച്ചുള്ള വസ്തുതകളും നമ്മൾ ഇതിനുമുൻപ് വിശദമാക്കിയിട്ടുണ്ട്. ഇനി നമുക്കു് സംസ്കാരത്തെ സംബന്ധിക്കുന്ന പ്രശ്നത്തിലേക്കു് കടക്കാം.

ഒരു സമുദായത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവും ആയ അവസ്ഥയുടെ പ്രത്യയശാസ്ത്രപരമായ പ്രതിഫലനമാണു് ആ സമുദായത്തിൽ നിലവിൽ ഇരിക്കുന്ന സംസ്കാരം. ചൈനയിൽ ഉള്ളതു് ഒരു സാമ്രാജ്യത്വ സംസ്കാരമാണു്. അതു് ചൈനയുടെ മേലുള്ള സാമ്രാജ്യത്വത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവും ആയ നിയന്ത്രണത്തിൻേറയോ അല്ലെങ്കിൽ ഭാഗികമായ നിയന്ത്രണത്തിൻേറയോ ഒരു പ്രതിഫലനം ആണു്. ഈ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നതു് സാമ്രാജ്യത്വവാദികൾ ചൈനയിൽ നേരിട്ടുനടത്തുന്ന സാംസ്ക്കാരിക സംഘടനകൾ മാത്രമല്ല; സാമ്രാജ്യത്വവാദികളുടെ നാണംകെട്ട ചൈനീസ് പാദസേവകരും ഇതുതന്നെ ചെയ്യുന്നുണ്ടു്. സാമ്രാജ്യത്വത്തോടു പ്രത്യയശാസ്ത്രപരമായ ദാസ്യമനോഭാവം പുലർത്തുന്ന എല്ലാ സംസ്ക്കാരവും ഈ വിഭാഗത്തിൽ പെടുന്നു. അർദ്ധനാടുവാഴിത്ത രാഷ്ട്രീയത്തിൻേറയും സാമ്പത്തിക ബന്ധങ്ങളുടേയും ഒരു പ്രതിഫലനമായ ഒരു അർദ്ധനാടുവാഴിത്ത സംസ്ക്കാരവും

ചൈനയിൽ ഉണ്ട്. പുതിയ സംസ്ക്കാരത്തേയും പുതിയ പ്രത്യയശാസ്ത്രങ്ങളേയും എതിക്കുന്നതോടൊപ്പം തന്നെ കൺഫ്യൂഷിയസ്സിനെ ആരാധിക്കുന്നതിനും, കൺഫ്യൂഷിയസ്സിൻെറ വിശ്വാസപ്രമാണങ്ങളെ പഠിക്കുന്നതിനും പഴയ ധർമ്മശാസ്ത്രത്തിൻെറ നിയമസംഹിതകളും പഴയ പ്രത്യയശാസ്ത്രങ്ങളും പഠിക്കുന്നതിനും വേണ്ടി ന്യായവാദംനടത്തുന്നവരെല്ലാവരും ഈ അർദ്ധ നാടുവാഴിത്ത സംസ്ക്കാരത്തിൻെറ പ്രതിനിധികളാണ്. സാമ്രാജ്യത്വവാദികളുടെ സംസ്ക്കാരവും അർദ്ധനാടുവാഴി സംസ്ക്കാരവും പരസ്പരം അനുഭാവമുള്ള സഹോദരരാണ്. അവർ ചൈനയുടെ പുതിയ സംസ്ക്കാരത്തെ എതിർക്കുന്നതിനുവേണ്ടി ഒരു പിന്തിരിപ്പൻ സഖ്യം രൂപീകരിച്ചിട്ടുണ്ട്. ഈ പിന്തിരിപ്പൻ സംസ്ക്കാരം സാമ്രാജ്യത്വത്തേയും നാടുവാഴിത്ത വർഗ്ഗത്തേയും ആണ് സേവിക്കുന്നത്. ഇതിനെ നമ്മൾ തുത്തുവാരി ദൂരെ എറിയണം. അങ്ങിനെ ചെയ്തില്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള പുത്തൻ സംസ്കാരത്തെ പടുത്തുയർത്തുവാൻ നമുക്കു സാധിക്കുകയില്ല. പുതിയ സംസ്കാരവും പിന്തിരിപ്പൻ സംസ്കാരവും ഒരു ജീവന്മരണ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്: നശീകരണം കൂടാതെ ഒരു നിർമ്മാണവും സാധിക്കുകയില്ല; പ്രതിരോധം കൂടാതെ ഒരു പ്രവാഹവും സാധ്യമല്ല; വിരാമം കൂടാതെ ചലനം സാധ്യമല്ല.

പുതിയ സംസ്ക്കാരം പുതിയ രഷ്ട്രീയത്തിൻേറയും പുതിയ സാമ്പത്തികവ്യവസ്ഥയുടേയും പ്രത്യയശാസ്ത്രപരമായ പ്രതിഫലനവും അവയ്ക്കുവേണ്ടി സേവനം അനുഷ്ടിക്കുന്നതും ആണ്.

ഇതിനുമുൻപ് മൂന്നാം ഭാഗത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ചൈനയിൽ മുതലാളിത്വ സാമ്പത്തിക വ്യവസ്ഥയുടെ ആവിർഭാവത്തിനു ശേഷം ചൈനീസ് സമുദായത്തിൻെറ സ്വഭാവത്തിനു ക്രമേണ രൂപാന്തരം സംഭവിച്ചിട്ടുണ്ട് .ഇപ്പോഴും നാടുവാഴിത്ത സാമ്പത്തിക വ്യവസ്ഥയാണ് പ്രബലമായിരിക്കുന്നതെങ്കിലും ചൈനീസ് സമുദായം ഇപ്പോഴും പൂർണ്ണമായും നാടുവാ

ഴിത്ത സ്വഭാവവിശേഷങ്ങളുള്ള ഒരുസമുദായമല്ല, പ്രത്യുത ഒരു അർദ്ധനാടുവാഴിത്ത സമുദായമാണ്. നാടുവാഴിത്ത സാമ്പത്തിക വ്യവസ്ഥയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോഠം മുതലാളിത്വ സാമ്പത്തിക വ്യവസ്ഥ ഒരു പുതിയ സാമ്പത്തിക വ്യവസ്ഥയാണ്. ഈപുതിയ മുതലാളിത്വ സാമ്പത്തിക വ്യവസ്ഥയോടൊപ്പം ആവിർഭവിക്കുകയും വളരുകയും ചെയ്തിട്ടുള്ള പുതിയ രാഷ്ട്രീയ ശക്തികഠം ബൂർഷ്വാസിയുടേയും പെററിബൂർഷ്വാസിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും ആയ രാഷ്ട്രീയ ശക്തികളാണ്. ഈ പുതിയ സാമ്പത്തിക രാഷ്ട്രീയ ശക്തികളെ പ്രത്യയശാസ്ത്രപരമായി പ്രതിഫലിപ്പിക്കുന്നതും അവയ്ക്ക് സേവനം അനുഷ്ഠിക്കുന്നതും പുതിയ സംസ്കാരം ആണ്. മുതലാളിത്വ സാമ്പത്തിക വ്യവസ്ഥയെ കൂടാതെ, ബൂർഷ്വാസിയേയും പെററിബൂർഷ്വാസിയേയും തൊഴിലാളിവർഗ്ഗത്തേയും, കൂടാതെ ഈ വർഗ്ഗങ്ങളുടെ രാഷ്ട്രീയ ശക്തികളെ കൂടാതെ, പുതിയ പ്രത്യയശാസ്ത്രത്തിനോ പുതിയ സംസ്കാരത്തിനോ പൊന്തിവരുവാൻ കഴിയുമായിരുന്നില്ല.

ചൈനയിലെ ഈ പുതിയ രാഷ്ട്രീയ, സാമ്പത്തിക സാംസ്കാരിക ശക്തികളെല്ലാം വിപ്ലവ ശക്തികളാണ്. അവ പഴയ രാഷ്ട്രീയത്തിനും, പഴയ സാമ്പത്തിക വ്യവസ്ഥയ്ക്കും, പഴയ സംസ്കാരത്തിനും എതിരാണ്. പഴയ വ്യവസ്ഥിതി രണ്ടു ഭാഗങ്ങഠം കൂടിചേർന്നുണ്ടായതാണ്: ഒന്ന് ചൈനയുടേതു തന്നെയായ അർദ്ധനാടുവാഴിത്ത രാഷ്ട്രീയവും, സാമ്പത്തിക വ്യവസ്ഥയും, സംസ്കാരവും; മറേറതു് സാമ്രാജ്യത്വവാദികളുടെ രാഷ്ട്രീയവും, സാമ്പത്തിക വ്യവസ്ഥയും, സംസ്കാരവും. ഇതിൽ രണ്ടാമത്തേതാണ് സഖ്യത്തിനു നേതൃത്വം കൊടുക്കുന്നതു്. അവ രണ്ടും ചീത്തയാണ്, അതുകൊണ്ടു തന്നെ അവയെ പൂർണ്ണമായും നശിപ്പിക്കണം. ചൈനീസ് സമുദായത്തിലെ പുതിയതും പഴയതും തമ്മിലുള്ള സമരം ജനങ്ങളുടെ (വിവിധ വിപ്ലവകാരികളായ വർഗ്ഗങ്ങളുടെ) പുതിയ ശക്തികളും സാമ്രാജ്യത്വത്തിൻേറയും നാടുവാഴിത്ത വർഗ്ഗത്തിൻേറയും പഴയ ശക്തികളും തമ്മിലുള്ള

സമരമാണു്. ഇതു് വിപ്ലവവും പ്രതിവിപ്ളവവും തമ്മിലുള്ള ഒരു സമരമാണു്. കറുപ്പുയുദ്ധം മുതൽക്കു പരിഗണിക്കുകയാണെങ്കിൽ ഈ സമരത്തിനു നൂറുവർഷത്തെ ദൈർഘ്യമുണ്ടു്. 1911–ലെ വിപ്ലവം മുതൽക്കാണു് പരിഗണിക്കുന്നതെങ്കിൽ ഇതിനു് ഏകദേശം മുപ്പതു വർഷത്തെ ദൈർഘ്യവും ഉണ്ടു്.

എന്നാൽ മുൻപു് സൂചിപ്പിച്ചിട്ടുള്ളതുപോലെ വിപ്ളവങ്ങളേയും പഴയതും പുതിയതും ആയി തരംതിരിക്കുവാൻ കഴിയും. ഒരു ചരിത്രപരമായ കാലഘട്ടത്തിൽ പുതിയതായ വിപ്ളവം മറെറാരു ചരിത്രപരമായ കാലഘട്ടത്തിൽ പഴയതായി തീരുന്നു. ഒരു നൂററാണ്ടു കാലം നീണ്ടുനിന്ന ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തെ രണ്ടുപ്രധാന ഘട്ടങ്ങളായി വിഭജിക്കുവാൻ കഴിയും, എൺപതു വർഷങ്ങളുടെ ദൈർഘ്യമുള്ള ഒന്നാമത്തെ ഘട്ടവും ഇരുപതു വർഷങ്ങളുടെ ദൈർഘ്യമുള്ള രണ്ടാമത്തെ ഘട്ടവും. ഓരോന്നിനും അതിൻേറതായ അടിസ്ഥാനപരവും ചരിത്രപരവും ആയ സ്വഭാവവിശേഷങ്ങൾ ഉണ്ടു്: ആദ്യത്തെ എൺപതു വർഷങ്ങളിലെ ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ളവം പഴയ വിഭാഗത്തിൽ ഉൾപ്പെട്ടതാകുന്നു. അതേസമയം അടുത്ത ഇരുപതു വർഷങ്ങളിൽ അന്തർദേശീയവും ദേശീയവും ആയ രാഷ്ട്രീയ സ്ഥിതിഗതികളിൽ ഉണ്ടായ മാററങ്ങളുടെ ഫലമായി ഇതു് പുതിയ വിഭാഗത്തിൽ ഉൾപ്പെടുന്നു. ആദ്യത്തെ എൺപതു വർഷങ്ങളിലെ പ്രത്യേകത പഴയ ജനാധിപത്യമാണു്. കഴിഞ്ഞ ഇരുപതു വർഷങ്ങളിലെ പ്രത്യേകത പുത്തൻ ജനാധിപത്യവും. രാഷ്ട്രീയത്തിലെന്നതുപോലെ തന്നെ സംസ്കാരത്തിൻെറ കാര്യത്തിലും ഈ പ്രത്യേകത തെളിഞ്ഞുകാണാം.

സാംസ്കാരിക രംഗത്തു് എങ്ങിനെയാണു് ഈ പ്രത്യേകത തെളിഞ്ഞു കാണുന്നതു്? അടുത്തതായിട്ടു് നമുക്കു് ഈ കാര്യം വിശദമാക്കാം.

## XII. ചൈനയിലെ സാംസ്കാരികവിപ്ലവത്തിന്റെ ചരിത്രപരമായ സ്വഭാവവിശേഷങ്ങൾ

സാംസ്കാരികമോ പ്രത്യയശാസ്ത്രപരമോ ആയ രംഗത്ത് മേയ് നാല് പ്രസ്ഥാനത്തിന് മുൻപുള്ളതും അതിനെ തുടർന്നുള്ളതും ആയ രണ്ടുകാലഘട്ടങ്ങൾ പ്രത്യേക സ്വഭാവവിശേഷങ്ങളോടുകൂടിയ രണ്ടു ചരിത്രപരമായ കാലഘട്ടങ്ങളെ രൂപപ്പെടുത്തുന്നു.

മേയ് നാല് പ്രസ്ഥാനത്തിനു മുൻപ് ചൈനയിലെ സാംസ്കാരിക രംഗത്തെ സമരം ബൂർഷ്വാസിയുടെ പുതിയ സംസ്ക്കാരവും നാടുവാഴിത്തവർഗ്ഗത്തിന്റെ പഴയ സംസ്ക്കാരവും തമ്മിലുള്ള സമരം ആയിരുന്നു. ആധുനിക വിദ്യാഭ്യാസ സമ്പ്രദായവും ചക്രവർത്തി ഭരണകാലത്തെ പരീക്ഷാസമ്പ്രദായവും തമ്മിലും, പുതിയ വിദ്യാഭ്യാസവും പഴയ വിദ്യാഭ്യാസവും തമ്മിലും, പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസവും ചൈനീസ് രീതിയിലുള്ള വിദ്യാഭ്യാസവും തമ്മിലും ഉള്ള സമരങ്ങൾ ഈ സ്വഭാവത്തോടുകൂടിയവയായിരുന്നു. ആധുനിക വിദ്യാലയങ്ങൾ എന്നോ പുതിയ വിദ്യാഭ്യാസം എന്നോ പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം എന്നോ ആ സമയത്ത് വിളിക്കപ്പെട്ടിരുന്നവ പ്രധാനമായും (പ്രധാനമായും എന്നു നമ്മൾ പറയുന്നത് ചൈനീസ്നാടുവാഴിത്തവ്യവസ്ഥിതിയുടെ ദ്രോഹകരമായ അവശിഷ്ടങ്ങൾ ഒരളവുവരെ അപ്പോഴും അവശേഷിച്ചിരുന്നു എന്നതിലാണ്) കേന്ദ്രീകരിച്ചിരുന്നത് ബൂർഷ്വാസിയുടെ പ്രതിനിധികൾക്ക് ആവശ്യമായിരുന്ന പ്രകൃതിശാസ്ത്ര വിഷയങ്ങളുടേയും ബൂർഷ്വാ സാമൂഹ്യസാമ്പത്തിക സിദ്ധാന്തങ്ങളുടേയും പഠനത്തിൽ ആയിരുന്നു. ആ സമയത്ത്, പുതിയ വിദ്യാഭ്യാസത്തിന്റെ പ്രത്യയശാസ്ത്രം ചൈനീസ് നാടുവാഴിത്ത പ്രത്യയശാസ്ത്രത്തിനെതിരായുള്ള സമരത്തിൽഒരു വിപ്ലവകരമായ പങ്കുവഹിക്കുകയും ഇതു് പഴയ കാലഘട്ടത്തിലെ ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തിന് സഹായകമായിത്തീരുകയും ചെയ്തു. എന്നാൽ ചൈ

നീസ് ബൂർഷ്വാസിക്ക് വേണ്ടത്ര ശക്തി ഇല്ലായിരുന്നതിനാലും ലോകം അതിനകംതന്നെ സാമ്രാജ്യത്വത്തിന്റെ യുഗത്തിലേക്ക പ്രവേശിച്ചിരുന്നതിനാലും ഈ ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന് അധികനാൾ ചെറുത്തുനിൽക്കുവാൻ കഴിയാതെ വരികയും, വിദേശിയ സാമ്രാജ്യത്വത്തിന്റെ ദേശീയ ജനവിഭാഗങ്ങളെ അടിമപ്പെടുത്തുന്ന പ്രത്യയശാസ്ത്രവും ചൈനീസ് നാടുവാഴിത്തവ്യവസ്ഥിതിയുടെ "പുരാതന ചിന്തകളിലേക്ക മടങ്ങുക" എന്ന പ്രത്യയശാസ്ത്രവും തമ്മിലുണ്ടായ പിന്തിരിപ്പൻ കൂട്ടുകെട്ട് അതിനെ പരാജയപ്പെടുത്തുകയും ചെയ്തു. പിന്തിരിപ്പൻ പ്രത്യയശാസ്ത്രങ്ങളുടെ കൂട്ടുകെട്ട് ഒരു ചെറിയ പ്രത്യാക്രമണം ആരംഭിച്ച ഉടനെ തന്നെ പുതിയ വിദ്യാഭ്യാസം തങ്ങളുടെ കൊടിക്കൂറകൾ താഴ്ത്തുകയും, അവരുടെ ചെണ്ടകൾ ശബ്ദിക്കാതാവുകയും അവർ പിൻതിരിഞ്ഞോടുകയും ചെയ്തു. ഇതിനുശേഷവും പുതിയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ബാഹ്യരൂപം അവശേഷിച്ചിരുന്നു എങ്കിലും അതിന്റെ ആത്മാവതിനു നഷ്ടപ്പെട്ടുപോയിരുന്നു. പഴയ ബൂർഷ്വാ ജനാധിപത്യ സംസ്കാരം ദുർബ്ബലമായിതീരുകയും സാമ്റാജ്യത്വത്തിന്റെ യുഗത്തിൽ അതു ജീർണ്ണിച്ചു പോവുകയും ചെയ്തു. അതിന്റെ പരാജയം അനിർവാര്യമായിരുന്നു.

പക്ഷേ മേയ് നാലു് പ്രസ്ഥാനത്തിനുശേഷം സംഗതികൾ വ്യത്യസ്തമായിത്തീർന്നിട്ടുണ്ട്. ഏററവും പുതിയ ഒരു സാംസ്കാരികശക്തി ചൈനയിൽ നിലവിൽ വന്നു, അതായതു് ചൈനയിലെ കമ്യൂണിസ്റ്റുകാരാൽ മാർഗ്ഗനിർദ്ദേശം നൽകപ്പെട്ട കമ്യൂണിസ്റ്റു സംസ്കാരവും പ്രത്യയശാസ്ത്രവും, അല്ലെങ്കിൽ കമ്യൂണിസ്റ്റ് വിശ്വവീക്ഷണവും സാമൂഹ്യവിപ്ളവത്തെ കുറിച്ചുള്ള സിദ്ധാന്തവും ചൈനയിൽ പ്രചരിച്ചു. മേയ് നാലു് പ്രസ്ഥാനം ഉണ്ടായതു് 1919-ൽ ആണ്. 1921-ൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടു. അതു് ചൈനയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ യഥാർത്ഥ ആരംഭത്തെ കുറിച്ചു. ഇതെല്ലാം ഒന്നാം

ലോകമഹായുദ്ധത്തേയും ഒക്ടോബർ വിപ്ളവത്തേയും പിൻതുടർന്നാണു് സംഭവിച്ചതു്; അതായതു് ദേശീയ പ്രശ്നവും ലോകത്തു് ആകമാനമുള്ള അധിനിവേശ പ്രദേശങ്ങളിലെ വിപ്ളവപ്രസ്ഥാനങ്ങളും ഒരു പരിവർത്തനത്തിനു വിധേയമാവുകയും ചൈനീസ് വിപ്ളവവും ലോകവിപ്ളവവും തമ്മിലുള്ള ബന്ധം വളരെ വ്യക്തമായിത്തീരുകയും ചെയ്ത ഒരു സമയത്തു്. തൊഴിലാളിവർഗ്ഗത്തിൻെറയും കമ്യൂണിസ്റ്റു പാർട്ടിയുടേയും ആയ പുതിയ രാഷ്ട്രീയശക്തി ചൈനയിലെ രാഷ്ട്രീയ രംഗത്തു പ്രവേശിച്ചു. അതിൻെറ ഫലമായി പുതിയ യൂണിഫോറവും പുതിയ ആയുധങ്ങളുംകൊണ്ടു് സജ്ജമായ ഈ പുതിയ സാംസ്കാരികശക്തി സാധ്യമായ എല്ലാ സഖ്യകക്ഷികളേയും സമാഹരിച്ചുകൊണ്ടും യുദ്ധ വ്യത്യാസരീതിയിൽ അതിൻെറ അണികളെ നിരത്തിനിർത്തിക്കൊണ്ടും സാമ്രാജ്യത്വ വാദികളുടെ സംസ്കാരത്തിനും നാടുവാഴിസംസ്കാരത്തിനും എതിരായി ധീരോദാത്തമായ ആക്രമണങ്ങൾ ആരംഭിച്ചു. ഈ പുതിയ ശക്തി സാമൂഹ്യശാസ്ത്രങ്ങളുടെ രംഗത്തും കലകളുടേയും സാഹിത്യത്തിൻെറയും രംഗത്തും തത്വശാസ്ത്രത്തിലും ധനതത്വശാസ്ത്രത്തിലും രാഷ്ട്രവിജ്ഞാനീയത്തിലും സൈനികശാസ്ത്രത്തിലും ചരിത്രത്തിലും സാഹിത്യത്തിലും കലകളിലും (നാടകം, ചലച്ചിത്രം, സംഗീതം, ശില്പവിദ്യ, ചിത്രരചന എന്നിവ ഉൾപ്പടെ) മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. കഴിഞ്ഞ ഇരുപതു വർഷമായി ഈ പുതിയ സാംസ്കാരികശക്തി തൻെറ ആക്രമണത്തിനു വിധേയമാക്കിയ രംഗങ്ങളിൽ എല്ലാം പ്രത്യയശാസ്ത്രപരമായ ഉള്ളടക്കത്തിലും രൂപത്തിലും ഒരു മഹത്തായ സമൂല പരിവർത്തനം സംഭവിച്ചിട്ടുണ്ടു് (ഉദാഹരണത്തിനു് എഴുത്തുഭാഷയുടെ രംഗത്തെ മാററം നോക്കുക.) ഇതിൻെറ സ്വാധീനം വളരെയേറെ മഹത്തരവും ഇതിൻെറ ആഘാതം വളരെയേറെ ശക്തിമത്തും ആയതിനാൽ ഇതു് പോകുന്നിടത്തൊക്കെ ഇതു് അജയ്യമായിരിക്കുന്നു. ഇതിൻെറ വ്യാപ്തിയും ഇതിൻെറ പിന്നിൽ

അണിനിരന്നിട്ടുള്ളവരുടെ സംഖ്യയും ചൈനയുടെ ചരിത്രത്തിൽ ഇതിനു മുൻപൊരിക്കലും സംഭവിച്ചിട്ടില്ലാത്ത വിധത്തിലുള്ളതാണ്. ഈ പുതിയ സാംസ്കാരിക ശക്തിയിൽ ഏററവും ഉന്നതനും ഏററവുമധികം ധീരതയോടെ അതിൻെറ കൊടി ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നേറിയ ആളും ലൂഷൂൺ ആയിരുന്നു. ചൈനയിലെ സാംസ്കാരിക വിപ്ളവത്തിൻെറ പ്രധാന നായകൻ ആയിരുന്ന അയാൾ ഒരു മഹാനായ പണ്ഡിതൻ മാത്രമല്ല പ്രത്യുത ഒരു മഹാനായ ചിന്തകനും വിപ്ളവകാരിയുംകൂടി ആയിരുന്നു. യാതൊരു വിട്ടുവീഴ്ചയും ചെയ്യാത്തവിധം സത്യനിഷ്ടയുള്ള, എല്ലാത്തരത്തിലുള്ള മുഖസ്തുതികളിൽനിന്നും സേവപിടുത്തത്തിൽ നിന്നും വിമുക്തനായ ഒരു വ്യക്തിയായിരുന്നു ലൂഷൂൺ. അധിനിവേശ, അർദ്ധഅധിനിവേശ രാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ ഈ ഗുണം അമൂല്യമായ ഒന്നാണ്. നമ്മുടെ രാഷ്ട്രത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ലൂഷൂൺ ശത്രുവിൻെറ രക്ഷാസങ്കേതത്തിൽ പിളർപ്പുണ്ടാക്കുകയും അതിനെതിരേ ഉഗ്രമായ ആക്രമണം നടത്തുകയും ചെയ്തു. സാംസ്കാരിക രംഗത്ത് അയാൾ ഏററവുമധികം ധീരനും, ഏററവും ശരിയായ നിലപാട് എടുത്തവനും, ഏററവുമധികം നിശ്ചയദാർഢ്യമുള്ളവനും ഏററവുമധികം വിശ്വസ്തനും, ഏററവും ആവേശഭരിതനുമായ ദേശീയ വീരപുരുഷൻ ആയിരുന്നു. അയാൾ സ്വീകരിച്ച പാതയായിരുന്നു ചൈനയുടെ പുതിയ ദേശീയ സംസ്കാരത്തിൻേറയും പാത.

മേയ് നാല് പ്രസ്ഥാനത്തിനു മുൻപ് ചൈനയുടെ പുതിയ സംസ്കാരം പഴയ ജനാധിപത്യ രീതിയിലുള്ള ഒരു സംസ്കാരവും ലോക ബൂർഷ്വാസിയുടെ മുതലാളിത്വ സാംസ്കാരിക വിപ്ളവത്തിൻെറ ഒരു ഭാഗവും ആയിരുന്നു. മേയ് നാല് പ്രസ്ഥാനത്തിനു ശേഷം ഇതു് പുത്തൻജനാധിപത്യ രീതിയിൽ ഉള്ളതും

ലോക തൊഴിലാളിവർഗ്ഗത്തിൻെറ സോഷ്യലിസ്റ്റ് സാംസ്കാരിക വിപ്ളവത്തിൻെറ ഒരു ഭാഗവും ആയി തീർന്നിട്ടുണ്ട്.

മേയ് നാല് പ്രസ്ഥാനത്തിനു മുൻപ് ചൈനയുടെ പുതിയ സാംസ്കാരിക പ്രസ്ഥാനത്തെ, ചൈനയുടെ സാസ്കാരിക വിപ്ളവത്തെ നയിച്ചിരുന്നത്, അപ്പോഴും ഒരു പ്രധാനഭാഗം വഹിക്കുവാനുണ്ടായിരുന്ന ബൂർഷ്വാസിയായിരുന്നു. മേയ് നാല് പ്രസ്ഥാനത്തിനുശേഷം ബൂർഷ്വാസിയുടെ സംസ്കാരവും പ്രത്യയശാസ്ത്രവും അതിൻെറ രാഷ്ട്രീയത്തേക്കാളും കൂടുതൽ പിന്നോക്കമായിത്തീരുകയും ഏതെങ്കിലും പ്രധാന പങ്ക് വഹിക്കുന്നതിന് അതിനു കഴിവില്ലാതായിത്തീരുകയും ചെയ്തു. പരമാവധി, വിപ്ളവകാലഘട്ടങ്ങളിൽ ഒരു സഖ്യകക്ഷിയായി ഒരളവുവരെ സേവനം അനുഷ്ഠിക്കുവാൻ മാത്രമേ അവർക്കു കഴിയുമായിരുന്നുള്ളു. അതേസമയം സഖ്യത്തെ നയിക്കുന്നതിനുള്ള ഉത്തരവാദിത്വം അനിർവാര്യമായും തൊഴിലാളിവർഗ്ഗ സംസ്കാരത്തിനും പ്രത്യയശാസ്ത്രത്തിനുമായിത്തീർന്നു. ഇതു നിഷേധിക്കുവാൻ വയ്യാത്ത ഒരു വസ്തുതയാണ്.

പുത്തൻ ജനാധിപത്യ സംസ്കാരം വിശാല ജനവിഭാഗങ്ങളുടെ സാമ്രാജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധ സംസ്ക്കാരമാണ്. ഇന്ന് അതു് ജപ്പാൻ വിരുദ്ധ ഐക്യമുന്നണിയുടെ സംസ്കാരമാണ്. ഈ സംസ്കാരത്തെ നയിക്കുവാൻ തൊഴിലാളി വർഗ്ഗത്തിൻെറ സംസ്കാരത്തിനും പ്രത്യയശാസ്ത്രത്തിനും, കമ്യൂണിസത്തിൻെറ പ്രത്യയശാസ്ത്രത്തിനും മാത്രമേ കഴിയുകയുള്ളു. അല്ലാതെ, ഇതിനു നേതൃത്വം കൊടുക്കുവാൻ മറെറതെങ്കിലും വർഗ്ഗത്തിൻെറ സംസ്കാരത്തിനോ പ്രത്യയശാസ്ത്രത്തിനോ കഴിയുകയില്ല. ചുരുക്കിപറഞ്ഞാൽ, പുത്തൻജനാധിപത്യ സംസ്കാരം തൊഴിലാളി വർഗ്ഗത്താൽ നയിക്കപ്പെടുന്ന, വിശാല ജനവിഭാഗങ്ങളുടെ സാമ്രാജ്യത്വ വിരുദ്ധവും നാടുവാഴിത്ത വിരുദ്ധവുമായ സംസ്കാരമാണ്.

## XIII. നാലു കാലഘട്ടങ്ങൾ

ഒരു സാംസ്കാരിക വിപ്ലവം രാഷ്ട്രീയവും സാമ്പത്തികവുമായ വിപ്ലവത്തിൻെറ പ്രത്യയശാസ്ത്രപരമായ പ്രതിഫലനവും അവയ്ക്കുവേണ്ടി സേവനം അനുഷ്ഠിക്കുന്നതും ആണ്. ചൈനയിൽ രാഷ്ട്രീയ വിപ്ളവത്തിൽ എന്നതുപോലെ സാംസ്കാരിക വിപ്ലവത്തിലും ഒരു ഐക്യമുന്നണി ഉണ്ട്.

സാംസ്കാരിക വിപ്ളവത്തിലെ ഐക്യമുന്നണിയുടെ കഴിഞ്ഞ ഇരുപതു വർഷക്കാലത്തെ ചരിത്രത്തെ നാലു കാലഘട്ടങ്ങളായി വിഭജിക്കുവാൻ കഴിയും. ആദ്യത്തേതു് 1919 മുതൽ 1921 വരെയുള്ള രണ്ടു വർഷങ്ങളേയും, രണ്ടാമത്തേതു് 1921 മുതൽ 1927 വരെയുള്ള ആറു വർഷങ്ങളേയും, മൂന്നാമത്തേതു് 1927 മുതൽ 1937 വരെയുള്ള പത്തു വർഷങ്ങളേയും, നാലാമത്തേതു് 1937 മുതൽ ഇന്നുവരെയുള്ള മൂന്നുവർഷങ്ങളേയും ഉൾക്കൊള്ളുന്നു.

ആദ്യത്തെ കാലഘട്ടം 1919_ലെ മേയ് നാലു് പ്രസ്ഥാനം മുതൽ 1921–ലെ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപനംവരെ ദീർഘിച്ചു. മേയ് നാലു് പ്രസ്ഥാനമായിരുന്നു ഈ കാലഘട്ടത്തിലെ പ്രധാന സംഭവം.

മേയ് നാലു് പ്രസ്ഥാനം സാമ്രാജ്യത്വ വിരുദ്ധമെന്നതു പോലെ നാടുവാഴിത്ത വിരുദ്ധവുമായ ഒരു പ്രസ്ഥാനമായിരുന്നു. ഇതിൻെറ മുഖ്യമായ ചരിത്രപരമായ പ്രാധാന്യം 1911–ലെ വിപ്ലവത്തിൽ ഇല്ലാതിരുന്ന ഒരു പ്രത്യേക സ്വഭാവത്തിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. അതായതു് സാമ്രാജ്യത്വത്തോടും അതുപോലെതന്നെ നാടുവാഴിത്തത്തോടും ഉള്ള ഇതിൻെറ പൂർണ്ണവും ഒരൊത്തുതീർപ്പിനും തയാറില്ലാത്തതുമായ എതിർപ്പ്. ചൈനയിൽ മുതലാളിത്വം ഒരു പടികൂടി വികസിച്ചിട്ടുണ്ടായിരുന്നു എന്നതിനാലും ചൈനീസ് രാഷ്ട്രത്തിൻെറ വിമോചനത്തിനു വേണ്ടി പുതിയ ആശകൾ ഉദിച്ചിട്ടുണ്ടായിരുന്നു എന്നതിനാലും ഈ ഗുണം മേയ് നാലു് പ്രസ്ഥാനത്തിനു് സ്വായത്തമാവുണ്ടായിരുന്നു.

റഷ്യ, ജർമ്മനി, ആസ്ട്രിയ—ഹംഗറി എന്നീ മൂന്ന് വൻപിച്ച സാമ്രാജ്യത്വശക്തികൾ നിലംപതിക്കുന്നതും മററു രണ്ടു സാമ്രാജ്യത്വ ശക്തികളായ ബ്രിട്ടനും ഫ്രാൻസും ദുർബ്ബലമാകുന്നതും അതേ സമയം റഷ്യൻ തൊഴിലാളിവർഗ്ഗം സ്വന്തം ഭരണാധികാരം സ്ഥാപിക്കുന്നതും ജർമ്മനിയിലേയും ഹംഗറിയിലേയും ഇററലിയിലേയും തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസമരത്തിന് ശക്തി വർദ്ധിക്കുന്നതും കണ്ട ചൈനയിലെ വിപ്ലവകാരികളായ ബുദ്ധിജീവികളുടെ ഇടയിൽ സ്വന്തം ദേശത്തിൻെറ വിമോചനത്തെക്കുറിച്ചുള്ള ആശകൾ വളന്നു. മേയ് നാല് പ്രസ്ഥാനം ഉടലെടുത്തത് ലോകവിപ്ലവത്തിൻേറയും റഷ്യൻ വിപ്ലവത്തിൻേറയും ലെനിൻേറയും ആഹ്വാനം അനുസരിച്ചാണ്. ഇത് ആ കാലഘട്ടത്തിലെ ലോകതൊഴിലാളിവർഗ്ഗവിപ്ലവത്തിൻെറ ഒരുഭാഗമായിരുന്നു. കമ്യൂണിസ്റ്റു പാർട്ടി നിലവിൽവന്നു കഴിഞ്ഞിട്ടില്ലായിരുന്നെങ്കിലും റഷ്യൻവിപ്ലവത്തെ അംഗീകരിക്കുകയും കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൻെറ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കുകയുംചെയ്തിരുന്ന അസംഖ്യം ബുദ്ധിജീവികൾ ഇതിനകംതന്നെ ചൈനയിൽ ഉണ്ടായിരുന്നു. ആരംഭത്തിൽ മേയ് നാല് പ്രസ്ഥാനം മൂന്നു വിഭാഗം ജനങ്ങൾ —കമ്യൂണിസ്റ്റ് ബുദ്ധിജീവികൾ, വിപ്ലവകാരികളായ പെററി—ബൂർഷ്വാ ബുദ്ധിജീവികൾ, ബൂർഷ്വാ ബുദ്ധിജീവികൾ എന്ന മൂന്നു വിഭാഗം (മൂന്നാമത്തെ വിഭാഗം പ്രസ്ഥാനത്തിൻെറ വലതുപക്ഷം ആയിരുന്നു)—ഉൾക്കൊണ്ട ഒരു ഐക്യമുന്നണിയുടെ വിപ്ളവപ്രസ്ഥാനം ആയിരുന്നു. ഇത് ബുദ്ധിജീവികളുടെ ഇടയിൽ മാത്രം ഒതുങ്ങി നിന്ന ഒന്നായിരുന്നു എന്നതും തൊഴിലാളികളും കർഷകരും ഇതിൽ ചേർന്നില്ല എന്നതും ആയിരുന്നു ഇതിൻെറ പോരായ്മകൾ. പക്ഷേ ഇത് 'ജൂൺ മൂന്ന്

പ്രസ്ഥാന'മായി x വികസിച്ച ഉടനെതന്നെ ബുദ്ധി ജീവികഠം മാത്രമല്ല തൊഴിലാളി വർഗ്ഗത്തിലും പെററി ബൂർഷ്വാസിയിലും ബൂർഷ്വാസിയിലും പെട്ട വൻപിച്ച ജനവിഭാഗങ്ങഠം ഇതിൽ ചേരുകയും ഇതു് ഒരു ദേശവ്യാപകമായ വിപ്ളവപ്രസ്ഥാന മായിത്തീരുകയും ചെയ്തു.

മേയ് നാലു് പ്രസ്ഥാനം മുമ്പോട്ടു കൊണ്ടുവന്ന സാംസ്കാരികവിപ്ലവം നാടുവാഴിത്ത സംസ്കാര ത്തോടുള്ള അതിന്റെ എതിർപ്പിൽ യാതൊരു ഒത്തു തീർപ്പിനും തയാറില്ലാത്തതായിരുന്നു. ചൈനീസ് ചരിത്രത്തിന്റെ ആവിർഭാവത്തിനുശേഷം ഇത്രമാത്രം മഹത്തരവും പരിപൂർണ്ണവും ആയ ഒരു സാംസ്കാരിക വിപ്ളവം ഒരിക്കലും ഉണ്ടായിട്ടില്ല. ''പഴയ ധർമ്മ ശാസ്ത്രങ്ങഠം നശിക്കട്ടെ, പുതിയവ ഉയരട്ടെ,'' ''പഴയ സാഹിത്യം നശിക്കട്ടെ, പുതിയവ ഉയരട്ടെ'' എന്നീ

---

x ജൂൺ മൂന്നു് പ്രസ്ഥാനം ദേശസ്നേഹപരമായ മേയ് നാലു് പ്രസ്ഥാനത്തിന്റെ ഒരു പുതിയ ഘട്ടത്തെ കുറിച്ചു. 1919 ജൂൺ മൂന്നാംതീയതി പീക്കിംഗിലെ വിദ്യാർത്ഥികഠം പട്ടാളത്തിന്റേയും പോലീസി ന്റേയും മർദ്ദനത്തേയും അടിച്ചമർത്തലിനേയും അ വഗണിച്ചു കൊണ്ടു് യോഗങ്ങഠം സംഘടിപ്പിക്കു കയും പ്രസംഗങ്ങഠം നടത്തുകയും ചെയ്തു. അവർ പഠിപ്പുമുടക്കുകയും ഇതിനെ തുടർന്നു് ഷാംഗ്ഹാ യ്, നാൻകിംഗ്, ടിയെൻട്സിൻ, ഹാങ്ചൊ, വൂഹാൻകിയുകിയാംഗ് എന്നീ നഗരങ്ങളിലേയും ഷാൻടുംഗ്, ആൻവെയ് എന്നീ സംസ്ഥാനങ്ങളി ലേയും തൊഴിലാളികളുടേയും വ്യാപാരികളുടേയും ഇടയിലേക്കു് പണിമുടക്കു് വ്യാപിക്കുകയും ചെയ്തു. ഇപ്രകാരം മേയ് നാലു് പ്രസ്ഥാനം ഒരു ബൃഹത്തായ ജനകീയ പ്രസ്ഥാനമായി വള രുകയും അതിൽ തൊഴിലാളിവർഗ്ഗവും നഗരങ്ങ ളിലെ പെററിബൂർഷ്വാസിയും ദേശീയ ബൂർഷ്വാ സിയും എല്ലാം പങ്കെടുക്കുകയും ചെയ്തു.

മുദ്രാവാക്യങ്ങരം എഴുതിയ രണ്ടു മഹത്തായ കൊടിക്കൂറ കളും പറപ്പിച്ചുകൊണ്ടു് മുന്നേറിയ സാംസ്കാരിക വിപ്ളവം വൻപിച്ച നേട്ടങ്ങരം ഉണ്ടാക്കി. ആ സമയത്തു് ഈ സാംസ്കാരിക പ്രസ്ഥാനത്തിനു് തൊഴിലാളികളുടേയും കർഷകരുടേയും ഇടയിൽ വിപുലമായ തോതിൽ വ്യാപകമായിത്തീരുവാൻ സാധിച്ചിരുന്നില്ല. ''സാഹിത്യം സാധാരണ ജനങ്ങരംക്കുവേണ്ടി'' എന്ന മുദ്രാവാക്യം മുൻപോട്ടു കൊണ്ടുവരപ്പെട്ടു. പക്ഷേ അന്നു് വാസ്തവത്തിൽ ''സാധാരണ ജനങ്ങരം'' എന്നതുകൊണ്ടു് നഗരത്തിലെ പെററി—ബൂർഷ്വാ ബുദ്ധിജീവികളേയും ബൂർഷ്വാ ബുദ്ധിജീവികളേയും കുറിച്ചുമാത്രമേ പരാമർശിക്കുവാൻ കഴിയുമായിരുന്നുള്ളു. പ്രത്യയശാസ്ത്രത്തിൻെറ കാര്യത്തിലായാലും പാർട്ടിപ്രവർത്തകരുടെ കാര്യത്തിലായാലും മേയ് നാലു് പ്രസ്ഥാനമാണു് 1921—ലെ കമ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപനത്തിനും, 1925_ലെ മേയ് മുപ്പതു പ്രസ്ഥാനത്തിനും, വടക്കൻ യുദ്ധയാത്രയ്ക്കും ഉള്ള വഴിയൊരുക്കിയതു്. മേയ് നാലു് പ്രസ്ഥാനത്തിൽ വലതുപക്ഷത്തു പ്രവർത്തിച്ചിരുന്ന ബൂർഷ്വാ ബുദ്ധിജീവികരം രണ്ടാം കാലഘട്ടത്തിൽ ഏററിയക്കുറും ശത്രുവുമായി ഒത്തുതീർപ്പിൽ എത്തുകയും പിന്തിരിപ്പൻമാരുടെ ഭാഗത്തേക്കു് സ്ഥാനം മാററുകയും ചെയ്തു.

രണ്ടാമത്തെ കാലഘട്ടത്തിലെ പ്രധാന സംഭവങ്ങരം ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപനവും, മേയ് മുപ്പതു് പ്രസ്ഥാനവും, വടക്കൻ യുദ്ധയാത്രയും ആയിരുന്നു. ഈ കാലഘട്ടത്തിൽ മേയ് നാലു് പ്രസ്ഥാനത്തിൻെറ സമയത്തു് രൂപീകരിക്കപ്പെട്ട മൂന്നു വർഗ്ഗങ്ങളുടെ ഐക്യമുന്നണി തുടരുകയും വികസിക്കുകയും, കർഷകജനതയെ ഇതിലേക്കു് ആകർഷിക്കുകയും, ഈ മൂന്നു വർഗ്ഗങ്ങളുടേയും ഒരു രാഷ്ട്രീയ ഐക്യമുന്നണി—ക്കുമിന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണത്തിൻെറ ആദ്യത്തെ ഉദാഹരണം—സ്ഥാപിക്കപ്പെടുകയും ചെയ്തു. ഡോക്ടർ സൺയാററ്—സെൻ ഒരു മഹാനായ വ്യക്തിയായിരുന്നതു് അയാരം 1911—ലെ മഹത്തായ

വിപ്ളവത്തെ (ഇതു് പഴയ കാലഘട്ടത്തിലെ ഒരു ജനാധിപത്യ വിപ്ളവം മാത്രമായിരുന്നു എങ്കിലും) നയിച്ചു എന്നതുകൊണ്ടു് മാത്രമല്ലായിരുന്നു. പ്രത്യുത, ''ലോകത്തിലെ പൊതുവെയുള്ളപ്രവണതകൾക്കു് അനുസരണമായി സ്വയം പൊരുത്തപ്പെടുത്തുകയും ജനങ്ങളുടെ ആവശ്യങ്ങളെ സാധിക്കുകയും'' ചെയ്തുകൊണ്ടു് റഷ്യയുമായി സഖ്യം, കമ്യൂണിസ്റ്റ് പർട്ടിയുമായി സഹകരണം, കർഷകർക്കും തൊഴിലാളികൾക്കും സഹായം എന്നീ വിപ്ളവകരമായ 'മൂന്നു മഹത്തായ നയങ്ങളെ' മുൻപോട്ടു കൊണ്ടുവരുവാനും, 'മൂന്നു ജനകീയ സിദ്ധാന്തങ്ങൾ'ക്കു് പുതിയ അർത്ഥം കൊടുക്കുവാനും, അങ്ങിനെ പുതിയ 'മൂന്നു ജനകീയ സിദ്ധാന്തങ്ങളെ' അവയുടെ 'മൂന്നു മഹത്തായ നയങ്ങളോടു'കൂടി സ്ഥാപിക്കുവാനും ഉള്ള കഴിവു് അയാൾക്കു് ഉണ്ടായിരുന്നു എന്നതിനാലാണു്. മുൻപു് 'മൂന്നു ജനകീയ സിദ്ധാന്തങ്ങൾ' വിദ്യാഭ്യാസപരവും വിജ്ഞാനപരവും ആയ രംഗങ്ങളിലോ യുവാക്കന്മാരുടെ ഇടയിലോ തുച്ഛമായ സ്വാധീനം മാത്രമേ ചെലുത്തിയിട്ടുണ്ടായിരുന്നുള്ളു. എന്തെന്നാൽ സാമ്രാജ്യത്വത്തോടോ അല്ലെങ്കിൽ നാടുവാഴിത്ത സാമൂഹ്യവ്യവസ്ഥയോടും നാടുവാഴിത്ത സംസ്കാരത്തോടും പ്രത്യയശാസ്ത്രത്തോടുമോ ഉള്ള എതിർപ്പിന്റെ പ്രശ്നങ്ങളെ അവ ഉന്നയിച്ചിട്ടുണ്ടായിരുന്നില്ല. അവ പഴയ 'മൂന്നു ജനകീയ സിദ്ധാന്തങ്ങൾ' ആയിരുന്നു. അധികാരം പിടിച്ചെടുക്കുവാൻ ഉദ്ദേശമുള്ള ഒരു കൂട്ടം ആളുകൾ താൽക്കാലികമായി ഉയർത്തിയ കൊടിക്കൂറ ആയിട്ടാണു് ജനങ്ങൾ അവയെ പരിഗണിച്ചിരുന്നതു്. വേറൊരു വിധത്തിൽ പറഞ്ഞാൽ, ഔദ്യോഗികസ്ഥാനങ്ങൾ നേടിയെടുത്തതിനുശേഷം രാഷ്ട്രീയമായ കരുനീക്കങ്ങൾ നടത്തുന്നതിനായിമാത്രം ഉപയോഗപ്പെടുത്തുന്ന ഒരു കൊടിക്കൂറയായി ജനങ്ങൾ അവയെ പരിഗണിച്ചു. അപ്പോഴാണു് പുതിയ 'മൂന്നു ജനകീയ സിദ്ധാന്തങ്ങൾ' അവയുടെ 'മൂന്നു മഹത്തായ നയങ്ങളോടു'കൂടി ജനങ്ങളുടെ മുൻപിൽ ആവിഷ്ക്കരിക്കപ്പെട്ടതു്. ക്രമിന്താങ്ങും

കമ്യൂണിസ്റ്റു പാർട്ടിയും തമ്മിലുള്ള സഹകരണത്തിന്റെയും രണ്ടു പാർട്ടികളിലെയും വിപ്ളവകാരികളായ അംഗങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെയും ഫലമായി പുതിയ 'മൂന്നു ജനകീയ സിദ്ധാന്തങ്ങൾ' ചൈനയിൽ ആകമാനം വ്യാപിച്ചു. വിദ്യാഭ്യാസരംഗത്തും കലാലയ രംഗങ്ങളിലും പ്രവർത്തിച്ചിരുന്ന ഒരുവിഭാഗം ആളുകളുടെ ഇടയിലേക്കും, വിദ്യാർത്ഥികളായ യുവാക്കളിൽ ബഹുഭൂരിപക്ഷത്തിന്റെ ഇടയിലേക്കും ഇവ വ്യാപിച്ചു. ആദ്യത്തെ മൂന്നു ജനകീയ സിദ്ധാന്തങ്ങൾ സാമ്രാജ്യത്വ വിരുദ്ധവും, നാടുവാഴിത്തവിരുദ്ധവും, പുത്തൻ ജനാധിപത്യപരവും ആയ മൂന്നു ജനകീയ സിദ്ധാന്തങ്ങളും അവയുടെ മൂന്നു മഹത്തായ നയങ്ങളും ആയി വികസിച്ചതായിരുന്നു ഇതിനുള്ള കാരണം. ഈ രീതിയിലുള്ള വികസനം കൂടാതെ മൂന്നു ജനകീയ സിദ്ധാന്തങ്ങളുടെ ആശയങ്ങളെ പ്രചരിപ്പിക്കുക അസാദ്ധ്യം ആകുമായിരുന്നു.

ഈ കാലഘട്ടത്തിൽ, വിപ്ലവകരമായ മൂന്നുജനകീയ സിദ്ധാന്തങ്ങൾ ക്വമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും എല്ലാവിപ്ലവകാരികളായ വർഗ്ഗങ്ങളും ചേർന്നുള്ള ഐക്യമുന്നണിയുടെ രാഷ്ട്രീയാടിസ്ഥാനമായിത്തീരുകയും, 'കമ്യൂണിസം മൂന്നു ജനകീയ സിദ്ധാന്തങ്ങളുടെ ഒരു നല്ല സുഹൃത്തു്'' ആയിരുന്നതിനാൽ അവ രണ്ടും തമ്മിൽ ഒരു ഐക്യമുന്നണി രൂപീകരിക്കപ്പെടുകയും ചെയ്തു. സമൂഹത്തിലെ വർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഇതു് തൊഴിലാളിവർഗ്ഗവും, കർഷകജനതയും, നഗരങ്ങളിലെ പെററിബൂർഷ്വാസിയും, ബൂർഷ്വാസിയും ചേർന്നുള്ള ഒരു ഐക്യമുന്നണി ആയിരുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 'വീക്കിലിഗൈഡും', ക്വമിന്താങ്ങിന്റെ ഷാംഗ്ഹായിയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'റിപ്പബ്ലിക്കൻ ഡെയ്ലിന്യൂസും' വിവിധ കേന്ദ്രങ്ങളിൽനിന്നു പുറത്തുവന്നിരുന്ന മററു പത്രങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടു് രണ്ടു പാർട്ടികളും യോജിച്ചു് സാമ്റാജ്യത്വത്തിനെതിരായി പ്രചരണം നടത്തുകയും, കൺഫ്യൂഷിയസ്സിനെ ആരാധിക്കുന്നതിനേയും കൺഫ്യൂ

ഷിയൻ വിശ്വാസപ്രമാണങ്ങളെ പഠിപ്പിക്കുന്നതിനേയും അടിസ്ഥാനമാക്കിക്കൊണ്ടുള്ള നാടുവാഴിത്തവിദ്യാഭ്യാസത്തിന് എതിരായി യോജിച്ച് പോരാടുകയും, നാടുവാഴിത്ത സാഹിത്യത്തേയും ജനങ്ങൾക്കു മനസ്സിലാകാത്തതും പൗരാണിക രീതിയിലുള്ളതുമായ ഭാഷയേയും യോജിച്ച് എതിർക്കുകയും, സാമ്രാജ്യത്വ വിരുദ്ധവും നാടുവാഴിത്ത വിരുദ്ധവുമായ ഉള്ളടക്കത്തോടു കൂടിയ പുതിയ സാഹിത്യത്തേയും നാടൻ രീതിയിലുള്ള എഴുത്തിനേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. "അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ നശിക്കട്ടെ", "ജനമർദ്ദകരും ദുഷ്ടരായ കുലീനവർഗ്ഗവും നശിക്കട്ടെ", എന്ന മുദ്രാവാക്യങ്ങൾ കോടിക്കണക്കിനു കർഷകരുടെ ഇടയിൽ നിന്നുയർന്നു. മഹത്തായ കർഷക വിപ്ലവ സമരങ്ങൾക്ക് ഉത്തേജനം നൽകപ്പെട്ടു. ക്വാംഗ്ടുംഗിലെ യുദ്ധങ്ങളുടെ കാലത്തും വടക്കൻ യുദ്ധയാത്രയുടെ കാലത്തും സാമ്രാജ്യത്വവിരുദ്ധവും നാടുവാഴിത്തവിരുദ്ധവും ആയ ആശയങ്ങളെ കുറിച്ച് പ്രബോധനം നൽകുന്നതിൽ കൂടി അവർ ചൈനയിലെ സായുധശക്തികളിൽ പരിവർത്തനം വരുത്തി. ഇവയെല്ലാം കാരണവും സോവിയററ് യൂണിയൻെറ സഹായം മൂലവും വടക്കൻ യുദ്ധയാത്ര വിജയകരമായി തീർന്നു. പക്ഷേ വൻകിട ബൂർഷ്വാസി അധികാരത്തിലേക്ക് കയറിയ ഉടൻതന്നെ ഈ വിപ്ളവത്തിന് ഒരു വിരാമമിട്ടു. പരിപൂർണ്ണമായും പുതിയതായ ഒരു രാഷ്ട്രീയ പരിതസ്ഥിതി അപ്രകാരം സൃഷ്ടിക്കപ്പെട്ടു.

മൂന്നാമത്തെ കാലഘട്ടം 1927–നും 1937–നും ഇടയ്ക്കുള്ള പുതിയ വിപ്ളവ കാലഘട്ടം ആയിരുന്നു. വൻകിട ബൂർഷ്വാസി സാമ്രാജ്യത്വ വാദികളുടേയും നാടുവാഴിത്ത ശക്തികളുടേതുമായ പ്രതിവിപ്ളവകാരികളുടെ താവളത്തിലേക്ക് കടന്നുപോവുകയും ദേശീയ ബൂർഷ്വാസി അതിനെ പിൻതുടരുകയും ചെയ്തതോടെ രണ്ടാം കാലഘട്ടത്തിൻെറ അവസാനത്തോടുകൂടി വിപ്ലവകാരികളുടെ അണികൾക്കുള്ളിൽ ഒരു മാററം സംഭവിച്ചിട്ടുണ്ടായിരുന്നു. മുൻപ് വിപ്ളവകാരികളുടെ

അണികളിൽ ഉണ്ടായിരുന്ന നാലു വർഗ്ഗങ്ങളിൽ ഇതോടെ മൂന്നു വർഗ്ഗങ്ങളേ അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളു; അതായതു് തൊഴിലാളിവർഗ്ഗവും, കർഷകജനതയും പെററിബൂർഷ്വാസിയുടെ മററുവിഭാഗങ്ങളും (വിപ്ളവകാരികളായ ബുദ്ധിജീവികൾ ഉൾപ്പെടെ) മാത്രം. ഇതിൻെറ ഫലമായി, ചൈനീസ് കമ്യൂണിസ്ററു പാർട്ടിമാത്രം ജനങ്ങൾക്കു നേതൃത്വം നൽകുന്ന ഒരു പുതിയ കാലഘട്ടത്തിലേക്കു് ചൈനീസ് വിപ്ളവം അനിർവാര്യമായും പ്രവേശിച്ചു. ഇതു് ഒരുഭാഗത്തു് 'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള പ്രതിവിപ്ളവകാരികളുടെ സമരങ്ങളുടേയും, മറുഭാഗത്തു് വിപ്ളവത്തിൻെറ വ്യാപ്തിയും ഗഹനതയും വർദ്ധിക്കുന്നതിൻേറയുമായ കാലഘട്ടം ആയിരുന്നു. 'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള പ്രതിവിപ്ളവകാരികളുടെ സമരങ്ങൾ രണ്ടു രീതിയിലുള്ളവ ആയിരുന്നു, ഒന്നു് സൈനികവും മറേറതു് സാംസ്കാരികവും. വിപ്ളവത്തിൻെറ വ്യാപ്തിയും ഗഹനതയും വർദ്ധിച്ചതു് രണ്ടുരീതിയിൽ ആയിരുന്നു; കാർഷിക വിപ്ളവം, സാംസ്കാരിക വിപ്ളവം ഇവ രണ്ടിൻേറയും വ്യാപ്തിയും ഗഹനതയും വർദ്ധിച്ചു. സാമ്രാജ്യത്വവാദികളുടെ ദുഃപ്രേരണയാൽ 'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള രണ്ടു രീതികളിലുമുള്ള സമരങ്ങൾക്കായി രാജ്യത്താകമാനവും ലോകത്താകമാനവുമുള്ള പ്രതിവിപ്ലവകാരികളായ ശക്തികളെ മുഴുവൻ ചേർത്തു് സൈന്യസജ്ജീകരണം നടത്തപ്പെട്ടു. പത്തുവർഷത്തിൽ ഒട്ടും കുറവല്ലാത്ത ഈ കാലഘട്ടത്തിലെ നിഷ്ഠൂരതയ്ക്കു് സമാനമായിട്ടൊന്നും ഇതിനുമുൻപു് ഒരിക്കലും ഉണ്ടായിട്ടില്ല. ലക്ഷക്കണക്കിനു കമ്യൂണിസ്ററുകാരേയും യുവാക്കളായ വിദ്യാത്ഥികളേയും കൂട്ടക്കൊല നടത്തി. ദശലക്ഷക്കണക്കിനു് കർഷകരും തൊഴിലാളികളും ക്രൂരമായ മർദ്ദനങ്ങൾക്കു വിധേയരായി. ഈ ക്രൂരപ്രവർത്തികൾക്കെല്ലാം ഉത്തരവാദികളായിരുന്ന ആളുകൾക്കു് കമ്യൂണിസത്തേയും കമ്യൂണിസ്ററു പാർട്ടിയേയും 'എന്നെന്നേക്കു

മായി ഉന്മൂലനാശം വരുത്തുവാൻ' തങ്ങൾക്കു കഴിയും എന്നതിൽ സംശയമുണ്ടായിരുന്നില്ല എന്നതു് വ്യക്തമായിരുന്നു. എങ്കിലും അനന്തരഫലം വ്യത്യസ്തമായിരുന്നു. 'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള രണ്ടു രീതികളിലുമുള്ള സമരങ്ങൾ ദയനീയമായി പരാജയമടഞ്ഞു. സൈനിക രംഗത്തെ സമരത്തിൻെറ ഫലം ജപ്പാൻകാരെ എതിർക്കുന്നതിനായി 'ചുവപ്പുസൈന്യ'ത്തിൻെറ വടക്കോട്ടുള്ള യാത്രയായിരുന്നു. സാംസ്കാരിക രംഗത്തെ സമരത്തിൻെറ ഫലം 1935—ൽ വിപ്ളവകാരികളായ യുവാക്കളുടെ 'ഡിസംബർ ഒമ്പതു് പ്രസ്ഥാനം' പൊട്ടിപ്പുറപ്പെട്ടതായിരുന്നു. ഇതിൻെറ രണ്ടിൻേറയും കൂടിയുള്ള പൊതുവായ ഫലം രാജ്യത്താകമാനമുള്ള ജനങ്ങൾ പ്രബുദ്ധരായിത്തീർന്നതായിരുന്നു. ഇവ മൂന്നും പ്രയോഗക്ഷമവും സൃഷ്ടിപരവുമായ ഫലങ്ങൾ ആയിരുന്നു. ഏററവും അത്ഭുതകരമായ വസ്തുത ക്വമിന്താങ്ങിനു സ്വാധീനമുള്ള പ്രദേശങ്ങളിലെ എല്ലാ സാംസ്കാരിക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കമ്യൂണിസ്ററു് പാർട്ടി നിശ്ശേഷം അശരണമായ അവസ്ഥയിൽ ആയിരുന്നുവെങ്കിലും അവിടങ്ങളിൽപോലും ക്വമിന്താങ്ങിൻെറ സാംസ്കാരിക രംഗത്തെ 'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള സമരങ്ങൾ തികച്ചും പരാജയമടഞ്ഞു എന്നതാണു്. എന്തുകൊണ്ടാണു് ഇതു സംഭവിച്ചതു്? ദീർഘവും ഗാഢവും ആയ ചിന്തയ്ക്കുള്ള വക ഇതു നൽകുന്നില്ലേ? ഇതുപോലെയുള്ള 'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള സമരങ്ങളുടെ മദ്ധ്യത്തിൽ തന്നെയായിരുന്നു. കമ്യൂണിസത്തിൽ വിശ്വസിച്ച ലൂഷ്യൺ ചൈനയിലെ സാംസ്കാരിക വിപ്ളവരംഗത്തു് ഭീമകായൻ ആയിത്തീർന്നതു്.

'ചുററിവളയുന്നതിനും അടിച്ചമർത്തുന്നതിനും' വേണ്ടിയുള്ള പ്രതിവിപ്ളവകാരികളുടെ സമരങ്ങളുടെ നിഷേധാത്മകമായ ഫലം നമ്മുടെ രാജ്യത്തിൻെറ നേർക്കു് ജാപ്പനീസ് സാമ്രാജ്യത്വം നടത്തിയ കടന്നാ

ക്രമണമായിരുന്നു. അതാണ് രാജ്യത്തു് ആകമാനമുള്ള ജനങ്ങൾ ഇപ്പോഴം കമ്യൂണിസ്ററ് വിരുദ്ധസമരം നടന്ന ആ പത്തുവർഷങ്ങളെ കഠിനമായി വെറുക്കുന്ന തിനുള്ള പ്രധാന കാരണം.

ഈ കാലഘട്ടത്തിലെ സമരങ്ങളിൽ വിപ്ളവ കാരികൾ ജനങ്ങളുടെ സാമ്രാജ്യത്വ—വിരുദ്ധവും നാടു വാഴിത്ത വിരുദ്ധവും ആയ പുത്തൻ ജനാധിപത്യ ത്തേയും അവരുടെ പുതിയ 'മൂന്നു ജനകീയ സിദ്ധാന്ത ങ്ങളേ'യും ദൃഢമായി ഉയർത്തിപ്പിടിച്ചു. അതേ സമയം പ്രതിവിപ്ളവകാരികൾ, സാമ്രാജ്യത്വ ത്തിൻെറ നിർദ്ദേശാനുസരണം, ജന്മിവർഗ്ഗവും വൻകിട ബൂർഷ്വാസിയും കൂടിച്ചേർന്ന കൂട്ടുകെട്ടിൻെറ സ്വേ ച്ഛാധിപത്യപരമായ ഭരണം ജനങ്ങളുടെമേൽ അടി ച്ചേൽപ്പിച്ചു. ആ സ്വേച്ഛാധിപത്യപരമായ ഭരണം ഡോക്ടർ സൺയാററ്—സെന്നിൻെറ മൂന്നു മഹത്തായ നയങ്ങളേയും അയാളുടെ പുതിയ മൂന്നു ജനകീയ സിദ്ധാന്തങ്ങളേയും രാഷ്ട്രീയവും സാംസ്കാരികവും ആയ രണ്ടുരംഗങ്ങളിലും നിർദ്ദയം കൊല ചെയ്യുകയും, ഇതിൻെറ പരിണിത ഫലമായി ചൈനീസ് രാഷ്ട്ര ത്തിനു് മഹാവിപത്തുകളെ നേരിടേണ്ടി വരികയും ചെയ്തു.

നാലാമത്തെ കാലഘട്ടം ഇപ്പോഴത്തെ ജപ്പാൻ വിരുദ്ധ സമരത്തിൻേറതാണ്. ചൈനീസ് വിപ്ള വം, അതിൻെറ വളഞ്ഞു പുളഞ്ഞ മാർഗ്ഗത്തെ പിൻ തുടർന്നുകൊണ്ടു് വീണ്ടും നാലു വർഗ്ഗങ്ങളുടെ ഒരു ഐക്യ മുന്നണിയിൽ എത്തിച്ചേർന്നിട്ടുണ്ടു്. എന്നാൽ, ഇതി ൻെറ മുകളിലത്തെ നിര ഭരണാധികാരി വർഗ്ഗങ്ങളിലെ പല അംഗങ്ങളേയും ഉൾക്കൊള്ളുന്നതിനാലും, ഇതി ൻെറ മദ്ധ്യത്തിലുള്ള നിര ദേശീയ ബൂർഷ്വാസിയേയും പെററിബൂർഷ്വാസിയേയും ഉൾക്കൊള്ളുന്നതിനാലും, ഇതിൻെറ താഴത്തെനിര മുഴുവൻ തൊഴിലാളി വർഗ്ഗ ത്തേയും ഉൾക്കൊള്ളുന്നതിനാലും ഈ ഐക്യമുന്നണി യുടെ വ്യാപ്തി ഇപ്പോൾ കൂടുതൽ വിശാലമാണ്. അങ്ങിനെ, രാജ്യത്തിലെ വിവിധ വർഗ്ഗങ്ങൾ ജാപ്പ

നീസ് സാമ്രാജ്യത്വത്തെ ദൃഢനിശ്ചയത്തോടെ എതിക്കുന്ന സഖ്യത്തിലെ അംഗങ്ങളായിത്തീർന്നിട്ടുണ്ട്. ഈ കാലഘട്ടത്തിലെ പ്രഥമഘട്ടം വൂഹാൻെറ പതനം വരെ നീണ്ടുനിന്നു. ആ ഘട്ടത്തിൽ രാജ്യത്തെ എല്ലാ രംഗങ്ങളിലും ഒരു ചൈതന്യം ദൃശ്യമായിരുന്നു. രാഷ്ട്രീയ രംഗത്തു് ജനാധിപത്യവൽക്കരണത്തിനു വേണ്ടിയുള്ള ഒരു പ്രവണത ഉണ്ടായിരുന്നു. സാംസ്കാരിക രംഗത്തു് താരതമ്യേന വ്യാപകമായ പ്രവർത്തനവും ഉണ്ടായിരുന്നു. വൂഹാൻെറ പതനത്തോടുകൂടി ദ്വിതീയ ഘട്ടം തുടങ്ങി. ഈ ഘട്ടത്തിൽ വൻകിട ബൂർഷ്വാസിയുടെ ഒരു വിഭാഗം ആയുധംവച്ചു് ശത്രുവിനു് കീഴടങ്ങുകയും മറെറാരു വിഭാഗം പ്രതിരോധയുദ്ധം കാലേകൂട്ടി അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുതോടെ രാഷ്ട്രീയ സ്ഥിതിഗതികൾക്കു് പല മാററങ്ങളും സംഭവിച്ചിട്ടുണ്ടു്. സാംസ്ക്കാരിക രംഗത്തു്, യെഹ് ചിംഗ്, ചാംഗ് ചുൺ—മായ് എന്നിവരെ പോലെയുള്ളവരുടെ പിന്തിരിപ്പൻ പ്രവത്തനങ്ങളിലും പത്രസ്വാതന്ത്ര്യത്തേയും അഭിപ്രായ സ്വാതന്ത്ര്യത്തേയും അടിച്ചമർത്തിയതിലും സ്ഥിതിഗതികളിലുണ്ടായ ഈ മാററം പ്രതിഫലിച്ചിട്ടുണ്ടു്.

ഈ വിഷമഘട്ടത്തെ തരണം ചെയ്യുന്നതിനു് പ്രതിരോധത്തേയും ഐക്യത്തേയും പുരോഗതിയേയും എതിക്കുന്ന എല്ലാ ആശയങ്ങൾക്കും എതിരായി ഒരു ഉറച്ച സമരം ആവശ്യമാണു്. ഈ പിന്തിരിപ്പൻ ആശയങ്ങളെ തകർത്തു തരിപ്പണമാക്കിയില്ലെങ്കിൽ പ്രതിരോധ യുദ്ധത്തിൽ വിജയിക്കാമെന്നു് ആശിച്ചിട്ടു് കാര്യമില്ല. എങ്ങിനെയാണു് ഈ സമരം രൂപാന്തരപ്പെടുക? രാജ്യം മുഴുവനുമുള്ള ജനങ്ങളുടെ മനസ്സിലെ വലിയ ചോദ്യം ഇതാണു്. ദേശീയവും അന്തർദ്ദേശീയവും ആയ സ്ഥിതിഗതികളുടെ അടിസ്ഥാനത്തിൽ ഗുണദോഷവിചാരം ചെയ്തു നോക്കുകയാണെങ്കിൽ, പ്രതിരോധത്തിൻെറ മാഗ്ഗത്തിലുള്ള തടസ്സങ്ങൾ എത്ര അസംഖ്യമായിരുന്നാലും, ചൈനീസ് ജനത തീർച്ചയായും വിജയിക്കുന്നതാണു്. മേയ് നാലു് പ്രസ്ഥാനത്തിനു ശേഷമുള്ള ഇരുപതുവർഷം

കൊണ്ടു നേടിയ പുരോഗതി, അതിനു മുൻപുള്ള എൺപതു വർഷങ്ങളിൽ നേടിയ പുരോഗതിയെക്കാറം മാത്രമല്ല, ആയിരക്കണക്കിനു വർഷത്തെ പഴക്കമുള്ള ചൈനയുടെ ചരിത്രത്തിൽ നേടിയ പുരോഗതിയേക്കാളും യഥാർത്ഥത്തിൽ മെച്ചപ്പെട്ടതാകുന്നു. അടുത്ത ഇരുപതു വർഷങ്ങളിൽ എന്തുമാത്രം കൂടുതൽ പുരോഗതി ചൈനയിൽ ഉണ്ടാകുമെന്നു് സങ്കൽപ്പിക്കവാൻ നമുക്കു കഴിയുകയില്ലെ? ദേശീയമോ വിദേശീയമോ ആയ എല്ലാവിധ ഇരുട്ടിൻെറ ശക്തികളുടേയും കടിഞ്ഞാണില്ലാത്ത രീതിയിലുള്ള അക്രമങ്ങറം നമ്മുടെ രാഷ്ട്രത്തിനു് അത്യാഹിതം വരുത്തിവച്ചിട്ടുണ്ടു്. പക്ഷെ, ഈ അക്രമങ്ങറം സൂചിപ്പിക്കുന്നതു്, ഇരുട്ടിൻെറ ശക്തികറംക്കു് ഇപ്പോഴും അൽപ്പം ശക്തി അവശേഷിച്ചിട്ടുണ്ടെങ്കിലും ഇതു് അവരുടെ ആശയററ അവസാനസമരമാണെന്നും, ജനങ്ങറം ക്രമേണ വിജയത്തെ സമീപിച്ചുകൊണ്ടിരിക്കുകയാണെന്നും ആണു്. ഇതു ചൈനയെ സംബന്ധിച്ചും, പൂർവ്വദേശങ്ങളെ സംബന്ധിച്ചും, ലോകത്തെ മുഴുവൻ സംബന്ധിച്ചും ഒരു സത്യമാണു്.

## XIV സംസ്കാരത്തിൻെറ സ്വഭാവത്തെ കുറിച്ചുള്ള ചില തെററായ സങ്കൽപ്പങ്ങൾ

തീവ്രവും കഠിനവുമായ സമരങ്ങളിൽ നിന്നാണു് പുതിയതായ എല്ലാം രൂപമെടുക്കുന്നതു്. കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ ഒരു വളഞ്ഞു പുളഞ്ഞ മാർഗ്ഗത്തെ പിൻതുടന്ന പുതിയ സംസ്കാരത്തെ സംബന്ധിച്ചും ഇതു സത്യമാണു്. ആ കാലഘട്ടത്തിൽ നല്ലതും ചീത്തയും ആയ എല്ലാം സമരത്തിൻെറ മൂശയിൽ പരീക്ഷിക്കപ്പെടുകയും തെളിയിക്കപ്പെടുകയും ചെയ്തു.

പൊരുത്തപ്പെടാൻ വയ്യാത്തവിധം യാഥാസ്ഥിതികരായ ബൂർഷ്വാസി രാഷ്ട്രീയാധികാരത്തിൻെറ കാര്യത്തിലെന്നതു പോലെ സംസ്കാരത്തിൻെറ പ്രശ്നത്തിലും എടുക്കുന്ന നിലപാടു് തികച്ചും തെററായതാണു്. അവർ ചൈനയിലെ ഈ പുതിയ കാലഘട്ടത്തിൻെറ ചരിത്രപരമായ സവിശേഷതകളെ മനസ്സിലാക്കുന്നില്ലെന്നു

മാത്രമല്ല ജനങ്ങളുടെ പുത്തൻ ജനാധിപത്യത്തിനനുസരണമായ സംസ്കാരത്തെ അംഗീകരിക്കുന്നുമില്ല. അവരുടെ ആരംഭസ്ഥാനം ബൂർഷ്വാ സ്വേച്ഛാധിപത്യമാണ്. സംസ്കാരത്തിന്റെ പ്രശ്നത്തിൽ വരുമ്പോൾ ഇതു് ബൂർഷ്വാസിയുടെ സാംസ്കാരിക സ്വേച്ഛാധിപത്യമായിത്തീരുന്നു. കഴിഞ്ഞകാലത്തു് ''കമ്യൂണിസ്റ്റുകാരെ ഒതുക്കുന്നതിനു''വേണ്ടി ക്വമിന്താങ്ങു ഗവണ്മെന്റ് സാംസ്കാരികരംഗത്തു നടത്തിയ സംഘടിത പ്രചരണത്തിനു് പിന്തുണ നൽകിയ യൂറോപ്യൻ—അമേരിക്കൻ സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നവരിൽപ്പെട്ട ഒരു വിഭാഗം (ഞാനിവിടെ ഒരു വിഭാഗത്തെ കുറിച്ചു മാത്രമാണ് പരാമർശിക്കുന്നതു്) അഭ്യസ്തവിദ്യർ ഇപ്പോൾ കമ്യൂണിസ്റ്റ്പാർട്ടിയെ ''നിയന്ത്രിക്കുന്നതിനും'' ''ക്ഷയിപ്പിക്കുന്നതിനും'' വേണ്ടിയുള്ള ക്വമിന്താങ്ങു ഗവണ്മെന്റിന്റെ നയത്തിനു് പിൻതുണ നൽകുന്നതായി കാണപ്പെടുന്നു. തൊഴിലാളികളും കർഷരും രാഷ്ട്രീയമായോ സാംസ്കാരികമായോ തങ്ങളുടെ തല ഉയർത്തി പിടിക്കുന്നതു കാണുവാൻ അവർ ആഗ്രഹിക്കുന്നില്ല. സാംസ്കാരിക സ്വേച്ഛാധിപത്യത്തിന്റേതായ ഈ ബൂഷ്വാ യാഥാസ്ഥിതിക മാർഗ്ഗം അവരെ ഒരിടത്തേക്കും നയിക്കുകയില്ല. രാഷ്ട്രീയ സ്വേച്ഛാധിപത്യത്തിന്റെ കാര്യത്തിൽ എന്നതുപോലെ ഇതിലും ദേശീയവും അന്തർദ്ദേശീയവും ആയ പുറപ്പാടുകൾ അവർക്കനുകൂലമല്ല. അതുകൊണ്ടു് ഈ സാംസ്കാരിക സ്വേച്ഛാധിപത്യം അവർ ''തെറ്റുത്തു് ദൂരെ മാററുക'' യാണു നല്ലതു്.

നമ്മുടെ ദേശീയ സംസ്കാരത്തിന്റെ ലക്ഷ്യബോധത്തെ സംബന്ധിച്ചിടത്തോളം അതിനു മാർഗ്ഗദർശിയായി വർത്തിക്കുന്നതു് കമ്യൂണിസ്ററ് പ്രത്യയശാസ്ത്രമാണ്. തൊഴിലാളിവർഗ്ഗത്തിന്റെ ഇടയിലാകമാനം സോഷ്യലിസവും കമ്യൂണിസവും പ്രചരിപ്പിക്കുവാനും കർഷകജനതയ്ക്കും മററു ജനവിഭാഗങ്ങൾക്കും പടിപടിയായി ശരിയായ രീതിയിൽ സോഷ്യലിസത്തെകുറിച്ചു് ബോധനം നൽകുവാനും നമ്മൾ കഠിന

മായി യത്നിക്കണം. എങ്കിലും നമ്മുടെ ദേശീയ സംസ്കാരം ഇനിയും മുഴുവൻ സോഷ്യലിസ്ററ് ആയിത്തീർന്നിട്ടില്ല.

തൊഴിലാളി വർഗ്ഗത്തിൻെറ നേതൃത്വം ഉള്ളതു കാരണം പുത്തൻ ജനാധിപത്യത്തിലെ രാഷ്ട്രീയവും സാമ്പത്തിക വ്യവസ്ഥയും സംസ്കാരവും എല്ലാം സോഷ്യലിസത്തിൻെറ ഒരംശം ഉൾക്കൊണ്ടതായിരിക്കും. ഈ അംശത്തിന്ന് ഒരു നിർണ്ണായകമായ പങ്കു വഹിക്കുവാനുണ്ട്. എങ്കിലും, പൊതുവിൽ നോക്കുകയാണെങ്കിൽ, രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും ആയ ചുററുപാടുകൾ ഇപ്പോഴും പുത്തൻ ജനാധിപത്യത്തിന്ന് അനുസരണമായിട്ടുള്ളതാണ്, അല്ലാതെ സോഷ്യലിസ്ററ് അല്ല. എന്തെന്നാൽ ചൈനീസ് വിപ്ളവം അതിൻെറ ഇപ്പോഴത്തെ അവസ്ഥയിൽ മുതലാളിത്വത്തെ ബഹിഷ്കരിക്കുന്നതിനുള്ള ഒരു സോഷ്യലിസ്റ്റ് വിപ്ലവമായി ഇനിയും തീർന്നിട്ടില്ല. പ്രത്യുത അതിപ്പോഴും വിദേശീയ സാമ്രാജ്യത്വത്തിനും ദേശീയ നാടുവാഴിത്തത്തിനും എതിരായി സമരം ചെയ്യുക എന്ന പ്രധാന കടമയോടുകൂടിയ ഒരു ബൂർഷ്വാ ജനാധിപത്യ വിപ്ലവമാണ്. ദേശീയ സംസ്കാരത്തിൻെറ രംഗത്തു്, ഇപ്പോൾ നിലവിലിരിക്കുന്ന ദേശീയ സംസ്കാരം പരിപൂർണ്ണമായും സോഷ്യലിസ്റ്റ് ആണെന്നോ അല്ലെങ്കിൽ ആയിരിക്കണമെന്നോ സങ്കൽപ്പിക്കുന്നതു് തെററായിരിക്കും. അങ്ങിനെ സങ്കൽപ്പിക്കുന്നതു് കമ്യൂണിസ്ററു് പ്രത്യയശാസ്ത്രത്തെ പ്രചരിപ്പിക്കുന്നതും അടിയന്തിരമായ ഒരു പ്രവർത്തന പരിപാടിയെ നടപ്പിലാക്കുന്നതും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയായിരിക്കും; പ്രശ്നങ്ങളെ കൂലങ്കഷമായി പരിശോധിക്കുന്നതിലും, അന്വേഷണങ്ങൾ നടത്തുന്നതിലും, ജോലികൾ നിർവഹിക്കുന്നതിലും, പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിലും കമ്യൂണിസ്ററു് നിലപാടും സമ്പ്രദായവും പ്രയോഗിക്കുന്നതും, ചൈനീസ് വിപ്ലവത്തിൻെറ ജനാധിപത്യ ഘട്ടത്തിലെ ദേശീയ വിദ്യാഭ്യാസത്തിനും ദേശീയ സംസ്കാരത്തിനും വേണ്ടി

യുള്ള പൊതുവായ നയവും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയായി രിക്കും. സോഷ്യലിസ്റ്റ് ഉള്ളടക്കത്തോടുകൂടിയ ഒരു ദേശീയ സംസ്കാരം ഒരു സോഷ്യലിസ്റ്റ് രാഷ്ട്രീയത്തിന്റേയും ഒരു സോഷ്യലിസ്ററ് സാമ്പത്തിക വ്യവസ്ഥയുടേയും പ്രതിഫലനമായിരിക്കും എന്നതു് അത്യന്താപേക്ഷിതമാണു്. നമ്മുടെ രാഷ്ട്രീയത്തിലും നമ്മുടെ സാമ്പത്തിക വ്യവസ്ഥയിലും സോഷ്യലിസ്റ്റ് അംശങ്ങൾ ഉണ്ടു്. അതുകൊണ്ടു് ഈ സോഷ്യലിസ്റ്റ് അംശങ്ങൾ നമ്മുടെ ദേശീയ സംസ്കാരത്തിൽ പ്രതി ഫലിക്കപ്പെട്ടിരിക്കുന്നു. പക്ഷേ നമ്മുടെ സമുദായത്തെ മുഴുവനായി എടുത്തുനോക്കുമ്പോൾ നമുക്കു് ഇനിയും ഒരു സോഷ്യലിസ്റ്റ് രാഷ്ട്രീയവും സോഷ്യലിസ്ററു് സാമ്പത്തികവ്യവസ്ഥയും ഉണ്ടായി കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് പൂർണ്ണമായും സോഷ്യലിസ്ററു് ആയ ഒരു ദേശീയ സംസ്കാരം ഉണ്ടാവുക ഇപ്പോൾ സാദ്ധ്യ മല്ല. ഇപ്പോഴത്തെ ചൈനീസ് വിപ്ളവം ലോക തൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഒരു ഭാഗമാണെന്നതിനാൽ ഇന്നത്തെ ചൈനയിലെ പുതിയ സംസ്കാരം ലോകതൊഴിലാളിവർഗ്ഗ സോ ഷ്യലിസ്ററു് പുത്തൻ സംസ്കാരത്തിന്റെ ഒരു ഭാഗവും അതിന്റെ ഉത്തമ മിത്രവും ആണു്. എന്നാൽ ചൈനയുടെ പുതിയ സംസ്കാരത്തിൽ സോഷ്യ ലിസ്ററു് സംസ്കാരത്തിന്റെ അതിപ്രധാനമായ അംശങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെങ്കിലും മൊത്തത്തിൽ നോക്കുമ്പോൾ ദേശീയ സംസ്കാരം ലോക തൊഴി ലാളി വർഗ്ഗ സോഷ്യലിസ്ററു് പുത്തൻ സംസ്കാര ത്തിന്റെ പ്രവാഹവുമായി ചേരുന്നതു് പൂർണ്ണമായും ഒരു സോഷ്യലിസ്ററ് സംസ്കാരം എന്ന നില യിലല്ല, പ്രത്യുത വിശാല ജനവിഭാഗങ്ങളുടെ സാമ്രാ ജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധ, പുത്തൻ ജനാ ധിപത്യ സംസ്കാരം എന്ന നിലയിൽ ആണു്. ഇന്നു് ചൈനീസ് വിപ്ളവത്തിനു് തൊഴിലാളി വർഗ്ഗ നേതൃത്വം അത്യന്താപേക്ഷിതം ആയതിനാൽ ചൈ നയുടെ പുതിയ സംസ്കാരത്തിനും തൊഴിലാളിവർഗ്ഗ

സംസ്കാരത്തിന്റേയും പ്രത്യയശാസ്ത്രത്തിന്റേയും, അതായത് കമ്യൂണിസ്ററ് പ്രത്യയശാസ്ത്രത്തിന്റേയും നേതൃത്വം അത്യന്താപേക്ഷിതമാണ്. എങ്കിലും നിലവിലുള്ള അവസ്ഥയിൽ ഈ രീതിയിലുള്ള നേതൃത്വം കൊണ്ടർത്ഥമാകുന്നത്, സാമ്രാജിത്വ വിരുദ്ധവും ഫ്യൂഡൽ വിരുദ്ധവും ആയ ഒരു രാഷ്ട്രീയ, സാംസ്കാരിക വിപ്ളവത്തിൽ ജനങ്ങളെ നയിക്കുക എന്നാണ്. അതുകൊണ്ട് മൊത്തത്തിൽ എടുത്തു നോക്കുമ്പോൾ ചൈനയുടെ പുതിയ ദേശീയ സംസ്കാരത്തിന്റെ ഉള്ളടക്കം ഇപ്പോഴും സോഷ്യലിസ്ററ് അല്ലാ, പ്രത്യുത പുത്തൻ ജനാധിപത്യപരമാണ്.

നിസ്സംശയമായിട്ടും, ഇപ്പോഴാണ് കമ്യൂണിസ്റ്റ് ആശയങ്ങളെ കൂടുതൽ വ്യാപകമായിട്ട് പ്രചരിപ്പിക്കുന്നതിനും, മാർക്സിസം—ലെനിനിസത്തിന്റെ പഠനത്തിനു വേണ്ടി കൂടുതൽ ഉൽസാഹിക്കുന്നതിനുമുള്ള സമയം. ഇതു ചെയ്യില്ലെങ്കിൽ നമുക്ക് ചൈനീസ് വിപ്ളവത്തെ ഭാവിയിൽ സോഷ്യലിസത്തിലേക്കു മുന്നോട്ടു നയിക്കുവാൻ കഴിയുകയില്ലെന്നു മാത്രമല്ല, ഇപ്പോഴത്തെ ജനാധിപത്യ വിപ്ളവത്തെ വിജയത്തിലേക്കു നയിക്കുന്നതിനും നമുക്ക് കഴിവില്ലാതായിതീരും. എന്നിരുന്നാലും, കമ്യൂണിസ്ററ് ആശയങ്ങളെ പ്രചരിപ്പിക്കുന്നതും കമ്യൂണിസ്ററ് സാമൂഹ്യവ്യവസ്ഥയെ കുറിച്ചുള്ള പ്രചരണവും, പുത്തൻ ജനാധിപത്യത്തിന്റെ പ്രവർത്തന പരിപാടിയെ പ്രായോഗികമായി നടപ്പിലാക്കുന്നതിൽനിന്നു് നമ്മൾ വ്യത്യസ്തമായി കാണണം. അതുപോലെതന്നെ, പ്രശ്നങ്ങളെ കൂലങ്കഷമായി പരിശോധിക്കുക, അന്വേഷണങ്ങൾ നടത്തുക, ജോലികൾ നിർവഹിക്കുക, പ്രവർത്തകരെ പരിശീലിപ്പിക്കുക എന്നിവയെ കുറിച്ചുള്ള കമ്യൂണിസ്റ്റ് സിദ്ധാന്തവും സമ്പ്രദായങ്ങളും, മൊത്തത്തിലുള്ള ദേശീയ സംസ്കാരത്തിനു വേണ്ടിയുള്ള പുത്തൻ ജനാധിപത്യ മാർഗ്ഗത്തിൽനിന്നു് നമ്മൾ വേർതിരിച്ചു കാണണം. ഇവ രണ്ടിനേയും കൂട്ടിക്കുഴയ്ക്കുന്നത് നിസ്സംശയമായിട്ടും അനുചിതമാണ്.

സമകാലീന കാലഘട്ടത്തിലെ ചൈനയുടെ പുതിയ ദേശീയ സംസ്കാരം ബൂർഷ്വാസിയുടെ സാംസ്കാരിക സ്വേച്ഛാധിപത്യമോ തൊഴിലാളി വർഗ്ഗത്തിന്റെ സോഷ്യലിസമോ അല്ലെന്നും, പ്രത്യുത തൊഴിലാളിവർഗ്ഗ സോഷ്യലിസ്റ്റ് സംസ്കാരത്തിന്റേയും പ്രത്യയശാസ്ത്രത്തിന്റേയും നേതൃത്വത്തിൻ കീഴിലുള്ള, ജനങ്ങളുടെ സാമ്രാജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധ പുത്തൻ ജനാധിപത്യം ആണെന്നും കാണാവുന്നതാണ്.

## XV ഒരു ദേശീയ, ശാസ്ത്രീയ, ജനകീയ സംസ്കാരം

പുത്തൻ ജനാധിപത്യ സംസ്കാരം ദേശീയ സംസ്കാരമാണ്. ഇതു് സാമ്രാജ്യത്വ മർദ്ദനത്തെ എതിർക്കുകയും ചൈനീസ് രാഷ്ട്രത്തിന്റെ അന്തസ്സിനേയും സ്വാതന്ത്ര്യത്തേയും ഉയർത്തി പിടിക്കുകയും ചെയ്യുന്നു. ഇതു് നമ്മുടെ രാഷ്ട്രത്തിന്റെ സ്വന്തമായതും നമ്മുടെ ദേശീയ സവിശേഷതകൾക്ക് അനുസൃതമായിട്ടുള്ളതും ആകുന്നു. ഇതു് മറ്റെല്ലാ രാഷ്ട്രങ്ങളിലേയും സോഷ്യലിസ്റ്റ്, പുത്തൻ ജനാധിപത്യസംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു പുതിയ ലോക സംസ്കാരത്തിനു് രൂപം കൊടുക്കത്തക്കവിധത്തിൽ ഒന്നിച്ചു വികാസം പ്രാപിക്കുന്നതിനു്, പരസ്പരം എന്തെങ്കിലും ഉൾക്കൊള്ളുകയും അന്യോന്യം സഹായിക്കുകയും ചെയ്യുവാൻ കഴിയത്തക്ക രീതിയിലാണ് അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതു്. പക്ഷേ ഒരു വിപ്ലവകരമായ ദേശീയ സംസ്കാരം എന്ന നിലയ്ക്കു് ഇതിനു് ഏതെങ്കിലും രാഷ്ട്രത്തിലെ ഏതു പിന്തിരിപ്പൻ സാമ്രാജ്യത്വ സംസ്കാരവും ആയിട്ടും ബന്ധപ്പെടുവാൻ ഒരിക്കലും കഴിയുകയില്ല. സ്വന്തം സംസ്കാരത്തെ പോഷിപ്പിക്കുന്നതിനായിട്ടു് വിദേശീയ പുരോഗമന സാഹിത്യത്തേ ഒരു വലിയ അളവിൽ ഉൾക്കൊള്ളേണ്ടതു് ചൈനക്കു് ആവശ്യമായിരിക്കുന്നു. ഈ തുറയിൽവേണ്ടത്ര പ്രവർത്തനം കഴിഞ്ഞകാലത്തു് നടത്തുകയുണ്ടായില്ല. സമകാലീന സോഷ്യലിസ്റ്റ്, പുത്തൻ ജനാധിപത്യ

സംസ്കാരങ്ങളിൽ നിന്നു മാത്രമല്ല മററു രാഷ്ട്രങ്ങളിലെ കഴിഞ്ഞകാലത്തെ സംസ്കാരങ്ങളിൽ നിന്നും ഇന്നു് നമുക്കു് പ്രയോജനകരമായിട്ടുള്ളതെല്ലാം നമ്മാം ഉാംക്കൊള്ളണം. ഉദാഹരണത്തിനു് വിവിധ മുതലാളിത്വ രാജ്യങ്ങളിലെ 'ജ്ഞാനോദയ യുഗ'ത്തിലെ സംസ്കാരത്തിൽ നിന്നു് നമുക്കു പലതും ഉാംക്കൊള്ളുവാൻ കഴിയും. എന്നാൽ ഈ വിദേശീയ ഉൽപ്പന്നങ്ങളെ നമ്മാം വിമശ്നബുദ്ധിയോടുകൂടിയല്ലാതെ വിഴുങ്ങിക്കളയരുതു്. അവയെ നമ്മാം നമ്മുടെ ആഹാരത്തിൻെറ കാര്യത്തിൽ എന്നതുപോലെ കൈകാര്യം ചെയ്യണം—ആദ്യം അതിനെ ചവച്ചരയ്ക്കണം, പിന്നീടു് ശരീരത്തിലുള്ള ആന്തരികാവയവങ്ങളുടെ പ്രവത്തനത്തിനായി അവയെ വിട്ടുകൊടുക്കണം, ഇവയുടെ പ്രവർത്തനഫലമായി വേർതിരിക്കപ്പെടുന്ന പോഷകാംശങ്ങാം ഉാംക്കൊള്ളുകയും ഉപയോഗശൂന്യമായ വസ്തുക്കാം തിരസ്കരിക്കപ്പെടുകയും ചെയ്യുന്നു—എങ്കിൽ മാത്രമേ അവയ്ക്കു നമ്മളെ പോഷിപ്പിക്കുവാൻ കഴിയുകയുള്ളു. ''മൊത്തത്തിലുള്ള പാശ്ചാത്യവൽക്കരണ'' x ത്തിനു വേണ്ടി വാദിക്കുന്നതു തെററാണു്. വിദേശീയമായ ഉൽപന്നങ്ങളെ യാന്ത്രികമായി ഉാംക്കൊള്ളുന്നതിൽനിന്നു് ചൈന വളരെയധികം കഷ്ടത അനുഭവിച്ചിട്ടുണ്ടു്. അതുപോലെ തന്നെ, മാർക്സിസത്തെ ചൈനയിൽ പ്രയോഗത്തിൽ വരുത്തുമ്പോാം ചൈനീസ് കമ്യൂണിസ്റ്റുകാർ മാർക്സിസത്തിൻെറ സാർവത്രികമായ സത്യത്തെ ചൈനീസ് വിപ്ളവത്തിൻെറ സ്ഥായിയായ പ്രവത്തന രീതിയുമായിട്ടു് പൂർണ്ണമായും ശരിയായും സംയോ

x അനേകം ''പാശ്ചാത്യവൽക്കരിക്കപ്പെട്ട'' ചൈനീസ് ബൂർഷ്വാ ബുദ്ധിജീവികാം മുറുകെ പിടിച്ചിരുന്ന ഒരു വീക്ഷണഗതി. അവർ കാലഹരണപ്പെട്ട ബൂർഷ്വാ വ്യക്തിനിഷ്ടവാദത്തെ മുറുകെ പിടിക്കുകയും യൂറോപ്പിലേയും അമേരിക്കയിലേയും ഉദാഹരണങ്ങളെ ദാസ്യമനോഭാവത്തോടെ അനുകരിക്കുന്നതിനു് ശുപാർശ ചെയ്യുകയും ചെയ്തു.

ജിപ്പിക്കണം. അല്ലെങ്കിൽ, വേറൊരു വിധത്തിൽ പറഞ്ഞാൽ, മാർക്സിസത്തിൻെറ സാർവത്രികമായ സത്യം പ്രയോജനകരമായി തീരണമെങ്കിൽ അതിനെ വ്യക്തവും നിർദ്ദിഷ്ടവുമായ ദേശീയ സവിശേഷതകളുമായി കൂട്ടിച്ചേർക്കുകയും അതിനൊരു സുവ്യക്തമായ ദേശീയരൂപം കൊടുക്കുകയും വേണം. യാതൊരു പരിതസ്ഥിതികളിലും ഇതിനെ വെറും ഒരു സൂത്രവാക്യം ആയിട്ട് ആത്മനിഷ്ടമായ രീതിയിൽ പ്രയോഗിക്കരുത്. സൂത്രവാക്യങ്ങളിൽ അന്ധമായി വിശ്വസിക്കുകയും അവ ഉരുവിടുകയും ചെയ്യുന്ന മാർക്സിസ്റ്റുകാം മാർക്സിസത്തെ കുറിച്ചും ചൈനീസ് വിപ്ളവത്തെ കുറിച്ചും അറിവില്ലാത്ത വിഡ്ഢിവേഷക്കാരാണ്. അങ്ങിനെയുള്ളവർക്ക് ചൈനീസ് വിപ്ളവത്തിൻെറ അണികളിൽ യാതൊരു സ്ഥാനവുമില്ല. ചൈനീസ് സംസ്കാരത്തിന് അതിൻേറതായ രൂപം ഉണ്ടായിരിക്കണം, അതിൻേറതായ ദേശീയരൂപം ഉണ്ടായിരിക്കണം. രൂപത്തിൽ ദേശീയവും, ഉള്ളടക്കത്തിൽ പുത്തൻ ജനാധിപത്യപരവും—അങ്ങിനെ ഉള്ളതാണ് നമ്മുടെ ഇന്നത്തെ പുത്തൻ സംസ്കാരം.

പുത്തൻ ജനാധിപത്യ സംസ്കാരം ശാസ്ത്രീയമാണ്. നാടുവാഴിത്തത്തെ സംബന്ധിക്കുന്നതും അന്ധവിശ്വാസപരവും ആയ എല്ലാ ആശയങ്ങളേയും എതിർക്കുന്നതായതുകൊണ്ട് ഇതു്, വസ്തുതകളുടെ അടിസ്ഥാനത്തിൽ സത്യത്തെ അന്വേഷിക്കുന്നതിനു വേണ്ടിയും, വസ്തുനിഷ്ടമായ സത്യത്തിനുവേണ്ടിയും, താത്വികസിദ്ധാന്തത്തിൻേറയും അനുഷ്ഠാനത്തിൻേറയും ഐക്യത്തിനുവേണ്ടിയും നിലകൊള്ളുന്നു. ഇക്കാര്യത്തിൽ, ചൈനയിലെ തൊഴിലാളി വർഗ്ഗത്തിൻെറ ശാസ്ത്രീയ ചിന്തയും പുരോഗമന വാദികളായ ചൈനയിലെ ബൂർഷ്വാ ഭൗതികവാദികളും പ്രകൃതി ശാസ്ത്രജ്ഞന്മാരും തമ്മിൽ, സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനും അന്ധവിശ്വാസങ്ങാംക്കും എതിരായി ഒരു ഐക്യമുന്നണിക്കുള്ള സാദ്ധ്യത നിലവിലുണ്ടു്. എന്നാൽ യാതൊരു കാരണവശാലും ഏതെങ്കിലും പിന്തിരിപ്പൻ

ആത്മീയ വാദവുമായിട്ട് ഒരു ഐക്യമുന്നണിക്കുള്ള സാദ്ധ്യതകളില്ല. രാഷ്ട്രീയ പ്രവർത്തനത്തിന്റെ രംഗത്തു് കമ്യൂണിസ്റ്റുകാർ ചില ആത്മീയ വാദികളുടേയും മതവിശ്വാസികളുടേയും കൂടെപോലും ഒരു സാമ്രാജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധ ഐക്യമുന്നണി രൂപീകരിച്ചു എന്നുവരാം. പക്ഷേ നമുക്ക് അവരുടെ ആത്മീയവാദത്തേയോ മതപരമായ വിശ്വാസ പ്രമാണങ്ങളേയോ ഒരിക്കലും അംഗീകരിക്കുവാൻ കഴിയുകയില്ല. ചൈനീസ് നാടുവാഴിത്ത സമുദായം നിലവിലിരുന്ന ദീർഘമായ കാലഘട്ടത്തിൽ ഒരു ഉജ്ജ്വലമായ പഴയസംസ്കാരം സൃഷ്ടിക്കപ്പെടുകയുണ്ടായി. ഈ പഴയ സംസ്കാരത്തിന്റെ വികസനത്തെ കുറിച്ചു പഠിക്കുകയും അതിന്റെ, നാടുവാഴിത്ത മാലിന്യങ്ങളെ പരിത്യജിക്കുകയും അതിന്റെ ജനാധിപത്യപരമായ അന്തസ്സത്തയെ ഉൾക്കൊള്ളുകയും ചെയ്യുന്നതു് നമ്മുടെ പുതിയ ദേശീയ സംസ്കാരത്തെ വികസിപ്പിക്കുന്നതിനും നമ്മുടെ ദേശീയ ആത്മവിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനും ആവശ്യമാണ്. പക്ഷേ നമ്മൾ കാണുന്നതെല്ലാം ഒരിക്കലും വിമർശന ബുദ്ധിയോടു കൂടിയല്ലാതെ വിഴുങ്ങി കളയരുതു്. ഏറെക്കുറെ ജനാധിപത്യപരവും വിപ്ലവകരവും ആയ സ്വഭാവം ഉണ്ടായിരുന്ന ജനങ്ങളുടെ ഉത്തമമായ പഴയ സംസ്കാരത്തെ പഴയ നാടുവാഴി ഭരണാധികാരി വർഗ്ഗത്തിന്റെ എല്ലാ അധഃപ്പതനത്തിൽനിന്നും വേർതിരിക്കേണ്ടതു് അനുപേക്ഷണീയമാണ്. ചൈനയിൽ ഇപ്പോഴുള്ള പുതിയ രാഷ്ട്രീയവും പുതിയ സാമ്പത്തിക വ്യവസ്ഥയും വികാസം പ്രാപിച്ചതു് ചൈനയുടെ പഴയ രാഷ്ട്രീയത്തിൽനിന്നും പഴയ സാമ്പത്തിക വ്യവസ്ഥയിൽ നിന്നും ആണ്. അതുപോലെതന്നെ ചൈനയിലെ പുതിയ സംസ്കാരവും വികാസം പ്രാപിച്ചതു് പഴയ സംസ്കാരത്തിൽ നിന്നാണ്. അതുകൊണ്ടു് നമ്മൾ നമ്മുടെ സ്വന്തം ചരിത്രത്തെ ബഹുമാനിക്കുകയും അതിനെ ഛേദിച്ചു കളയാതിരിക്കുകയും ചെയ്യണം. എന്നാൽ, ചരിത്രത്തോടുള്ള ബഹുമാനം എന്നതു

കൊണ്ടു് അർത്ഥമാക്കുന്നതു് അതിനു് ഒരു ശാസ്ത്രം എന്ന നിലയിൽ യുക്തമായ സ്ഥാനം കൊടുക്കുകയെന്നാണു്, അതിൻെറ വൈരുദ്ധ്യാത്മകമായ വികസനത്തെ ബഹുമാനിക്കുകയെന്നാണു്, അല്ലാതെ വർത്തമാനകാലത്തെ പഴിച്ചുകൊണ്ടു് ഭൂതകാലത്തെ ശ്ലാഘിക്കുകയെന്നോ നാടുവാഴിത്ത വിഷത്തിൻെറ ഓരോ തുള്ളിയേയും പ്രശംസിക്കുകയെന്നോ അല്ല. ജനങ്ങളേയും യുവാക്കളായ വിദ്യാർത്ഥികളേയും സംബന്ധിച്ചിടത്തോളം മുഖ്യമായ കാര്യം, പിന്നോട്ടു നോക്കുകയെന്നതല്ലാ പ്രത്യുത മുന്നോട്ടു നോക്കുവാൻ അവർക്കു മാർഗ്ഗദർശനം നൽകുകയെന്നതാണു്.

പുത്തൻ ജനാധിപത്യ സംസ്കാരം ജനങ്ങൾക്കു സ്വന്തപ്പെട്ടതായതുകൊണ്ടു് അതു് ജനാധിപത്യപരമാണു്. അതു് രാഷ്ട്രത്തിൻെറ ജനസംഖ്യയിൽ തൊണ്ണൂറു ശതമാനത്തിൽ അധികം വരുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളായ തൊഴിലാളികളേയും കർഷകരേയും സേവിക്കുകയും ക്രമേണ അവരുടെ സ്വന്തം ആയിത്തീരുകയും ചെയ്യണം. വിപ്ലവകാരികളായ പാർട്ടിപ്രവർത്തകർക്കു് പ്രദാനം ചെയ്യുന്ന അറിവും വിപ്ളവകാരികളായ ജനങ്ങൾക്കു് പ്രദാനം ചെയ്യുന്ന അറിവും തമ്മിലും, സാംസ്കാരിക നിലവാരങ്ങൾ ഉയർത്തുന്നതും സാംസ്കാരിക പ്രചരണവും തമ്മിലും അളവിൽ വ്യത്യാസവും അതുപോലെതന്നെ അടുത്ത ബന്ധവും ഉണ്ടു്. വിപ്ലവസംസ്കാരം വിശാല ജനവിഭാഗങ്ങളുടെ ശക്തിമത്തായ ഒരു വിപ്ലവായുധമാണു്. ഇതു് വിപ്ളവത്തിനു മുൻപു് പ്രത്യയശാസ്ത്രപരമായി പ്രവർത്തന രംഗത്തെ തയാറാക്കുകയും വിപ്ളവത്തിനിടയ്ക്കു് പൊതുവിപ്ളവ മുന്നണിയിലെ പ്രധാനപ്പെട്ടതും അത്യന്താപേക്ഷിതവും ആയ ഒരു സമരമുന്നണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. വിപ്ളവ സാംസ്കാരിക പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ ഈ സാംസ്കാരിക മുന്നണിയിലെ വിവിധ നിലവാരങ്ങളിലുള്ള സേനാനായകന്മാരാണു്. 'വിപ്ളവകരമായ ഒരു പ്രത്യയശാസ്ത്രം കൂടാതെ ഒരു

വിപ്ളവ പ്രസ്ഥാനം സാദ്ധ്യമാവുകയില്ല.' x പ്രായോഗിക വിപ്ളവ പ്രസ്ഥാനത്തിനു് സാംസ്കാരിക പ്രസ്ഥാനം എത്രമാത്രം പ്രധാനപ്പെട്ടതാണെന്നു് ഒരാൾക്കു് ഇതിൽനിന്നു് കാണുവാൻ കഴിയും. സാംസ്കാരികവും പ്രായോഗികവും ആയ പ്രസ്ഥാനങ്ങൾ രണ്ടും ജനങ്ങളുടേതായിരിക്കണം. അതുകൊണ്ടു് ജപ്പാൻ വിരുദ്ധ യുദ്ധത്തിലെ എല്ലാ പുരോഗമന സാംസ്കാരിക പ്രവർത്തകർക്കും അവരുടെ സ്വന്തം സാംസ്കാരിക ബററാലിയനുകൾ ഉണ്ടായിരിക്കണം—അവരുടെ സാംസ്കാരിക ബററാലിയനുകൾ ജനങ്ങളാണു്. ജനങ്ങളോടു് ഉററബന്ധം പുലർത്താത്ത വിപ്ളവകാരിയായ ഒരു സാംസ്കാരിക പ്രവർത്തകൻ സൈന്യങ്ങൾ ഇല്ലാത്ത ഒരു സേനാനായകനെ പോലെയാണു്. അയാളുടെ വെടിയുണ്ടകൾക്കു് ശത്രുവിനെ നിലം പതിപ്പിക്കുവാൻ കഴിയുകയില്ല. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനു വേണ്ടി ചൈനീസ് എഴുത്തു ഭാഷയെ നവീകരിക്കുകയും നമ്മൾ സംസാരിക്കുന്ന ഭാഷയെ ജനങ്ങൾ സംസാരിക്കുന്ന നാടൻഭാഷയോടു് അടുപ്പിക്കുകയും ചെയ്യണം. വിപ്ളവ സംസ്കാരത്തിൻെറ അക്ഷയമായ ഉറവിടം ജനങ്ങളാണു് എന്നു് ഓർമ്മിക്കണം.

ദേശീയ, ശാസ്ത്രീയ, ജനകീയ സംസ്കാരം ജനങ്ങളുടെ സാമ്രാജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധ സംസ്കാരമാണു്, പുത്തൻ ജനാധിപത്യത്തിൻെറ സംസ്കാരവും ചൈനീസ് രാഷ്ട്രത്തിൻെറ പുതിയ സംസ്കാരവും ആണു്.

പുത്തൻ ജനാധിപത്യത്തിൻെറ രാഷ്ട്രീയത്തേയും, സാമ്പത്തിക വ്യവസ്ഥയേയും, സംസ്കാരത്തേയും, കൂട്ടിച്ചേർക്കുക, അതാണു് നമ്മൾ വിഭാവന ചെയ്യുന്ന പുത്തൻ ജനാധിപത്യ റിപ്പബ്ളിക്, പേരിലും യാഥാർത്ഥ്യത്തിലും റിപ്പബ്ലിക്കായ ചൈന, നമ്മൾ സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്ന പുതിയ ചൈന.

---

x ലെനിൻ, 'എന്തുചെയ്യണം?', കളക്ററഡ് വർക്ക്സ്, ഭാഗം 5, പേജ്–369.

പുതിയ ചൈന ദൃഷ്ടിഗോചരമായി തീർന്നു തുടങ്ങി, നമുക്ക് എല്ലാവക്കും പുതിയ ചൈനയെ അഭിവാദ്യം ചെയ്യാം!

ചക്രവാളത്തിൽ അവളുടെ കപ്പൽപ്പായ്മരം ഉയന്നു കഴിഞ്ഞു. നമുക്ക് എല്ലാവർക്കും സ്വാഗതം ആശംസിക്കാം!

രണ്ടു കൈകളും ഉയർത്തി നമ്മുടെ പുതിയ ചൈനയെ നമുക്ക സ്വാഗതം ചെയ്യാം!

('പുത്തൻ ജനാധിപത്യ'ത്തിൽ നിന്നു്)

# നമ്മുടെ പഠന രീതി പരിഷ്കരിക്കുക

(1941 മേയ്)

നമ്മൾ പാർട്ടിയിൽ ആകമാനം പഠനസമ്പ്രദായവും, പഠനവ്യവസ്ഥയും പരിഷ്ക്കരിക്കണമെന്നകാര്യം ഞാൻ എല്ലാവരുടേയും പരിഗ്ണനക്കായി സമർപ്പിക്കുന്നു. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

## I

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിലെ കഴിഞ്ഞ ഇരുപതു വർഷങ്ങൾ മാർക്സിസം—ലെനിനിസം എന്ന സാർവ്വലൗകികമായ സത്യം ചൈനീസ് വിപ്ളവത്തിന്റെ സ്ഥായിയായ പ്രവർത്തനരീതിയുമായി കൂടുതൽ കൂടുതൽ സംയോജിപ്പിക്കപ്പെട്ടതായിത്തീർന്ന ഇരുപതു വർഷങ്ങൾ ആയിരുന്നു. പാർട്ടിയുടെ ശൈശവകാലത്ത് മാർക്സിസം—ലെനിനിസത്തെ കുറിച്ചും ചൈനീസ് വിപ്ലവത്തെ കുറിച്ചും നമുക്കുണ്ടായിരുന്ന ധാരണ എത്രമാത്രം ഉപരിപ്ളവവും തുച്ഛവും ആയിരുന്നു എന്ന കാര്യം നമ്മൾ അനുസ്മരിക്കുകയാണെങ്കിൽ അതിപ്പോൾ എത്രമാത്രം അഗാധവും സമ്പന്നവും ആയിട്ടുണ്ടെന്ന് നമുക്കു കാണുവാൻ കഴിയും. ഒരു നൂറുവർഷക്കാലം, അത്യാഹിതം ബാധിച്ച ചൈനീസ് രാഷ്ട്രത്തിന്റെ ഏററവും ഉത്തമരായ പുത്രന്മാരും പുത്രികളും സമരം ചെയ്യുകയും തങ്ങളുടെ ജീവനെ ബലികഴിക്കുകയും ചെയ്തു. ഒരാൾ രക്തസാക്ഷിയായി തീർന്നപ്പോൾ ആ വിടവിലേക്കു

വേറൊരാറം മുൻപോട്ടുവന്നു. അവർ സമരം ചെയ്യുകയും ജീവൻ ബലികഴിക്കുകയും ചെയ്തതു് രാജ്യത്തേയും ജനങ്ങളേയും രക്ഷിക്കുന്നതിനുള്ള മാർഗ്ഗത്തെ അന്വേഷിച്ചായിരുന്നു. അവരെ കുറിച്ച പാട്ടുകറം പാടുവാനും അവരെ ഓർത്തു് കണ്ണുനീർ പൊഴിക്കുവാനും പ്രേരിപ്പിക്കത്തക്ക വിധം ഇതു് നമ്മളിൽ ചലനം സൃഷ്ടിക്കുന്നു. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിനും റഷ്യയിലെ ഒക്ടോബർ വിപ്ലവത്തിനും ശേഷമാണു് നമ്മുടെ രാഷ്ട്രത്തെ വിമോചിപ്പിക്കുന്നതിനു വേണ്ടിയുള്ള ഏറ്റവും വലിയ സത്യവും ഏററവും നല്ല ആയുധവും ആയ മാർക്സിസം—ലെനിനിസത്തെ നമ്മറം കണ്ടെത്തിയതു്. ഈ ആയുധം എടുത്തു പ്രയോഗിക്കുന്നതിനായി മുൻകൈ എടുത്തതും, പ്രചരണം നടത്തിയതും, സംഘടന കെട്ടിപ്പടുത്തതും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. ഈ പുതിയ ആയുധത്തെ ചൈനീസ് വിപ്ളവത്തിൻെറ സ്ഥായിയായ പ്രവർത്തന രീതിയുമായി ബന്ധപ്പെടുത്തിയ ഉടനെ മാർക്സിസം—ലെനിനിസം എന്ന സാർവ്വലൗകികമായ സത്യം ചൈനീസ് വിപ്ളവത്തിനു് പൂർണ്ണമായും പുതിയ ഒരു സ്വഭാവലക്ഷണം കൊടുത്തു. ജപ്പാനെതിരായുള്ള പ്രതിരോധയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം, മാർക്സിസം—ലെനിനിസം എന്ന സാർവ്വലൗകികമായ സത്യത്തിൽ ഉറച്ചു നിന്നുകൊണ്ടു് നമ്മുടെ പാർട്ടി ഈ യുദ്ധത്തിൽ അംഗീകരിക്കേണ്ട സ്ഥായിയായ പ്രവർത്തന രീതിയെ കുറിച്ചുള്ള പഠനത്തിലും ഇന്നത്തെ ചൈനയേയും ലോകത്തേയും കുറിച്ചുള്ള പഠനത്തിലും ഒരു പടികൂടി മുന്നോട്ടു പോയിട്ടുണ്ടു്. കൂടാതെ ചൈനീസ് ചരിത്രത്തെ കുറിച്ചുള്ള പഠനവും പാർട്ടി തുടങ്ങിയിട്ടുണ്ടു്. ഇവയെല്ലാം വളരെ നല്ല സൂചനകളാണു്.

## II

എന്നാലും നമുക്കു് ഇനിയും പോരായ്മകറം ഉണ്ടു്, അവ വളരെ വലിയ പോരായ്മകറം ആണുതാനും. ഈ പോരായ്മകളെ നമ്മറം പരിഹരിക്കുന്നില്ലെങ്കിൽ,

എന്റെ അഭിപ്രായത്തിൽ, നമ്മുടെ പ്രവർത്തനത്തിലും മാർക്സിസം—ലെനിനിസത്തിന്റെ സാവ്വലൗകികമായ സത്യത്തെ ചൈനീസ് വിപ്ലവത്തിന്റെ സ്ഥായിയായ പ്രവർത്തനരീതിയുമായി സംയോജിപ്പിക്കുക എന്ന നമ്മുടെ മഹത്തായ കടമയിലും മററൊരടികൂടി മുന്നോട്ടുവയ്ക്കുവാൻ നമുക്കു് കഴിഞ്ഞെന്നു വരികയില്ല.

ആദ്യമായി നിലവിലിരിക്കുന്ന സ്ഥിതിഗതികളുടെ പഠനത്തിന്റെ കാര്യം തന്നെ എടുക്കാം. വത്തമാനകാലത്തെ ദേശീയവും, അന്തർദ്ദേശീയവും ആയ സ്ഥിതിഗതികളെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ നമ്മൾ കുറച്ചുവിജയം നേടിയിട്ടുണ്ടു്. പക്ഷേ നമ്മുടേതുപോലെയുള്ള ഒരു വലിയ രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം, നമ്മൾ ശേഖരിച്ച വിവരങ്ങൾ അപൂണ്ണവും, ഈ വിഷയങ്ങളുടെ എല്ലാ കാഴ്ചപ്പാടുകളേയും കുറിച്ചുള്ള, അവ രാഷ്ട്രീയമോ സൈനികമോ സാമ്പത്തികമോ സാംസ്കാരികമോ ആയ ഏതൊരു കാഴ്ചപ്പാടായാലും ശരി, ഗവേഷണപ്രവർത്തനം ചിട്ടയനുസരിച്ചുള്ളതല്ലാത്തതും ആകുന്നു. പൊതുവിൽ പറഞ്ഞാൽ, കഴിഞ്ഞ ഇരുപതു വർഷങ്ങളിൽ ഈ കാഴ്ചപ്പാടുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിലും പഠിക്കുന്നതിലും നമ്മൾ ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവും ആയ പ്രവർത്തനം നടത്തിയിട്ടില്ല. കൂടാതെ വസ്തുനിഷ്ടമായ യാഥാർത്ഥ്യത്തെ കുറിച്ചു് കൂലങ്കഷമായി പരിശോധിക്കുന്നതിനും പഠിക്കുന്നതിനും ഉത്തേജനം നൽകുന്ന ഒരു അന്തരീക്ഷം നമ്മൾ സൃഷ്ടിച്ചിട്ടും ഇല്ല. നമ്മുടെ പാർട്ടിയിലെ പല സഖാക്കളും മാർക്സിസം—ലെനിനിസത്തിന്റെ അടിസ്ഥാനപരമായ അന്തസ്സത്തയ്ക്കു് പൂർണ്ണമായും എതിരായിട്ടുള്ള അവരുടെ വളരെ ചീത്തയായ പ്രവർത്തന സമ്പ്രദായം ഇനിയും ഉപേക്ഷിച്ചിട്ടില്ല. 'കണ്ണുകൾ മൂടിക്കെട്ടിയ ഒരു മനുഷ്യൻ കുരുവികളെ പിടിക്കുവാൻ പോകുന്നതു' പോലെയോ 'അന്ധനായ ഒരു മനുഷ്യൻ മത്സ്യത്തിനുവേണ്ടി വെള്ളത്തിൽ തപ്പുന്നതു' പോലെയോ പെരുമാറുന്ന അവർ പാകതവരാത്തവരും, ചുമതലാബോധമില്ലാത്തവരും, സ്വയം പുകഴ്ത്തുന്നവരും, അല്പജ്ഞാനംകൊണ്ടു്

എളുപ്പം സംതൃപ്തർ ആകുന്നവരും ആയിരിക്കുന്നു. സ്ഥിതിഗതികളെ കുറിച്ച് ബോധപൂർവം പഠിക്കേണ്ടതു് ആവശ്യമാണെന്നും ആത്മനിഷ്ടമായ ആഗ്രഹങ്ങളിൽ നിന്നല്ല പ്രത്യുത വസ്തുനിഷ്ടമായ യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയാണു് മുന്നോട്ടു നീങ്ങേണ്ടതു് എന്നും മാർക്സും എംഗൽസും ലെനിനും സ്ററാലിനും നമ്മളെ പഠിപ്പിച്ചിട്ടുണ്ടു്. പക്ഷേ ഈ സത്യത്തിനു് നേരേ എതിരായിട്ടാണു് നമ്മുടെ സഖാക്കളിൽ പലരും പ്രവർത്തിക്കുന്നതു്.

രണ്ടാമതായി, ചരിത്രത്തിൻെറ പഠനത്തെ എടുക്കാം. കുറച്ചു പാർട്ടി അംഗങ്ങളും അനുഭാവികളും ഈ പ്രവത്തനം ഏറെറടുത്തിട്ടുണ്ടെങ്കിലും ഇതു ചെയ്തുകൊണ്ടിരിക്കുന്നതു് ഒരു ക്രമീകൃതമായ രീതിയിൽ അല്ല. കഴിഞ്ഞ നൂറുവർഷത്തെ ചരിത്രത്തെ കുറിച്ചായാലും, പുരാതന ചരിത്രത്തെ കുറിച്ചായാലും, പല പാർട്ടി അംഗങ്ങാംക്കും ചൈനീസ് ചരിത്രത്തെ കുറിച്ചുള്ള അറിവു് അവ്യക്തമാണു്. പുരാതന ഗ്രീസിനെ ഉദ്ധരിക്കാതെ സംസാരിക്കുവാൻ കഴിയാത്ത അനേകം മാർക്സിസ്ററു്—ലെനിനിസ്ററു് പണ്ഡിതന്മാർ ഉണ്ടു്. പക്ഷേ തങ്ങളുടെ സ്വന്തം പൂർവികന്മാരുടെ കാര്യത്തെ കുറിച്ചു ചോദിക്കുകയാണെങ്കിൽ—ഖേദകരമെന്നു പറയട്ടെ, അതവർ മറന്നുപോയിരിക്കുന്നു. സമകാലീന സ്ഥിതിഗതികളെ കുറിച്ചോ പഴയ ചരിത്രത്തെ കുറിച്ചോ ഗൗരവപൂർവം പഠിക്കുന്നതിനു് ഉത്തേജനം നൽകുന്ന ഒരു അന്തരീക്ഷം നിലവിലില്ല.

മൂന്നാമതായി, അന്തർദ്ദേശീയ വിപ്ലവാനുഭവങ്ങളെ കുറിച്ചുള്ള പഠനത്തിൻെറ, മാർക്സിസം—ലെനിനിസം എന്ന സാർവലൗകികമായ സത്യത്തെ കുറിച്ചുള്ള പഠനത്തിൻെറ കാര്യം എടുക്കാം. പല സഖാക്കളും മാർക്സിസം—ലെനിനിസത്തെ പഠിക്കുന്നതു് വിപ്ലവ പ്രവത്തനങ്ങളുടെ ആവശ്യങ്ങളെ നിർവഹിക്കുന്നതിനു വേണ്ടിയല്ല, മറിച്ച് വെറും പഠനത്തിനുവേണ്ടി മാത്രം ആണെന്നുതോന്നുന്നു. ഇതിൻെറ ഫലമായി, അവർ വായിക്കുന്നുണ്ടെങ്കിലും അതവർക്കു് ഉാംക്കൊള്ള

വാൻ കഴിയുന്നില്ല. മാർക്ക്സ്, എംഗൽസ്, ലെനിൻ, സ്ററാലിൻ എന്നിവരുടെ കൃതികളിൽനിന്ന് ഏക പക്ഷീയമായ രീതിയിൽ ഒററപ്പെട്ട കുറെ ഉദ്ധാരണങ്ങൾ ഉരുവിടുവാൻ മാത്രമേ അവർക്കു കഴിയുകയുള്ളു. അതേസമയം, ചൈനയുടെ വർത്തമാനകാല സ്ഥിതിഗതികളും ചൈനയുടെ ചരിത്രവും സ്ഥായിയായ രീതിയിൽ പഠിക്കുന്നതിലും, അല്ലെങ്കിൽ, ചൈനീസ് വിപ്ളവത്തെ ആഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സ്ഥായിയായ രീതിയിൽ വിശകലനം ചെയ്യുന്നതിലും അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിലും മാർക്ക്സ്, എംഗൽസ്, ലെനിൻ, സ്ററാലിൻ എന്നിവരുടെ നിലപാടും, വീക്ഷണവും, പ്രവർത്തന സമ്പ്രദായവും പ്രയോഗത്തിൽ വരുത്തുവാൻ അവർക്കു കഴിയുകയില്ല. മാർക്ക്സിസം—ലെനിനിസത്തിൻെറ നേരേ ഇതുപോലെയുള്ള ഒരു സമീപനം വളരെയധികം ഹാനി വരുത്തുന്നതാണ്. ഇടത്തട്ടിലുള്ളതും ഉയർന്ന നിലവാരത്തിലുള്ളതുമായ പാർട്ടി പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകിച്ചും ബാധകമാണ്.

ഞാൻ ഇപ്പോൾ പരാമർശിച്ച ഈ മൂന്നു കാര്യങ്ങൾ, അതായതു് സമകാലീന സ്ഥിതിഗതികളെ കുറിച്ചുള്ള പഠനത്തിൻെറ കാര്യത്തിൽ കാണിക്കുന്ന അവഗണന, ചരിത്ര പഠനത്തിൽ കാണിക്കുന്ന അവഗണന, മാർക്ക്സിസം—ലെനിനിസത്തെ പ്രയോഗത്തിൽ വരുത്തുന്ന കാര്യത്തിൽ കാണിക്കുന്ന അവഗണന എന്നീ മൂന്നു കാര്യങ്ങൾ, എല്ലാംതന്നെ ഏററവുമധികം ചീത്തയായ ഒരു പ്രവർത്തന സമ്പ്രദായത്തെയാണ് രൂപീകരിക്കുന്നതു്. ഇതിൻെറ പ്രചാരം നമ്മുടെ പല സഖാക്കൾക്കും ഹാനി വരുത്തിയിട്ടുണ്ട്.

ഈ പ്രവർത്തന സമ്പ്രദായം കാരണം തെററായ മാർഗ്ഗത്തിലേക്ക് വ്യതിചലിച്ച അനവധി സഖാക്കൾ നമ്മുടെ അണികളിലുണ്ട് എന്നതു തീർച്ചയാണ്. ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവും ആയ അന്വേഷണം നടത്തുവാനും, രാജ്യത്തിനും സംസ്ഥാനത്തിനും കൗണ്ടിക്കും അല്ലെങ്കിൽ ഡിസ്ട്രിക്ററിനും അകത്തും പുറത്തും

നിലവിലുള്ള പ്രത്യേക സാഹചര്യങ്ങളെ കുറിച്ച് പഠിക്കുവാനും തയാറില്ലാത്തതിനാൽ അവർ തങ്ങളുടെ അല്പ മാത്രമായ അറിവിൻേറയും വെറും ഊഹോപോഹങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രം നിർദ്ദേശങ്ങൾപുറപ്പെടുവിക്കുന്നു. ഈ ആത്മനിഷ്ടമായ സമ്പ്രദായം ഇപ്പോഴും വളരെയധികം സഖാക്കളുടെ ഇടയിൽ നിലവിലുണ്ടെന്നുള്ളതു് ഒരു വസ്തുതയല്ലേ?

നമ്മുടെ ചില സഖാക്കൾ നമ്മുടെ തന്നെ ചരിത്രത്തെ കുറിച്ച് അജ്ഞരോ അൽപജ്ഞാനം മാത്രം ഉള്ളവരോ ആണെന്നതിൽ ലജ്ജിക്കേണ്ടതിനുപകരം അഭിമാനം കൊള്ളുന്നു. പ്രത്യേകിച്ചും പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യം, വളരെ ചുരുക്കം പേർക്കുമാത്രമേ യഥാർത്ഥത്തിൽ ചൈനീസ് കമ്യൂണിസ്ററു പാർട്ടിയുടെ ചരിത്രത്തെ കുറിച്ചും കറുപ്പുയുദ്ധത്തിനുശേഷമുള്ള നൂറുവർഷങ്ങളിലെ ചൈനയുടെ ചരിത്രത്തെ കുറിച്ചും അറിയുകയുള്ളു എന്നതാണു്. കഴിഞ്ഞ നൂറുവർഷങ്ങളിലെ സാമ്പത്തികവും, രാഷ്ട്രീയവും, സൈനികവും, സാംസ്കാരികവും ആയ ചരിത്രത്തെ കുറിച്ചുള്ള പഠനം ആരുംതന്നെ ഗൗരവപൂർവം നടത്തിയിട്ടില്ല. തങ്ങളുടെ സ്വന്തം രാജ്യത്തെ കുറിച്ച് അജ്ഞരായ ചില ആളുകൾക്കു് പുരാതന ഗ്രീസിനെ കുറിച്ചോ മററു വിദേശരാജ്യങ്ങളെ കുറിച്ചോ ഉള്ള കഥകൾ വിവരിക്കുവാൻ മാത്രമേ കഴിയുകയുള്ളു. പഴയ വിദേശീയ പുസ്തകങ്ങളിൽനിന്നു ലഭിച്ച പരസ്പരബന്ധം ഇല്ലാത്ത ഈ അൽപജ്ഞാനംപോലും ദയനീയമാംവിധം പരിമിതമാണു്.

പല ദശാബ്ദങ്ങളായി, വിദേശങ്ങളിൽ നിന്നു മടങ്ങി എത്തിയ വിദ്യാർത്ഥികളിൽ അനവധിപേക്കു് ഈ വ്യാധി പിടിപെട്ടിട്ടുണ്ടു്. യൂറോപ്പിൽ നിന്നോ അമേരിക്കയിൽ നിന്നോ ജപ്പാനിൽനിന്നോ സ്വന്തം ദേശത്തു മടങ്ങി എത്തുമ്പോൾ ഇവർക്കു് വിദേശങ്ങളിലെ കാര്യങ്ങളെ കുറിച്ചു തത്തയെപോലെ ആവർത്തിച്ചു പുലമ്പുവാൻ മാത്രമേ കഴിയുകയുള്ളു. അവർ ഗ്രാമഫോണിനെ പോലെയുള്ള ഒരു ആവർത്തനയന്ത്രം ആയിത്തീ

രുകയും പുതിയ കാര്യങ്ങളെ കുറിച്ചു മനസ്സിലാക്കുന്നതിനും അവയെ സൃഷ്ടിക്കുന്നതിനും ഉള്ള തങ്ങളുടെ കടമ മറക്കുകയും ചെയ്യുന്നു, ഈ വ്യാധി കമ്യൂണിസ്റ്റ് പാർട്ടിയേയും പിടിപെട്ടിട്ടുണ്ട്.

നമ്മാം മാർക്സിസം പഠിക്കുമ്പോഴംപോലും നമ്മുടെ ആളുകളിൽ പലരും അതു പഠിക്കുന്നതു് മാർക്സിസത്തിനു തന്നെ കടകവിരുദ്ധമായിട്ടുള്ള രീതിയിലാണ്. അതായതു് മാർക്സും എംഗൽസും ലെനിനും സ്റ്റാലിനും ആത്മാർത്ഥതയോടെ നമ്മളോടു നിർദ്ദേശിച്ച, സിദ്ധാന്തവും പ്രവർത്തനരീതിയും തമ്മിലുള്ള ഐക്യം എന്ന അടിസ്ഥാനതത്വത്തെ തന്നെ അവർ ലംഘിക്കുന്നു. ഈ തത്വത്തെ ലംഘിച്ചതിനുശേഷം, സിദ്ധാന്തത്തെ പ്രവർത്തനരീതിയിൽ നിന്നു വിശ്ലേഷിപ്പിക്കുക എന്ന നേരേ എതിരായിട്ടുള്ള സ്വന്തം തത്വം അവർ കണ്ടുപിടിക്കുന്നു. വിദ്യാലയങ്ങളിലും പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന പാർട്ടി പ്രവത്തകക്കുള്ള ക്ലാസ്സുകളിലും ചൈനീസ് വിപ്ലവത്തിൻെറ യുക്തിയുക്തതയെ കുറിച്ചു പഠിക്കുവാൻ തത്വശാസ്ത്രം പഠിപ്പിക്കുന്ന അദ്ധ്യാപകർ വിദ്യാത്ഥികാംക്കു് മാർഗ്ഗദർശനം നൽകുന്നില്ല; ധനതത്വശാസ്ത്രം പഠിപ്പിക്കുന്ന അദ്ധ്യാപകർ ചൈനീസ് സാമ്പത്തിക വ്യവസ്ഥയുടെ സവിശേഷതകളെ കുറിച്ചു പഠിക്കുവാൻ അവർക്കു മാർഗ്ഗനിർദ്ദേശം നൽകുന്നില്ല; രാഷ്ട്രവിജ്ഞാനീയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ചൈനീസ് വിപ്ലവത്തിൻെറ തന്ത്രപരമായ അടവുകളെ കുറിച്ചു പഠിക്കുവാൻ അവർക്കു മാഗ്ഗനിർദ്ദേശം നൽകുന്നില്ല; സൈനികശാസ്ത്രത്തെ കുറിച്ചു പഠിപ്പിക്കുന്ന അദ്ധ്യാപകർ ചൈനയുടെ പ്രത്യേക സ്വഭാവങ്ങാംക്കു് അനുസൃതമായി പൊരുത്തപ്പെടുത്തിയിരിക്കുന്ന സമരതന്ത്രത്തേയും തന്ത്രപരമായ അടവുകളേയും കുറിച്ചു പഠിക്കുവാൻ അവക്കു മാഗ്ഗനിർദ്ദേശം നൽകുന്നില്ല; ഇങ്ങനെ മററുപലതും ഉണ്ടു്. ഇതിൻെറയൊക്കെ ഫലമായി തെററു വ്യാപിക്കുകയാണു്, ഇതു് ജനങ്ങാംക്കു് വളരെയധികം ഹാനി വരുത്തുന്നു. താൻയെനാനിൽ പഠിച്ച കാര്യങ്ങാം എങ്ങിനെയാണു് ഫൂഹ്സിയെനിൽ പ്രയോഗിക്കേണ്ടതെന്നു് ഒരാാംക്കു

മനസ്സിലാകുന്നില്ല. ധനതത്വശാസ്ത്രത്തിലെ പ്രഫസ്സർമാക്ക് അതിർത്തിപ്രദേശങ്ങളിൽ പ്രചാരത്തിലുള്ള കൈമാററനാണയവും ക്വമിന്താങ്ങിൻെറ കൈമാററ നാണയവും x തമ്മിലുള്ള ബന്ധം വിശദീകരിക്കുവാൻ കഴിയുന്നില്ല. അതുകൊണ്ടു് സ്വാഭാവികമായും വിദ്യാർത്ഥികാംക്കും അതു വിശദീകരിക്കുവാൻ കഴിയുകയില്ല. ഇപ്രകാരം അനേകം വിദ്യാത്ഥികളുടെ ഇടയിൽ ഒരു തലതിരിഞ്ഞ മനോഭാവം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ചൈനയുടെ പ്രശ്ന ങ്ങളിൽ താൽപര്യം കാണിക്കുന്നതിനും പാർട്ടിയുടെ നിർദ്ദേശങ്ങളെ ഗൗരവപൂർവം അംഗീകരിക്കുന്നതിനും പകരം, തങ്ങളുടെ അദ്ധ്യാപകരിൽ നിന്നു പഠിച്ച ശാശ്വതവും ദേദഗതി ചെയ്യുവാൻ വയ്യാത്തതും എന്നു് സങ്കൽപ്പിക്കപ്പെട്ടിട്ടുള്ള വിശ്വാസപ്രമാണങ്ങളിൽ ആണു് അവർ തങ്ങളുടെ ശ്രദ്ധയെ മുഴുവൻ വ്യാപരിപ്പിക്കുന്നതു്.

ഞാൻ ഈ പറഞ്ഞതെല്ലാം തീർച്ചയായും നമ്മുടെ പാർട്ടിക്കുള്ളിലുള്ള എല്ലാവരേയും ബാധിക്കുന്ന പൊതു സ്വഭാവമല്ല. ഇതു് പാർട്ടിക്കുള്ളിലെ ഏററവും മോശപ്പെട്ട തരക്കാരെ മാത്രം ബാധിക്കുന്നതാണു്. ഏതായാലും ഈ രീതിയിലുള്ള ആളുകാം പാർട്ടിക്കുള്ളിൽ ഉണ്ടു്.

---

x ഷെൻസി—കാൽസു—നിംഗ്സിയാ അതിർത്തിപ്രദേശഗവണ്മെൻറു പുറപ്പെടുവിച്ച കൈമാററ നാണയമായിരുന്നു അതിർത്തിപ്രദേശങ്ങളിൽ പ്രചാരത്തിലിരുന്നതു്. ബ്രിട്ടീഷ്, അമേരിക്കൻ സാമ്രാജ്യത്വവാദികളുടെ പിൻതുണയോടുകൂടി 1935 മുതൽ ക്വമിന്താങ്ങിൻെറ സ്വാധീനതയിലുള്ള നാലു വലിയ ബാങ്കുകാം പുറപ്പെടുവിച്ചതായിരുന്നു ക്വമിന്താങ്ങ് കൈമാററ നാണയം. ഈ രണ്ടു കൈമാററ നാണയങ്ങളും തമ്മിൽ വിനിമയ നിരക്കിലുണ്ടായിരുന്ന വ്യതിയാനങ്ങളെ കുറിച്ചാണു് സഖാവു് മാവോ സേ—തുങ്ങ് ഇവിടെ പരാമർശിക്കുന്നതു്.

അവരുടെ സംഖ്യ വളരെയധികം ആണെന്നും അവർ വളരെയേറെ ഹാനി വരുത്തിവയ്ക്കുന്നുണ്ടെന്നും ഉള്ളതാണ് കൂടുതൽ പ്രധാനമായിട്ടുള്ളത്. ഈ പ്രശ്നത്തെ നമ്മൾ നിസ്സാരമായിട്ട തള്ളിക്കളയരുത്.

## III

ഈ ആശയത്തെ കൂടുതൽ വിശദമാക്കുന്നതിനു വേണ്ടി രണ്ടു വിരുദ്ധമായ നിലപാടുകൾ തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് ഞാൻ പ്രതിപാദിക്കാം.

ആദ്യമായി, ആത്മനിഷ്ഠാപരമായ നിലപാടിനെ കുറിച്ച നോക്കാം.

ഈ നിലപാടെടുക്കുന്ന ഒരാൾ ചുററുപാടുകളെ കുറിച്ച് ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവും ആയ ഒരു പഠനം നടത്തുന്നില്ല; പകരം, അയാൾ തികഞ്ഞ ആത്മനിഷ്ഠമായ അത്യുൽസാഹം കൊണ്ടു മാത്രം പ്രവർത്തിക്കുകയും അയാൾക്ക് ഇന്നത്തെ ചൈനയുടെ പ്രത്യേക സ്വഭാവങ്ങളെ കുറിച്ച് ഒരു അവ്യക്തമായ ധാരണ മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്നു. ഈ നിലപാടു കാരണം അയാൾ ചരിത്രത്തെ വെട്ടിമുറിക്കുകയും, പുരാതന ഗ്രീസിനെകുറിച്ചുമാത്രം അറിവുള്ളവനായിരിക്കുകയും, പക്ഷേ ചൈനയെ കുറിച്ച് അജ്ഞനായിരിക്കുകയും, ഇന്നലത്തെയും മിനിഞ്ഞാന്നത്തെയും ചൈനയെ കുറിച്ച് അവ്യക്തമായ ധാരണ മാത്രം ഉള്ളവനായിരിക്കുകയും ചെയ്യുന്നു. ഈ നിലപാടെടുക്കുന്ന ഒരാൾ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് സിദ്ധാന്തം പഠിക്കുന്നത് മറെറല്ലാത്തിൽ നിന്നും വേർതിരിക്കപ്പെട്ട രീതിയിലാണ്, യാതൊരു ഉദ്ദേശമോ, ലക്ഷ്യമോ കൂടാതെയാണ്. അയാൾ മാർക്സിൻേറയും എംഗൽസിൻേറയും ലെനിൻേറയും സ്റ്റാലിൻേറയും കൃതികൾ പഠിക്കുന്നത് ചൈനീസ് വിപ്ലവത്തിൻെറ സിദ്ധാന്തപരവും തന്ത്രപരവും ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മാർക്സിസ്റ്റ്–ലെനിനിസ്റ്റ് നിലപാടും വീക്ഷണവും പ്രവർത്തന സമ്പ്രദായവും ആരായുന്നതിനു വേണ്ടിയല്ല, പ്രത്യുത സിദ്ധാന്തത്തിനുവേണ്ടി മാത്രം സിദ്ധാന്തം പഠിക്കുന്ന

തിനാണ്. അയാൾ അസ്ത്രത്തെ ലക്ഷ്യസ്ഥാനത്തിനു നേരേ തൊടുത്തുവിടുന്നതിനുപകരം അലക്ഷ്യമായി തൊടുത്തുവിടുന്നു. നമ്മൾ വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളിൽ നിന്നുവേണം മുന്നോട്ടു പോകേണ്ടതെന്നും പ്രവർത്തനത്തിൽ നമ്മുടെ മാർഗ്ഗദർശിയായി സേവനം അനുഷ്ഠിക്കുന്നതിനുവേണ്ടി അവയിൽനിന്നു് നമ്മൾ നിയമങ്ങൾ ആവിർഭവിപ്പിക്കണമെന്നും മാർക്സും എംഗൽസും ലെനിനും സ്റ്റാലിനും നമ്മളെ പഠിപ്പിച്ചിട്ടുണ്ടു്. ഈ ഉദ്ദേശം സഫലീകരിക്കുന്നതിനുവേണ്ടി നമ്മൾ, മാർക്സ് പറഞ്ഞിട്ടുള്ളതുപോലെ, വിശദവിവരങ്ങൾ കൈവശപ്പെടുത്തുകയും അതിനെ ശാസ്ത്രീയമായ വിശകലനത്തിനും സംശ്ലേഷണത്തിനും വിധേയമാക്കുകയും ചെയ്യണം. x നമ്മുടെ ആളുകളിൽ പലരും ഈ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നു മാത്രമല്ല എതിരായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. അവരിൽ ഒരു നല്ല വിഭാഗം ഗവേഷണ പ്രവർത്തനം നടത്തുന്നവരാണ്. പക്ഷേ അവർക്കു് ഇന്നത്തെ ചൈനയെ കുറിച്ചോ ഇന്നലത്തെ ചൈനയെ കുറിച്ചോ പഠിക്കുന്നതിൽ താൽപര്യമില്ലെന്നു മാത്രമല്ല അവർ തങ്ങളുടെ താൽപര്യത്തെ യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവും ഇല്ലാത്ത പൊള്ളയായ 'സിദ്ധാന്തങ്ങൾ' പഠിക്കുന്നതിൽ ഒതുക്കി നിർത്തുകയും ചെയ്യുന്നു. മററു പലരും

---

x ക്യാപ്പിററലിൻെറ രണ്ടാം പതിപ്പിനുള്ള മുഖവുരയിൽ മാർക്സ് പറഞ്ഞിട്ടുള്ളതു നോക്കുക: 'രണ്ടാമത്തേതു് (അന്വേഷണ സമ്പ്രദായം) വിവരങ്ങൾ വിശദമായിട്ടു് കൈവശപ്പെടുത്തുകയും, അതിൻെറ വികസനത്തിൻെറ വിവിധ രൂപങ്ങളെ വിശകലനം ചെയ്യുകയും, അവയുടെ ആന്തരിക ബന്ധങ്ങളെ കണ്ടുപിടിക്കുകയും ചെയ്യണം. ഈ ജോലി ചെയ്തതിനുശേഷം മാത്രമേ യഥാർത്ഥത്തിലുള്ള പ്രസ്ഥാനത്തെ വേണ്ടവിധത്തിൽ വിവരിക്കുവാൻ കഴിയുകയുള്ളു.' (ക്യാപ്പിററൽ, ഇംഗ്ലീഷ് പതിപ്പ്, മോസ്കോ, ഒന്നാം ഭാഗം, പേജ്—19)

പ്രായോഗിക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. പക്ഷേ അവരും വസ്തുനിഷ്ടമായ സ്ഥിതിഗതികളെ കുറിച്ചു പഠിക്കുന്നതിൽ ശ്രദ്ധിക്കാതിരിക്കുകയും, പലപ്പോഴും കേവലം അത്യുത്സാഹത്തെമാത്രം ആശ്രയിക്കുകയും, നയങ്ങൾക്കുപകരം തങ്ങളുടെ വ്യക്തിപരമായ വികാരങ്ങളെ പ്രതിഷ്ടിക്കുകയും ചെയ്യുന്നു. ഈ രണ്ടു വിഭാഗത്തിൽപെട്ട ആളുകളും ആത്മനിഷ്ഠമായ കാര്യങ്ങളെ ആശ്രയിക്കുകയും, വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങൾ നിലവിലുണ്ടെന്നതിനെ അവഗണിക്കുകയും ചെയ്യുന്നു. പ്രസംഗങ്ങൾ നടത്തുമ്പോൾ എ, ബി, സി, ഡി, എന്നോ ഒന്ന്, രണ്ട്, മൂന്ന്, നാല്, എന്നോ ഉള്ള തുടർച്ചയായ തലക്കെട്ടുകൾ ഉപയോഗിക്കുന്നതിൽ അവർ ഏർപ്പെടുന്നു. ലേഖനങ്ങൾ എഴുതുമ്പോൾ അവർ കൂടുതലും താൽപര്യം കാണിക്കുന്നത് ആവശ്യത്തിൽ കവിഞ്ഞും വാക്കുകൾ പ്രയോഗിക്കുന്നതിലാണ്. വസ്തുതകളിൽനിന്ന് സത്യത്തെ അന്വേഷിക്കുവാൻ അവർക്ക് ഒരു ഉദ്ദേശവുമില്ല, പൊള്ളയായ വാക്കുകൾകൊണ്ട് ആനുകൂല്യം നേടുക എന്നു മാത്രമാണ് അവർക്ക് ആഗ്രഹമുള്ളത്. അന്തസ്സാരവിഹീനരായ അവർ പെട്ടെന്നു പ്രശംസ നേടുവാൻ ശ്രമിക്കുന്നു. സ്ഥിരതയില്ലാത്ത അവർ എളുപ്പം തകരും. അവരുടെ ഭാഗം എല്ലായ്പോഴും ശരിയാണ്, ആകാശത്തിനു കീഴെ ആധികാരികമായ അഭിപ്രായം പറയുവാൻ കഴിവുള്ള ഒന്നാം നമ്പർ ആളുകൾ അവരാണ്, എല്ലായിടത്തേക്കും പെട്ടെന്നു കുതിച്ചുപായുന്ന 'രാജകീയ ദൂതന്മാർ.' നമ്മുടെ അണികളിലുള്ള ചില സഖാക്കളുടെ പ്രവർത്തനരീതി ഇതുപോലെയുള്ളതാണ്. സ്വന്തം പെരുമാററത്തെ ഈ രീതിയിൽ നിയന്ത്രിക്കുന്നത് സ്വയം ഹാനി വരുത്തുന്നതാണ്, ഇത് മററുള്ളവരെ പഠിപ്പിക്കുന്നത് അവർക്കും ഹാനി വരുത്തുന്നതാണ്, ഇതിനെ വിപ്ലവത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത് വിപ്ലവത്തിനുതന്നെ ഹാനി വരുത്തുന്നതാണ്. ചുരുക്കി പറഞ്ഞാൽ, മാർക്സിസം—ലെനിനിസത്തിനും ശാസ്ത്രത്തിനും എതിരായിട്ടുള്ള ഈ ആത്മനിഷ്ഠമായ

സമ്പ്രദായം കമ്യൂണിസ്ററു പാർട്ടിയുടേയും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും, ജനങ്ങളുടേയും, രാഷ്ട്രത്തിൻേറയും ഒരു ഭയാവഹമായ ശത്രുവാണ്. പാർട്ടിസ്പിരിററിൽ വന്ന അശുദ്ധിയുടെ ഒരു പ്രകാശനമാണ് ഇതു്. ഒരു ഭയാവഹമായ ശത്രു നമ്മുടെ മുൻപിൽ നില്ക്കുന്നു, നമ്മരം അതിനെ ദൂരെ വലിച്ചെറിയണം. ആത്മനിഷ്ഠാവാദത്തെ ദൂരെ വലിച്ചെറിഞ്ഞു കഴിയുമ്പോരം മാത്രമേ മാർക്സിസം—ലെനിനിസം എന്ന സത്യത്തിനു് പ്രബലമാകുവാൻ കഴിയുകയുള്ളു, പാർട്ടിസ്പിരിററ് ശക്തിപ്പെടുത്തുവാൻ കഴിയുകയുള്ളു, വിപ്ളവത്തിനു് വിജയകരമായിത്തീരുവാൻ കഴിയുകയുള്ളു. ഒരു ശാസ്ത്രീയമായ നിലപാടിൻേറ അഭാവം, അതായതു്, സിദ്ധാന്തത്തേയും പ്രവർത്തനരീതിയേയും യോജിപ്പിക്കുക എന്ന മാർക്സിസ്ററ്—ലെനിനിസ്റ്റ് സമീപനത്തിൻേറ അഭാവംകൊണ്ടു് അർത്ഥമാകുന്നതു് പാർട്ടിസ്പിരിററ് ഒന്നുകിൽ ഇല്ലെന്നോ അല്ലെങ്കിൽ കുറവാണെന്നോ ആണ്. ഈ തരക്കാരായ ആളുകളെ ചിത്രീകരിക്കുന്ന ഒരു ഈരടി ഉണ്ടു്. അതിൽ പറയുന്നതു്:

> ഭിത്തിയിൽ വളരുന്ന ഒരു ഞാങ്ങണ—അതിൻേറ മുകരംഭാഗത്തിനു ഭാരം കൂട്ടിയും തണ്ടിനു വണ്ണം കുറഞ്ഞും വേരിനു് ആഴം കുറഞ്ഞും ഇരിക്കും.
>
> പർവതങ്ങളിൽ കിളിർക്കുന്ന മുളകരം—അവയുടെ നാക്കിനു മൂർച്ച കൂടിയും, തൊലിക്കു കട്ടി കൂടിയും, ഉരംവശം പൊള്ളയായും ഇരിക്കും.

ശാസ്ത്രീയമായ ഒരു നിലപാട്ട് എടുക്കാത്തവരും, മാർക്സിൻേറയും എംഗൽസിൻേറയും ലെനിൻേറയും സ്റ്റാലിൻേ'യും കൃതികളിൽ നിന്നു് വാക്കുകളും ശൈലികളും ഉരുവിടുവാൻ മാത്രം കഴിയുന്നവരും തങ്ങളുടെ അറിവിൻേറയും കഴിവിൻേറയും അടിസ്ഥാനത്തിൽ സമ്പാദിക്കാത്ത ഒരു സൽകീർത്തി ആസ്വദിക്കുന്നവരും ആയവക്കു് അനുയോജ്യമായ ഒരു വിവരണം അല്ലേ ഇതു്? അവരിൽ ആരെങ്കിലും ഈ വ്യാധിയിൽ നിന്നു് സുഖം

പ്രാപിക്കണമെന്നു ശരിക്കും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ ഈരടി കാണാപ്പാഠം പഠിക്കുകയോ, അല്ലെങ്കിൽ അതിലുംകൂടുതൽ ധൈര്യം സംഭരിച്ച് ഇതു് തന്റെ മുറിയുടെ ഭിത്തിയിൽ ഒട്ടിച്ചു വയ്ക്കുകയോ ചെയ്യുവാൻ ഞാൻ അയാളെ ഉപദേശിക്കുന്നു. മാർക്സിസം —ലെനിനിസം ഒരു ശാസ്ത്രമാണു്, ശാസ്ത്രം എന്നതുകൊണ്ടു് അർത്ഥമാകുന്നതു് സത്യസന്ധവും സുദൃഢവുമായ അറിവെന്നാണ്. ഇതിൽ കബളിപ്പിക്കലിനുള്ള സാദ്ധ്യതകൾ ഒന്നും ഇല്ല. അതുകൊണ്ടു് നമുക്കു സത്യസന്ധത പാലിക്കാം.

രണ്ടാമതായി, മാർക്സിസ്റ്റ്—ലെനിനിസ്റ്റ് നിലപാടിനെ കുറിച്ചു നോക്കാം.

ഈ നിലപാടു സ്വീകരിക്കുന്ന ഒരാൾ യഥാർത്ഥചുറ്റുപാടുകളെ കുറിച്ചുള്ള ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവുമായ അന്വേഷണത്തിനും പഠനത്തിനുമായി മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സിദ്ധാന്തവും പ്രവർത്തന സമ്പ്രദായവും പ്രയോഗിക്കുന്നു. അയാൾ പ്രവർത്തിക്കുന്നതു് അത്യുത്സാഹം കൊണ്ടു മാത്രമല്ല, പ്രത്യുത സ്റ്റാലിൻ പറയുന്നതുപോലെ, അയാൾ വിപ്ലവകരമായ മുന്നേററത്തെ പ്രായോഗികതയുമായി സംയോജിപ്പിക്കുന്നു. x ഈ നിലപാടു സ്വീകരിക്കുന്ന ആൾ ചരിത്രത്തെ ഖണ്ഡം ഖണ്ഡമായി വെട്ടിമുറിക്കുകയില്ല. അയാൾ പുരാതന ഗ്രീസിനെ കുറിച്ചുമാത്രം അറിഞ്ഞതുകൊണ്ടു് തൃപ്തനാവുകയില്ല. അയാൾ ചൈനയെ പററി തീർച്ചയായും മനസ്സിലാക്കും. അയാൾ വിദേശ രാജ്യങ്ങളിലേതു മാത്രമല്ല ചൈനയിലേയും വിപ്ലവചരിത്രം പഠിക്കും. അതും ഇന്നത്തെ ചൈനയുടേതു മാത്രമല്ല ഇന്നലത്തെ ചൈനയേയും മിനിഞ്ഞാന്നത്തെ ചൈനയേയും കുറിച്ചും അയാൾ പഠിക്കും. ഈ നിലപാടു സ്വീകരിക്കുന്ന ഒരാൾ മാർക്സിസം ലെനിനിസം പഠിക്കുന്നതു് ഒരു ഉദ്ദേശത്തോടു കൂടിയാണു്; അതായതു്, മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സി

---

x സ്റ്റാലിന്റെ ''ലെനിനിസത്തിന്റെ അടിസ്ഥാനങ്ങൾ'' നോക്കുക. 'ലെനിനിസത്തിന്റെപ്രശ്നങ്ങൾ', റഷ്യൻ പതിപ്പ്, മോസ്കോ, 1952, പേജ്—80.

ദ്ധാന്തത്തെ ചൈനീസ് വിപ്ലവത്തിന്റെ യഥാർത്ഥ പ്രസ്ഥാനവുമായി സംയോജിപ്പിക്കുകയും, ചൈനീസ് വിപ്ലവത്തിന്റെ സിദ്ധാന്തപരവും തന്ത്രപരവും ആയ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിലപാടും, വീക്ഷണരീതിയും, സമ്പ്രദായവും ഈ സിദ്ധാന്തത്തിൽ നിന്ന് അന്വേഷിച്ചു കണ്ടു പിടിക്കുകയും ചെയ്യുക. അയാരം അസ്ത്രത്തെ ലക്ഷ്യസ്ഥാനത്തിനു നേരേ തന്നെ തൊടുത്തുവിടുന്നു. ''ലക്ഷ്യസ്ഥാനം'' ചൈനീസ് വിപ്ലവവും 'അസ്ത്രം' മാർക്സിസം—ലെനിനിസവുമാണ്. ചൈനീസ് വിപ്ലവവും പൗരസ്ത്യരാജ്യങ്ങളിലെ വിപ്ലവവും എന്ന ലക്ഷ്യസ്ഥാനത്ത് എയ്തു കൊള്ളിക്കുക എന്ന ആഗ്രഹത്തോടുകൂടി ഈ അസ്ത്രത്തെ ചൈനയിലെ കമ്യൂണിസ്റ്റുകാരായ നമ്മരം അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതുപോലെയുള്ള ഒരു നിലപാടു സ്വീകരിക്കുന്നതിൽ കൂടി ഒരാരം വസ്തുതകളിൽ നിന്ന് സത്യത്തെ അന്വേഷിക്കുകയാണ്. ''വസ്തുതകരം'' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വസ്തുനിഷ്ഠമായി നിലവിലിരിക്കുന്ന എല്ലാ കാര്യങ്ങളും എന്നാണ്; ''സത്യം'' എന്നാൽ അവയുടെ ആന്തരിക ബന്ധങ്ങരം എന്നർത്ഥം, അതായത് അവയെ നിയന്ത്രിക്കുന്ന നിയമങ്ങരം; ''അന്വേഷിക്കുക''എന്നാൽ പഠിക്കുകയെന്നർത്ഥം. നമ്മരം രാജ്യത്തിനും, സംസ്ഥാനത്തിനും, കൗണ്ടിക്കും അല്ലെങ്കിൽ ഡിസ്ട്രിക്റ്റിനും അകത്തും പുറത്തുമുള്ള യഥാർത്ഥ സ്ഥിതിഗതികളിൽ നിന്ന് മുന്നോട്ടു പോവുകയും, പ്രവർത്തനത്തിൽ നമുക്കു മാർഗ്ഗദർശനം നൽകുന്നതിനായി, അവയിൽ അന്തർലീനമായിട്ടുള്ളതും സാങ്കൽപ്പികമല്ലാത്തതും ആയ നിയമങ്ങളെ അവയിൽ നിന്നു ആവിർഭവിപ്പിക്കുകയും ചെയ്യണം, അതായത്, നമ്മരം നമുക്കു ചുററും നടന്നു കൊണ്ടിരിക്കുന്ന സംഭവങ്ങളുടെ ആന്തരിക ബന്ധങ്ങരം കണ്ടുപിടിക്കണം. അതു നിർവഹിക്കുന്നതിനുവേണ്ടി നമ്മരം ആശ്രയിക്കേണ്ടതു് ആത്മനിഷ്ഠമായ സങ്കൽപ്പത്തെയല്ല, ക്ഷണനേരം മാത്രം നീണ്ടുനിൽക്കുന്ന അത്യുത്സാഹത്തെയല്ല, നിർജ്ജീവമായ പുസ്തകങ്ങളെ അല്ല, പ്രത്യുത വസ്തുനിഷ്ഠമായി നില

വിലിരിക്കുന്ന വസ്തുതകളെ ആണ്. നമ്മാം വിശദ വിവരങ്ങാം കൈവശപ്പെടുത്തുകയും, മാർക്സിസം—ലെനിനിസത്തിൻെറ പൊതുതത്വങ്ങളുടെ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ അതിൽനിന്നു് ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യണം. അതുപോലെയുള്ള നിഗമനങ്ങാം എ, ബി, സി, ഡി എന്ന മുറപ്രകാരമുള്ള അപൂർവസംഭവങ്ങളുടെ വെറും പട്ടികകളോ അല്ലെങ്കിൽ മടുപ്പിക്കുന്ന തത്വവചനങ്ങാംകൊണ്ടു നിറഞ്ഞ ലേഖനങ്ങളോ അല്ല, പ്രത്യുത ശാസ്ത്രീയമായ നിഗമനങ്ങളാണ്. അതു് വസ്തുതകളിൽനിന്നു് സത്യത്തെ അന്വേഷിക്കുന്നതും, പൊള്ളയായ വാക്കുകാം കൊണ്ടു് ആനുകൂല്യം നേടുവാൻ ശ്രമിക്കാത്തതും ആയ ഒരു നിലപാടാണ്. ഇതു് പാർട്ടിസ്പിരിററിൻെറ, സിദ്ധാന്തത്തേയും പ്രവർത്തന രീതിയേയും യോജിപ്പിക്കുന്ന മാർക്സിസ്റ്റ്—ലെനിനിസ്ററു് രീതിയുടെ ഒരു പ്രകാശനമാണ്. ഏററവും ചുരുങ്ങിയതു്, എല്ലാ കമ്യൂണിസ്ററു് പാർട്ടി അംഗങ്ങളും എടുക്കേണ്ട ഒരു നിലപാടാണിതു്. ഈ നിലപാടു് സ്വീകരിക്കുന്ന ഒരാാം 'മുകാംഭാഗത്തിനു ഭാരം കൂടിയും തണ്ടിനു വണ്ണം കുറഞ്ഞും വേരിനു് ആഴം കുറഞ്ഞു'മോ 'നാക്കിനു മൂച്ച കൂടിയും തൊലിക്കു കട്ടികൂടിയും ഉാംവശം പൊള്ളയായുമോ' ഇരിക്കുകയില്ല.

## IV

മുകളിൽ പ്രസ്താവിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങാം സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. നമ്മുടെ ചുററുമുള്ള സ്ഥിതിഗതികളെ കുറിച്ച് ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവും ആയ ഒരു പഠനം നടത്തുക എന്ന കർത്തവ്യം നമ്മാം പാർട്ടിയുടെ മുഴവൻ മുൻപിൽ സമർപ്പിക്കണം. മാർക്സിസ്ററു്—ലെനിനിസ്ററു് സിദ്ധാന്തത്തിൻേറയും സമ്പ്രദായത്തിൻേറയും അടിസ്ഥാനത്തിൽ നമ്മുടെ ശത്രുക്കളുടേയും നമ്മുടെ സുഹൃത്തുക്കളുടേയും നമ്മുടെ തന്നെയും സാമ്പത്തികവും

ധനപരവും, രാഷ്ട്രീയവും, സൈനികവും, സാംസ്കാരികവും, പാർട്ടിയെ സംബന്ധിച്ചതും ആയ പ്രവർത്തനങ്ങളിൽ ഉള്ള സംഭവവികാസങ്ങളെ കുറിച്ച് നമ്മൾ ഒരു വിശദമായ അന്വേഷണവും പഠനവും നടത്തുകയും, എന്നിട്ട് ശരിയും ആവശ്യവുമായ നിഗമനങ്ങളിൽ എത്തിച്ചേരുകയും വേണം. ഇതു സാധിക്കുന്നതിനു വേണ്ടി നമ്മുടെ സഖാക്കളുടെ ശ്രദ്ധയെ നമ്മൾ ഈ പ്രായോഗിക പ്രശ്നങ്ങളെ സംബന്ധിച്ച അന്വേഷണത്തിലേക്കും പഠനത്തിലേക്കും തിരിച്ചു വിടണം. കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖ്യഘടകങ്ങളുടെ രണ്ട് അടിസ്ഥാനപരമായ കടമകൾ സ്ഥിതിഗതികളെ മനസ്സിലാക്കുകയും നയങ്ങളിൽ വൈദഗ്ധ്യം നേടുകയും ആണെന്ന് നമ്മുടെ സഖാക്കൾക്ക് നമ്മൾ മനസ്സിലാക്കി കൊടുക്കണം; ആദ്യത്തേതിന്റെ അർത്ഥം ലോകത്തെ മനസ്സിലാക്കുക എന്നും, രണ്ടാമത്തേതിന്റെ അർത്ഥം ലോകത്തിനു പരിവർത്തനം വരുത്തുക എന്നുമാണ്. അന്വേഷണം നടത്താതെ സംസാരിക്കുവാൻ അവകാശമില്ല എന്നും, പൊങ്ങച്ചം പറച്ചിലോ അർത്ഥശൂന്യമായ സംസാരമോ സംഭവങ്ങളെ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്ന ക്രമത്തിൽ പട്ടിക തിരിച്ച് അവതരിപ്പിക്കുന്നതോ കൊണ്ടുമാത്രം യാതൊരു പ്രയോജനവും ഇല്ലെന്നും നമ്മൾ നമ്മുടെ സഖാക്കൾക്ക് മനസ്സിലാക്കി കൊടുക്കണം. ഉദാഹരണത്തിന് പ്രചരണപ്രവർത്തനം തന്നെ എടുത്തുനോക്കാം; നമ്മുടെ ശത്രുക്കളുടേയും നമ്മുടെ സുഹൃത്തുക്കളുടേയും നമ്മുടെ തന്നെയും പ്രചരണത്തെ സംബന്ധിച്ചുള്ള സ്ഥിതിഗതികളെ നമുക്ക് അറിയുകയില്ലെങ്കിൽ ഒരു ശരിയായ പ്രചരണനയത്തെ കുറിച്ച് തീരുമാനിക്കുവാൻ നമുക്ക് കഴിവില്ലാതായിതീരും. ഏതൊരു ഭരണവകുപ്പിന്റേയും പ്രവർത്തനത്തിൽ, ചുററുപാടുകളെ കുറിച്ച് ആദ്യമായിട്ടു മനസ്സിലാക്കുക ആവശ്യമാണ്. അപ്പോൾ മാത്രമേ ജോലി ശരിയായി കൈകാര്യം ചെയ്യുവാൻ സാധിക്കുകയുള്ളു. പാർട്ടിയുടെ പ്രവർത്തനരീതിയിൽ പരിവർത്തനം വരുത്തുന്നതിനുള്ള അടിസ്ഥാനപരമായ കണ്ണി

പാർട്ടിയിലാകമാനം അന്വേഷണത്തിനും പഠനത്തിനും വേണ്ടിയുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുക എന്നതാണ്.

2. കഴിഞ്ഞ നൂറുവർഷങ്ങളിലെ ചൈനയുടെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം, സഹകരണമനോഭാവത്തോടെയും ശരിയായ തൊഴിൽ വിഭജനത്തോടുകൂടിയും അതിനെ കുറിച്ചു പഠിക്കുന്നതിനായി യോഗ്യതയുള്ള ആളുകളെ നമ്മൾ വിളിച്ചു കൂട്ടണം. ഇപ്രകാരം ഈ രംഗത്തുള്ള ഇപ്പോഴത്തെ അസംഘടിതമായ അവസ്ഥയെ തരണം ചെയ്യുവാൻ കഴിയും. ആദ്യമായി, സാമ്പത്തിക ചരിത്രം, രാഷ്ട്രീയചരിത്രം, സൈനിക ചരിത്രം, സാംസ്കാരിക ചരിത്രം എന്നിവയുടെ അനേക മേഖലകളിൽ വിശകലനപരമായ പഠനം നടത്തുക ആവശ്യമാണ്. അതിനുശേഷം മാത്രമേ സംശ്ലേഷണപരമായ പഠനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളു.

3. പ്രവർത്തന രംഗത്തോ അല്ലെങ്കിൽ പാർട്ടി പ്രവർത്തകർക്ക് വേണ്ടിയുള്ള വിദ്യാലയങ്ങളിലോ പാർട്ടി പ്രവർത്തകർക്കു കൊടുക്കുന്ന വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, അതുപോലെയുള്ള വിദ്യാഭ്യാസത്തെ ചൈനീസ് വിപ്ലവത്തിന്റെ പ്രായോഗിക പ്രശ്നങ്ങളെപ്പററിയുള്ള പഠനത്തിലും മാർക്സിസ്ററ്—ലെനിനിസ്ററ് അടിസ്ഥാന തത്വങ്ങളെ മാർഗ്ഗദർശിയായിട്ട് ഉപയോഗിക്കുന്നതിലും കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു നയം നടപ്പിലാക്കണം. മാർക്സിസം—ലെനിനിസത്തെ ചലനരഹിതമായ അവസ്ഥയിലും ചുററുമുള്ള സംഭവവികാസങ്ങളിൽനിന്ന് ഒററപ്പെടുത്തികൊണ്ടുള്ള രീതിയിലും പഠിക്കുന്ന സമ്പ്രദായം പരിത്യജിക്കണം. കൂടാതെ, മാർക്സിസം—ലെനിനിസത്തെകുറിച്ചുള്ള പഠനത്തിൽ 'സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ (ബോൾഷെവിക്ക്)

ചരിത്രം, സംഗ്രഹിത ഗ്രന്ഥം' എന്ന പുസ്തകം നമ്മൾ പ്രധാനമായിട്ടും പഠിക്കണം. ഇതു് കഴിഞ്ഞ നൂറുവർഷങ്ങളിലെ ലോക കമ്യൂണിസ്ററു് പ്രസ്ഥാനത്തിൻെറ ഏററവും നല്ല സംശ്ലേഷണവും സംക്ഷിപ്തചരിത്രവും, സിദ്ധാന്തവും അനുഷ്ഠാനവും തമ്മിലുള്ള സംയോജനത്തിൻെറ ഒരു മാതൃകയും, ഈ തുറയിൽ ലോകത്തിൽ ആകെക്കൂടിയുള്ള ഏക സംക്ഷിപ്തമാതൃകയും ആണു്. ലെനിനും സ്ററാലിനും എങ്ങിനെയാണു് മാർക്സിസം എന്ന സാർവലൗകികമായ സത്യം സോവിയററു് വിപ്ളവത്തിൻെറ സ്ഥായിയായ അനുഷ്ഠാനവുമായി സംയോജിപ്പിച്ചതെന്നു കണ്ടുകഴിയുമ്പോൾ എങ്ങിനെയാണു് ചൈനയിൽ പ്രവർത്തിക്കേണ്ടതെന്നു് നമുക്കു മനസ്സിലാകും.

നമ്മൾ ദീർഘവും വളഞ്ഞുപുളഞ്ഞതും ആയ ഒരു പാത ആണു് തരണം ചെയ്തിട്ടുള്ളതു്. പക്ഷേ തെററുകൾ പലപ്പോഴും ശരിയായിട്ടുള്ളതിൻെറ മുന്നോടിയാണു്. വളരെ തീവ്രമായ രീതിയിൽ സചേതനവും, അത്യധികം വൈവിധ്യമാർന്നതുമായ ചൈനീസ് വിപ്ളവത്തിൻേയും ലോകവിപ്ലവത്തിൻേറയും സമകാലീന ചുററുപാടുകളിൽ, നമ്മുടെ പഠനരീതിയിലുള്ള ഈ പരിഷ്കാരം തീർച്ചയായും നല്ല ഫലങ്ങൾ പ്രദാനം ചെയ്യുമെന്നു് എനിക്കു് വിശ്വാസമുണ്ടു്.

# ലൂഹ്സൂൺൻെറ സ്മരണയിൽ x

(1939 ഒക്ടോബർ 19)

സഖാക്കളെ,

വർത്തമാന കാലഘട്ടത്തിൽ നമ്മുടെ പ്രധാന കടമ കാം മുന്നണിപ്പടയുടേതാണ്. മഹത്തായ ദേശീയ സമരം വൻപിച്ച പുരോഗതി നേടിക്കൊണ്ടിരിക്കുന്ന ഈ സമയത്തു്, അതിൽ അതിപ്രധാനമായ പങ്കുവഹിക്കുന്നതിന് അനവധി സജീവ പ്രവർത്തകരേയും മുന്നേററത്തിനുള്ള വഴി വെട്ടിത്തെളിക്കുന്നതിന് അനവധി മുന്നണിപ്പടയാളികളേയും നമുക്കു് ആവശ്യമുണ്ട്. മുന്നണിപ്പടയാളികാം നിഷ്കപടസ്വഭാവമുള്ളവരും, സ്പഷ്ടിപരമായ നിലാട്ട് എടുക്കുന്നവരും, സത്യസന്ധരും ആയ ആളുകാം ആയിരിക്കണം. അവർ യാതൊരു സ്വാർത്ഥ താൽപര്യങ്ങളേയും കാംക്ഷിക്കുന്നില്ല. ദേശീയവും സാമൂഹ്യവും ആയ വിമോചനം മാത്രമാണ് അവരുടെ താല്പര്യം. അവക്ക് കഷ്ടപ്പാടുകളെ കുറിച്ച് യാതൊരു ഭയവുമില്ല. നേരേമറിച്ച്, കഷ്ടപ്പാടുകളെ അഭിമുഖീകരിക്കുമ്പോാം അവർ ദൃഢനിശ്ചയം ഉള്ളവരായിരിക്കുകയും നിരന്തരം മുന്നേറുകയും ചെയ്യുന്നു. അച്ചടക്ക രാഹിത്യമോ പ്രശസ്തിക്കുവേണ്ടിയുള്ള ആഗ്രഹമോ തൊട്ടു തെറിച്ചിട്ടുപോലുമില്ലാത്ത അവർ തങ്ങളുടെ കാലുകാം ഭൂമിയിൽ ഉറപ്പിച്ചു ചവിട്ടുകയും യാഥാർത്ഥ്യബോധമുള്ളവരായിരിക്കുകയും ചെയ്യുന്നു. വിപ്ലവത്തിൻെറ പാതയിലെ മാർഗ്ഗദർശികളാണ് അവർ. യുദ്ധത്തിൻെറ ഇപ്പോഴുള്ള അവസ്ഥ വച്ചു

---

x ലൂഹ്സൂൺൻെറ ഒന്നാം ചരമവാർഷികത്തിൽ 1939 ഒക്ടോബർ 19—ാം തീയതി ഉത്തരഷെൻഷിയിലെ പബ്ലിക്സ്കൂളിൽ നടത്തിയയോഗത്തിലെ പ്രസംഗം. 'മാവോ പേപ്പേർസ്', ജെറോംചെൽ, 1971, പേജ് 13 മുതൽ 15 വരെ.

നോക്കുമ്പോൾ, പ്രതിരോധം ഗവണ്മെൻറിൻേറയും സായുധസൈന്യങ്ങളുടേയും മാത്രം ഉത്തരവാദിത്വമായി അവശേഷിക്കുകയാണെങ്കിൽ, ജനങ്ങളുടെ ഭാഗഭാഗിത്വം വേണ്ടത്ര ലഭിച്ചില്ലെങ്കിൽ, അവസാനവിജയം നമ്മുടേതായിരിക്കുമെന്നു് ഉറപ്പുപറയുവാൻ കഴിയുകയില്ല. നമ്മുടെ ദേശീയ വിമോചനത്തിനുവേണ്ടി സമരം ചെയ്യുന്നതിനും, ഈ ചരിത്രപരമായ ദൗത്യത്തിൻെറ പൂർത്തീകരണത്തിനുവേണ്ടി ജനങ്ങളെ സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്യുകയെന്ന കർത്തവ്യം വിശ്വാസപൂർവ്വം ഭാരമേൽക്കുന്നതിനുമായി ഒരു വലിയ സംഖ്യ വരുന്ന മുന്നണിപ്പടയാളികളെ നമ്മൾ ഇപ്പോൾ പരിശീലിപ്പിക്കണം. ആദ്യമായി, രാജ്യത്തു് ആകമാനമുള്ള മുന്നണിപ്പടയാളികൾ അടിയന്തിരമായി സ്വയം സംഘടിക്കണം.. നമ്മുടെ കമ്യൂണിസ്റ്റ് പാർട്ടി ആണു് ദേശീയ വിമോചനത്തിൻെറ മുന്നണിപ്പട. നമ്മുടെ കർത്തവ്യങ്ങൾ സഫലീകരിക്കുന്നതിനു വേണ്ടി എന്തൊക്കെ വിഷമതകൾ ഉണ്ടായാലും ശരി നമ്മൾ അവസാനം വരെ പടപൊരുതണം.

ഇന്നു നമ്മൾ ഒരു വർഷം മുൻപു് നമ്മളെ വിട്ടുപോയ ലൂഷുൺ സ്മരണാഞ്ജലികൾ അർപ്പിക്കുകയാണു്. നമ്മൾ ആദ്യമായി അയാളെയും, നമ്മുടെ വിപ്ലവത്തിൻെറ ചരിത്രത്തിൽഅയാൾക്കുള്ള സ്ഥാനത്തേയും മനസ്സിലാക്കണം. നമ്മൾ അയാളെ അനുസ്മരിക്കുന്നതു് അയാൾ ഒരു ഉത്കൃഷ്ടനായ എഴുത്തുകാരനായിരുന്നതു കൊണ്ടു മാത്രമല്ല, പ്രത്യുത ദേശീയ വിമോചനത്തിനു വേണ്ടിയുള്ള സമരത്തിൻെറ മുന്നണിയിൽ നിന്നുകൊണ്ടു് തൻെറ മുഴുവൻ ശക്തിയും വിപ്ലവസമരത്തിനുവേണ്ടി അയാൾ സമർപ്പിച്ചുഎന്നതു കൊണ്ടു കൂടിയാണു്. ലൂഷുൺ കമ്യൂണിസ്റ്റു് പാർട്ടിയുടെ സംഘടനയിൽ ഉൾപ്പെട്ടിട്ടില്ലായിരുന്നു എങ്കിലും അയാളുടെ ചിന്തയും പ്രവർത്തനവും സാഹിത്യരചനയും എല്ലാം മാർക്സിസത്തിനു് അനുരൂപമായിരുന്നു. പ്രായം വർദ്ധിക്കുന്തോറും കൂടുതൽ കൂടുതൽ യുവസഹജമായ ഊർജ്ജസ്വലത അയാൾ പ്രദർശിപ്പിച്ചു. നാടുവാഴിത്ത ശക്തികൾക്കും സാമ്രാജ്യത്വത്തിനും

എതിരായി അയാാം ദൃഢതയോടും നിരന്തരമായും സമരം ചെയ്തു. ശത്രുവിൻെറ നീചമായ സമ്മർദ്ദങ്ങളും പീഡനവും നിലനിന്നിരുന്ന ചുററുപാടുകളിൽ പോലും അയാാം സമരം ചെയ്യുകയും പ്രതിഷേധിക്കുകയും ചെയ്തു. ആ രീതിയിൽ തന്നെ, സഖാക്കളെ, നിങ്ങാംക്കും പ്രതികൂലമായ സ്ഥിതിഗതികളിൽ വിപ്ലവസിദ്ധാന്തങ്ങളെ പഠിക്കുവാൻ കഴിയും. നിങ്ങളും ലൂഷുണെപോലെതന്നെ സമരചൈതന്യം ഉള്ളവരാണ്. ഈ സ്കൂളിലെ സാധനസാമഗ്രികാം അപര്യാപ്തമാണെങ്കിലും ഇവിടെ നമുക്ക് സത്യവും, സ്വാതന്ത്ര്യവും, വിപ്ളവകാരികളായ മുന്നണിപ്പടയാളികളെ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്.

ലൂഷുൺ ജനിച്ചതും വളർന്നതും ജീർണ്ണിച്ചു കൊണ്ടിരുന്ന നാടുവാഴിത്ത സമുദായത്തിലാണ്. ഈ ചീഞ്ഞുനാറിയ സമുദായത്തെ കുറിച്ചും ദുഷ്ടമായ സാമ്രാജ്യത്വ ശക്തികളെ കുറിച്ചും അയാാംക്ക് വളരെയധികം അനുഭവജ്ഞാനം ഉണ്ടായിരുന്നു. അവയ്ക്ക് എതിരായി സമരം ചെയ്യേണ്ടതു് എങ്ങിനെയാണെന്ന് അയാാംക്ക് മനസ്സിലായി. ഇരുട്ടുനിറഞ്ഞ സമുദായത്തിൻേറയും നിഷ്ഠുരമായ സാമ്രാജ്യത്വത്തിൻേറയും ശക്തികളെ ചിത്രീകരിക്കുന്നതിന് അയാാം തൻെറ നിന്ദാഗർഭവും, ഫലിതരസം നിറഞ്ഞതും, ശക്തിമത്തും ആയ തൂലിക ഉപയോഗിച്ചു. അയാാം യഥാർത്ഥത്തിൽ ഒരു കഴിവുററ ചിത്രകാരൻ ആയിരുന്നു. തൻെറ ജീവിതത്തിൻെറ അവസാന വർഷങ്ങളിൽ അയാാം തൊഴിലാളി വർഗ്ഗത്തിൻേറയും ദേശീയ വിമോചനത്തിൻേറയും ഭാഗത്തുനിന്നുകൊണ്ടു് സത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പടപൊരുതി.

ലൂഷുൺൻെറ ആദ്യത്തെ സവിശേഷത അയാളുടെ രാഷ്ട്രീയ വീക്ഷണമായിരുന്നു. അയാാം സമുദായത്തെ ദൂരദർശിനിയും സൂക്ഷ്മദർശിനിയും ഉപയോഗിച്ച് പരിശോധിച്ചു. അതുകൊണ്ടു് അയാാംക്ക് സൂക്ഷ്മതയും ദീർഘവീക്ഷണവും കൈവന്നിരുന്നു. കുററവാളികളായ ട്രോട്സ്കിയിസ്ററുകളുടെ അപകടകരമായ പ്രവണത

കളെ കുറിച്ച് 1936—ൽ തന്നെ അയാൾ ചൂണ്ടിക്കാണിച്ചു. അയാളുടെ അഭിപ്രായം എത്രമാത്രം വ്യക്തവും ശരിയും ആയിരുന്നു എന്ന് വസ്തുതകൾ ഇപ്പോൾ സംശയാതീതമാം വിധം തെളിയിച്ചിട്ടുണ്ട്. ട്രോട്സ്കിയിസ്ററ് കക്ഷി ജപ്പാന്റെ രഹസ്യചാരന്മാരിൽ നിന്നു് ധനസഹായം ലഭിക്കുന്ന ഒരു വഞ്ചകസംഘടനയായി തീർന്നിട്ടുണ്ടെന്നുള്ളതു് ഇപ്പോൾ വ്യക്തമായ ഒരു വസ്തുതയാണ്.

ലൂഷൂണെ ഞാൻ കാണുന്നതു് ചൈനയിലെ ഒരു മഹാനായ പുണ്യാത്മാവ് ആയിട്ടാണ്—കൺഫ്യൂഷിയസ് പഴയ ചൈനയിലെ പുണ്യാത്മാവ് ആയിരുന്നതുപോലെ ലൂഹ്സുൺ പുതിയ ചൈനയിലെ പുണ്യാത്മാവാണ്. അയാളുടെ ശാശ്വതമായ സ്മരണക്കു വേണ്ടിയും ഭാവിതലമുറകൾ അയാളുടെ മഹത്വം ഒരു നോക്കു കാണുന്നതിനുവേണ്ടിയും നമ്മൾ ലൂഷൂൺ ഗ്രന്ഥശാലയും ലൂഷൂൺ അദ്ധ്യാപക പരിശീലനസ്കൂളും യെനാനിൽ സ്ഥാപിച്ചിട്ടുണ്ട്,

അയാളുടെ രണ്ടാമത്തെ സവിശേഷത നമ്മൾ മുൻപു പരാമർശിച്ചിട്ടുള്ളതുപോലെ അയാളുടെ സമര ചൈതന്യമായിരുന്നു. ഇരുട്ടിന്റേയും അക്രമത്തിന്റേയും ശക്തികളുടെ കടന്നാക്രമണത്തിനെതിരായി ഒരു വൻവൃക്ഷത്തെപോലെ അയാൾ ഉറച്ചുനിന്നു. ഒരിക്കൽ ഒരു രാഷ്ട്രീയ ലക്ഷ്യം വ്യക്തമായി കണ്ടു കഴിഞ്ഞപ്പോൾ അതിൽ എത്തിച്ചേരുന്നതിനായി ഒരിക്കലും കീഴടങ്ങാതെയും, അല്ലെങ്കിൽ പകുതി ദൂരത്തുവച്ച് ഒത്തുതീർപ്പിനു തയ്യാറാകാതെയും അയാൾ തീവ്രമായി പരിശ്രമിച്ചു. ആദ്യം സമരം ചെയ്യുകയും, പക്ഷേ പിന്നീട് സമര രംഗംവിട്ട് ഓടിപ്പോവുകയും ചെയ്ത അർദ്ധമനസ്സരായ വിപ്ലവകാരികൾ ഉണ്ടായിരുന്നിട്ടുണ്ട്. ഇതിനു് വിദേശരാജ്യങ്ങളിലെ കോട്സ്കിയും പ്ലെഖനോവും നല്ല ഉദാഹരണങ്ങളാണ്. അതുപോലെയുള്ള ആളുകൾ ചൈനയിലും വിരളമല്ല. ആദ്യം അവരെല്ലാവരും ഇടതുപക്ഷക്കാരും വിപ്ളവകാരികളും ആയിരുന്നെന്നും പക്ഷേ തങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തപ്പെട്ട ഉടനെ

അവർക്കു രൂപാന്തരം സംഭവിക്കുകയും അവർ തങ്ങളുടെ സഖാക്കളെ ശത്രുവിനു് ഒരു സമ്മാനം എന്നതുപോലെ കാഴ്ചവെക്കുകയും ചെയ്യുന്നും ഒരിക്കൽ ലൂഷ്വൺ പറഞ്ഞിട്ടുണ്ടെന്നാണു് എൻെറ ഓർമ്മ. ഇതുപോലെയുള്ള ആളുകളെ ലൂഷ്വൺ കഠിനമായി വെറുത്തു. അവർക്കു് എതിരായി സമരം ചെയ്യുന്നതോടൊപ്പംതന്നെ, അയാൾ തന്നെ പിന്തുടർന്ന യുവാക്കളായ എഴുത്തുകാരെ അഭ്യസിപ്പിക്കുകയും അച്ചടക്കമുള്ളവരാക്കുകയും ചെയ്തു. നിശ്ചയദാർഢ്യത്തോടെ സമരം ചെയ്യുന്നതിനും, മുന്നണിപ്പടയാളികൾ ആയിരിക്കുന്നതിനും, സ്വന്തം മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും അയാൾ അവരെ പഠിപ്പിച്ചു.

ലൂഷ്വൺൻെറ മൂന്നാമത്തെ സവിശേഷത ത്യാഗം അനുഷ്ഠിക്കുന്നതിനുള്ള അയാളുടെ സന്നദ്ധതയായിരുന്നു. ശത്രുവിൻെറ ഭീഷണിയുടേയും പീഢനത്തിൻേറയും മുൻപിൽ അയാൾ തികച്ചും നിർഭയനായി നിന്നു. ശത്രുവിന്റെ പ്രലോഭനങ്ങൾക്കു് അയാളെ ചഞ്ചലനാക്കുവാൻ കഴിഞ്ഞില്ല. നിർദ്ദയമായ തീക്ഷ്ണതയോടുകൂടി അയാളുടെ വാളുപോലെ മൂർച്ചയേറിയ ഈ തൂലിക അയാൾ വെറുത്തിരുന്നവരെ എല്ലാം മുറിവേൽപ്പിച്ചു. തന്നോടൊപ്പം പടപൊരുതിയിരുന്ന വിപ്ലവകാരികളായ യോദ്ധാക്കൾ സമരരംഗത്തു് രക്തസാക്ഷികളായി തീർന്നപ്പോഴും അയാൾ അതുകണ്ടു് ഭയഭീതനാകാതെ അവഗാഢമായ അവജ്ഞയോടെ ശത്രുവിനെ വെല്ലുവിളിച്ചുകൊണ്ടു് മുന്നേറുകയും തന്നെ പിൻതുടരുവാൻ മററുള്ളവരെ ആഹ്വാനം ചെയ്യുകയും ചെയ്തു. ഒരിക്കലും തൻെറ സിദ്ധാന്തങ്ങൾക്കെതിരായി ഒത്തുതീർപ്പിൽ എത്താത്ത, എല്ലാപ്പോഴും ദൃഢനിശ്ചയം ഉള്ള, ഒരു സമ്പൂർണ്ണ യാഥാർത്ഥ്യവാദി ആയിരുന്നു ലൂഷ്വൺ. ഒരു പട്ടി വെള്ളത്തിൽ വീണുകഴിഞ്ഞതിനുശേഷവും അതിനെ തുടന്നു് അടിക്കണമെന്നു് തൻെറ ഒരു ഉപന്യാസത്തിൽ അയാൾ ന്യായീകരിച്ചു. അല്ലെങ്കിൽ വെള്ളത്തിൽ നിന്നു ചാടിക്കയറുന്ന പട്ടി ഒന്നുകിൽ നമ്മളെ കടിക്കുകയോ അല്ലെങ്കിൽ ചെളിവെള്ളം നമ്മുടെ ദേഹത്തു് തെറിപ്പിക്കുകയോ ചെയ്യും. അതു

കൊണ്ടു് അടിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും കാണിച്ചുകൂടാ. ലൂഷ്വൻ വികാരാത്മകത്വത്തിൻേറയോ കപടനാട്യത്തിൻേറയോ ഒരു ചെറിയ അംശംപോലും വച്ചു പുലത്തിയിരുന്നില്ല.

ഇപ്പോഠം, ജാപ്പനീസ് സാമ്രാജ്യത്വം എന്ന പേപ്പട്ടിയെ നമ്മഠം ഇനിയും വെള്ളത്തിൽ വച്ചു് അടിച്ചുകഴിഞ്ഞിട്ടില്ല. നമ്മഠം ലൂഷ്വൻെറ അന്തസ്സത്തയെ ഉഠംക്കൊള്ളുകയും രാജ്യത്താകമാനം അതു പ്രയോഗത്തിൽ വരുത്തുകയും ചെയ്യണം.

ഈ സവിശേഷതകഠം മഹത്തായ 'ലൂഷ്വൻ ചൈതന്യ'ത്തിൻെറ ഘടകങ്ങളാണു്. തൻെറ ജീവിതത്തിൽ ഉടനീളം ലൂഷ്വൻ ഈ ചൈതന്യത്തിൽ നിന്നു് വ്യതിചലിച്ചിട്ടില്ല. അതുകൊണ്ടാണു് അയാഠം സാഹിത്യരംഗത്തെ ഒരു ഉന്നതനായ എഴുത്തുകാരനും, വിപ്ളവകാരികളുടെ അണികളിലെ ബലിഷ്ഠനും അത്യുത്തമനും ആയ ഒരു മുന്നണിപ്പടയാളിയും ആയിരുന്നതു്. ലൂഷ്വണു് സ്മരണാഞ്ജലികഠം അർപ്പിക്കുന്ന ഈ സന്ദർഭത്തിൽ നമ്മഠം അയാളുടെ ചൈതന്യത്തെ കുറിച്ചു പഠിക്കണം. പ്രതിരോധയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സൈനിക ഘടകങ്ങളിലും ലൂഷ്വണിൻെറ സന്ദേശങ്ങളെ നമ്മഠം എത്തിക്കുകയും നമ്മുടെ ദേശീയ വിമോചനത്തിനുവേണ്ടിയുള്ള സമരത്തിൽ നമ്മഠം അതു് ഉപയോഗിക്കുകയും ചെയ്യണം.

# സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളെ എതിക്കുക

(1942 ഫെബ്രുവരി 8)

ഇന്നത്തെ യോഗത്തിന്റെ ഉദ്ദേശ്യത്തെ കുറിച്ച് സഖാവ് കായ്ഫെംഗ് പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഞാൻ ചർച്ചചെയ്യുവാൻ ആഗ്രഹിക്കുന്നത് ആത്മനിഷ്ഠാവാദവും വിഭാഗീയ ചിന്താഗതികളും എങ്ങിനെയാണ് തങ്ങളുടെ പ്രചരണത്തിനുള്ള ഉപകരണമോ, അല്ലെങ്കിൽ ആശയപ്രകാശനത്തിനുള്ള മാർഗ്ഗമോ ആയിട്ട് സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളെ (അല്ലെങ്കിൽ എട്ടു ഭാഗങ്ങളുള്ള ഉപന്യാസങ്ങളെ x) ഉപയോഗപ്പെടുത്തുന്നത് എന്നതിനെ കുറിച്ചാണ്. നമ്മൾ ആത്മനിഷ്ഠാവാദത്തിനും വിഭാഗീയചിന്താഗതികൾക്കും എതിരാണ്. പക്ഷേ അവയ്ക്ക് എതിരായി സമരം ചെയ്യുന്നതോടൊപ്പംതന്നെ സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളിൽനിന്നും നമ്മൾ രക്ഷപെട്ടില്ലെങ്കിൽ അവയ്ക്ക് ഒളിച്ചിരിക്കുവാൻ പിന്നെയും ഒരു സ്ഥലം ഉണ്ടായിരിക്കും. അതിനേയുംകൂടി നശിപ്പിക്കുക ആണെങ്കിൽ മാത്രമേ ആത്മനിഷ്ഠാവാദത്തേയും വിഭാഗീയ ചിന്താഗതികളേയും അടിയറവു പറയിക്കുവാനും ഈ രണ്ടു രാക്ഷസന്മാരുടേയും യഥാർത്ഥ രൂപങ്ങളെ പുറത്തു കൊണ്ടുവരുവാനും നമുക്കു കഴിയുകയുള്ളൂ. ആ രീതിയിൽ പ്രവർത്തിച്ചാൽ നമുക്കവയെ എളുപ്പത്തിൽ ഉന്മൂലനാശം വരുത്തുവാൻ കഴിയുന്നതാണ്.

---

x 15—ാം നൂററാണ്ടു മുതൽ 19—ാം നൂററാണ്ടുവരെ ചൈനയെ ഭരിച്ചിരുന്ന നാടുവാഴി രാജവംശങ്ങൾക്കു

ഒരു വ്യക്തി സ്ഥിരരൂപത്തിലുള്ളലേഖനങ്ങരം തനിക്കു വായിക്കുന്നതിനുവേണ്ടി മാത്രം എഴുതുകയാണെങ്കിൽ അതുകൊണ്ടു വലിയ കുഴപ്പമൊന്നും വരാനില്ല. എന്നാൽ, അവയെ വായിക്കുന്നതിനു വേണ്ടി അയാരം മററാർക്കെങ്കിലും കൊടുക്കുകയാണെങ്കിൽ വായനക്കാരുടെ എണ്ണം ഇരട്ടിക്കുകയും അതുകൊണ്ടു് ഉണ്ടാകുന്ന ഹാനി ഗുരുതരമായി തീരുകയും ചെയ്യുന്നു. അയാരം അവയെ എവിടെയെങ്കിലും ഒട്ടിച്ചു വയ്ക്കുകയോ, കല്ലച്ചിൽ പകർപ്പെടുപ്പിക്കുകയോ, പത്രങ്ങളിൽ അച്ചടിപ്പിക്കുകയോ, അല്ലെങ്കിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുകയോ ചെയ്യുകയാണെങ്കിൽ അതു തീർച്ചയായും പ്രശ്നത്തെ കൂടുതൽ വഷളാക്കുന്നു. എന്തെന്നാൽ അവയ്ക്കു് അനേകം ആളുകളെ സ്വാധീനിക്കുവാൻ കഴിയും. കൂടാതെ സ്ഥിരരൂപത്തിലുള്ള

---

കീഴിൽ നടത്തിയിരുന്ന രാജകീയ പരീക്ഷകളിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന പ്രത്യേക രീതിയായിരുന്നു സ്ഥിരരൂപത്തിലുള്ളതോ, 'എട്ടുഭാഗങ്ങരം ഉള്ളതോ' ആയ ഉപന്യാസങ്ങരം (Party 'Eight Legged essay') വാക്കുകരംകൊണ്ടു് ജാലവിദ്യകരം കാട്ടുകയും, രൂപത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും, ഉള്ളടക്കത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുകയും ആയിരുന്നു ഇവയുടെ പ്രത്യേകതകരം. ഈ ഉപന്യാസങ്ങളെ എട്ടു വ്യത്യസ്ത ഭാഗങ്ങളായി തിരിച്ചിരുന്നതിനാലാണു് അവയ്ക്കു് ഈ പേരു ലഭിച്ചതു്. ഈ രീതിയിലുള്ള ഉപന്യാസങ്ങരം ചൈനയിലെ സ്ഥിരരൂപത്തിലുള്ള ഔപചാരിക രീതികളുടേയും പഴഞ്ചൻ സമ്പ്രദായങ്ങളുടേയും പര്യായപദമായി തീർന്നു. ഇവയുടെ ശൈലിയും രൂപവും കമ്യൂണിസ്റ്റു് പാർട്ടിയുടെ അണികളിലുള്ള പലരേയും ബാധിക്കുകയുണ്ടായി. സഖാവു് മാവോ സേ—തുങ്ങിന്റെ പ്രസംഗം ഈ രീതിയേയും അതുപയോഗിക്കുന്നവരേയും വിമർശിച്ചുകൊണ്ടുള്ളതാണു്.

പാർട്ടിലേഖനങ്ങൾ എഴുതുന്നവർ തങ്ങളുടെ വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനായി എല്ലായ്പോഴും ശ്രമിക്കുന്നവരാണ്. അതുകൊണ്ട് ഇതിനെ തുറന്നു കാട്ടുകയും നശിപ്പിക്കുകയും ചെയ്യേണ്ടതു് അനുപേക്ഷ്യമായിത്തീർന്നിട്ടുണ്ട്.

ഇതിനും പുറമേ, സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾ ഒരു പ്രത്യേക വിഭാഗത്തിൽപെട്ട ''വിദേശീയ സ്ഥിരരൂപങ്ങളാ''ണ്. വളരെ നാളുകൾക്കു മൻപ് ലൂഷ്വൺ ഇതിനെ ആക്രമിക്കുകയുണ്ടായി. പിന്നെ, നമ്മൾ എന്തിനാണ് ഇതിനെ എട്ടുഭാഗങ്ങൾ ഉള്ള പാർട്ടി ഉപന്യാസങ്ങൾ എന്നു വിളിക്കുന്നതു്? കാരണം വിദേശീയ ഗന്ധത്തിനു പുറമേ ഇതിനു് സ്വന്തം നാട്ടിലെ മണ്ണിന്റെ കുറച്ചുമണവും ഉണ്ട്. ഒരു പക്ഷേ ഇതിനേയും ഒരു തരത്തിൽപെട്ട സൃഷ്ടിപരമായ പ്രവർത്തനമായി പരിഗണിക്കുവാൻ കഴിയുമായിരിക്കും! നമ്മുടെ ആളുകൾ രചനാത്മകമായ കൃതികൾ ഒന്നുംതന്നെ നിർമ്മിച്ചിട്ടില്ലെന്നു് ആരാണു പറയുന്നതു്? ഇതുതന്നെ അതിനൊരു തെളിവാണ്.

(പൊട്ടിച്ചിരി)

സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾക്ക് നമ്മുടെ പാർട്ടിയിൽ ഒരു ദീർഘകാലത്തെ ചരിത്രം ഉണ്ട്. പ്രത്യേകിച്ചും കാർഷിക വിപ്ലവത്തിനിടയ്ക്ക് ഇതു ചിലപ്പോഴൊക്കെ തികച്ചും സർവ്വവ്യാപിയായി തീന്നിരുന്നു.

ചരിത്രപരമായി നോക്കുകയാണെങ്കിൽ സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾക്ക് ആദ്യത്തെ പ്രഹരമേൽപ്പിച്ചതു് മേയ് നാലു പ്രസ്ഥാനമാണ്.

മേയ് നാല് പ്രസ്ഥാനത്തിന്റെ ഘട്ടത്തിൽ ആധുനിക ചിന്താഗതിക്കാരായ ആളുകൾ ക്ലാസ്സിക്കൽ ചൈനീസ് ഭാഷയുടെ ഉപയോഗത്തെ എതിർക്കുകയും ജനങ്ങളുടെ ഇടയിൽ പ്രചാരത്തിൽ ഇരുന്നിരുന്ന നാടൻ ചൈനീസ് ഭാഷാരീതി ഉപയോഗപ്പെടുത്തണമെന്നു് വാദിക്കുകയും, പരമ്പരാഗതമായിട്ടുള്ള വിശ്വാസപ്രമാണങ്ങളെ എതിർക്കുകയും ശാസ്ത്രത്തിനും ജനാധിപത്യ

ത്തിനുംവേണ്ടി ശബ്ദം ഉയർത്തുകയും ചെയ്തു; ഇതെല്ലാം തന്നെ തികച്ചും ശരിയായ നടപടികളായിരുന്നു. ആ സമയത്തു് പ്രസ്ഥാനം ഊർജ്ജസ്വലവും സചേതനവും പുരോഗമനപരവും വിപ്ളവകരവും ആയിരുന്നു. ആ കാലഘട്ടത്തിൽ ഭരണാധികാരി വർഗ്ഗങ്ങൾ വിദ്യാർത്ഥികളെ കൺഫ്യൂഷിയൻ സിദ്ധാന്തങ്ങൾ അഭ്യസിപ്പിക്കുകയും, കൺഫ്യൂഷിയനിസത്തിൻെറ എല്ലാവിധ നിയമശാസനങ്ങളേയും മതപരമായ വിശ്വാസപ്രമാണങ്ങളെപ്പോലെ ആദരിക്കുവാൻ ജനങ്ങളെ നിർബന്ധിക്കുകയും ചെയ്തിരുന്നു. കൂടാതെ എല്ലാ എഴുത്തുകാരും ക്ലാസ്സിക്കൽ ഭാഷയാണു് ഉപയോഗിച്ചിരുന്നതു്. ചുരുക്കിപറഞ്ഞാൽ, ഭരണാധികാരി വർഗ്ഗങ്ങളും അവരുടെ വാലേത്തുങ്ങികളും എഴുതിയിരുന്നതും പഠിപ്പിച്ചിരുന്നതും എല്ലാം തന്നെ, ഉള്ളടക്കത്തിൻെറ കാര്യത്തിൽ ആയാലും ശരി രൂപത്തിൻെറ കാര്യത്തിൽ ആയാലും ശരി, സ്ഥിരരൂപത്തിലുള്ള ലേഖനങ്ങളുടേയും വിശ്വാസപ്രമാണങ്ങളുടേയും സ്വഭാവമുള്ളവയായിരുന്നു. അവ ആയിരുന്നു പഴയ സ്ഥിരരൂപത്തിലുള്ള ഉപന്യാസങ്ങളും പഴയ വിശ്വാസപ്രമാണങ്ങളും. പഴയ സ്ഥിരരൂപത്തിലുള്ള ഉപന്യാസങ്ങളുടേയും അവയിലെ ഭാഷാരീതിയുടേയും പഴയ വിശ്വാസപ്രമാണങ്ങളുടേയും വൈരൂപ്യത്തെ പരസ്യമായി തുറന്നുകാട്ടിയതും, അവയ്ക്കെതിരായി പ്രക്ഷോഭണം നടത്തുവാൻ ജനങ്ങളെ ആഹ്വാനം ചെയ്തതുമായിരുന്നു മേയ് നാലു് പ്രസ്ഥാനത്തിൻെറ അതിമഹത്തായനേട്ടം. ഇതിനോടു ബന്ധപ്പെട്ടതും മഹത്തായതും ആയ മറെറാരു നേട്ടം ഈ പ്രസ്ഥാനം സാമ്രാജ്യത്വത്തിനു് എതിരായി നടത്തിയ സമരമായിരുന്നു. എങ്കിലും പഴയ സ്ഥിരരൂപത്തിലുള്ള ഉപന്യാസങ്ങൾക്കും പഴയ വിശ്വാസപ്രമാണങ്ങൾക്കും എതിരായ സമരം മേയ് നാലു് പ്രസ്ഥാനത്തിൻെറ ഏററവും മഹത്തായ നേട്ടങ്ങളിൽ ഒന്നായി അവശേഷിക്കുന്നു.

പക്ഷേ, പിന്നീടു് വിദേശങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യപ്പെട്ട സ്ഥിരരൂപത്തിലുള്ള രചനാശൈലിയും വിദേശീയ വിശ്വാസപ്രമാണങ്ങളും ചൈനയിൽ

പ്രത്യക്ഷപ്പെട്ടു. മാർക്സിസത്തിനു വിപരീതമായ പ്രവണതകൾക്കു് അടിമപ്പെട്ട നമ്മുടെ പാർട്ടിയിലെ ചില ആളുകൾ വിദേശങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യപ്പെട്ട സ്ഥിരരൂപത്തിലുള്ള രചനാശൈലിയേയും വിദേശീയ വിശ്വാസപ്രമാണങ്ങളേയും ആത്മനിഷ്ഠാവാദവും, വിഭാഗീയ ചിന്താഗതികളും സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളും ആയി വികസിപ്പിച്ചു. ഇവയാണു് പുതിയ സ്ഥിരരൂപത്തിലുള്ള രചനാശൈലിയും പുതിയ വിശ്വാസപ്രമാണങ്ങളും. അവ നമ്മുടെ പല സഖാക്കളുടേയും മനസ്സുകളിൽ വളരെ ഗാഢരൂപത്തിൽ അന്തർലീനമായി തീർന്നിട്ടുള്ളതുകൊണ്ടു്, നമുക്കു് ഇനിയും വളരെ ക്ലേശകരമായ ഒരു പുനർരൂപീകരണ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ടു്. പഴയ നാടുവാഴിത്ത സ്വഭാവത്തോടുകൂടിയതും സ്ഥിരരൂപത്തിലുള്ളതും ആയ രചനാശൈലിക്കും വിശ്വാസപ്രമാണങ്ങൾക്കും എതിരായി സമരം ചെയ്ത മേയ് നാലു് കാലഘട്ടത്തിലെ ഊർജ്ജസ്വലവും, സചേതനവും, പുരോഗമനപരവും, വിപ്ളവകരവും ആയിരുന്ന പ്രസ്ഥാനത്തെ പിന്നീടു് ചില ആളുകൾ നേരേ എതിരായി തിരിക്കുകയും, അപ്രകാരം പുതിയ സ്ഥിരരൂപത്തിലുള്ള രചനാശൈലിയും വിശ്വാസപ്രമാണവും ഉടലെടുക്കുകയും ചെയ്തു. ഈ പുതിയ പ്രവണത ഊർജ്ജസ്വലവും സചേതനവും അല്ല, പ്രത്യുത നിർജ്ജീവവും മരവിച്ചതുമാണു്; പുരോഗമനപരമല്ല, പ്രത്യുത പ്രതിലോമ സ്വഭാവത്തോടു കൂടിയതാണു്; വിപ്ളവകരമല്ല, പ്രത്യുത വിപ്ലവത്തിനു തടസ്സങ്ങൾ സൃഷ്ടിക്കുന്നതാണു്. അതായതു്, വിദേശങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യപ്പെട്ട സ്ഥിരരൂപത്തിലുള്ള രചനാശൈലി, അല്ലെങ്കിൽ സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾ, മേയ് നാലു് പ്രസ്ഥാനത്തിൻെറ മൗലികമായ സ്വഭാവത്തിനെററ ഒരു തിരിച്ചടിയാണു്. മേയ് നാലു് പ്രസ്ഥാനത്തിനു തന്നെ അതിൻേറതായ ദൗർബലതകൾ ഉണ്ടായിരുന്നു. ആ കാലഘട്ടത്തിലെ നേതാക്കന്മാരിൽ പലർക്കും നിരൂപണാത്മകമായ മാർക്സിസ്ററു് സമീപനം ഇല്ലാ

യിരുന്നു. അവർ ഉപയോഗപ്പെടുത്തിയ പ്രവർത്തന രീതി പൊതുവിൽ ബൂർഷ്വാസിയുടേതായിരുന്നു, അതായതു് നടപടിക്രമങ്ങൾക്കു് അത്യധികം പ്രാധാന്യം കൊടുത്തിരുന്ന പ്രവർത്തനരീതി ആയിരുന്നു. പഴയ സ്ഥിരരൂപത്തിലുള്ള രചനാശൈലിയേയും, പഴയ വിശ്വാസപ്രമാണങ്ങളേയും എതിർത്തു കൊണ്ടുള്ളതും ശാസ്ത്രത്തിനും ജനാധിപത്യത്തിനുംവേണ്ടി വാദിക്കുന്നതുമായ അവരുടെ നിലപാടു് തികച്ചും ശരിയായിരുന്നു. എന്നാൽ, സമകാലീന സ്ഥിതിഗതികളേയും, ചരിത്രത്തേയും, വിദേശീയമായിട്ടുള്ള കാര്യങ്ങളേയും കൈകാര്യം ചെയ്യുന്നതിൽ അവർക്കു് ചരിത്രാധിഷ്ഠിത ഭൗതികവാദപരമായ നിരൂപണാത്മകമായ സമീപനത്തിൻെറ കുറവുണ്ടായിരുന്നു; ചീത്തയായതെല്ലാം സിസ്സംശയമായും പൂർണ്ണമായും ചീത്തയാണെന്നും, നല്ലതെല്ലാം നിസ്സംശയമായും പൂർണ്ണമായും നല്ലതാണെന്നും അവർ പരിഗണിച്ചു. നടപടി ക്രമങ്ങൾക്കു് അത്യധികം പ്രാധാന്യം കൊടുത്തുകൊണ്ടു് പ്രശ്നങ്ങളോടു് നടത്തിയ സമീപനം പ്രസ്ഥാനത്തിൻെറ പിന്നീടുള്ള പുരോഗതിയെ ബാധിച്ചു. മേയ് നാലു് പ്രസ്ഥാനം അതിൻെറ വികസനദശയിൽ രണ്ടു പ്രവാഹങ്ങളായി പിരിഞ്ഞു. ഒരു വിഭാഗം പ്രസ്ഥാനത്തിൻെറ ശാസ്ത്രീയവും ജനാധിപത്യപരവും ആയ അന്തസ്സത്തയുടെ പരമ്പരാവകാശിയായി തീരുകയും അതിനെ മാർക്സിസ്റ്റ് അടിസ്ഥാനത്തിൽ രൂപാന്തരപ്പെടുത്തുകയും ചെയ്തു; ഇതാണു് കമ്യൂണിസ്ററുകാരും പാർട്ടിക്കു പുറത്തുണ്ടായിരുന്ന ചില മാർക്സിസ്റ്റുകളും ചെയ്തതു്. രണ്ടാമത്തെ വിഭാഗം ബൂർഷ്വാസിയുടെ മാർഗ്ഗമാണു് സ്വീകരിച്ചതു്; നടപടിക്രമങ്ങൾക്കു് അത്യധികം പ്രാധാന്യം കൊടുക്കുന്ന സ്വഭാവത്തിൻെറ വലതുപക്ഷ ചിന്താഗതിയുടെ നേരേയുള്ള വികസനമായിരുന്നു ഇതു്. എന്നാൽ, കമ്യൂണിസ്ററു് പാർട്ടിക്കു് ഉള്ളിലുള്ള സ്ഥിതിയും ഏകീകൃത സ്വഭാവത്തോടു കൂടിയതല്ലായിരുന്നു. അവിടെയും ചില അംഗങ്ങൾ ശരിയായ പാതയിൽനിന്നു് വ്യതിചലിക്കുകയും, മാർക്സിസത്തെകുറിച്ചു് വേണ്ടത്ര ജ്ഞാനം

ഇല്ലായിരുന്നതുകൊണ്ടു് നടപടിക്രമങ്ങാംക്കു് അത്യധികം പ്രാധാന്യം കൊടുക്കുന്ന സ്വഭാവത്തിൻെറ ഫലമായുണ്ടാകുന്ന തെററുകാം, അതായതു് ആത്മനിഷ്ഠാവാദത്തിൻേറയും വിഭാഗീയ ചിന്താഗതികളുടേയും സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളുടേയും രൂപത്തിലുള്ള തെററുകാം പ്രവർത്തിക്കുകയും ചെയ്തു. നടപടിക്രമങ്ങാംക്കു് അത്യധികം പ്രാധാന്യം കൊടുക്കുന്ന സ്വഭാവത്തിൻെറ ''ഇടതുപക്ഷ'' ചിന്താഗതിയുടെ നേരെയുള്ള വികസനമായിരുന്നു ഇതു്. അതുകൊണ്ടു്, സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങാം ഒരു ആകസ്മിക സംഭവം അല്ലെന്നും, പ്രത്യുത ഒരു ഭാഗത്തു്, മേയ് നാലു് പ്രസ്ഥാനത്തിൻെറ സൃഷ്ടിപരമായ ഘടകങ്ങാംക്കു് എതിരായ ഒരു പ്രത്യാഘാതം ആണെന്നും, മറുഭാഗത്തു് ഒരു ഓസ്യത്തു് ആണെന്നും, അതായതു് മേയ് നാലു് പ്രസ്ഥാനത്തിൻെറ നിഷേധാത്മകമായ ഘടകങ്ങളുടെ ഒരു തുടർച്ചയോ വികസനമോ ആണെന്നും കാണുവാൻ കഴിയുന്നതാണു്. ഇക്കാര്യം മനസ്സിലാക്കുന്നതു് നമ്മളെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കും. മേയ് നാലു് പ്രസ്ഥാനത്തിൻെറ കാലഘട്ടത്തിൽ പഴയ സ്ഥിരരൂപത്തിലുള്ള രചനാശൈലിക്കും, പഴയ വിശ്വാസപ്രമാണങ്ങാംക്കും എതിരായ സമരം വിപ്ളവകരവും ആവശ്യവും ആയിരുന്നതുപോലെതന്നെ, പുതിയ സ്ഥിരരൂപത്തിലുള്ള രചനാശൈലിക്കും പുതിയ വിശ്വാസപ്രമാണങ്ങാംക്കും എതിരായ വിമർശനം നടത്തുന്നതിനു് മാർക്സിസത്തെ ഉപയോഗപ്പെടുത്തുന്നതു് ഇന്നു് നമ്മളെ സംബന്ധിച്ചിടത്തോളം വിപ്ളവകരവും ആവശ്യവും ആയിരിക്കുന്നു. മേയ് നാലു് പ്രസ്ഥാനത്തിൻെറ കാലഘട്ടത്തിൽ പഴയ സ്ഥിരരൂപത്തിലുള്ള രചനാശൈലിക്കും പഴയ വിശ്വാസപ്രമാണങ്ങാംക്കും എതിരായ സമരം ഉണ്ടായിരുന്നില്ലെങ്കിൽ, ചൈനീസ് ജനതയുടെ ഹൃദയങ്ങാം അവയുടെ ബന്ധനത്തിൽനിന്നു് സ്വതന്ത്രമാവുകയും, ചൈനയ്ക്കു് വിമോചനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി യാതൊരു ആശയും ഉണ്ടാവുകയും ചെയ്യുകയില്ലായിരുന്നു. മേയ് നാലു് പ്രസ്ഥാനം ഈ സമര

ത്തിൻെറ തുടക്കം മാത്രമാണു കുറിച്ചതു്. പഴയ സ്ഥിരരൂപത്തിലുള്ള രചനാശൈലിയുടേയും വിശ്വാസപ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വമതസിദ്ധാന്തത്തിൻേറയും അധീശത്വത്തിൽനിന്നു് സ്വയം വിമുക്തരാകുവാൻ മുഴുവൻ ജനങ്ങളേയും കഴിവുള്ളവരാക്കി തീർക്കുന്നതിനു് ഒരു വളരെ ബൃഹത്തായ ശ്രമം—വിപ്ളവകരമായ പുനർ വിദ്യാഭ്യാസത്തിൻെറ രംഗത്തു് ഒരു വൻപിച്ച ജോലി—ഇനിയും ആവശ്യമായിരിക്കുന്നു. നമ്മൾ ഇപ്പോൾ പുതിയ സ്ഥിരരൂപത്തിലുള്ള രചനാശൈലിയേയും പുതിയ വിശ്വാസപ്രമാണങ്ങളേയും എതിർക്കുന്നില്ലെങ്കിൽ, ചൈനീസ് ജനതയുടെ ഹൃദയങ്ങൾ മറെറാരു തരത്തിലുള്ള (formalism)ഫോർമലിസത്തിനു് അടിമപ്പെടും. ഒരു വിഭാഗം(ഒരു വിഭാഗം മാത്രമാണെന്നു് ഉറപ്പിച്ചു പറയുവാൻ കഴിയും) പാർട്ടി അംഗങ്ങളുടെ ഇടയിൽ കണ്ടുവരുന്ന സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾ രചിക്കുന്നതിൻേറയും (dogmatism)സ്വമതസിദ്ധാന്തത്തിൻെറ തെററുകളുടേയും വിഷമയമായ സ്വഭാവത്തിൽ നിന്നു് നമ്മൾ രക്ഷപ്രാപിച്ചില്ലെങ്കിൽ, ഊർജ്ജസ്വലവും സചേതനവും ആയ ഒരു വിപ്ലവചൈതന്യം ഉത്തേജിപ്പിക്കുവാനും, മാർക്സിസത്തിൻെറനേരേ ഒരു തെററായ സമീപനം സ്വീകരിക്കുകയെന്ന ചീത്ത സ്വഭാവത്തെ ഉന്മൂലനാശം വരുത്തുവാനും, മാർക്സിസത്തിൻെറ ശരിയായ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാനും വികസിപ്പിക്കുവാനും നമുക്കു് അസാദ്ധ്യമായിതീരും; ഇതിനുംപുറമേ, പഴയ സ്ഥിരരൂപത്തിലുള്ള രചനാശൈലിക്കും വിശ്വാസപ്രമാണങ്ങൾക്കും ജനങ്ങളുടെ ഇടയിലുള്ള സ്വാധീനത്തിനു് എതിരായും, വിദേശങ്ങളിൽനിന്നു് ഇറക്കുമതിചെയ്യപ്പെട്ട സ്ഥിരരൂപത്തിലുള്ള രചനാശൈലിക്കും വിശ്വാസപ്രമാണങ്ങൾക്കും ജനങ്ങളിൽ പലരുടേയും ഇടയിലുള്ള സ്വാധീനത്തിനു് എതിരായും ഒരു ഊർജ്ജസ്വലമായ സമരം നടത്തുന്നതു് അസാദ്ധ്യമായിത്തീരുകയും, ഈ സ്വാധീനങ്ങളെ നിലംപരിശാക്കുകയും തുടച്ചുദൂരെ മാററുകയും ചെയ്യുകയെന്ന ഉദ്ദേശം നേടിയെടുക്കുന്നതു് അസാദ്ധ്യമായിത്തീരുകയും ചെയ്യും.

ആത്മനിഷ്ഠാവാദവും, വിഭാഗീയ ചിന്താഗതികളും, സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളും—ഇവ മൂന്നും മാർക്സിസ്ററ് വിരുദ്ധമായിട്ടുള്ളവയാണ്; ഇവ തൊഴിലാളിവർഗ്ഗത്തിനു വേണ്ടി ഉള്ളതല്ല, പ്രത്യുത ചൂഷക വർഗ്ഗങ്ങൾക്കുവേണ്ടി ഉള്ളതാണ്. ഇവ, നമ്മുടെ പാർട്ടികളുള്ളിലെ പെററിബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെ ഒരു പ്രതിഫലനമാണ്. വളരെ വലിയ ഒരു പെററിബൂഷ്വാ വിഭാഗമുള്ള ഒരു രാജ്യമാണ് ചൈന. ഈ അതിവിപുലമായ വർഗ്ഗം നമ്മുടെ പാർട്ടിയെ വലയം ചെയ്തിരിക്കുന്നു. നമ്മുടെ പാർട്ടിഅംഗങ്ങളിൽ ഒരുവലിയ സംഖ്യ ഈ വർഗ്ഗത്തിൽ നിന്നു വന്നവരാണ്. അവർ പാർട്ടിയിൽ ചേരുമ്പോൾ, വലിയ അളവിൽ ആണെങ്കിലും ശരി ചെറിയ അളവിൽ ആണെങ്കിലുംശരി, പെററിബൂർഷ്വാ സ്വാധീനങ്ങളെ അവർ പാർട്ടിക്കുള്ളിലേക്കു കൊണ്ടുവരുന്നു. പെററിബൂർഷ്വാ വിപ്ലവകാരികളുടെ അന്ധമായ വിശ്വാസത്തേയും ഏകപക്ഷീയമായ മനോഭാവത്തേയും നിയന്ത്രിക്കുകയും നേരെയാക്കുകയും ചെയ്തില്ലെങ്കിൽ ആത്മനിഷ്ഠാവാദത്തിനും വിഭാഗീയചിന്താഗതികൾക്കും കാരണഭൂതമായി തീരുവാൻ അവയ്ക്ക് എളുപ്പം കഴിയുന്നതാണ്. ഈ പ്രവണതയുടെ ഒരു പ്രകാശനരൂപമാണ് വിദേശങ്ങളിൽ നിന്നു് ഇറക്കുമതി ചെയ്ത സ്ഥിരരൂപത്തിലുള്ള രചനാശൈലി, അഥവാ സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾ.

ഈ വക കാര്യങ്ങളെ ശുചീകരിക്കുന്നതും അടിച്ചു ദൂരെ കളയുന്നതും എളുപ്പമല്ല. ഇതു വളരെ ശരിയായി ചെയ്യേണ്ട ഒരു ജോലിയാണ്; അതായതു് ജനങ്ങളുമായി യുക്തിവാദം ചെയ്യുവാൻ നിരന്തരമായി പരിശ്രമിച്ചുകൊണ്ട് നേടിയെടുക്കേണ്ട ഒന്നാണിതു്. നമ്മൾ ആത്മാർത്ഥതയോടുകൂടിയും വേണ്ടവിധവും യുക്തിവാദം ചെയ്യുകയാണെങ്കിൽ അതു് വളരെ ഫലവത്തായിരിക്കും. യുക്തിവാദം നടത്തുന്ന ഈ പ്രക്രിയയിൽ ആദ്യമായി ചെയ്യേണ്ടതു് ''നിങ്ങൾക്ക് രോഗമാണ്'' എന്നു് അട്ടഹസിച്ച് രോഗിയിൽ ഒരു നടുക്കം ഉണ്ടാക്കുകയാണ്. അപ്പോൾ രോഗി ഭയംകൊണ്ട് വിയ

ക്കുവാൻ തുടങ്ങും. ആ സമയത്തു്, എങ്ങിനെയാണു് ചികിത്സ നടത്തേണ്ടതു് എന്നതിനെ കുറിച്ചു് അയാശക്കു് ആത്മാത്ഥമായ ഉപദേശം നൽകണം.

നമുക്കു്, അടുത്തതായി സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനത്തെ വിശകലനം ചെയ്യുകയും അതിന്റെ തിന്മകശ എന്തൊക്കെയാണെന്നു് നോക്കുകയും ചെയ്യാം. സ്ഥിരരൂപത്തിലുള്ള ''എട്ടുഭാഗങ്ങളുള്ള'' ഉപന്യാസങ്ങശക്കെതിരായിട്ടുള്ള നമ്മുടെ പ്രധാനപ്പെട്ട എട്ടു കുററാരോപണങ്ങശ താഴെ പറയുന്നവയാണു്.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനത്തിനെതിരായുള്ള ആദ്യത്തെ കുററാരോപണം, അതു് പൊള്ളയായ പദബാഹുല്യംകൊണ്ടു് അനേകം പേജുകശ നിറയ്ക്കുന്നു എന്നുള്ളതാണു്. നമ്മുടെ ചില സഖാക്കശ അന്തസ്സാരശൂന്യമായ ദീർഘലേഖനങ്ങശ എഴുതുവാൻ ഇഷ്ടപ്പെടുന്നു. എന്തിനാണവർ ഇത്ര ദീർഘവും കഴമ്പില്ലാത്തവയുമായ ലേഖനങ്ങശ എഴുതുന്നതു്? ഒരു വിശദീകരണം മാത്രമേ കാണുവാൻ കഴിയുന്നുള്ളു: ജനങ്ങശ അവയെ വായിക്കരുതെന്നു് അവർക്കു നിർബന്ധമാണു്. ലേഖനങ്ങശ ദീർഘവും നിരത്ഥകവും ആയതുകൊണ്ടു്, അവ കാണുമ്പോശ തന്നെ ജനങ്ങശ വിസമ്മതഭാവത്തിൽ തങ്ങളുടെ തല ആട്ടുന്നു. പിന്നെ എങ്ങിനെയാണു് അവരതു് വായിക്കുമെന്നു് പ്രതീക്ഷിക്കുവാൻ കഴിയുക? ശുദ്ധഗതിക്കാരായ ആളുകളെ ജാഡപറഞ്ഞു് പററിക്കുന്നതൊഴിച്ചു് അതുപോലെയുള്ള ലേഖനങ്ങശ കൊണ്ടു് യാതൊരു പ്രയോജനവും ഇല്ല. അങ്ങിനെയുള്ളവരെ ഇവ ദൂഷിച്ച സ്വാധീനങ്ങശക്കു വശഗരാക്കുകയും, അവർക്കിടയിൽ ചീത്തസ്വഭാവങ്ങശ വളർത്തുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം ജൂൺ ഇരുപത്തിരണ്ടാം തീയതി സോവിയററു് യൂണിയൻ അതിൻെറ നേരെയുള്ള കടന്നാക്രമണത്തിനെതിരായി ഒരു വമ്പിച്ച യുദ്ധം ആരംഭിച്ചു. എന്നിട്ടും ജൂലൈ മൂന്നാം തീയതി സ്റ്റാലിൻ ചെയ്ത പ്രസംഗം നമ്മുടെ 'ലിബറേഷൻ ഡെയ്‌ലി'യുടെ മുഖപ്രസംഗത്തോളം മാത്രം ദൈർഘ്യമുള്ളതായിരുന്നു. നമ്മുടെ മാന്യന്മാരിൽ ആരെങ്കിലും ആണു്

ആ പ്രസംഗം എഴുതിയിരുന്നതെങ്കിലോ! ചുരുങ്ങിയതു് അതിനു പതിനായിരക്കണക്കിനു വാക്കുകളുടെ എങ്കിലും ദൈർഘ്യം ഉണ്ടാകുമായിരുന്നേനെ. നമ്മൾ ഒരു യുദ്ധത്തിൻെറ നടുവിൽ ആണു് ഇപ്പോൾ ജീവിക്കുന്നതു്. അതുകൊണ്ടു് ഹ്രസ്വവും കാര്യമാത്ര പ്രസക്തവും ആയ ലേഖനങ്ങൾ എഴുതുവാൻ നമ്മൾ പഠിക്കണം. ഇതുവരെയും ഇവിടെ യെനാനിൽ യുദ്ധം ഒന്നും പൊട്ടിപ്പുറപ്പെട്ടിട്ടില്ലെങ്കിലും മുന്നണിയിലുള്ള നമ്മുടെ സൈനികർ ദിവസവും യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയും, പിന്നണി പ്രദേശങ്ങളിലെ ജനങ്ങൾ തിരക്കിട്ടു് ജോലി ചെയ്യുകയുമാണു്. ലേഖനങ്ങൾക്കു് വളരെ ദൈർഘ്യമുണ്ടെങ്കിൽ ആരാണു് അവ വായിക്കുവാൻ മിനക്കെടുക? മുന്നണിയിലുള്ള ചില സഖാക്കളും ദീർഘമായ റിപ്പോർട്ടുകൾ എഴുതുന്നതിൽ താൽപര്യം കാണിക്കുന്നു. അവർ വളരെ ക്ലേശപ്പെട്ടു് അവ എഴുതി നമ്മൾ വായിക്കുന്നതിനായിട്ടു് ഇങ്ങോട്ടു് അയച്ചുതരുന്നു. പക്ഷേ അവയെ വായിക്കുന്നതിനുള്ള സാഹസികത ആർക്കാണുള്ളതു്? ദീർഘവും നിരർത്ഥകവും ആയ ലേഖനങ്ങൾ ഉപയോഗശൂന്യമാണെങ്കിൽ, ഹ്രസ്വവും നിരർത്ഥകവും ആയ ലേഖനങ്ങൾ ഏതെങ്കിലും തരത്തിൽ കൂടുതൽ മെച്ചപ്പെട്ടവയാണോ? അവയും ഉപയോഗശൂന്യമാണു്. എല്ലാവിധ നിരർത്ഥകമായ സംസാരവും നമ്മൾ നിരോധിക്കണം. പക്ഷേ, പ്രഥമവും പ്രധാനവും ആയിട്ടുള്ള കർത്തവ്യം ദീർഘവും നിരർത്ഥകവും ആയിട്ടുള്ള ലേഖനങ്ങളെ ചവററുകുട്ടയിൽ എറിയുകയാണു്. ചിലർ ചോദിച്ചു എന്നുവരാം: '' 'മൂലധനം' വളരെ ദീർഘമല്ലേ? അതിൻെറ കാര്യത്തിൽ നമ്മൾ എന്താണു ചെയ്യേണ്ടതു്?'' ഉത്തരം വളരെ ലഘുവാണു്: അതു തുടന്നു വായിച്ചു കൊണ്ടിരിക്കുക. ഒരു പഴഞ്ചൊല്ലുണ്ടു്: ''വ്യത്യസ്തമായ പർവതങ്ങളിൽ വ്യത്യസ്തമായ പാട്ടുകൾ പാടണം'' വേറൊരു പഴഞ്ചൊല്ലിൽ പറയുന്നതു് ഇങ്ങിനെയാണു്: ''ഭക്ഷണത്തിനനുസരിച്ചു് വിശപ്പിനെ നിയന്ത്രിക്കുക, ശരീരപ്രകൃതി അനുസരിച്ചു് വസ്ത്രങ്ങൾ തയാറാക്കുക''. നമ്മുടെ പ്രവർത്തികൾ എല്ലാം യഥാർത്ഥ

ത്തിലുള്ള പരിതസ്ഥിതികൾക്ക് അനുസരിച്ച് ആയിരിക്കണം. ലേഖനങ്ങൾ എഴുതുന്ന കാര്യത്തിൽ ആയാലും പ്രസംഗങ്ങൾ നടത്തുന്ന കാര്യത്തിൽ ആയാലും ഇതു ബാധകമാണ്. അനാവശ്യമായി ദൈർഘ്യമുള്ളതും നിരർത്ഥകവുമായ സ്ഥിരരൂപത്തിലുള്ള ലേഖനങ്ങളെ ആണ് നമ്മൾ എതിർക്കുന്നതു്. എന്നാൽ, നന്നായിരിക്കണമെങ്കിൽ എല്ലാംതന്നെ ഹ്രസ്വമായിരിക്കണമെന്ന് നമ്മൾ ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. യുദ്ധസമയത്തു് നമുക്ക് ഹ്രസ്വമായ ലേഖനങ്ങളാണ് ആവശ്യമെന്നതു് ശരിയാണ്. പക്ഷേ എല്ലാത്തിനും ഉപരി നമുക്ക് ആവശ്യമുള്ളതു് കഴമ്പുള്ള ലേഖനങ്ങൾ ആണ്. അന്തസ്സാരശൂന്യമായ ലേഖനങ്ങളെ ആണ് ഒട്ടുംതന്നെ സാധൂകരിക്കുവാൻ പാടില്ലാത്തതും ഏററവും അധികം എതിർക്കേണ്ടതും. പ്രസംഗത്തിൻെറ കാര്യത്തിലും ഇതുതന്നെ ബാധകമാണ്; നിരർത്ഥകവും ആവശ്യത്തിലധികം ദൈർഘ്യമുള്ളതുമായ പ്രസംഗങ്ങൾ ചെയ്യുന്ന സ്വഭാവം നമ്മൾ മാററണം.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനത്തിനു് എതിരായുള്ള രണ്ടാമത്തെ കുററാരോപണം, ഇതു് ജനങ്ങളെ ഭീഷണി പ്രയോഗിച്ച് സ്വാധീനിക്കുന്നതിനുവേണ്ടി കപടഭാവം കാട്ടുന്നു എന്നുള്ളതാണ്. ചില സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾ ദീർഘവും നിരർത്ഥകവും ആണെന്നു മാത്രമല്ല, ജനങ്ങളെ ഭീഷണികൊണ്ട് സ്വാധീനിക്കുക എന്ന മനഃപൂർവമായ ഉദ്ദേശത്തോടുകൂടി കപടഭാവം കാട്ടുന്നവയുമാണ്; ഇതു് ഏററവും ദോഷകരമായ വിധത്തിലുള്ള വിഷം വഹിക്കുന്നു. അനാവശ്യമായ ദൈർഘ്യമുള്ളതും നിരർത്ഥകവുമായ ലേഖനങ്ങൾ പക്വതയില്ലായ്മയുടെ ലക്ഷണമാണെന്നു പറഞ്ഞു് തള്ളിക്കളയുവാൻ കഴിഞ്ഞേക്കും. പക്ഷേ, ജനങ്ങളെ ഭീഷണിപ്പെടുത്തി സ്വാധീനിക്കുന്നതിനുവേണ്ടി കപടഭാവം കാട്ടുന്നതു് വെറും പക്വതയില്ലായ്മ മാത്രമല്ല, നേരേമറിച്ച് പ്രത്യക്ഷമായ വഞ്ചനയാണ്. ഇതുപോലെയുള്ള ആളുകളെ വിമർശിച്ചുകൊണ്ട് ലൂഷുൺ ഒരിക്കൽ പറ

ഞ്ഞു: ''അധിക്ഷേപങ്ങളും ഭീഷണികളും പ്രയോഗിക്കുന്നതു് തീർച്ചയായും സമരം ചെയ്യലല്ല.'' x ശാസ്ത്രീയമായ എന്തും ഒരിക്കലും വിമർശനത്തെ ഭയപ്പെടുന്നില്ല; ശാസ്ത്രം സത്യമാണു്, അതു് ഒരു എതിർപ്പിനേയും ഭയപ്പെടുന്നില്ല. എന്നാൽ സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളുടെ രൂപത്തിൽ ആത്മനിഷ്ഠാപരവും വിഭാഗീയ ചിന്താഗതികളോടുകൂടിയതുമായ ലേഖനങ്ങളും പ്രസംഗങ്ങളും എഴുതുന്നവർ എതിർപ്പിനെ ഭയപ്പെടുകയും, വളരെ ഭീരുക്കൾ ആയിരിക്കുകയും, അതുകൊണ്ടു് തങ്ങൾക്കു് ജനങ്ങളെ നിശ്ശബ്ദരാക്കുവാൻ കഴിയുമെന്നും തൽക്കാലത്തേക്കു് ജയിച്ചു നിൽക്കുവാൻ കഴിയുമെന്നുമുള്ള വിശ്വാസത്തിൽ മററുള്ളവരെ ഭീഷണി പ്രയോഗിച്ചു് സ്വാധീനിക്കുന്നതിനായി കപടഭാവത്തെ ആശ്രയിക്കുകയും ചെയ്യുന്നു. ഇതുപോലെയുള്ള കപടഭാവങ്ങൾക്കു് സത്യത്തെ പ്രതിഫലിപ്പിക്കുവാൻ കഴിയുകയില്ല, നേരേമറിച്ചു് അവ സത്യത്തെ തടസ്സപ്പെടുത്തുന്നവയാണു്. സത്യം ജനങ്ങളെ ഭീഷണിപ്പെടുത്തി സ്വാധീനിക്കുന്നതിനുവേണ്ടി കപടഭാവം കാട്ടുന്നില്ല; പ്രത്യുത അതു് സത്യസന്ധവും ആത്മാർത്ഥവും ആയ സംഭാഷണങ്ങളിലും പ്രവർത്തനങ്ങളിലുംകൂടി സ്വയം പ്രകാശിതമാകുന്നു. ''നിഷ്ഠുരമായ സമരങ്ങൾ,'' ''നിർദ്ദയമായ പ്രഹരങ്ങൾ'' എന്നീ രണ്ടു പദപ്രയോഗങ്ങൾ പല സഖാക്കളുടേയും പ്രസംഗങ്ങളിലും ലേഖനങ്ങളിലും ആവർത്തിച്ചു പ്രത്യക്ഷപ്പെടാറുണ്ടു്. ശത്രുവിനെതിരായിട്ടോ, അല്ലെങ്കിൽ ശത്രുവിൻെറ പ്രത്യയശാസ്ത്രത്തിനു് എതിരായിട്ടോ അതുപോലെയുള്ള നടപടികൾ തികച്ചും ആവശ്യമാണു്. പക്ഷേ അവയെ നമ്മുടെ സ്വന്തം സഖാക്കൾക്കെതിരായി പ്രയോഗിക്കുന്നതു തെററാണു്. ശത്രുക്കളും ശത്രുവിൻെറ പ്രത്യയശാസ്ത്രവും പാർട്ടിയ്ക്കുള്ളിലേക്കു് നുഴഞ്ഞു കയറുന്നതു് പലപ്പോഴും സംഭവിക്കുന്ന ഒരു കാര്യമാണു്. ''സോ

x ലൂഷുൺ, കംപ്ലീററു് വർക്ക്സ്, ചൈനീസ്പതിപ്പു്, ഭാഗം അഞ്ചു്.

വിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ (ബോറംഷെവിക്സ്) ചരിത്രം, സംക്ഷിപ്തപാഠം'' എന്ന പുസ്തകത്തിൽ നാലാം അദ്ധ്യായത്തിൻെറ അവസാനം ഇക്കാര്യം ചർച്ചചെയ്തിട്ടുണ്ട്. ഈ ശത്രുക്കറംക്ക് എതിരായി നമ്മറം നിസ്സംശയമായിട്ടും നിഷ്ഠൂരമായ സമരത്തേയും നിർദ്ദയമായ പ്രഹരങ്ങളേയും ആശ്രയിക്കണം; എന്തെന്നാൽ ഈ ആഭാസന്മാർ ഇതേ മാർഗ്ഗങ്ങറം തന്നെയാണ് പാർട്ടിക്ക് എതിരായി ഉപയോഗപ്പെടുത്തുന്നതു്; നമ്മറം അവരോട് സഹിഷ്ണുത കാണിക്കുകയാണെങ്കിൽ നമ്മറം അവരുടെ കെണിയിൽത്തന്നെ ചെന്നുവീഴം. പക്ഷേ ഇതേ നടപടികറം വല്ലപ്പോഴം തെററുകറം പ്രവർത്തിക്കുന്നവരായ നമ്മുടെ സഖാക്കറംക്ക് എതിരായി പ്രയോഗിക്കുന്നതു്; ''സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റു പാർട്ടിയുടെ (ബോറംഷെവിക്സ്) ചരിത്രം, സംക്ഷിപ്തപാഠം'' എന്ന പുസ്തകത്തിൽ അഞ്ചാം അദ്ധ്യായത്തിൻെറ അവസാനം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെയുള്ള വിമർശനത്തിൻേറയും സ്വയം വിമർശനത്തിൻേറയും സമ്പ്രദായമാണ് അവരെ സംബന്ധിച്ചിടത്തോളം നമ്മറം പ്രയോഗിക്കേണ്ടതു്. വല്ലപ്പോഴം മാത്രം തെററുകറം പ്രവർത്തിച്ചവരായ സഖാക്കറംക്ക് എതിരായി ''നിഷ്ഠൂരമായ സമരങ്ങറം'' നടത്തണമെന്നും അവരെ ''നിർദ്ദയമായ പ്രഹരങ്ങറം'' ഏൽപ്പിക്കണമെന്നും കഴിഞ്ഞ കാലത്തു് ഉറക്കെ വാദിച്ചവരായ സഖാക്കറം അപ്രകാരം ചെയ്യുതിനുള്ള കാരണങ്ങറം, ഒന്നു്, തങ്ങറം കൈകാര്യം ചെയ്തിരുന്ന വ്യക്തികളെ കുറിച്ച് എന്തെങ്കിലും വിശകലനം നടത്തുന്നതിൽ അവർ പരാജയപ്പെട്ടു എന്നതും, രണ്ട്, ഭീഷണി പ്രയോഗിച്ച് സ്വാധീനിക്കുന്നതിനുള്ള ശ്രമത്തിൽ അവർ ഒരു കപടനാട്യം കാണിക്കുകയായിരുന്നു എന്നതുമാണ്. നിങ്ങറം ആരുടെ പ്രശ്നം കൈകാര്യം ചെയ്യുകയാണെങ്കിലും ശരി ഈ സമ്പ്രദായം നല്ലതല്ല. ശത്രുവിനെതിരായി ഈ ഭീഷണിപ്രയോഗം തികച്ചും ഉപയോഗശൂന്യമാണ്. നമ്മുടെ സ്വന്തം സഖാക്കളെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ ഇതു് ദോഷം മാത്രമേ

ചെയ്യുകയുള്ളു. ചൂഷകവർഗ്ഗങ്ങളും 'ലംപെൻ' തൊഴിലാളിവർഗ്ഗവും സാധാരണയായി ഉപയോഗിക്കാറുള്ള ഒരു തന്ത്രമാണിതു്; പക്ഷേ തൊഴിലാളിവർഗ്ഗത്തിനു് ഇതുകൊണ്ടു യാതൊരു ഉപയോഗവും ഇല്ല. തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഏററവും മൂർച്ചയുള്ളതും ഏററവുമധികം ഫലപ്രദവുമായ ആയുധം ഗൗരവതരവും സമരോൽസുകവും ആയ ഒരു ശാസ്ത്രീയമനോഭാവമാണു്. കമ്മ്യൂണിസ്റ്റ്പാർട്ടി നിലനിൽക്കുകയും വളരുകയും ചെയ്യുന്നതു് മാർക്സിസം—ലെനിനിസമെന്ന സത്യത്തെ അടിസ്ഥാനമാക്കിയാണു്, വസ്തുതകളിൽനിന്നു് സത്യത്തെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിൽ കൂടിയാണു്, ശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ ആണു്, അല്ലാതെ ജനങ്ങളെ ഭീഷണികൊണ്ടു് വശത്താക്കുന്നതിൽക്കൂടിയല്ല. കപടഭാവം പ്രദർശിപ്പിച്ചുകൊണ്ടു് സ്വന്തമായി പേരും പ്രശസ്തിയും നേടിയെടുക്കുന്നതിനുള്ള ശ്രമം ഇതിലും എത്രയോ അധികം നിന്ദ്യമാണെന്ന കാര്യം പറയേണ്ടതന്നെ ആവശ്യമില്ലല്ലോ. ചുരുക്കിപ്പറഞ്ഞാൽ, സംഘടനകറം തീരുമാനങ്ങറം എടുക്കുകയും നിർദ്ദേശങ്ങറം പുറപ്പെടുവിക്കുകയും ചെയ്യുമ്പോഴും, സഖാക്കറം ലേഖനങ്ങറം എഴുതുമ്പോഴും പ്രസംഗങ്ങറം നടത്തുമ്പോഴും, അവർ പൂർണ്ണ മനസ്സോടെ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സത്യത്തെ ആശ്രയിക്കുകയും, ഉപകാരപ്രദമായ ഒരു ഉദ്ദേശത്തിനുവേണ്ടി സേവനം അനുഷ്ഠിക്കുവാൻ തയ്യാറാവുകയും ചെയ്യണം. ഈ അടിസ്ഥാനത്തിൽ മാത്രമേ വിപ്ലവത്തിൽ നമുക്കു് വിജയം നേടിയെടുക്കുവാൻ കഴിയുകയുള്ളു; മറെറല്ലാ മാർഗ്ഗങ്ങളും ഉപയോഗശൂന്യമാണു്.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങറംക്കെതിരായ മൂന്നാമത്തെ കുററാരോപണം, അതു് സദസ്യരെ പരിഗണിക്കാതെ യാതൊരു ലക്ഷ്യബോധവും കൂടാതെ അമ്പെയ്യുന്നു എന്നുള്ളതാണു്. കുറച്ചുവർഷങ്ങറംക്കു്മുൻപു് യെനാൻ നഗരത്തിലെ ഒരു ഭിത്തിയിൽ ഒരു മുദ്രാവാക്യം പ്രത്യക്ഷപ്പെട്ടു: ''തൊഴിലാളികളെ, കർഷകരെ, ജപ്പാനു് എതിരായുള്ള പ്രതിരോധസമരത്തിൽ വിജയം നേടുന്നതിനുവേണ്ടി സംഘടിക്കുകയും തീവ്രമായി അദ്ധ്വാ

നിക്കുകയും ചെയ്യുക.''മുദ്രാവാക്യത്തിലെ ആശയം വളരെ നല്ലതായിരുന്നു. പക്ഷേ അതു് എഴുതിയ സഖാവു് ഉപയോഗിച്ച ചില ലിപികാം ദുർഗ്രാഹ്യങ്ങളായിരുന്നു. ആ സഖാവു് പൗരാണിക പണ്ഡിതന്മാരുടെ ഒരു ശിഷ്യനായിരുന്നു എന്നതു് ആ ലിപികാം സംശയാതീതമാം വിധം തെളിയിച്ചു. പക്ഷേ യെനാൻ നഗരത്തിലെ ഒരു ഭിത്തിയിൽ പ്രതിരോധയുദ്ധത്തിന്റെ സമയത്തു് എന്തിനാണു് അയാാം അതുപോലെയുള്ള ലിപികാം എഴുതിയതു് എന്ന കാര്യത്തിനു് ഉത്തരം കണ്ടെത്താൻ വിഷമമാണു്. ഒരുപക്ഷേ, സാധാരണ ജനങ്ങാം അതു വായിക്കരുതെന്നു് അയാാം ഒരു പ്രതിജ്ഞ എടുത്തിട്ടുണ്ടായിരുന്നിരിക്കാം. മറെറാരു വിശദീകരണവും കണ്ടുപിടിക്കുവാൻ വിഷമമാണു്. പ്രചരണം നടത്തുവാൻ യഥാർത്ഥത്തിൽ ആഗ്രഹമുള്ള കമ്യൂണിസ്റ്റ്കാർ തങ്ങളുടെ സദസ്യരെ കണക്കിലെടുക്കുകയും തങ്ങളുടെ ലേഖനങ്ങളും മുദ്രാവാക്യങ്ങളും വായിക്കുന്നതു് ആരാണെന്നും, അല്ലെങ്കിൽ തങ്ങളുടെ പ്രസംഗങ്ങളും സംഭാഷണങ്ങളും കോംക്കുന്നതു് ആരാണെന്നും ഉള്ള കാര്യത്തിൽ മനസ്സിരുത്തുകയും ചെയ്യണം; മറിച്ചാണെങ്കിൽ തങ്ങാം എഴുതുന്നതും പറയുന്നതും ആരുംതന്നെ വായിക്കുകയും കോംക്കുകയും ചെയ്യണ്ടാ എന്നു് അവർ ദൃഢനിശ്ചയം എടുത്തതു പോലെയുള്ള ഫലമായിരിക്കും ഉണ്ടാവുക. തങ്ങാം എഴുതുന്നതും പറയുന്നതും എല്ലാം എല്ലാവക്കും എളുപ്പം മനസ്സിലാക്കുവാൻ കഴിയുമെന്നു് പല ആളുകളും തെററായി ധരിച്ചു വച്ചിരിക്കുന്നു, പക്ഷേ യാഥാർത്ഥ്യം നേരേ മറിച്ചാണു്. അവർ സ്ഥിരരൂപത്തിലുള്ള ഭാഷാശൈലിയിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോാം എങ്ങിനെയാണു് ജനങ്ങാംക്കു് അവരെ മനസ്സിലാക്കുവാൻ കഴിയുക? ''പശുവിന്റെ മുൻപിൽ ഓടക്കുഴൽ വായിക്കുക'' എന്ന പഴഞ്ചൊല്ലു് ഉപയോഗിക്കുക ആണെങ്കിൽ അതു് സദസ്യരോടുള്ള അപഹാസത്തെ ദ്യോതിപ്പിക്കുക ആയിരിക്കും. നേരേമറിച്ചു് നമ്മാം പരിഗണന കൊടുക്കുന്നതു് സദസ്യരോടുള്ള ബഹുമാനത്തിനാണെങ്കിൽ അപഹാസം ഓടക്കുഴൽവായനക്കാരനെതിരായി തിരിയും.

തൻെറ സദസ്യരെ പരിഗണിക്കാതെ എന്തിനാണ് അയാാം ഇങ്ങിനെ വായന തുടരുന്നതു്? കൂടുതൽ വഷളായകാര്യം, അയാാം കാക്കയുടെ കരച്ചിൽപോലെ കർണ്ണകഠോരമായ, സ്ഥിരരൂപത്തിലുള്ള ഒരു പാർട്ടി ലേഖനം എഴുതിഉണ്ടാക്കുകയും, എന്നിട്ടു് താൻ ജനങ്ങളുടെ മുൻപിൽ കുയിൽനാദം പുറപ്പെടുവിക്കുകയാണെന്നു് നിർബന്ധം പിടിക്കുകയും ചെയ്യുന്നതാണ്. അമ്പു് എയ്യുന്ന സമയത്തു് ഒരാാം ലക്ഷ്യസ്ഥാനത്തിനുനേരേ ഉന്നം വയ്ക്കണം; ഓടക്കുഴൽ വായിക്കുന്ന സമയത്തു് ശ്രോതാവു് ആരാണെന്നു് പരിഗണിക്കണം; എങ്ങിനെയാണ് ഒരാാംക്കു് വായനക്കാരേയോ സദസ്യരേയോ കണക്കിലെടുക്കാതെ ലേഖനങ്ങാം എഴുതുവാനോ പ്രസംഗിക്കുവാനോ കഴിയുക? നമ്മാം ആരെങ്കിലുമായിട്ടു് സുഹൃദ്ബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നമ്മുടെ വിചാരങ്ങളും വികാരങ്ങളും പരസ്പരം കൈമാറാതെ നമുക്കു് ആത്മാർത്ഥ സുഹൃത്തുക്കളായിത്തീരുവാൻ കഴിയുമോ? നമ്മുടെ പ്രചരണ പ്രവർത്തകർ തങ്ങളുടെ സദസ്യരെ കുറിച്ചു് അന്വേഷണം നടത്തുകയും അവരെ പഠിക്കുകയും വിശകലനം നടത്തുകയും ചെയ്യാതെ തെരുതെരെ സംസാരിച്ചു കൊണ്ടിരുന്നാൽ അതുകൊണ്ടു് ഒരിക്കലും യാതൊരു പ്രയോജനവുമുണ്ടാകുകയില്ല.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങാംക്കെതിരായ നാലാമത്തെ കുററാരോപണം, ഒരു ''പിയെസാനെ'' x ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള അവയിലെ വിരസമായ ഭാഷയാണ്. നമ്മുടെ സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളെപ്പോലെ ഷാംഗ്ഹായിയിലെ ''കുഞ്ഞു പിയെസാൻ'' എന്നറിയപ്പെടുന്ന ജന്തുക്കളും ശുഷ്കിച്ചവരും വൈരൂപ്യമുള്ളവയും ആണ്. ഒരു ലേഖനമോ പ്രസംഗമോ, ഒരു സ്കൂാം വിദ്യാർത്ഥിയുടെ രചനയിൽ എന്നതുപോലെ, ഊർജ്ജസ്വലവും കരുത്തുള്ളതുമായ ഭാഷ കൂടാതെ കുറെ സൂചകപദങ്ങളെ വീണ്ടും വീണ്ടും ആവർത്തിക്കുക മാത്രം ചെയ്യുകയാണെങ്കിൽ,

---

x പല്ലിയെപോലുള്ള ഒരു ജന്തു.

അതു് വിരസമായ ശബ്ദവും വെറുപ്പു ജനിപ്പിക്കുന്ന ആകൃതിയും ഉള്ള ഒരു പിയെസെനെപ്പോലെതന്നെ ആയിരിക്കുകയില്ലേ? ഒരാറം ഏഴാമത്തെ വയസ്സിൽ പ്രാഥമിക വിദ്യാലയത്തിൽ പ്രവേശിക്കുകയും, അഞ്ചാറുവർഷങ്ങരംക്കുശേഷം മദ്ധ്യമ പാഠശാലയിലേക്കു് പോവുകയും, ഇരുപതു വയസ്സിനുശേഷം കോളേജിൽനിന്നു് ബിരുദം എടുത്തു് പുറത്തുവരികയും, അയാരംക്കു് ജനങ്ങളുമായിട്ടു് ഒരിക്കലും ഒരു ബന്ധങ്ങളും ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അയാളുടെ ഭാഷ ദരിദ്രവും മുഷിപ്പിക്കുന്നതുമാണെന്നുപറഞ്ഞു് അയാളെ കുററപ്പെടുത്തിയിട്ടു് കാര്യമില്ല. പക്ഷേ നമ്മരം ജനങ്ങരംക്കുവേണ്ടി പ്രവത്തിക്കുന്ന വിപ്ലവകാരികളാണു്. നമ്മരം ജനങ്ങളുടെ ഭാഷ പഠിക്കുന്നില്ലെങ്കിൽ നമുക്കു് ശരിയായ രീതിയിൽ പ്രവത്തിക്കുവാൻ കഴിയുകയില്ല. ഇപ്പോരം പ്ര ചരണപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ പല സഖാക്കളും ജനങ്ങളുടെ ഭാഷ പഠിക്കുവാൻ ശ്രമിക്കുന്നില്ല. അവരുടെ പ്രചരണരീതി വളരെ വിരസമാണു്. അവരുടെ ലേഖനങ്ങരം വായിക്കുവാനോ അവരുടെ പ്രസംഗങ്ങരം കേരംക്കുവാനോ വളരെ കുറച്ചു് ആളുകരം മാത്രമേ സന്നദ്ധരാകുന്നുള്ളു. നമ്മരം ഭാഷ പഠിക്കുന്നതിന്റെ ആവശ്യം എന്താണു്? കൂടാതെ, അതു് തീവ്രമായി പഠിക്കുവാൻ ഇത്രമാത്രം സമയം ചെലവഴിക്കുന്നതെന്തിനാണു്? എന്തെന്നാൽ, ഭാഷ സ്വാധീനമാക്കുക എളുപ്പമല്ലാത്തതുകൊണ്ടും, അതിനു് ക്ലേശകരമായ ശ്രമം ആവശ്യമായതുകൊണ്ടുമാണു്. ആദ്യമായി, നമുക്കു് ജനങ്ങളിൽ നിന്നും ഭാഷ പഠിക്കാം. ജനങ്ങളുടെ ശബ്ദകോശം സമൃദ്ധവും, ഊജ്ജസ്വലവും, വൈവിദ്ധ്യം നിറഞ്ഞതും, യഥാർത്ഥ ജീവിതത്തെ പ്രകാശിപ്പിക്കുന്നതും ആണു്. നമ്മളിൽ പലരും ഭാഷയിൽ വൈദശ്ധ്യം നേടാത്തതുകൊണ്ടാണു് നമ്മുടെ ലേഖനങ്ങളിലും പ്രസംഗങ്ങളിലും ഊജ്ജസ്വലവും, വൈവിദ്ധ്യം നിറഞ്ഞതും, ഫലപ്രദവും ആയ വചനരൂപങ്ങരം ചുരുക്കമായിമാത്രം അടങ്ങിയിരിക്കുന്നതും, അതു് ഒരു അരോഗദൃഢഗാത്രനായ വ്യക്തിയെപോലെ ഇരിക്കുന്നതിനുപകരം എല്ലും തോലും മാത്രം

അവശേഷിച്ച ഒരു ശോഷിച്ച പിയെസാനെപോലെ യിരിക്കുന്നതും. രണ്ടാമതായി, വിദേശീയ ഭാഷക ളിൽനിന്നു് ആവശ്യമായിട്ടുള്ളവയെ നമുക്കു് സ്വീക രിക്കാം. നമ്മൾ വിദേശീയ വചനരൂപങ്ങളെ യാന്ത്രി കമായി ഇറക്കുമതി ചെയ്യുകയോ, വിവേചനാരഹിത മായ രീതിയിൽ ഉപയോഗിക്കുകയോ ചെയ്യരുതു്. നല്ലതും നമ്മുടെ ആവശ്യങ്ങൾക്കു് അനുയോജ്യവുമായവ യെ മാത്രം നമ്മൾ സ്വീകരിക്കണം. പുരാതന ചൈ നീസ് ശബ്ദകോശം അപര്യാപ്തമായിരുന്നതിനാൽ നമ്മുടെ സമകാലീന ശബ്ദകോശം ഇതിനകംതന്നെ അനേകം വിദേശീയ വാക്കുകൾ സംയോജിപ്പിച്ചിട്ടുണ്ടു്. ഉദാഹരണത്തിനു്, നമ്മൾ ഇന്നു് 'കാൻപു' മാരുടെ (പാർട്ടിപ്രവർത്തകരുടെ) ഒരു യോഗം കൂട്ടുകയാണു്. ഈ 'കാൻപു' എന്ന വാക്കു് ഒരു വിദേശീയ വാക്കിൽ നിന്നു് ഉത്ഭവിച്ചിട്ടുള്ളതാണു്. വിദേശങ്ങളിൽനിന്നു ള്ള പല പുതിയ കാര്യങ്ങളും, പുരോഗമനപരമായ ആശയങ്ങൾ മാത്രമല്ല അതോടൊപ്പം പുതിയ വചന രൂപങ്ങളും, ഉൾക്കൊള്ളുന്നതു് നമ്മൾ തുടരണം. മൂന്നാ മതായി, ക്ലാസ്സിക്കൽ ചൈനീസ് ഭാഷയിലെ സജീവ മായിട്ടുള്ള എല്ലാ അംശങ്ങളേയുംകുറിച്ചു് നമ്മൾ പഠനം ന ടത്തേണ്ടതാണു്. നമ്മൾ ക്ലാസ്സിക്കൽ ചൈനീസ് ഭാഷ യെ വേണ്ടത്ര ശ്രമപ്പെട്ടു് പഠിച്ചിട്ടില്ലാത്തതുകൊണ്ടു് അതിൽ ഇപ്പോഴും സജീവമായി അവശേഷിച്ചിട്ടുള്ള ഭാഗങ്ങളെ പൂർണ്ണമായും, ശരിയായ രീതിയിലും നമ്മൾ ഉപയോഗപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഭാവ പ്രകടനങ്ങളോ പരോക്ഷ സൂചനകളോ ഉപയോഗിക്കുന്ന തിനോടു് നമ്മൾ ദൃഢമായും എതിരാണു് എന്ന കാര്യം തീർച്ചയാണു്. പക്ഷേ നല്ലതും ഇപ്പോഴും പ്രയോജന പ്രദവും ആയവയെ എല്ലാം നമ്മൾ ഏറ്റെടുക്കണം. സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങളാൽ വളരെ വഷളായ രീതിയിൽ സ്വാധീനിക്കപ്പെട്ടിട്ടുള്ള ആളു കൾ ജനങ്ങളുടെ ഭാഷയിലും, വിദേശീയഭാഷകളിലും, അല്ലെങ്കിൽ ക്ലാസ്സിക്കൽ ചൈനീസ് ഭാഷയിലും പ്രയോജനപ്രദമായിട്ടുള്ളവയെ എല്ലാം പഠിക്കുന്നതിൽ

ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് അവരുടെ ശുഷ്കവും വിരസവും ആയ പ്രചരണത്തെ ജനങ്ങൾ സ്വാഗതം ചെയ്യുന്നില്ല, അതുപോലെയുള്ള താണതരത്തിൽപെട്ടതും, കഴിവില്ലാത്തവരും ആയ പ്രചരണ പ്രവത്തകരെ നമുക്കും ആവശ്യമില്ല. ആരാണ് നമ്മുടെ പ്രചരണ പ്രവർത്തകർ? അദ്ധ്യാപകരും, പത്രപ്രവർത്തകരും, സാഹാത്യകാരന്മാരും, കലാകാരന്മാരും മാത്രമല്ല, നമ്മുടെ എല്ലാ പാർട്ടിപ്രവത്തകരും ആ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന് സൈനിക നേതാക്കന്മാരുടെ കാര്യം തന്നെ എടുത്തുനോക്കണം. അവർ പരസ്യപ്രസ്താവനകൾ ഒന്നും നടത്തുന്നില്ലെങ്കിലും അവക്ക് സൈനികരുമായി സംസാരിക്കുകയും ജനങ്ങളുമായി ഇടപെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതും പ്രചരണം തന്നെ അല്ലേ? ഒരാൾ മററുള്ളവരോട് എപ്പോഴെങ്കിലും സംസാരിക്കുമ്പോൾ, അയാൾ പ്രചരണ പ്രവർത്തനം നടത്തുകയാണ്. അയാൾ ഊമയല്ലെങ്കിൽ, അയാൾക്ക് എല്ലായ്പോഴും കുറച്ച് എന്തെങ്കിലും സംസാരിക്കുവാൻ കാണും. അതുകൊണ്ട് നമ്മുടെ സഖാക്കൾ എല്ലാവരും ഭാഷ പഠിക്കണം എന്നത് അനുപേക്ഷ്യമായിരിക്കുന്നു.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾക്കെതിരായ അഞ്ചാമത്തെ കുററാരോപണം, അത് ഒരു ചൈനീസ് ഔഷധശാല ആരംഭിക്കുമ്പോൾ എന്നതുപോലെ, ഓരോ ഇനങ്ങളേയും ഒരുകൂട്ടം സങ്കീർണ്ണമായ തലക്കെട്ടുകൾക്ക് കീഴിൽ നിരത്തിവയ്ക്കുന്നു എന്നുള്ളതാണ്. ഏതെങ്കിലും ചൈനീസ് ഔഷധശാലയിൽ പോയിനോക്കുകയാണെങ്കിൽ, അവിടെ ഓരോ മരുന്നുകളുടെ പേരു് എഴുതിഒട്ടിച്ചിട്ടുള്ള നിരവധി വലിപ്പുകളോടുകൂടിയ അലമാരികൾ കാണാം. ഈ സമ്പ്രദായം നമ്മുടെ സഖാക്കളും സ്വീകരിച്ചിട്ടുണ്ട്. തങ്ങളുടെ ലേഖനങ്ങളിലും പ്രസംഗങ്ങളിലും, പുസ്തകങ്ങളിലും റിപ്പോർട്ടുകളിലും അവർ ആദ്യമായി വലിയ ചൈനീസ് അക്കങ്ങളും, രണ്ടാമതായി ചെറിയ ചൈനീസ് അക്കങ്ങളും, മൂന്നാമതായി സൗരയൂഥത്തെ സംബന്ധിക്കുന്ന പത്തു

ലിപികളും, പിന്നീട് വലൃക്ഷരങ്ങളായ A, B, C, D തുടങ്ങിയവയും, അടുത്തത് ചെറിയ ക്ഷരങ്ങളായ a, b, c, d തുടങ്ങിയവയും, അതിനെ തുടന്ന് അറബിക്ക് അക്കങ്ങളും, അങ്ങിനെ അസംഖ്യം തലക്കെട്ടുകരം ഉപയോഗിക്കുന്നു. യാതൊരു വിഷമവും കൂടാതെ ഒരു ചൈനീസ് ഔഷധശാല ആരംഭിക്കുവാൻ നമുക്ക് കഴിയത്തക്ക വിധത്തിൽ നമ്മുടെ പൂർവ്വികന്മാരും വിദേശങ്ങളിലുള്ളവരും ഈ വക ചിഹ്നങ്ങരം സൃഷ്ടിച്ചതു് എത്ര ഭാഗ്യമായിപ്പോയി! എത്രയൊക്കെ പദബാഹുല്യം ഉണ്ടെങ്കിലും ശരി, ഇതുപോലെയുള്ള അക്കങ്ങളും ചിഹ്നങ്ങളും കൊണ്ടുനിറഞ്ഞ ഒരു ലേഖനത്തിന്ന് പ്രശ്നങ്ങളെ ആവിഷ്കരിക്കുന്നതിനാകട്ടെ, അവയെ വിശകലനം ചെയ്യുന്നതിനാകട്ടെ, അവയെ പരിഹരിക്കുന്നതിനാകട്ടെ കഴിയുകയില്ല; ഇതു് എന്തിനെയെങ്കിലും അനുകൂലിച്ചുകൊണ്ടോ പ്രതികൂലിച്ചുകൊണ്ടോ വാദിക്കുകയില്ലെന്നുമാത്രമല്ല ഇതിന്ന് യഥാൎത്ഥത്തിൽ ഉള്ളടക്കം ഒന്നും ഇല്ലാതിരിക്കുകയും, ഒരു ചൈനീസ് ഔഷധശാല മാത്രമായി അവശേഷിക്കുകയും ചെയ്യുന്നു. ഇതുപോലെയുള്ള അക്കങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കരുതെന്നല്ല ഞാൻ പറയുന്നതു്, പ്രത്യുത പ്രശ്നങ്ങളെ ഈ വിധത്തിൽ സമീപിക്കുന്നതു് തെററാണെന്നാണു്. ചൈനീസ് ഔഷധശാലകളിൽ നിന്നു് കടം മേടിച്ചതും, നമ്മുടെ പല സഖാക്കളേയും മോഹാന്ധമാക്കിയിരിക്കുന്നതുമായ ഈ സമ്പ്രദായം മറെറല്ലാത്തിനേയുമപേക്ഷിച്ച് ഏററവുമധികം അസംസ്കൃതവും, ബാലിശവും, എതിർക്കപ്പെടേണ്ടതുമാണു്. വസ്തുക്കളെ അവയുടെ ആന്തരിക ബന്ധങ്ങരംക്കുപകരം ബാഹ്യരൂപങ്ങരംക്ക് അനുസരണമായി വകതിരിക്കുന്ന ഒരു ഫോർമലിസ്റ്റ് (Formalist) സമ്പ്രദായമാണിതു്. ഒരാരം ആന്തരികമായി ബന്ധപ്പെട്ടിട്ടില്ലാത്ത ഒരു കൂട്ടം ആശയങ്ങളെ ശേഖരിച്ചു്, അവയുടെ ബാഹ്യമായ രൂപങ്ങരംക്കനുസരണമായി മാത്രം ഒരു ലേഖനത്തിലോ പ്രസംഗത്തിലോ റിപ്പോർട്ടിലോ അവയെ നിരത്തി വയ്ക്കുകയാണെങ്കിൽ, അയാരം ആശയങ്ങരം കൊണ്ടു് ജാലവിദ്യകരം കാട്ടുകയാണു്. ഇതു

പോലെയുള്ള വിനോദങ്ങളിൽ ഏർപ്പെടുന്നതിലേക്ക് മററുള്ളവരേയും അയാറം നയിച്ചേക്കും. ഇതിൻെറ ഫല മായി അവർ വസ്തുതകളെ A B C D ക്രമം അനുസരി ച്ച് നിരത്തി വയ്ക്കുന്നതുകൊണ്ടു മാത്രം സംതൃപ്തരാ വുകയും, പ്രശ്നങ്ങളെ കുറിച്ച് ചിന്തിക്കുന്നതിനും കാര്യ ങ്ങളുടെ സാരാംശം മനസ്സിലാക്കുന്നതിനുവേണ്ടി അന്വേ ഷണം നടത്തുന്നതിനും ശ്രമിക്കാതിരിക്കുകയും ചെയ്യു ന്നു. ഒരു പ്രശ്നം എന്നുവച്ചാൽ എന്താണ്? ഒരു വസ്തു വിലുള്ള വൈരുദ്ധ്യത്തിനാണ് ഒരു പ്രശ്നം എന്നു പറ യുന്നത്. ഒരാറംക്ക് പരിഹരിക്കാൻ കഴിയാത്ത ഒരു വൈരുദ്ധ്യം ഉണ്ടെങ്കിൽ, അപ്പോറം അയാറംക്ക് ഒരു പ്രശ്നം ഉണ്ടാകുന്നു. ഒരിക്കൽ ഒരു പ്രശ്നത്തെ സംബ ന്ധിച്ചിടത്തോളം ഒരു വിവാദം ഉണ്ടായിക്കഴിഞ്ഞാൽ, നിങ്ങറം ഒരു ഭാഗത്തിന് അനുകൂലമായിരിക്കുകയും മറു ഭാഗത്തിന് എതിരായിരിക്കുകയും ചെയ്യുന്നു; കൂടാതെ നിങ്ങറംക്ക് പ്രശ്നത്തെ ആവിഷ്ക്കരിക്കേണ്ടതുണ്ട്. പ്രശ്നത്തെ ആവിഷ്ക്കരിക്കണമെങ്കിൽ നിങ്ങറം ആദ്യമായി ഒരു പ്രാഥമിക അന്വേഷണം നടത്തുകയും, പ്രശ്നത്തിൻേറയോ വൈരുദ്ധ്യത്തിൻേറയോ രണ്ടു് അടിസ്ഥാനപരമായ കാഴ്ചപ്പാടുകളെ കുറിച്ച് പഠി ക്കുകയും ചെയ്യണം. അപ്പോറം മാത്രമേ നിങ്ങറംക്ക് വൈരുദ്ധ്യത്തിൻെറ സ്വഭാവത്തെ കുറിച്ച് മനസ്സിലാ ക്കുവാൻ കഴിയുകയുള്ളു. ഇതാണ് പ്രശ്നത്തെ കണ്ടുപി ടിക്കുന്നതിനുള്ള നടപടി. പ്രാഥമിക അന്വേഷണ ത്തിലും പഠനത്തിലുംകൂടി പ്രശ്നത്തെ കണ്ടുപിടിക്കു വാൻ കഴിയും, പ്രശ്നത്തെ ആവിഷ്ക്കരിക്കുവാൻ കഴിയും, പക്ഷേ അത്രയും കൊണ്ടുമാത്രം പ്രശ്നത്തെ പരിഹരിക്കുവാൻ കഴിയുകയില്ല. പ്രശ്നത്തെ പരി ഹരിക്കുന്നതിനുവേണ്ടി ചിട്ടയനുസരിച്ചുള്ളതും പൂർണ്ണ വുമായ ഒരു അന്വേഷണവും പഠനവും നടത്തേണ്ടതു് ആവശ്യമാണ്. ഇതാണ് വിശകലനം എന്ന നട പടി. പ്രശ്നത്തെ ആവിഷ്കരിക്കുന്നതിനും വിശ കലനം ആവശ്യമുണ്ട്; അല്ലെങ്കിൽ, കുഴഞ്ഞുമറിഞ്ഞ തും അന്ധാളിപ്പിക്കുന്നതുമായ ഒരു കൂട്ടം പ്രതിഭാസങ്ങളെ

അഭിമുഖീകരിക്കേണ്ടി വരുമ്പോഠം, പ്രശ്നമോ വൈരുദ്ധ്യമോ എവിടെയാണ് സ്ഥിതിചെയ്യുന്നതെന്ന് വ്യക്തമായി കണ്ടറിയുവാൻ നിങ്ങഠംക്ക കഴിയാതെ വരും. പക്ഷെ ഇവിടെ വിശകലനം എന്ന നടപടി കൊണ്ട് നമ്മഠം അർത്ഥമാക്കുന്നത് ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവും ആയ വിശകലനം എന്നാണ്. ഒരു പ്രശ്നം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ കൂടിയും, വസ്തുതകളുടെ ആന്തരിക ബന്ധങ്ങഠം ഇനിയും പ്രകാശിക്കപ്പെട്ടിട്ടില്ലാത്തതിനാലും, ചിട്ടയനുസരിച്ചുള്ളതും പൂർണ്ണവും ആയ വിശകലനം എന്ന ഈ നടപടി ഇനിയും നിർവഹിക്കപ്പെട്ടിട്ടില്ലാത്തതിനാലും പ്രശ്നത്തെ പരിഹരിക്കുവാൻ കഴിയുകയില്ലാ എന്ന സ്ഥിതി പലപ്പോഴും വന്നുകൂടുന്നു; ഇതിൻെറ ഫലമായി പ്രശ്നത്തിൻെറ ഏററക്കുറച്ചിലുകഠം വ്യക്തമായി കാണുവാൻ നമുക്ക് കഴിയാതെ വരികയും, ഒരു സംശ്ലേഷണം നടത്തുവാൻ കഴിയാതെ വരികയും, അതുമൂലം പ്രശ്നത്തെ ശരിയായ രീതിയിൽ പരിഹരിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നു. ഒരു ലേഖനമോ പ്രസംഗമോ പ്രധാനപ്പെട്ടതും മാർഗ്ഗനിർദ്ദേശം നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതും ആണെങ്കിൽ, അതു് ഒരു പ്രത്യേകപ്രശ്നത്തെ ആവിഷ്കരിക്കുകയും, പിന്നീട് അതിനെ വിശകലനം ചെയ്യുകയും, എന്നിട്ട് പ്രശ്നത്തിൻെറ സ്വഭാവത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടും അതിനെ പരിഹരിക്കുന്നതിനുള്ള രീതിയെ വിശദമാക്കിക്കൊണ്ടും ഒരു സംശ്ലേഷണം നടത്തുകയും ചെയ്യണം; ഈ എല്ലാ കാര്യങ്ങളിലും നടപടി ക്രമങ്ങഠംക്ക് അത്യധികം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള (Formalist) പ്രവർത്തന രീതികഠം ഉപയോഗശൂന്യങ്ങളാണ്. ബാലിശവും, അസംസ്കൃതവും, എതിർക്കപ്പെടേണ്ടതും, അലസമനോഭാവത്തോടു കൂടിയതും ആയ ഫോർമലിസ്റ്റ് (Formalist) സമ്പ്രദായങ്ങഠം നമ്മുടെ പാർട്ടിക്കുള്ളിൽ നിലവിലുള്ളതിനാൽ, നമ്മഠം അവയെ തുറന്നു കാട്ടുകയും വിമർശിക്കുകയും ചെയ്യണം; അപ്പോഠം മാത്രമേ

പ്രശ്നങ്ങളെ നിരീക്ഷിക്കുന്നതിനും, ആവിഷ്കരിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും, പരിഹരിക്കുന്നതിനും വേണ്ടിയുള്ള മാർക്സിസ്റ്റ് സമ്പ്രദായം ഉപയോഗിക്കുന്നതിനെകുറിച്ച് എല്ലാവക്കും പഠിക്കുവാൻ കഴിയുകയുള്ളു; അപ്രകാരം മാത്രമേ നമുക്ക് നമ്മുടെ പ്രവൃത്തി ശരിയായ രീതിയിൽ ചെയ്യുവാൻ കഴിയുകയുള്ളു; അപ്രകാരം മാത്രമേ നമ്മുടെ വിപ്ലവത്തിന്റെ വിജയത്തിന് ഉറപ്പുവരുത്തുവാൻ നമുക്ക് കഴിയുകയുള്ളു.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾക്ക് എതിരായ ആറാമത്തെ കുററാരോപണം, ഇത് ഉത്തരവാദിത്വവിഹീനവും, പ്രത്യക്ഷപ്പെടുന്നിടത്തൊക്കെ ജനങ്ങൾക്ക ഹാനി വരുത്തിവയ്ക്കുന്നതും ആണെന്നുള്ളതാണ്. മുകളിൽ പ്രസ്താവിച്ച എല്ലാവിധ കുററങ്ങളും ഭാഗികമായി അപക്വതകാരണവും, ഭാഗികമായി ആവശ്യത്തിനുതക്ക ഉത്തരവാദിത്വബോധം ഇല്ലാത്തതു കാരണവും ഉണ്ടായിട്ടുള്ളവയാണ്. ഇതു വിശദീകരിക്കുന്നതിനു വേണ്ടി മുഖം കഴുകുന്നകാര്യംതന്നെ നമുക്ക് ഉദാഹരണമായിട്ട് എടുത്തു നോക്കാം. നമ്മൾ എല്ലാവരും ദിവസവും നമ്മുടെ മുഖങ്ങൾ കഴുകുന്നു. നമ്മളിൽ പലരും ഒരു പ്രാവശ്യത്തിൽ കൂടുതലും കഴുകാറുണ്ട്. മുഖം കഴുകിയതിനുശേഷം ''അന്വേഷണത്തിനും പഠനത്തിനും'' ആയി നമ്മൾ കണ്ണാടിയുടെ മുമ്പിൽ സ്വയം പരിശോധിക്കുന്നു. (പൊട്ടിച്ചിരികൾ). എന്തെങ്കിലും ശരിയാകാതെയുണ്ടോ എന്ന ഭയം കൊണ്ടാണ് നമ്മൾ ഇങ്ങിനെ ചെയ്യുന്നത്. എത്ര വലിയ ഉത്തരവാദിത്വബോധമാണ്! ഇതേ ഉത്തരവാദിത്വബോധത്തോടുകൂടി നമ്മൾ ലേഖനങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുകയാണെങ്കിൽ നമുക്ക് തെററു പററാനിടയില്ല. അവതരണയോഗ്യമല്ലാത്തതിനെ ഒന്നിനേയും അവതരിപ്പിക്കരുത്. ഈ തുറകളിലുള്ള നമ്മുടെ പ്രവർത്തനം മററുള്ളവരുടെ ചിന്തകളേയും പ്രവൃത്തികളേയും സ്വാധീനിക്കും എന്ന് എല്ലായ്പോഴും ഓർമ്മ ഉണ്ടായിരിക്കണം. ഒരു മനുഷ്യൻ ഒന്നോ രണ്ടോ ദിവസത്തേക്ക് തന്റെ മുഖം കഴുകുന്നില്ലെങ്കിൽ അതു തീർച്ചയായും നല്ലതല്ല. കൂടാതെ മുഖം കഴുകി കഴിഞ്ഞ

തിനു ശേഷവും ഒന്നോ രണ്ടോ സ്ഥലത്തു് അഴുക്കുകൾ അവശേഷിക്കുകയാണെങ്കിൽ അതു് കാഴ്ചക്കു് അത്ര ഭംഗിയായിരിക്കുകയില്ല. എങ്കിലും ഇതുകൊണ്ടൊന്നും വലിയ ഗുരുതരമായ അപകടങ്ങൾ ഒന്നും സംഭവിക്കാനില്ല. ലേഖനങ്ങൾ എഴുതുകയോ പ്രസംഗിക്കുകയോ ചെയ്യുന്നതു് ഇതിൽ നിന്നു വ്യത്യസ്തമാണു്; അവ മററുള്ളവരെ സ്വാധീനിക്കുന്നതിനു മാത്രമായി ഉദ്ദേശിച്ചു കൊണ്ടുള്ളവയാണു്. എന്നിട്ടും നമ്മുടെ സഖാക്കൾ ഈ കർത്തവ്യത്തെ വളരെ അശ്രദ്ധമായിട്ടാണു് നിർവഹിക്കുന്നതു്. ഇതിൻെറ അർത്ഥം നിസ്സാരമായ കാര്യത്തിനു് പ്രധാനമായ കാര്യത്തേക്കാൾ കൂടുതൽ സ്ഥാനം കൊടുക്കുക എന്നാണു്. പല ആളുകളും ലേഖനങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നതു് മുൻകൂട്ടിയുള്ള പഠനമോ തയാറെടുപ്പോ കൂടാതെയാണു്. കൂടാതെ ഒരു ലേഖനം എഴുതിക്കഴിഞ്ഞതിനു ശേഷം, മുഖം കഴുകിയതിനു ശേഷം കണ്ണാടിയിൽ തങ്ങളുടെ മുഖങ്ങൾ പരിശോധിക്കാറുള്ളതുപോലെ, അതു് പല ആവൃത്തി വായിച്ചു് കുററങ്ങളും കുറവുകളും പരിഹരിക്കുവാൻ അവർ തയാറാകുന്നില്ല. നേരേമറിച്ചു് അവർ അതിനെ അലക്ഷ്യഭാവത്തോടെ പരസ്യപ്പെടുത്തുവാനായി അയയ്ക്കുന്നു. "ഒരായിരം വാക്കുകൾ പേനയിൽ നിന്നു പ്രവഹിക്കുന്നു, പക്ഷേ പ്രതിപാദ്യവിഷയത്തിൽ നിന്നു് എന്നിട്ടും പതിനായിരം ലീ അകലെയാണു്," എന്നതാണു് പലപ്പോഴും ഈ വിധത്തിലുള്ള സമീപനത്തിൻെറ പരിണതഫലം. ഈ ലേഖകന്മാർ കഴിവുള്ളവരാണെന്നു് പ്രത്യക്ഷത്തിൽ തോന്നിയേക്കാമെങ്കിലും, അവർ യഥാർത്ഥത്തിൽ ജനങ്ങൾക്കു് ഹാനി വരുത്തുകയാണു്. ഉത്തരവാദിത്വബോധത്തിൻെറ അഭാവത്താൽ ഉടലെടുക്കുന്ന ഈ ചീത്തസ്വഭാവത്തിൽ നിന്നു് നമ്മൾ രക്ഷപെടണം.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾക്കു് എതിരായ ഏഴാമത്തെ കുററാരോപണം, അതു് പാർട്ടിയെ മുഴുവൻ വിഷലിപ്തമാക്കുകയും, വിപ്ലവത്തെ അപകടാവസ്ഥയിലാക്കുകയും ചെയ്യുന്നു എന്നുള്ളതാണു്. എട്ടാമത്തെ കുററാരോപണം, ഇതിനു പ്രചാരം സിദ്ധിക്കുകയാണെ

ങ്കിൽ, ഇതു് രാജ്യത്തെ നശിപ്പിക്കുകയും ജനങ്ങളെ അധഃപ്പതിപ്പിക്കുകയും ചെയ്യും എന്നുള്ളതാണു്. ഈ രണ്ടു് കുററാരോപണങ്ങളും സ്വയം സ്പഷ്ടമാണെന്നതിനാൽ വിശദീകരണങ്ങളൊന്നും ആവശ്യമില്ല. വേറൊരു വിധത്തിൽ പറഞ്ഞാൽ, സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾക്കു് മാററം വരുത്താതിരിക്കുകയും, നിയന്ത്രണ വിധേയമല്ലാത്ത രീതിയിൽ വികസിക്കുവാൻ അതിനെ അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ അതിൻെറ പരിണതഫലങ്ങൾ തീച്ചയായും വളരെ ഗുരുതരമായിരിക്കും. ആത്മനിഷ്ഠാവാദത്തിൻേറയും വിഭാഗീയ ചിന്താഗതികളുടേയും വിഷം സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങളിൽ ഒളിച്ചിരുപ്പുണ്ടു്. ഈ വിഷം ചുററും വ്യാപിക്കുകയാണെങ്കിൽ ഇതു് പാർട്ടിക്കും രാജ്യത്തിനും അപകടം വരുത്തിവയ്ക്കും.

മുകളിൽ പ്രസ്താവിച്ച എട്ടു കുററാരോപണങ്ങളും സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾക്കെതിരായി ആയുധം എടുക്കുന്നതിനുള്ള നമ്മുടെ ആഹ്വാനങ്ങൾ ആണു്.

ഒരു രചനാരൂപം എന്ന നിലയ്ക്കു് സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾ വിപ്ലവകരമായ ചൈതന്യത്തെ പ്രകാശിപ്പിക്കുന്നതിനു് യോജിക്കാത്തതാണെന്നു മാത്രമല്ല, അതിനെ ശ്വാസംമുട്ടിച്ചു കൊല്ലുവാൻ സാദ്ധ്യതയുള്ളതുമാണു്. വിപ്ലവ ചൈതന്യത്തെ വികസിപ്പിക്കുന്നതിനു് സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾ ഉപേക്ഷിക്കുന്നതും, പകരം ഊർജ്ജസ്വലവും, സജീവവും, ഉണർവുള്ളതും, ശക്തിമത്തുമായ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് രചനാരീതി സ്വീകരിക്കുന്നതും ആവശ്യമായിരിക്കുന്നു. ഈ രചനാരീതി വളരെ നാളുകളായി നിലവിലുണ്ടു്. എങ്കിലും ഇതിനെ ഇനിയും കൂടുതൽ സമ്പന്നമാക്കുകയും, കൂടുതൽ വ്യാപകമായ തോതിൽ നമ്മുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യേണ്ടി ഇരിക്കുന്നു. വിദേശീയമായ സ്ഥിരരൂപത്തിലുള്ള രചനാശൈലിയും സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളും നമ്മൾ നശിപ്പിച്ചുകഴിയുമ്പോൾ നമ്മുടെ പുതിയ രചനാരീതി

കൂടുതൽ സമ്പന്നമാക്കുവാനും വ്യാപകമായതോതിൽ പ്രചരിപ്പിക്കുവാനും, അപ്രകാരം പാർട്ടിയുടെ വിപ്ലവലക്ഷ്യത്തെ മുന്നോട്ടുകൊണ്ടുപോകുവാനും നമുക്കു കഴിയും.

സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങളുടെ രീതി ലേഖനങ്ങളിലും പ്രസംഗങ്ങളിലും മാത്രം ഒതുങ്ങിനില്ക്കുന്നില്ല. പ്രത്യുത യോഗങ്ങളുടെ നടത്തിപ്പിലും ഇതു കാണുവാൻ കഴിയുന്നതാണ്. യോഗങ്ങളുടെ കാര്യപരിപാടി നോക്കുക: ''1.ഉപക്രമപ്രസംഗം; 2.റിപ്പോർട്ടു്; 3. ചർച്ച; 4. നിഗമനങ്ങൾ; 5. ഉപസംഹാരം''. വലുതോ ചെറുതോ ആയതും എവിടെയും ഏതുസമയത്തും ഉള്ളതുമായ എല്ലാ ലേഖനങ്ങളിലും ഈ മാററമില്ലാത്ത നടപടിക്രമം പിൻതുടരുകയാണെങ്കിൽ, അതു് സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങൾ പോലെയുള്ള മറെറാരു സമ്പ്രദായം ആയിരിക്കുകയില്ലേ? യോഗങ്ങളിൽ റിപ്പോർട്ടുകൾ അവതരിപ്പിക്കുമ്പോൾ അവ എല്ലാപ്പോഴും ഒരേ രീതിയെ ആണു് പിൻതുടരുന്നതു്. ''1. അന്തർദ്ദേശീയ സ്ഥിതിഗതികൾ; 2. ആഭ്യന്തര സ്ഥിതിഗതികൾ; 3. അതിർത്തി മേഖലകൾ; 4. നമ്മുടെ ഡിപ്പാർട്ടുമെൻറിലെ സ്ഥിതിഗതികൾ''. യോഗങ്ങൾ പലപ്പോഴും രാവിലെ മുതൽ രാത്രിവരെ നീണ്ടുനില്ക്കുന്നു. അവയിൽ, ഒന്നും സംസാരിക്കുവാൻ ഇല്ലാത്തവർപോലും, തങ്ങൾ എന്തെങ്കിലും സംസാരിക്കുവാൻ മററുള്ളവരോടു ബാദ്ധ്യതപ്പെട്ടിരിക്കുന്നതുപോലെ,പ്രസംഗിക്കുവാനായി മുന്നോട്ടുവരുന്നു. ചുരുക്കിപറഞ്ഞാൽ, യഥാർത്ഥ സ്ഥിതികളോടു് ഉള്ള അവഗണനയും, മാററമില്ലാത്ത പഴയ രൂപങ്ങളോടും സ്വഭാവങ്ങളോടും അത്യധികം പററിപിടിച്ചു നിൽക്കുന്ന സ്വഭാവരീതിയുമാണു് ഇതു കാണിക്കുന്നതു്. ഈ രീതിയിലുള്ള എല്ലാകാര്യങ്ങളേയും നമ്മൾ നേരേയാക്കേണ്ടതല്ലേ?

ദേശീയവും ശാസ്ത്രീയവും ജനകീയവുമായ രീതിയിലേക്കുള്ള പരിവർത്തനത്തിനുവേണ്ടി ഈയിടെയായി പല ആളുകളും ആഹ്വാനം ചെയ്യുന്നുണ്ടു്. അതു വളരെ നല്ലതാണു്. എന്നാൽ പരിവർത്തനത്തിൻെറ അർത്ഥം അടിതൊട്ടു് മുകൾവരെയും ആകമാനവും ഉള്ള പരിപൂ

ണ്ണുമായ മാററം എന്നാണ്. എന്നിട്ടും, അൽപ്പമാത്രമായ മാററങ്ങൾപോലും ഉണ്ടാക്കിയിട്ടില്ലാത്ത ചില ആളുകൾ പരിവർത്തനത്തിനുവേണ്ടി ആഹ്വാനം ചെയ്യുകയാണ്. അതുകൊണ്ട് ഞാൻ ഈ സഖാക്കളെ ഉപദേശിക്കുന്നത് പരിവർത്തനം വരുത്തുന്നതിനായി മുന്നോട്ട നീങ്ങുന്നതിനു മുൻപ് തങ്ങളിൽതന്നെ അൽപമെങ്കിലും മാററമുണ്ടാക്കി തുടങ്ങണമെന്നാണ്. അങ്ങിനെ ചെയ്യില്ലെങ്കിൽ അവർ സ്വമതസിദ്ധാന്തത്തിൻേറയും, സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളുടേയും കുരുക്കിൽ അകപ്പെട്ട രീതിയിൽ തന്നെ അവശേഷിക്കും. തങ്ങൾക്ക് അപ്രാപ്യമായിട്ടുള്ളതെല്ലാം ആഗ്രഹിക്കുന്നതുകൊണ്ട് അവക്ക് ഒന്നും നേടിയെടുക്കുവാൻ കഴിയുകയില്ല. അതുകൊണ്ട്, ''ഒരു ജനകീയ രീതിയിലേക്കുള്ള പരിവർത്തന''ത്തെ കുറിച്ച് സംസാരിക്കുകയും അതേ സമയംതന്നെ യഥാർത്ഥത്തിൽ തൻേറ ചെറിയ മണ്ഡലത്തോടുമാത്രം ദൃഢമായി ഒട്ടിനില്ക്കുകയും ചെയ്യുന്നവർ ആരായിരുന്നാലും ശരി, അവർ കുറച്ചുകൂടി ശ്രദ്ധിച്ചിരിക്കുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ, ജനങ്ങളിൽ ആരെങ്കിലും ഒരാൾ വഴിക്കുവച്ച് അയാളെ കണ്ടുമുട്ടുമ്പോൾ ചോദിച്ചെന്നുവരും: ''ഈ പരിവർത്തനത്തെ കുറിച്ചുള്ള സംസാരമെല്ലാം എന്തിനു വേണ്ടിയാണ്, സർ? ദയവുചെയ്ത് അതിൽ സ്വൽപം എന്നെ കാണിച്ചു തരുവാൻ കഴിയുമോ?'' അപ്പോൾ അയാൾ ശരിക്കും കുഴപ്പത്തിൽ പെടും. അയാൾ വെറുതെ അസംബന്ധം പുലമ്പുക മാത്രമല്ലാ, പ്രത്യുത ഒരു ജനകീയരീതിയിലേക്കുള്ള പരിവർത്തനത്തിനുവേണ്ടി ആത്മാർത്ഥമായും ആഗ്രഹിക്കുന്നുണ്ടെങ്കിൽ, വാസ്തവത്തിൽ അയാൾ ചെയ്യേണ്ടത് സാധാരണ ജനങ്ങളുടെ ഇടയിൽ പോവുകയും അവരിൽനിന്ന് പഠിക്കുകയുമാണ്. അല്ലെങ്കിൽ അയാൾ പറയുന്നതുപോലെയുള്ള പരിവർത്തനം വെറും ശൂന്യതയിൽ മാത്രം അവശേഷിക്കുന്ന ഒന്നായിരിക്കും. ഒരു ജനകീയ രീതിയിലേക്കുള്ള പരിവർത്തനത്തിനുവേണ്ടി ഒച്ചപ്പാട് ഉണ്ടാക്കിക്കൊണ്ടിരിക്കുകയും, പക്ഷേ സാധാരണ ജനങ്ങളുടെ ഭാഷയിൽ മൂന്നു വാചകങ്ങൾ

സംസാരിക്കുവാൻപോലും കഴിവില്ലാതിരിക്കുകയും ചെയ്യുന്ന ചിലരുണ്ട്. ജനങ്ങളിൽനിന്നു് പഠിക്കുവാൻ യഥാൎത്ഥത്തിൽ ദൃഢനിശ്ചയം എടുത്തിട്ടുള്ളവരല്ലാ അവ രെന്നാണു് ഇതു കാണിക്കുന്നതു്. അവരുടെ ഹൃദയ ങ്ങൾ തങ്ങളുടെ സ്വന്തം ചെറിയ മണ്ഡലങ്ങളിൽ മാത്രം ഇപ്പോഴും ഒതുങ്ങി നില്ക്കുകയാണു്.

ഈ യോഗത്തിൽ പങ്കെടുക്കുന്നവരുടെ ഇടയിൽ ''പ്രചരണത്തിനുള്ള ഒരു മാൎഗ്ഗദർശി'' എന്ന നാലു ലേഖനങ്ങൾ അടങ്ങിയ ഒരു ലഘുലേഖയുടെ കോപ്പി കൾ വിതരണം നടത്തിയിട്ടുണ്ട്. അതു വീണ്ടും വീ ണ്ടും വായിക്കുവാൻ നമ്മുടെ സഖാക്കളെ ഞാൻ ഉപ ദേശിക്കുന്നു.

''സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ്പാ ർട്ടിയുടെ (ബോൾഷെവിക്സ്)ചരിത്രം, സംക്ഷിപ്ത പഠനം'' എന്ന പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികളെ സംയോജിപ്പിച്ചുകൊണ്ടുള്ള ആദ്യത്തെ ലേഖനം, ലെ നിൻ പ്രചരണപ്രവൎത്തനം നടത്തിയ രീതിയെ കുറി ച്ചാണു പരാമർശിക്കുന്നതു്. മററു കാര്യങ്ങളോടൊപ്പം തന്നെ എങ്ങിനെയാണു് ലെനിൻ ലഘുലേഖകൾ എഴു തിയിരുന്നതെന്നതും ഇതു വിവരിക്കുന്നു:

'ലെനിൻെറ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ 'അ ദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ വിമോചനത്തിനുവേ ണ്ടിയുള്ള സെൻറ് പീറേറഴ്സ് ബർഗ്ഗിലെ സമര സഖ്യം' ആയിരുന്നു തൊഴിലാളി വർഗ്ഗപ്രസ്ഥാനവും ആയി സോഷ്യലിസത്തെ സംയോജിപ്പിക്കുവാൻ ആ രംഭിച്ച റഷ്യയിലെ ആദ്യത്തെ സംഘടന. ഏതെങ്കി ലും ഫാക്ടറിയിൽ ഒരു സമരം പൊട്ടിപ്പുറപ്പെട്ടാൽ, അതിൻെറ മണ്ഡലങ്ങളുടെ അംഗങ്ങളിൽക്കൂടി ഫാക്ടറി കളിലെ സ്ഥിതിവിവരങ്ങളെ കുറിച്ചു് ശരിയായ അറിവു ലഭിച്ചുകൊണ്ടിരുന്ന സമരസഖ്യം ലഘുലേഖ കളും സോഷ്യലിസ്റ്റ് പ്രഖ്യാപനങ്ങളും പുറപ്പെടുവിക്കു ന്നതിൽക്കൂടി സമരത്തിനു് ഉടനടി പിൻതുണ നൽകി യിരുന്നു. ഈ ലഘുലേഖകൾ തൊഴിലാളികളുടെ നേ രെയുള്ള വ്യവസായികളുടെ മർദ്ദനത്തെ തുറന്നു കാട്ടുകയും,

തങ്ങളുടെ താൽപര്യത്തിനുവേണ്ടി എങ്ങിനെയാണു് തൊഴിലാളികൾ സമരം ചെയ്യേണ്ടതു് എന്നു് വിശദീകരിക്കുകയും, തൊഴിലാളികളുടെ ആവശ്യങ്ങളെ ഉന്നയിക്കുകയും ചെയ്തു. മുതലാളിത്വത്തിൻെറ പ്രണങ്ങൾ, തൊഴിലാളികളുടെ ദാരിദ്ര്യം, പന്ത്രണ്ടുമുതൽ പതിന്നാലു മണിക്കൂറുകൾവരെ ദൈർഘ്യമുള്ളതും ദുസ്സഹമാം വിധം പ്രയാസമുള്ളതുമായ തൊഴിൽദിവസം, അവകാശങ്ങളുടെ പരിപൂർണ്ണമായ അഭാവം എന്നിവയെകുറിച്ചുള്ള നഗ്നസത്യങ്ങൾ ലഘുലേഖകൾ പ്രസ്താവിച്ചു. അനുയോജ്യമായ രാഷ്ട്രീയാവശ്യങ്ങളും അവ ഉന്നയിച്ചു.'

'ശരിയായ അറിവു ലഭിച്ചുകൊണ്ടിരുന്നു,' 'നഗ്നസത്യങ്ങൾ പ്രസ്താവിച്ചു' എന്നീഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. വീണ്ടും:

> 'ഒരു തൊഴിലാളിയായിരുന്ന ബാബുഷ്കിൻെറ സഹകരണത്തോടുകൂടി, 1894 അവസാനം ലെനിൻ ഈ തരത്തിലുള്ള പ്രക്ഷോഭണത്തെ സംബന്ധിക്കുന്ന ആദ്യത്തെ ലഘുലേഖയും, സമരത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്ന സെൻറു് പീറേറഴ്സ് ബർഗ്ഗിലെ സെംയാന്നിക്കോവു് വർക്സിലെ തൊഴിലാളികളോടുള്ള അഭ്യർത്ഥനയും എഴുതി.'

ഒരു ലഘുലേഖ എഴുതുന്നതിനു് മുൻപു് സ്ഥിതിവിവരങ്ങളെ കുറിച്ചുനേരിട്ടു് അറിവുള്ളവരായ സഖാക്കളുമായി നിങ്ങൾ കൂടിയാലോചിക്കണം. ഇതുപോലെയുള്ള അന്വേഷണത്തിൻേറയും പഠനത്തിൻേറയും അടിസ്ഥാനത്തിൽ ആയിരുന്നു. ലെനിൻ എഴുതുകയും പ്രവർത്തിക്കുകയും ചെയ്തതു്.

> 'തൊഴിലാളികളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നതിനു് ഓരോ ലഘുലേഖയും വളരെയധികം

സഹായിച്ചു. സോഷ്യലിസ്റ്റുകാർ x തങ്ങളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയായിരുന്നു എന്നു് അവർ മനസ്സിലാക്കി.'

നമ്മൾ ലെനിൻെറ അഭിപ്രായത്തോടു് യോജിക്കുന്നുണ്ടോ? യോജിക്കുന്നുണ്ടെങ്കിൽ ലെനിൻെറ സിദ്ധാന്തങ്ങൾക്കു് അനുസരണമായി നമ്മൾ പ്രവത്തിക്കണം. അതായതു്, നമ്മൾ ലെനിൻ ചെയ്തതുപോലെ പ്രവത്തിക്കുകയും, അവസാനമില്ലാത്ത പേജുകൾ അനാവശ്യമായ പദബാഹുല്യംകൊണ്ടു് നിറയ്ക്കാതിരിക്കുകയും, അല്ലെങ്കിൽ സദസ്യരെ കുറിച്ചുള്ള പരിഗണന കൂടാതെ ലക്ഷ്യബോധമില്ലാതെ അമ്പെയ്യാതിരിക്കുകയും, അല്ലെങ്കിൽ സ്വാഭിപ്രായം മാത്രം ശരിയാണെന്ന പക്ഷക്കാരും ശബ്ദബഹുലതയിൽ വിശ്വസിക്കുന്നവരുമായിത്തീരാതിരിക്കുകയും ചെയ്യണം.

കമ്യൂണിസ്റ്റ് ഇൻെറർനാഷണലിൻെറ ഏഴാംലോക കോൺഗ്രസ്സിൽ ഡിമിട്രോവ് ചെയ്ത പ്രസ്താവനകളിൽ നിന്നുള്ള ഉദ്ധരണികളെ സംയോജിപ്പിച്ചു കൊണ്ടുള്ളതാണു് രണ്ടാമത്തെ ലേഖനം. ഡിമിട്രോവ് പറഞ്ഞു:

'നമ്മൾ ജനങ്ങളോടു സംസാരിക്കുവാൻ പഠിക്കണം; പുസ്തകങ്ങളിൽ കാണുന്ന സാങ്കേതിക സൂത്രങ്ങളുടെ ഭാഷയിലല്ല, പ്രത്യുത ദശലക്ഷക്കണക്കിനുള്ള ജനങ്ങളുടെ അത്യഗാധമായ വിചാരങ്ങളേയും വികാരങ്ങളേയും പ്രതിഫലിപ്പിക്കുന്ന ഓരോ വാക്കുകളും ഓരോ ആശയങ്ങളും ആരുടെയാണോ ജനങ്ങളുടെ പ്രയോജനത്തിനുവേണ്ടി സമരം ചെയ്യുന്ന ആ യോദ്ധാക്കളുടെ ഭാഷയിൽ വേണം നമ്മൾ ജനങ്ങളോടു സംസാരിക്കേണ്ടതു്.'

---

x സോഷ്യൽ ഡെമോക്രാററുകൾ മെൻഷെവിക്കുകളും ബോൾഷെവിക്കുകളും ആയി വിഭജിക്കപ്പെടുന്നതുവരെ എല്ലാ വിപ്ലവകാരികളും സോഷ്യലിസ്റ്റുകാർ എന്നാണു് അറിയപ്പെട്ടിരുന്നതു്.

വീണ്ടും:

'.......ജനങ്ങൾക്ക മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുവാൻ നമ്മൾ പഠിച്ചില്ലെങ്കിൽ, നമ്മുടെ തീരുമാനങ്ങൾ ജനങ്ങൾക്ക് ഉൾക്കൊള്ളുവാൻ കഴിയുകയില്ല'.

'ലളിതമായിട്ടും, വളച്ചുകെട്ടാതെയും, ജനങ്ങൾക്ക് സുപരിചിതവും എളുപ്പം മനസ്സിലാക്കാവുന്നതും ആയ പ്രതിരൂപങ്ങളിൽ കൂടിയും എങ്ങിനെയാണ് സംസാരിക്കേണ്ടതെന്ന് എല്ലായ്പോഴും നമുക്ക് അറിയുകയില്ല. കാണാപ്പാഠമായി നമ്മൾ പഠിച്ചിട്ടുള്ള അവ്യക്തമായ സാങ്കേതിക സൂത്രങ്ങൾ പരിവർജ്ജിക്കുവാൻ ഇപ്പോഴും നമ്മൾ കഴിവില്ലാത്തവരാണ്. വാസ്തവം പറയുകയാണെങ്കിൽ, നമ്മുടെ ലഘുലേഖകളിലും ദിനപ്പത്രങ്ങളിലും തീരുമാനങ്ങളിലും താത്വികസിദ്ധാന്തങ്ങളിലും നിങ്ങൾ കണ്ണോടിച്ചു നോക്കുകയാണെങ്കിൽ, അവ പലപ്പോഴും എഴുതിയിരിക്കുന്നത് സാധാരണ പ്രവർത്തകർ പോയിട്ട് നമ്മുടെ പാർട്ടിയിലെ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർക്കുപോലും മനസ്സിലാക്കുവാൻ വിഷമകരമായവിധം കഠിനമായ ഭാഷയിലും ശൈലിയിലും ആണെന്ന് നിങ്ങൾക്ക കാണാം.'

ശരിയല്ലേ? നമ്മുടെ ദുർബലമായ വശത്തിന്റെ നേരേ തന്നെയല്ലേ ഡിമിട്രോവ് വിരൽ ചൂണ്ടിയിരിക്കുന്നത്? ചൈനയിൽ എന്നതുപോലെതന്നെ വിദേശ രാജ്യങ്ങളിലും സ്ഥിരരൂപത്തിലുള്ള പാർട്ടി ലേഖനങ്ങൾ നിലനില്ക്കുന്നുണ്ട് എന്ന് ഇതിൽനിന്ന് പ്രത്യക്ഷമാകുന്നു. അതുകൊണ്ട് ഇത് എല്ലാവർക്കും പൊതുവിലുള്ള ഒരു രോഗമാണെന്ന് നിങ്ങൾക്ക കാണുവാൻ കഴിയും. (ചിരി) എന്തായാലുംശരി, സഖാവ് ഡിമിട്രോവിന്റെ ഉപദേശത്തിന് അനുസരണമായ വിധത്തിൽ നമ്മുടെ സ്വന്തം രോഗം നമ്മൾ ഉടനടി ഭേദമാക്കണം.

'നമ്മളിൽ ഓരോരുത്തരും ഇതിനെ ഒരു നിയമമായിട്ട്, ഒരു ബോൾഷെവിക്ക് നിയമമായിട്ട്, ഒരു അടിസ്ഥാനപരമായ വ്യവസ്ഥ ആയിട്ട് പരിഗണിക്കണം':

'എഴുതുമ്പോഴോ പ്രസംഗിക്കുമ്പോഴോ എല്ലായ്പ്പോഴും മനസ്സിൽ ഉണ്ടായിരിക്കേണ്ടതു് നിങ്ങളെ തീർച്ചയായും മനസ്സിലാക്കുകയും, നിങ്ങളുടെ അഭ്യർത്ഥനയിൽ തീർച്ചയായും വിശ്വസിക്കുകയും, നിങ്ങളെ പിന്തുടരുവാൻ തയാറായിരിക്കുന്നതുമായ സാധാരണ പ്രവർത്തകൻ ആയിരിക്കണം. നിങ്ങൾ ആക്കുവേണ്ടിയാണോ എഴുതുന്നതു്, നിങ്ങൾ ആരോടാണോ പ്രസംഗിക്കുന്നതു് അവരായിരിക്കണം നിങ്ങളുടെ മനസ്സിൽ തീർച്ചയായും ഉണ്ടായിരിക്കേണ്ടതു്.'

നമുക്കുവേണ്ടി കമ്യൂണിസ്റ്റ് ഇൻറർനാഷണൽ തയാറാക്കിയ ഔഷധക്കുറിപ്പ് ആണിതു്; നമ്മൾ തീർച്ചയായും പിൻതുടരേണ്ട ഒരു ഔഷധക്കുറിപ്പ്. നമുക്ക് ഇതൊരു നിയമം ആയിരിക്കട്ടെ!

'ലൂഷ്യൂൺൻെറ സമ്പൂർണ്ണ കൃതികളിൽ'നിന്നു് തെരഞ്ഞെടുത്ത മൂന്നാമത്തെ ലേഖനം, എങ്ങിനെയാണു് എഴുതേണ്ടതു് എന്ന ചർച്ച ചെയ്തുകൊണ്ടു് 'ദി ഡിപ്പർ' x എന്ന മാസികയിൽ വന്ന ലേഖനത്തിനുള്ള ഗ്രന്ഥകർത്താവിൻെറ മറുപടിയാണു്. ലൂഷ്യൂൺ എന്താണു പറഞ്ഞതു്? എങ്ങിനെയാണു് എഴുതേണ്ടതു് എന്നതിനെ കുറിച്ച് അയാൾ എട്ടുനിയമങ്ങൾ ആവിഷ്ക്കരിച്ചു. അഭിപ്രായപ്രകടനം നടത്തുന്നതിനുവേണ്ടി അവയിൽ ചിലതു് തെരഞ്ഞെടുത്തു് ഞാനിവിടെ അവതരിപ്പിക്കാം.

---

x ചൈനയിലെ ഇടതുപക്ഷ സാഹിത്യകാരന്മാരുടെ സഖ്യം 1931 മുതൽ 1932 വരെ പ്രസിദ്ധപ്പെടുത്തിയ ഒരു മാസിക. ലൂഷ്യൂൺൻെറ മറുപടി 'വിഭക്തഹൃദയം'എന്ന കൃതിയിൽ ചേർത്തിട്ടുണ്ടു്. (ലൂഹ്സൂൺ, സമ്പൂർണ്ണകൃതികൾ, ഭാഗം—നാലു്.)

നിയമം ഒന്നു്: '' എല്ലാവിധത്തിലുള്ള കാര്യങ്ങളിലും ഉററ ശ്രദ്ധ ചെലുത്തണം; കൂടുതൽ നിരീക്ഷിക്കുക; നിരീക്ഷണം അൽപ്പമാത്രമാണെങ്കിൽ നിങ്ങൾ എഴുതരുതു്.''

''എല്ലാവിധത്തിലുള്ള കാര്യങ്ങളിലും ഉററ ശ്രദ്ധ ചെലുത്തണം'' എന്നാണു് അയാൾ പറയുന്നതു്; അല്ലാതെ ഒന്നോ ഒരു മുറിയോ കാര്യത്തിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ. അയാൾ പറയുന്നതു് 'കൂടുതൽ നിരീക്ഷിക്കുക' എന്നാണു്; അല്ലാതെ അലക്ഷ്യമായ പാർശ്വവീക്ഷണങ്ങൾ കൊണ്ടുമാത്രം സംതൃപ്തരാകരുതു്. എന്നാൽ നമ്മുടെ കാര്യമോ? നമ്മൾ പലപ്പോഴും നേരേ എതിരായ കാര്യം മാത്രം പ്രവർത്തിക്കുകയും, അൽപ്പമാത്രമായ നിരീക്ഷണത്തിനു ശേഷം എഴുതുകയും ചെയ്യുന്നില്ലേ?

നിയമം രണ്ടു്: ''നിങ്ങൾക്കു് ഒന്നും പറയാനില്ലാത്ത സന്ദർഭങ്ങളിൽ എഴുതുന്നതിനായിട്ടു് സ്വയം നിർബ്ബന്ധിക്കരുതു്.''

നമ്മുടെ കാര്യമെന്താണു്? തലയിൽ ഒന്നും ഇല്ലെന്നു് വളരെ വ്യക്തമായിട്ടുള്ള സന്ദർഭത്തിൽപോലും നമ്മൾ പലപ്പോഴും വളരെയേറെ എഴുതുവാൻ സ്വയം നിർബന്ധിക്കാറില്ലേ? അന്വേഷണമോ പഠനമോ കൂടാതെ പേന കയ്യിൽ എടുക്കുകയും ''എഴുതുവാൻ സ്വയം നിർബന്ധിക്കുകയും'' ചെയ്യുന്നതു് തികഞ്ഞ ഉത്തരവാദിത്വ വിഹീനതയാണു്................

നിയമം നാലു്: ''എന്തെങ്കിലും എഴുതി കഴിഞ്ഞതിനുശേഷം ചുരുങ്ങിയതു് രണ്ടു പ്രാവശ്യമെങ്കിലും അതുമുഴുവനും വായിക്കണം; അൽപ്പമാത്രമായ മനസ്സാക്ഷിക്കുത്തുപോലും കൂടാതെ അത്യാവശ്യമില്ലാത്ത വാക്കുകളും, വാചകങ്ങളും, ഖണ്ഡികകളും നീക്കം ചെയ്യുവാൻ പരമാവധി ശ്രമിക്കണം. ഒരു നോവലിനുള്ള വിവരങ്ങളെ ഒരു ലഘുവിവരണം ആക്കി സംഗ്രഹിക്കുക ആണു് വേണ്ടതു്; ഒരിക്കലും ഒരു ലഘുവിവരണത്തിനുള്ള വിവരങ്ങളെ ഒരു നോവലായി വിപുലീകരിക്കരുതു്.''

കൺഫ്യൂഷ്യസ്സ് ഉപദേശിച്ചു: "രണ്ടു പ്രാവശ്യം ചിന്തിക്കുക;" x ഹാൻയു പറഞ്ഞു: "ഒരു പ്രവൃത്തി സഫലീകരിക്കുവാൻ കഴിയുന്നതു് ചിന്താശക്തി ഉപയോഗിക്കുന്നതിൽ കൂടിയാണു്." xx അവർ ജീവിച്ചിരുന്ന പുരാതന കാലഘട്ടങ്ങൾക്കു ബാധകമായിരുന്നു ഈ ഉദ്ധരണികൾ. ഇന്നു് കാര്യങ്ങൾ വളരെ സങ്കീർണ്ണമായി തീർന്നിട്ടുണ്ടു്; അവയെകുറിച്ചു് മൂന്നോ നാലോ പ്രാവശ്യം ചിന്തിച്ചാൽപോലും ശരിയായ ധാരണ കിട്ടുവാൻ വിഷമമാണു്. ലൂഷുൺ പറഞ്ഞു: "രണ്ടു പ്രാവശ്യമെങ്കിലും അതു മുഴുവനും വായിക്കണം." അപ്പോൾ പരമാവധി എത്ര പ്രാവശ്യം വായിക്കണം? അയാൾ അതു പറഞ്ഞില്ല; എങ്കിലും എൻെറ അഭിപ്രായത്തിൽ ഒരു പ്രധാനപ്പെട്ട ലേഖനം പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപു്, അതുമുഴുവൻ പത്തുപ്രാവശ്യത്തിൽ കൂടുതൽ വായിക്കുകയും, ആത്മാർത്ഥതയോടുകൂടി പരിശോധിച്ചു് തെററുതിരുത്തുകയും ചെയ്യുന്നതു് ഉത്തമമായിരിക്കുമെന്നാണു്. സങ്കീർണ്ണവും ദുർഗ്രഹവുമായ വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളുടെ പ്രതിഫലനമാണു് ലേഖനങ്ങൾ; അവയെ വേണ്ടവിധത്തിൽ പ്രതിഫലിപ്പിക്കുവാൻ കഴിയുന്നതിനു മുൻപു് ആവർത്തിച്ചു് ആവർത്തിച്ചുള്ള പഠനം ആവശ്യമാണു്; ഇക്കാര്യത്തിൽ ഒഴുക്കൻ മട്ടിലുള്ള പ്രവർത്തനം നടത്തുന്നതു് സാഹിത്യരചനയുടെ പ്രാഥമിക കാര്യങ്ങളിൽപോലും ഉള്ള അജ്ഞത ആണു് കാണിക്കുന്നതു്......................

നിയമം ആറു്: "നിങ്ങൾ ഒഴിച്ചു് മററാക്കും സ്പഷ്ടമല്ലാത്ത നാമവിശേഷണപദങ്ങളോ മററു പദപ്രയോഗങ്ങളോ അടിച്ചിറക്കരുതു്.'

---

x കൺഫൂഷിയൻ അനലക്ററസ്, ചൈനീസ് ഇതിഹാസങ്ങൾ, ഇംഗ്ലീഷ് വിവർത്തനം, ജെയിംസ് ലെഗ്ഗി, ഓക്സ്ഫോർഡ്, 1893, ഭാഗം ഒന്നു് പേജ് 180.

xx ഹാൻയു (എ. ഡി. 768 മുതൽ 824 വരെ) ടാംഗ്ഗ് രാജവംശത്തിൻെറ കാലഘട്ടത്തിലെ ഒരു പ്രസിദ്ധ ചൈനീസ് സാഹിത്യകാരൻ 'പണ്ഡിതൻെറ ക്ഷമാപണം' എന്ന ഉപന്യാസത്തിൽ നിന്നാണു് ഈ ഉദ്ധരണി എടുത്തിട്ടുള്ളതു്.

''മററാക്കം സ്പഷ്ടമല്ലാത്ത'' വളരെയധികം വചനരൂപങ്ങറം നമ്മറം ''അടിച്ചിറക്കിയിട്ടുണ്ട്''. ചിലപ്പോറം ഒരൊററ ഉപവാക്യം നാൽപ്പതോ അൻപതോ വാക്കുകറം വരെ നീണ്ടുനിൽക്കുകയും, ''മററാർക്കും സ്പഷ്ടമല്ലാത്ത നാമവിശേഷണപദങ്ങളോ മററു പദപ്രയോഗങ്ങളോ''കൊണ്ടു് നിറഞ്ഞിരിക്കുകയും ചെയ്യുന്നു. തങ്ങറം ലൂഷ്യണെ പിൻതുടരുകയാണെന്നു് പരസ്യമായി പ്രസ്താവിക്കുന്നതിൽ ഒരിക്കലും ക്ഷീണംകാട്ടാത്ത പലരുമാണു് അയാളുടെ ഉപദേശങ്ങറംക്കു് കടകവിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്നതു്.

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ആറാം കേന്ദ്രകമ്മിററിയുടെ ആറാം പ്ലീനറി സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട, ദേശീയ മാതൃകയിലുള്ള പ്രചരണത്തെ വികസിപ്പിക്കുന്നതു് എങ്ങിനെയാണെന്നതിനെ കുറിച്ചുള്ള റിപ്പോർട്ടിൽനിന്നു് എടുത്തതാണു് അവസാനത്തെ ലേഖനം. 1938–ൽ നടത്തിയ ആ സമ്മേളനത്തിൽ നമ്മറം പറഞ്ഞു: ''ചൈനയുടെ പ്രത്യേക സവിശേഷതകളിൽനിന്നു് വേറിട്ടു് മാർക്സിസത്തെ കുറിച്ചെന്തെങ്കിലും സംസാരിക്കുന്നതു് വെറും താത്വികമായ (Abstract) മാർക്സിസം മാത്രമായിരിക്കും, ശൂന്യതയിലുള്ള മാർക്സിസം മാത്രമായിരിക്കും. അതായതു്, മാർക്സിസത്തെ കുറിച്ചുള്ള എല്ലാ പൊള്ളയായ സംസാരങ്ങളേയും നമ്മറം തീർച്ചയായും എതിർക്കുകയും, ചൈനയിൽ ജീവിക്കുന്ന കമ്യൂണിസ്റ്റുകാരായ നമ്മറം ചൈനീസ് വിപ്ളവത്തിന്റെ യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തി മാർക്സിസത്തെ പഠിക്കുകയും ചെയ്യണം.

റിപ്പോർട്ടിൽ പറഞ്ഞു:

'വിദേശീയ മാതൃകയിലുള്ള സ്ഥിരരൂപത്തിലുള്ള രചനാശൈലിയെ നിർത്തലാക്കണം, പൊള്ളയും

അവ്യക്തവും ആയ സംസാരം നിറുത്തണം, സ്വമതസിദ്ധാന്തത്തെ കുഴിച്ചു മൂടണം; അതിന്റെ സ്ഥാനത്തു് ചൈനയിലെ സാധാരണജനങ്ങൾ ഇഷ്ടപ്പെടുന്ന ഓജസ്സുള്ളതും സജീവവും ആയ ചൈനീസ് രീതിയും, ചൈതന്യവും പ്രതിഷ്ടിക്കണം. ദേശീയരൂപത്തി ൽനിന്നു് അന്തർദ്ദേശീയമായ ഉള്ളടക്കത്തെ വേർതിരിക്കുന്നതു് സാർവ്വദേശീയത്വത്തെ കുറിച്ച് ബാലപാഠംപോലും അറിവില്ലാത്തവർ ചെയ്യുന്ന നടപടിയാണു്. നേരെമറിച്ചു്, നമ്മൾ ഇവ രണ്ടിനേയും അടുത്തു് സംയോജിപ്പിക്കണം. ഇക്കാര്യത്തിൽ നമ്മുടെ അണികളിൽ ഉള്ള ഗുരുതരമായ തെറ്റുകൾ ആത്മാർത്ഥതയോടുകൂടി നമ്മൾ കീഴടക്കണം.'

വിദേശീയ മാതൃകയിലുള്ള സ്ഥിരരൂപത്തിലുള്ള രചനാശൈലി നിർത്തലാക്കണമെന്നു് ആ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. എന്നിട്ടും ചില സഖാക്കൾ അവയെ ഇപ്പോഴും പ്രോത്സാഹിപ്പിക്കുകയാണു്. പൊള്ളയും അവ്യക്തവും ആയ സംസാരം നിറുത്തണമെന്നു് ആവശ്യപ്പെട്ടിരുന്നു, എന്നിട്ടും ചില സഖാക്കൾ മക്കടെമുഷ്ടിയോടുകൂടി ആ രീതിയിലുള്ള സംസാരം തുടരുകയാണു്. സ്വമതസിദ്ധാന്തത്തെ കുഴിച്ചുമൂടണം എന്നു് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു, എന്നിട്ടും ചില സഖാക്കൾ അതിനൊരു പുതിയ ജീവൻ പ്രദാനം ചെയ്യുവാൻ ശ്രമിച്ചു കൊണ്ടിരിക്കയാണു്. ചുരുക്കിപറഞ്ഞാൽ കേന്ദ്രക്കമ്മിററിയുടെ പ്ലീനറി സമ്മേളനം അംഗീകരിച്ച ആ റിപ്പോർട്ടു് തുടക്കം മുതലേ മക്കടെമുഷ്ടിയോടുകൂടി പ്രത്യക്ഷത്തിൽതന്നെ അതിനെ എതിർക്കുന്നവരായിരുന്ന പല ആളുകളും വ്യർത്ഥമായ വാക്കുകൾ എന്നും പറഞ്ഞു് തള്ളിക്കളഞ്ഞിരിക്കുന്നു.

സ്ഥിരരൂപത്തിലുള്ള പാർട്ടിലേഖനങ്ങളേയും, സ്വമതസിദ്ധാന്തത്തെയും, അതുപോലെയുള്ള മററു പാകപ്പിഴകളേയും എന്നേക്കുമായി നമ്മൾ ഉപേക്ഷിക്കണമെന്നു് കേന്ദ്രകമ്മിററി ഇപ്പോൾ തീരുമാനിച്ചിട്ടുണ്ടു്. അതുകൊണ്ടാണു് ഞാനിത്ര ദീഘമായിട്ടു് ഇവിടെ സംസാരിച്ചതു്. ഞാൻ പറഞ്ഞകാര്യങ്ങളെ കുറിച്ചു് സഖാക്കൾ ചിന്തിക്കുകയും വിശകലനം നടത്തുകയും ചെയ്യുമെന്നും, അതുപോലെതന്നെ ഓരോ സഖാവും തൻെറ സ്വന്തം കാര്യത്തെക്കുറിച്ചു് പ്രത്യേകിച്ചും വിശകലനം നടത്തുമെന്നും ഞാൻ ആശിക്കുന്നു. എല്ലാവരും ശ്രദ്ധാപൂവ്വം സ്വയം പരിശോധിക്കുകയും, തനിക്കു വ്യക്തമായി മനസ്സിലായ കാര്യങ്ങളെ കുറിച്ചു തൻെറ ഉററ സുഹൃത്തുക്കളും ചുററിനുമുള്ള സഖാക്കളുമായിട്ടു് സംസാരിക്കുകയും, തൻെറ സ്വന്തം പാകപ്പിഴകളിൽനിന്നു് ശരിക്കും രക്ഷപ്പെടുകയും ചെയ്യണം.

# കലയേയും സാഹിത്യത്തേയും കുറിച്ച് യെനാൻ സമ്മേളനത്തിൽ ചെയ്ത പ്രസംഗങ്ങൾ

## 1. ഉപക്രമം

(1942 മേയ് 2)

സഖാക്കളെ! നിങ്ങളെ ഇന്ന് ഈ സമ്മേളനത്തിലേക്ക് ക്ഷണിച്ചിരിക്കുന്നത് ആശയങ്ങളെ കൈമാറുന്നതിനും, സാഹിത്യപരവും കലാപരവും ആയ രംഗങ്ങളിലെ പ്രവത്തനവും പൊതുവിലുള്ള വിപ്ലവ പ്രവത്തനവും തമ്മിലുള്ള ബന്ധത്തെ പരിശോധിക്കുന്നതിനും ആണ്. നമ്മുടെ ദേശീയ ശത്രുവിൻെറ ബഹിഷ്കരണവും ദേശീയ വിമോചനത്തിനുവേണ്ടിയുള്ള കർത്തവ്യങ്ങളുടെ നിർവ്വഹണവും എളുപ്പമാക്കിത്തീക്കുന്നതിനുവേണ്ടി വിപ്ലവസാഹിത്യവും കലയും ശരിയായ വികസന മാർഗ്ഗത്തെ പിൻതുടരുകയെന്നതും മററു വിപ്ലവ പ്രവത്തനങ്ങൾക്ക് കൂടുതൽ മെച്ചമായ സഹായം നൽകുകയെന്നതും ഉറപ്പുവരുത്തുകയാണ് നമ്മുടെ ലക്ഷ്യം.

ചൈനീസ് ജനതയെ വിമോചിപ്പിക്കുന്നതിനുവേണ്ടിയുള്ള നമ്മുടെ സമരത്തിന് വിവിധ സമരമുഖങ്ങൾ ഉണ്ട്. അവയിൽ രണ്ടാണ് പേനയുടേതായ സമരമുഖവും, തോക്കിൻേറതായ സമരമുഖവും. അതായത്, സാംസ്കാരികവും സൈനികവും ആയ സമരമുഖങ്ങൾ. ശത്രുവിനെ തോൽപ്പിക്കുന്നതിന് പ്രഥമമായും നമ്മൾ ആശ്രയിക്കേണ്ടത് തോക്കുകളണിഞ്ഞ സൈന്യത്തെ ആണ്. പക്ഷേ ഈ സൈന്യം മാത്രം എല്ലാ കാര്യങ്ങൾക്കും പര്യാപ്തമാവുകയില്ല. നമ്മുടെ സ്വന്തം അണികളെ ഏകോപിപ്പിക്കുന്നതിനും ശത്രുവിനെ പരാജയപ്പെടുത്തു

ന്നതിനും നിസ്സംശയമായും അനപേക്ഷണീയമായ ഒരു സാംസ്കാരിക സൈന്യവും നമുക്ക് ഉണ്ടായിരിക്കണം. മേയ് നാല് പ്രസ്ഥാനത്തിനുശേഷം അതുപോലെയുള്ള ഒരു സാംസ്കാരിക സൈന്യം ചൈനയിൽ രൂപമെടുത്തിട്ടുണ്ട്. ഇതു് ചൈനീസ് വിപ്ലവത്തെ സഹായിക്കുകയും, സാമ്രാജ്യത്വവാദികളുടെ കടന്നാക്രമണത്തിനു് അനുകൂലമായി ദാസ്യവേല അനുഷ്ഠിക്കുന്ന ചൈനയിലെ നാട്ടുവാഴിത്ത സംസ്കാരത്തിൻേറയും ദല്ലാളിവർഗ്ഗ(Comprader) സംസ്കാരത്തിൻേറയും പ്രവത്തനരംഗങ്ങളെ ക്രമേണ ചുരുക്കുകയും അവയുടെ സ്വാധീനം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സംസ്കാരത്തെ എതിർക്കുന്നതിനായി ചൈനീസ് പിന്തിരിപ്പന്മാർക്കിപ്പോൾ 'ഗുണത്തിനെതിരായി പരിമാണത്തെ മത്സരരംഗത്തു് ഇറക്കുവാൻ' മാത്രമേ കഴിയുകയുള്ളു. വേറൊരു വിധത്തിൽ പറഞ്ഞാൽ, ഗുണസമ്പന്നമായ ഒന്നുംതന്നെ പുറത്തിറക്കുവാൻ പിന്തിരിപ്പന്മാർക്കു് കഴിയുകയില്ലെങ്കിലും വേണ്ടത്ര സാമ്പത്തികശേഷി ഉള്ളതുകൊണ്ടു് സർവ്വകഴിവുകളും ഉപയോഗിച്ചു് വലിയ തോതിൽ സാഹിത്യകൃതികൾ അടിച്ചിറക്കുവാൻ അവക്കു കഴിയും. മേയ് നാല് പ്രസ്ഥാനത്തിനുശേഷം സാഹിത്യവും കലയും സാംസ്കാരിക മുന്നണിയുടെ പ്രധാനവും വിജയകരവുമായ ഒരു ഭാഗമായിരുന്നിട്ടുണ്ട്. പത്തു വർഷങ്ങൾ നീണ്ടുനിന്ന ആഭ്യന്തരയുദ്ധത്തിനിടയ്ക്കു് വിപ്ലവസാഹിത്യ, കലാപ്രസ്ഥാനം വളരെയേറെ വളർന്നു. ആ പ്രസ്ഥാനവും വിപ്ളവസമരവും രണ്ടും ഒരേ പൊതുലക്ഷ്യത്തിലേയ്ക്കാണു് ജനങ്ങളെ നയിച്ചതു്. പക്ഷെ ഈ രണ്ടു സഹോദര സൈന്യങ്ങളും തങ്ങളുടെ പ്രായോഗിക പ്രവത്തനത്തിൽ പരസ്പരം ബന്ധപ്പെട്ടിരുന്നില്ല. ഇതിനുള്ള കാരണം അവർ തമ്മിലുള്ള ബന്ധത്തെ പിന്തിരിപ്പന്മാർ ഛേദിച്ചു കളഞ്ഞിരുന്നു എന്നുള്ളതാണു്. ജപ്പാനു് എതിരായിട്ടുള്ള പ്രതിരോധയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം വിപ്ളവകാരികളായ എഴുത്തുകാരും കലാകാരന്മാരും കൂടുതൽ കൂടുതലായിട്ടു് യെനാനിലേക്കും നമ്മുടെ മററു് ജപ്പാൻ വിരുദ്ധ താവള

പ്രദേശങ്ങളിലേക്കും വന്നുകൊണ്ടിരിക്കുന്നുണ്ട് എന്നുള്ളതു് വളരെ നല്ല ഒരു കാര്യമാണു്. പക്ഷേ താവളപ്രദേശങ്ങളിൽ വന്നു എന്നതുകൊണ്ടുമാത്രം അവർ ഇതിനകം തന്നെ ഇവിടെയുള്ള ജനങ്ങളുമായി സ്വയം ഏകീഭവിച്ചു കഴിഞ്ഞു എന്നു് അർത്ഥമാകുന്നില്ല. വിപ്ലവപ്രവർത്തനവുമായി നമുക്കു മുന്നേറണമെങ്കിൽ ഇവ രണ്ടിനേയും (വിപ്ലവപ്രസ്ഥാനത്തേയും വിപ്ലവ സാഹിത്യ, കലാപ്രസ്ഥാനത്തേയും —വിവ:) നമ്മാം പൂർണ്ണമായി ഏകീഭവിപ്പിക്കണം. ഇന്നത്തെ നമ്മുടെ സമ്മേളനത്തിൻെറ ഉദ്ദേശം, ശരിക്കു പറയുകയാണെങ്കിൽ, സാഹിത്യവും കലയുംമൊത്തത്തിലുള്ള വിപ്ലവ പ്രക്രിയയുടെ ഒരു ഘടകഭാഗമായി ശരിയായ രീതിയിൽ യോജിക്കുന്നതിനു് ഉറപ്പുവരുത്തുകയും, അവ ജനങ്ങളെ സംഘടിപ്പിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും ശത്രുവിനെ ആക്രമിക്കുന്നതിനും നശിപ്പിക്കുന്നതിനും വേണ്ടിയുള്ള ശക്തിമത്തായ ആയുധങ്ങളായി പ്രവർത്തിക്കുന്നതിനു് ഉറപ്പുവരുത്തുകയും, ശത്രുവിനെതിരായി ഹൃദയൈക്യത്തോടുകൂടിയും ഏകചിന്തയോടുകൂടിയും സമരം ചെയ്യുന്നതിൽ അവ ജനങ്ങളെ സഹായിക്കുമെന്നു് ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതാണു്. ഈ ലക്ഷ്യംനേടിയെടുക്കുന്നതിനുവേണ്ടി പരിഹരിക്കേണ്ട പ്രശ്നങ്ങാം എന്തൊക്കെയാണു്? എൻെറ അഭിപ്രായത്തിൽ ആ പ്രശ്നങ്ങാം എഴുത്തുകാരുടേയും കലാകാരന്മാരുടേയും വർഗ്ഗപരമായ നിലപാടു്, അവരുടെ മനോഭാവം, അവരുടെ ആസ്വാദകർ, അവരുടെ പ്രവർത്തനം, അവരുടെ പഠനം എന്നിവയാണെന്നാണു്.

ആദ്യമായി വർഗ്ഗപരമായ നിലപാടിൻെറ പ്രശ്നം. തൊഴിലാളി വർഗ്ഗത്തിൻേറതും ജനങ്ങളുടേതുമായ നിലപാടാണു് നമ്മുടേതു്. കമ്യൂണിസ്റ്റ് പാർട്ടിയിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇതുകൊണ്ടർത്ഥമാകുന്നതു് പാർട്ടിയുടെ നിലപാടനുസരിച്ചു് നിലകൊള്ളുകയും പാർട്ടിസ്പിരിററിനും പാർട്ടിനയങ്ങാംക്കും അനുയോജ്യമായി നിലകൊള്ളുകയും ചെയ്യുകയെന്നതാണു്. ഈ പ്രശ്നത്തെ കുറിച്ചുള്ള തങ്ങളുടെ ധാരണ അബദ്ധ

ജടിലമോ അവ്യക്തമോ ആയിട്ടുള്ള നമ്മുടെ സാഹിത്യ, കലാപ്രവർത്തകർ ആരെങ്കിലും ഉണ്ടോ? ഞാൻ വിചാരിക്കുന്നതു് അങ്ങിനെ ഉള്ളവർ ഉണ്ടെന്നാണു്. നമ്മുടെ സഖാക്കളിൽ പലരും ശരിയായ നിലപാടിൽ നിന്നു് പലപ്പോഴും വ്യതിചലിച്ചിട്ടുണ്ടു്.

രണ്ടാമതായി, മനോഭാവത്തിൻെറ പ്രശ്നം. ഒരാളുടെ നിലപാടിൽ നിന്നാണു് വ്യക്തവും നിർദ്ദിഷ്ടവും ആയ കാര്യങ്ങളുടെ നേരേയുള്ള വ്യക്തവും നിർദ്ദിഷ്ടവുമായ മനോഭാവം ഉടലെടുക്കുന്നതു്. ഉദാഹരണത്തിനു്, പ്രശംസയുടേതോ, അതോ വിമർശനത്തിൻേറയോ, ഏതു മാർഗ്ഗമാണു് ഒരാൾ സ്വീകരിക്കേണ്ടതു്? ഇതു് മനോഭാവത്തിൻെറ ഒരു പ്രശ്നമാണു്. ഏതു മനോഭാവമാണു് വേണ്ടതു്? എൻെറ അഭിപ്രായം രണ്ടും വേണമെന്നാണു്. ആരുമായിട്ടാണു് നിങ്ങൾ ഇടപെടുന്നതു് എന്നതിനെയാണു് ഇതെല്ലാം ആശ്രയിച്ചിരിക്കുന്നതു്. മൂന്നു തരത്തിൽ ഉള്ള ആളുകൾ ഉണ്ടു്: ശത്രു, ഐക്യമുന്നണിയിലെ നമ്മുടെ മിത്രങ്ങൾ, നമ്മുടെ സ്വന്തം ജനങ്ങൾ. അവസാനത്തെ വിഭാഗം ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളേയും അവരുടെ മുന്നണിപ്പടയേയും ഉൾക്കൊള്ളുന്നു. ഈ മൂന്നു വിഭാഗക്കാരുടേയും നേരേ വ്യത്യസ്തമായ മനോഭാവങ്ങൾ നമ്മൾ സ്വീകരിക്കേണ്ടതാവശ്യമാകുന്നു. നമ്മുടെ ശത്രുക്കളെ സംബന്ധിച്ചിടത്തോളം അതായതു് ജാപ്പനീസ് സാമ്രാജ്യത്വത്തേയും ജനങ്ങളുടെ മറ്റു് എല്ലാ ശത്രുക്കളേയും സംബന്ധിച്ചിടത്തോളം വിപ്ലവകാരികളായ എഴുത്തുകാരുടേയും കലാകാരന്മാരുടേയും കടമ അവരുടെ ക്രൂരതയേയും വഞ്ചനയേയും തുറന്നുകാട്ടുകയും, അവരുടെ അനിർവാര്യമായ പരാജയത്തെ ചൂണ്ടിക്കാണിക്കുകയും, നിശ്ചയദാർഢ്യത്തോടും ഹൃദയൈക്യത്തോടും ഏകചിന്തയോടും കൂടി സമരം ചെയ്തു് അവരെ ബഹിഷ്കരിക്കുവാൻ ജപ്പാൻ—വിരുദ്ധ സൈന്യത്തേയും ജനങ്ങളേയും പ്രോത്സാഹിപ്പിക്കുകയും ആണു്. ഐക്യമുന്നണിയിലുള്ള നമ്മുടെ വിവിധ തരക്കാരായ മിത്രങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ മനോഭാവം സഖ്യവും വിമർശനവും രണ്ടും ചേർന്നതു് ആയിരിക്കണം. കൂടാതെ വ്യത്യസ്ത

രീതികളിലുള്ള സഖ്യവും, വ്യത്യസ്തരീതികളിൽ ഉള്ള വിമർശനവും ഉണ്ടായിരിക്കണം. ജപ്പാനോടുള്ള അവരുടെ എതിർത്തുനിൽപ്പിൽ നമ്മൾ അവർക്കു പിൻതുണ നൽകുകയും ആ രംഗത്തു് ഏതെങ്കിലും നേട്ടം ഉണ്ടാവുമ്പോൾ നമ്മൾ അവരെ പ്രശംസിക്കുകയും ചെയ്യുന്നു. പക്ഷേ അവർ പ്രതിരോധയുദ്ധത്തിൽ സജീവമായി പങ്കെടുക്കുന്നില്ലെങ്കിൽ നമ്മൾ അവരെ വിമർശിക്കണം. ആരെങ്കിലും കമ്യൂണിസ്റ്റു് പാർട്ടിയേയും ജനങ്ങളേയും എതിർക്കുകയും പിന്തിരിപ്പൻ മാർഗ്ഗത്തിലൂടെ നീങ്ങുകയും ചെയ്യുകയാണെങ്കിൽ നമ്മൾ അയാളെ ദൃഢതയോടെ എതിർക്കും. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളേയും, അവരുടെ അദ്ധ്വാനത്തേയും, അവരുടെ സമരത്തേയും, അവരുടെ സൈന്യത്തേയും, അവരുടെ പാർട്ടിയേയും സംബന്ധിച്ചിടത്തോളം ആണെങ്കിൽ, നമ്മൾ അവരെ നിശ്ചയമായും പ്രശംസിക്കണം. ജനങ്ങൾക്കും പോരായ്മകൾ ഉണ്ടു്. തൊഴിലാളി വർഗ്ഗത്തിന്റെ ഇടയിൽ പലരും പെററി ബൂർഷ്വാ ആശയങ്ങൾ വച്ചു പുലർത്തുന്നു; അതേസമയം തന്നെ കർഷകർക്കും നഗരങ്ങളിലെ പെററി ബൂർഷ്വാസികൾക്കും പിന്നോക്കം നിൽക്കുന്ന ചിന്താഗതികൾ ഉണ്ടു്. തങ്ങളുടെ സമരത്തിൽ അവർക്കു തടസ്സങ്ങൾ സൃഷ്ടിക്കുന്ന ഭാരിച്ച ചുമടുകളാണു് ഇവ. നമ്മൾ ക്ഷമാശീലമുള്ളവരായിരിക്കുകയും, അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ദീർഘസമയം ചെലവഴിക്കുകയും, തങ്ങളുടെ പുറത്തുള്ള ഭാരിച്ച ചുമടുകൾ നീക്കം ചെയ്യുന്നതിൽ അവരെ സഹായിക്കുകയും, തങ്ങളുടെ കുററങ്ങളേയും കുറവുകളേയും എതിർത്തു പരാജയപ്പെടുത്തുന്നതിൽ അവരെ സഹായിക്കുകയും ചെയ്യണം. ഈ രീതിയിലുള്ള നമ്മുടെ പ്രവർത്തനഫലമായി അവർക്കു് നീണ്ട ചുവടുവയ്പുകളോടെ മുന്നേറുവാൻ കഴിയും. സമരരംഗത്തെ അനുഭവങ്ങളിൽകൂടി അവർക്കു് സ്വയം പുതിയരൂപം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടുണ്ടു്, അല്ലെങ്കിൽ അവർ അങ്ങിനെ ചെയ്തുകൊണ്ടിരിക്കുകയാണു്. നമ്മുടെ സാഹിത്യവും കലയും ഈ പ്രക്രിയയെ ചിത്രീകരിക്കണം. അവർ തങ്ങളുടെ തെററുകൾ നിർബന്ധപൂർവം തുടരാത്തിടത്തോളംകാലം,

നമ്മൾ ഒരു ഏകപക്ഷീയമായ നിലപാട്ട് എടുക്കാതിരി ക്കുകയും അവരെ അപഹസിക്കുകയോ അല്ലെങ്കിൽ അ വർക്കെതിരായി ശത്രുതാമനോഭാവത്തോടു കൂടിയുള്ള ഒരു നിലപാട്ട് എടുക്കുകയോ ചെയ്യുകയെന്ന തെററ് പ്രവർത്തിക്കാതിരിക്കുകയും ചെയ്യണം. നമ്മുടെ സാഹി ത്യ, കലാപ്രവർത്തനങ്ങൾ സംഘടിക്കുന്നതിനും, പു രോഗതി നേടുന്നതിനും, ഏദയൈക്യത്തോടും ഏകചിന്ത യോടും കൂടി മുന്നേറുന്നതിനും, എല്ലാവിധപിന്തിരിപ്പൻ ചിന്താഗതികളേയും, പരിത്യജിക്കുന്നതിനും, വിപ്ലവക രമായിട്ടുള്ളതിനെ എല്ലാം വികസിപ്പിക്കുന്നതിനും അ വരെ സഹായിക്കണം. നമ്മുടെ പ്രവർത്തനങ്ങൾ ഒരി ക്കലും ഇതിനു വിപരീതമായിപ്പോകരുത്.

മൂന്നാമതായി, ആസ്വാദകരുടെ പ്രശ്നം, അതാ യത് നമ്മുടെ സാഹിത്യ, കലാപ്രവർത്തനങ്ങൾ ആരെ ഉദ്ദേശിച്ചു കൊണ്ടുള്ളതാണോ ആ ജനങ്ങളുടെ പ്രശ്നം. ഷെൻഷി_കാൻസു—നിംഗ്സിയാ അതിർത്തി മേഖല യിലേയും, ഉത്തരചൈനയിലും മദ്ധ്യചൈനയിലും ഉള്ള ജപ്പാൻ വിരുദ്ധ താവള പ്രദേശങ്ങളിലേയും പ്രശ്നം ക്വമിന്താങ്ങ് അധീന പ്രദേശങ്ങളിലെ പ്രശ്നത്തിൽ നിന്നു് വ്യത്യസ്തമായിരിക്കുന്നു. അതുപോലെ പ്രതി രോധയുദ്ധത്തിനു മുൻപുള്ള ഷാംഗ്ഹായിയിലെ പ്രശ്ന ത്തിൽനിന്നും ഇതു പ്രത്യേകിച്ചും കൂടുതൽ വ്യത്യസ്തമാ യിരിക്കുന്നു. ആ കാലഘട്ടത്തിൽ ഷാംഗ്ഹായി യിൽ വിപ്ളവസാഹിത്യ, കലാശില്പങ്ങളുടെ ആസ്വാ ദകർ ഒരു വിഭാഗം വിദ്യാർത്ഥികളും, ഓഫീസ് ജീവനക്കാരും, കടകളിലെ ജോലിക്കാരുമായിരുന്നു. പ്രതിരോധയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം ക്വമി ന്താങ്ങ് അധീന പ്രദേശങ്ങളിലെ ആസ്വാദകരുടെ എണ്ണം കുറച്ചുകൂടി വർദ്ധിച്ചു. പക്ഷേ അതു് അ പ്പോഴും മുൻപ് പറഞ്ഞ വിഭാഗങ്ങളിൽപെട്ട ആളു കളെ മാത്രമേ ഉൾക്കൊണ്ടിരുന്നുള്ളു. അവിടങ്ങളിൽ തൊഴിലാളികളും കർഷകരും സൈനികരും വിപ്ളവ സാഹിത്യ, കലാശില്പങ്ങൾ വായിക്കുന്നതും കാണുന്ന തും ഗവണ്മെൻറ് തടഞ്ഞു. നമ്മുടെ താവള പ്രദേശങ്ങ

ളിൽ സ്ഥിതിഗതികൾ തികച്ചും വ്യത്യസ്തമാണ്. ഇവിടെ തൊഴിലാളികളും കർഷകരും സൈനികരും വിപ്ളവകാരികളായ പാർട്ടി പ്രവർത്തകരും അടങ്ങിയതാണ് സാഹിത്യ, കലാശില്പങ്ങളുടെ ആസ്വാദകർ. താവള പ്രദേശങ്ങളിൽ വിദ്യാർത്ഥികളും ഉണ്ട്. പക്ഷേ അവർ പഴയ രീതിയിലുള്ള വിദ്യാർത്ഥികളിൽ നിന്നു് വ്യത്യസ്തരാണ്. അവർ പാർട്ടി പ്രവർത്തകർ ആയിരുന്നവരാണ്, അല്ലെങ്കിൽ ഭാവിയിൽ പാർട്ടി പ്രവർത്തകർ ആകാനുള്ളവരാണ്. എല്ലാത്തരക്കാരായ പാർട്ടി പ്രവർത്തകരും, സൈന്യത്തിലെ യോദ്ധാക്കളും, ഫാക്ടറികളിലെ തൊഴിലാളികളും, ഗ്രാമങ്ങളിലെ കർഷകരും ഒരിക്കൽ അക്ഷരാഭ്യാസം ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ പുസ്തകങ്ങളും പത്രങ്ങളും വായിക്കുവാൻ ആഗ്രഹിക്കുന്നു. അക്ഷരാഭ്യാസം ഇല്ലാത്തവർ നാടകങ്ങളും നൃത്തസംഗീതനാടകങ്ങളും കാണുവാനും, ചിത്രങ്ങളും വർണ്ണചിത്രങ്ങളും വീക്ഷിക്കുവാനും, പാട്ടുകൾ പാടുവാനും, സംഗീതം കേൾക്കുവാനും ആഗ്രഹിക്കുന്നു. അവരാണ് നമ്മുടെ സാഹിത്യ, കലാശില്പങ്ങൾക്കുള്ള ആസ്വാദകർ. പാർട്ടി പ്രവർത്തകരുടെ കാര്യംമാത്രം എടുത്തുനോക്കണം. അവരുടെ സംഖ്യ കുറവാണെന്നു വിചാരിക്കരുത്. ക്കുമിന്താങ്ങ് പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഏതൊരു പുസ്തകത്തിന്റേയും വായനക്കാരേക്കാൾ വളരെ അധികം കൂടുതലാണ് അവരുടെ സംഖ്യ. അവിടെ ഒരു പതിപ്പ് സാധാരണയായി രണ്ടായിരം കോപ്പികളാണ് അടിക്കുക പതിവ്. അക്കണക്കിന് മൂന്നു പതിപ്പുകൾ ഇറക്കിയാൽ തന്നെയും ആകെ സംഖ്യ ആറായിരമേ ആകുന്നുള്ളു. പക്ഷേ അതേസമയം താവള പ്രദേശങ്ങളിലെ പാർട്ടി പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ യെനാനിൽ മാത്രം പുസ്തകങ്ങൾ വായിക്കുന്ന പതിനായിരത്തിൽ അധികം പേരുണ്ട്. ഇതിനും പുറമേ, അവരിൽ പലരും രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും വന്ന പ്രവർത്തനത്തിനായി വിവിധ പ്രദേശങ്ങളിലേക്ക് പോകുവാനുള്ള, ദീർഘകാലത്തെ പ്രവർത്തന

പാരമ്പര്യമുള്ള, പകപത വന്ന വിപ്ളവകാരികളാണ്. അതുകൊണ്ട്, അവരുടെ ഇടയിൽ വിദ്യാഭ്യാസ പ്രവത്തനം നടത്തുന്നതു് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണ്. നമ്മുടെ സാഹിത്യ, കലാപ്രവത്തകർ ഈ വിഷയത്തിൽ നല്ലതുപോലെ ശ്രദ്ധിക്കണം.

നമ്മുടെ സാഹിത്യത്തിന്റേയും കലയുടേയും ആസ്വാദകർ തൊഴിലാളികളും കർഷകരും സൈനികരും പാർട്ടി പ്രവത്തകരും അടങ്ങിയതായതിനാൽ അവരെ മനസ്സിലാക്കുകയും അവരെ ശരിക്കും അടുത്തറിയുകയും ചെയ്യുക എന്ന പ്രശ്നം ഉദിക്കുന്നു. അവരെ മനസ്സിലാക്കുന്നതിനും അവരെ ശരിക്കും അടുത്തറിയുന്നതിനും, പാർട്ടിയിലും ഗവണ്മെൻറ് സംഘടനകളിലും ഗ്രാമങ്ങളിലും ഫാക്ടറികളിലും എട്ടാം റൂട്ടസൈന്യത്തിലും പുതിയ നാലാം സൈന്യത്തിലും ഉള്ള എല്ലാ തരക്കാരായ ജനങ്ങളേയും എല്ലാ രീതിയിലുമുള്ള പ്രതിഭാസങ്ങളേയും മനസ്സിലാക്കുന്നതിനും ശരിക്കും അടുത്തറിയുന്നതിനുംവേണ്ടി വളരെയധികം പ്രവത്തനം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ എഴുത്തുകാർക്കും കലാകാരന്മാർക്കും അവരുടെ സാഹിത്യകലാപ്രവത്തനങ്ങൾ നടത്തുവാനുണ്ട്. പക്ഷേ അവരുടെ പ്രാഥമികമായ കർത്തവ്യം ജനങ്ങളെ മനസ്സിലാക്കുകയും അവരെ ശരിക്കും അടുത്തറിയുകയുമാണ്.

നമ്മുടെ എഴുത്തുകാരും കലാകാരന്മാരും കഴിഞ്ഞ കാലത്തു് ഈ പ്രശ്നങ്ങളെ എങ്ങിനെയാണ് അഭിമുഖീകരിച്ചിട്ടുള്ളതു്? അവർക്ക് അറിവും ഗ്രഹണശക്തിയും കുറവായിരുന്നു എന്നു് എനിക്ക് പറയേണ്ടിവരുന്നു; ''തൻെറ കഴിവുകൾ പ്രദർശിപ്പിക്കുവാൻ ഒരു സ്ഥലവും ലഭിക്കാത്ത ഒരു ധീരപുരുഷനെ''പോലെ ആയിരുന്നു അവർ. അറിവു കുറവായിരുന്നു എന്നതുകൊണ്ട് എന്താണ് അത്ഥമാകുന്നതു്? ജനങ്ങളെ ശരിക്കും അടുത്തു് അറിഞ്ഞിരുന്നില്ല എന്നാണ് അതിൻെറ അത്ഥം. എഴുത്തുകാർക്കും കലാകാരന്മാർക്കും തങ്ങൾ വിവരിക്കുന്ന കഥാപാത്രങ്ങളെ കുറിച്ചോ അല്ലെങ്കിൽ തങ്ങളുടെ ആസ്വാദകരെ കുറിച്ചോ നല്ല അറിവു് ഉണ്ടായിരുന്നില്ല.

ശരിക്കു പറഞ്ഞാൽ അവർ ഈ രണ്ടു് വിഭാഗങ്ങളെ കുറിച്ചു് തികച്ചും അജ്ഞരാണു്. തൊഴിലാളികളെ കുറിച്ചോ, കർഷകരെ കുറിച്ചോ, സൈനികരെ കുറിച്ചോ അവർക്കു് ശരിയായ അറിവില്ല; പാർട്ടിപ്രവർത്തകരെ കുറിച്ചും അവർക്കു് ഒട്ടും അറിവില്ല. ഗ്രഹണശക്തിയിൽ ഉള്ള കുറവു് എന്നതുകൊണ്ടു് എന്താണു് അർത്ഥമാകുന്നതു്? ഭാഷയെ മനസ്സിലാക്കുന്നില്ല, അതായതു്, സാധാരണ ജനങ്ങളുടെ സമ്പന്നവും സജീവവും ആയ ഭാഷയിൽ പരിചിതരല്ല എന്നാണു് അതിന്റെ അർത്ഥം. പല എഴുത്തുകാരും കലാകാരന്മാരും സാധാരണ ജനങ്ങളിൽനിന്നു് അകന്നു നില്ക്കുകയും ശൂന്യമായ ജീവിതങ്ങൾ നയിക്കുകയും ചെയ്യുന്നതുകൊണ്ടു് സ്വാഭാവികമായും അവർ ജനങ്ങളുടെ ഭാഷയോടു് അടുത്ത പരിചയം ഇല്ലാത്തവരാണു്. ഇതിന്റെ ഫലമായി, അവരുടെ കൃതികളിലെ ഭാഷ വിരസമായിരിക്കുന്നു എന്നുമാത്രമല്ല പലപ്പോഴും അവയിൽ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നതിൽനിന്നു് വിപരീതമായതും തങ്ങൾതന്നെ രൂപപ്പെടുത്തിയതും ആയ വിചിത്രമായ വാക്പ്രയോഗങ്ങൾ അടങ്ങിയിരിക്കുന്നു, ''ഒരു ജനകീയ രീതി''യെ കുറിച്ചു സംസാരിക്കുവാൻ പല സഖാക്കളും ഇഷ്ടപ്പെടുന്നു. പക്ഷേ ശരിക്കും എന്താണു് അതുകൊണ്ടു് വിവക്ഷിക്കുന്നതു്? നമ്മുടെ എഴുത്തുകാരുടേയും കലാകാരന്മാരുടേയും വിചാരങ്ങളും വികാരങ്ങളും ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളുടേയും, കർഷകരുടേയും, സൈനികരുടേയും വിചാരങ്ങളും വികാരങ്ങളും ആയിട്ടു് ലയിച്ചുചേരണമെന്നാണു് ഇതിന്റെഅർത്ഥം. ഈ ലയിച്ചുചേരൽ സാദ്ധ്യമാകണമെങ്കിൽ അവർ ആത്മാർത്ഥതയോടുകൂടി സാധാരണ ജനങ്ങളുടെ ഭാഷപഠിക്കണം. സാധാരണ ജനങ്ങളുടെ ഭാഷതന്നെ വളരെദുർഗ്രഹമായിട്ടു് നിങ്ങൾ കാണുന്നുണ്ടെങ്കിൽ നിങ്ങൾക്കു് എങ്ങിനെയാണു് സാഹിത്യപരവും കലാപരവുമായ സൃഷ്ടിയെക്കുറിച്ചു് സംസാരിക്കുവാൻ കഴിയുക? ''തന്റെ കഴിവുകൾ പ്രദർശിപ്പിക്കുവാൻ ഒരു സ്ഥലവും ലഭിക്കാത്ത ഒരു ധീരപുരുഷനെപ്പോലെ'' എന്നതുകൊ

ണ്ടു് ഞങ്ങരം അർത്ഥമാക്കുന്നതു് നിങ്ങരം സമാഹരിച്ച മഹത്തായ സത്യങ്ങരം ജനങ്ങരം ആസ്വദിക്കുന്നില്ല എന്നാണു്. ജനങ്ങളുടെ മുൻപിൽ ഒരു വിദഗ്ദ്ധൻെറ ഭാവപ്രകടനങ്ങളോടെ 'ധീരപുരുഷനാ'യി അഭിനയിക്കുവാൻ നിങ്ങരം എത്ര കൂടുതൽ ശ്രമിക്കുന്നുവോ, ഇതുപോലെയുള്ള ചപ്പുചവറുകരം ജനങ്ങരംക്കു വിൽക്കുവാൻ നിങ്ങരം എത്ര കൂടുതൽ ശ്രമിക്കുന്നുവോ, അത്രകണ്ടു് കുറച്ചേ അവർ അവയെ സ്വീകരിക്കുകയുള്ളു. സാധാരണ ജനങ്ങരം നിങ്ങളെ മനസ്സിലാക്കണമെന്നു് നിങ്ങരം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ജനങ്ങളുമായിട്ടു് താദാത്മ്യം പ്രാപിക്കണമെന്നു് നിങ്ങരം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നിങ്ങരംക്കു് പാകത വരുത്തുന്നതിനുവേണ്ടിയുള്ള ദീഘവും ഒരു പക്ഷേ കഠിനവും ആയ ഒരു പ്രവർത്തന ക്രമത്തിനു് വിധേയമാകുവാൻ നിങ്ങരം തയാറാകണം.

എൻെറ ചിന്താരീതികരംക്കു് എങ്ങിനെ രൂപാന്തരം സംഭവിച്ചതെന്ന സ്വന്തം അനുഭവം ഞാൻ ഇവിടെ വിവരിക്കാം. ഒരു വിദ്യാത്ഥി ആയി ജീവിതം ആരംഭിച്ചപ്പോരം വിദ്യാലയത്തിൽ വച്ചു് ഒരു വിദ്യാത്ഥിയുടെ രീതികരം ഞാൻ വശപ്പെടുത്തി. തങ്ങളുടെ തോളത്തോ കൈകളിലോ എന്തെങ്കിലും എടുത്തുകൊണ്ടു പോകുവാൻ കഴിവില്ലാത്തവരായിരുന്ന എൻെറ സഹപാഠികളുടെ സാന്നിദ്ധ്യത്തിൽ എൻെറ സ്വന്തം സാധനങ്ങരം ചുമക്കുന്നതു പോലെയുള്ള ഒരു നിസ്സാരമായ കായികാദ്ധ്വാനംപോലും ചെയ്യുന്നതു് അന്തസ്സില്ലാത്ത കാര്യമായി ഞാൻ അപ്പോരം വിചാരിച്ചിരുന്നു. ലോകത്തിൽ ബുദ്ധിജീവികരം മാത്രമായിരുന്നു വൃത്തിയുള്ള ആളുകളെന്നും, തൊഴിലാളികളും കഷ്കരും താരതമ്യേന വൃത്തികെട്ടവരായിരുന്നു എന്നും ആ സമയത്തു് എനിക്കു തോന്നി. മററു ബുദ്ധിജീവികളുടെ വസ്ത്രങ്ങരം ധരിക്കുന്നതിൽ എനിക്കൊരു വിഷമവും തോന്നിയിരുന്നില്ല. അവ വൃത്തിയുള്ളവയാണെന്നു ഞാൻ വിശ്വസിച്ചു. പക്ഷേ ഒരു തൊഴിലാളിയുടേയോ കർഷകൻെറയോ വസ്ത്രങ്ങരം അഴുക്കുപിടിച്ചവയാണെന്നു് വിശ്വസിച്ചിരുന്നതുകൊണ്ടു് അവ ധരിക്കുവാൻ ഞാൻ ഒരുക്കമല്ലാ

യിരുന്നു. എന്നാൽ ഞാനൊരു വിപ്ലവകാരിയാവുകയും തൊഴിലാളികളുടേയും കർഷകരുടേയും കൂടെയും വിപ്ലവ സൈന്യത്തിലെ സൈനികരുടെ കൂടെയും ജീവിക്കുകയും ചെയ്തു കഴിഞ്ഞപ്പോഠം ക്രമേണ ഞാൻ അവരെ ശരിക്കും അടുത്തറിഞ്ഞു. അവരും ക്രമേണ എന്നെ ശരിക്കും അടുത്തറിയുവാൻ തുടങ്ങി. അപ്പോഠം ആയിരുന്നു, അപ്പോഠം മാത്രമായിരുന്നു ബൂഷ്വാ വിദ്യാലയങ്ങളിൽവച്ച് എന്റെ മനസ്സിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ബൂർഷ്വാ, പെററി ബൂർഷ്വാ ചിന്താരീതികഠം ഞാൻ അടിസ്ഥാനപരമായും മാററിയതു്. തൊഴിലാളികളോടും കഷ്കരോടും താരതമ്യപ്പെടുത്തി നോക്കുമ്പോഠം പുനർരൂപീകരണത്തിനവിധേയരാകാത്ത ബുദ്ധിജീവികഠം വൃത്തിയുള്ളവർ അല്ലായിരുന്നു എന്നും, അവസാനവിശകലനത്തിൽ തൊഴിലാളികളും കർഷകരും ആയിരുന്നു ഏററവും വൃത്തിയുള്ള ജനങ്ങഠം എന്നും, അവരുടെ കൈകളിൽ അഴുക്കുപുരണ്ടിട്ടുണ്ടായിരുന്നു എങ്കിലും അവരുടെ പാദങ്ങഠം ചാണകം പുരണ്ടു് വൃത്തികേടായിട്ടുണ്ടായിരുന്നു എങ്കിലും യഥാർത്ഥത്തിൽ ബൂർഷ്വാ, പെററിബൂർഷ്വാ ബുദ്ധിജീവികളേക്കാഠം കൂടുതൽ വൃത്തിയുള്ളവർ അവർ ആയിരുന്നു എന്നും എനിക്കു തോന്നുവാൻ തുടങ്ങി. ചിന്താരീതികളിൽ ഉണ്ടാകുന്ന ഒരു മാററം എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു് ഇതാണു്, ഇതു് ഒരു വർഗ്ഗത്തിൽനിന്നു് മറെറാരു വർഗ്ഗത്തിലേക്കുള്ള മാററമാണു്. ബുദ്ധിജീവിജനവിഭാഗത്തിൽ നിന്നു വരുന്ന നമ്മുടെ എഴുത്തുകാരും കലാകാരന്മാരും തങ്ങളുടെ കൃതികഠം ജനങ്ങഠം വേണ്ടവിധം സ്വീകരിക്കണമെന്നു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ തങ്ങളുടെ ആശയങ്ങളും ചിന്താരീതികളും മാററുകയും അവയ്ക്കു് പുതിയ രൂപം നൽകുകയും ചെയ്യണം. ഇതുപോലെയുള്ള ഒരു മാററം കൂടാതെ, ഇതുപോലെയുള്ള ഒരു പുനർരൂപീകരണം കൂടാതെ അവക്കു് ഒന്നും നന്നായി ചെയ്യുവാൻ കഴിയുകയില്ല, അവർ ജനങ്ങളുമായി പൊരുത്തപ്പെടാത്ത ആളുകളായി അവശേഷിക്കും.

അവസാനത്തെ പ്രശ്നം പഠനമാണു്. ഇതുകൊണ്ടു് ഞാൻ അർത്ഥമാക്കുന്നതു് മാർക്സിസം—ലെനി

നിസത്തെ കുറിച്ചും സമുദായത്തെ കുറിച്ചും ഉള്ള പഠനം എന്നാണ്. താനൊരു വിപ്ളവകാരിയായ മാർക്സിസ്റ്റ് സാഹിത്യകാരനാണെന്നു ചിന്തിക്കുന്ന ആക്കും തന്നെ, പ്രത്യേകിച്ചും കമ്യൂണിസ്റ്റ് പാർട്ടിയിലെ അംഗമായ ഒരു എഴുത്തുകാരന് മാർക്സിസം—ലെനിനിസത്തെ കുറിച്ച് അറിവ് ഉണ്ടായിരിക്കണം. എങ്കിലും, ഇപ്പോഠം ചില സഖാക്കഠംക്ക് മാർക്സിസം—ലെനിനിസത്തെ കുറിച്ചുള്ള അടിസ്ഥാനതത്വങ്ങളെ കുറിച്ചു പോലും അറിവില്ല എന്ന പോരായ്മയുണ്ട്. ഉദാഹരണത്തിനു്, ജീവൻെറ നിലനില്പാണ് ബോധാവസ്ഥയെ നിർണ്ണയിക്കുന്നതു് (Being determines consaorisness) എന്നതു് ഒരു അടിസ്ഥാനപരമായ മാർക്സിസ്റ്റ് തത്വമാണ്; അതായതു് വർഗ്ഗസമരത്തിൻേറയും ദേശീയ സമരത്തിൻേറയും വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളാണ് നമ്മുടെ വിചാരങ്ങളേയും വികാരങ്ങളേയും നിർണ്ണയിക്കുന്നതു്. പക്ഷേ നമ്മുടെ സഖാക്കളിൽ ചിലർ ഇതിനെ തലകീഴായി മറിക്കുകയും എല്ലാംതന്നെ തുടങ്ങേണ്ടതു് ''സ്നേഹ''ത്തിൽ നിന്നാണെന്നുള്ള അഭിപ്രായം വച്ചു പുലത്തുകയും ചെയ്യുന്നു. സ്നേഹത്തെകുറിച്ചു പറയുകയാണെങ്കിൽ, ഒരു വർഗ്ഗാധിഷ്ഠിത സമുദായത്തിൽ വർഗ്ഗസ്നേഹം മാത്രമേ ഉണ്ടായിരിക്കുവാൻ സാധിക്കുകയുള്ളു. പക്ഷേ ഈ സഖാക്കഠം അന്വേഷിക്കുന്നതു് വർഗ്ഗങ്ങളുടെ അതിരുകളെ അതിലംഘിക്കുന്ന ഒരു സ്നേഹത്തേയാണ്, എല്ലാത്തിൽ നിന്നും ഒററപ്പെട്ടു നിൽക്കുന്ന (Abstract) ഒരു സ്നേഹത്തേയാണ്; കൂടാതെ എല്ലാത്തിൽ നിന്നും ഒററപ്പെട്ടുനിൽക്കുന്ന സ്വാതന്ത്ര്യം, എല്ലാത്തിൽ നിന്നും ഒററപ്പെട്ടുനിൽക്കുന്ന സത്യം, എല്ലാത്തിൽ നിന്നും ഒററപ്പെട്ടു നിൽക്കുന്ന മനുഷ്യസ്വഭാവം തുടങ്ങിയവയെ ആണ്. ഇതു കാണിക്കുന്നതു് അവർ വളരെ അഗാധമായി ബൂർഷ്വാസിയാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ടെന്നാണ്. അവർ ഈ സ്വാധീനത്തിൽനിന്നു് പൂർണ്ണമായും മോചനം നേടുകയും മാർക്സിസം—ലെനിനിസം വിനയപൂർവം പഠിക്കുകയും ചെയ്യണം. എഴുത്തുകാരേയും കലാകാരന്മാരേയും സംബന്ധിച്ചിടത്തോളം അവർ സാ

ഹിത്യപരവും കലാപരവും ആയ സൃഷ്ടികളെ കുറിച്ച് പഠിക്കുന്നതു് നല്ല കാര്യമാണു്. പക്ഷേ അതോടൊപ്പം എഴുത്തുകാരും, കലാകാരന്മാരും ഉൾപ്പെടെയുള്ള എല്ലാ വിപ്ലവകാരികളും മാർക്സിസം—ലെനിനിസം പഠിക്കണം. എഴുത്തുകാരും കലാകാരന്മാരും സമുദായത്തെ കുറിച്ചു പഠിക്കണം, അതായതു് സമുദായത്തിലുള്ള വിവിധ വർഗ്ഗങ്ങളെ കുറിച്ചും, അവയുടെ പരസ്പരമുള്ള ബന്ധത്തേയും താരതമ്യേനയുള്ള പരിതസ്ഥിതികളേയും കുറിച്ചും, അവയുടെ സാമുദ്രിക ശാസ്ത്രത്തെ കുറിച്ചും, അവയുടെ മനശ്ശാസ്ത്രത്തെ കുറിച്ചും പഠിക്കണം. ഇതെല്ലാം നമ്മൾ വ്യക്തമായി ഗ്രഹിച്ചു കഴിഞ്ഞാൽ മാത്രമേ സമ്പന്നമായ ഉള്ളടക്കവും ശരിയായ ലക്ഷ്യബോധവും ഉള്ള സാഹിത്യവും കലയും നമുക്കു് ഉണ്ടാവുകയുള്ളു.

ഇന്നു് ഞാൻ ഈ പ്രശ്നങ്ങളെ അവതരിപ്പിക്കുന്നതു് ഒരു ഉപക്രമം എന്ന രീതിയിൽ മാത്രമാണു്. ഇവയെ കുറിച്ചും ബന്ധപ്പെട്ട മററു പ്രശ്നങ്ങളെ കുറിച്ചും നിങ്ങൾ എല്ലാവരും നിങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമെന്നു് ഞാൻ ആശിക്കുന്നു.

## 2 ഉപസംഹാരം

(1942 മേയ് 23)

സഖാക്കളെ! നമ്മൾ ഈ മാസം മൂന്നു പ്രാവശ്യം സമ്മേളിക്കുകയുണ്ടായി. സത്യത്തിൽ എത്തിച്ചേരുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ നമ്മൾ സജീവമായ വാദപ്രതിവാദങ്ങൾ നടത്തുകയും, അവയിൽ പ്രതിപാദ്യവിഷയങ്ങളെ തുറന്നു കാട്ടിക്കൊണ്ടും അവയ്ക്ക് കൂടുതൽ സ്ഥായിയായ രൂപം കൊടുത്തുകൊണ്ടും പാർട്ടി അംഗങ്ങളും പാർട്ടി അംഗങ്ങൾ അല്ലാത്തവരും ആയ അനേകം സഖാക്കൾ സംസാരിക്കുകയും ചെയ്തു. ഇതു് സാഹിത്യപരവും കലാപരവുമായ പ്രസ്ഥാനത്തിനു് മൊത്തത്തിൽ വളരെയധികം പ്രയോജനം ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഒരു പ്രശ്നത്തെ കുറിച്ചു് ചർച്ചചെയ്യുമ്പോൾ, നമ്മൾ ചർച്ച ആരംഭിക്കേണ്ടതു് യഥാർത്ഥ വസ്തുതകളിൽ നിന്നാണു്, അല്ലാതെ നിർവചനങ്ങളിൽ നിന്നല്ല. നമ്മൾ ആദ്യമായി പാഠപുസ്തകങ്ങളിൽനിന്നു് സാഹിത്യത്തേയും കലയേയും കുറിച്ചുള്ള നിർവചനങ്ങൾ കണ്ടുപിടിക്കുകയും, എന്നിട്ടു് അവയെ വർത്തമാനകാലത്തു് നിലവിൽ ഇരിക്കുന്ന സാഹിത്യ, കലാപ്രസ്ഥാനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന തത്വങ്ങളെ നിർണ്ണയിക്കുന്നതിനും, ഇന്നു് ഉയർന്നു വന്നുകൊണ്ടിരിക്കുന്ന വ്യത്യസ്തമായ അഭിപ്രായങ്ങളേയും വിവാദങ്ങളേയും കുറിച്ചു് ഗുണദോഷ വിവേചനം ചെയ്യുന്നതിനും ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ അതു് ഒരു തെററായ സമ്പ്രദായമായിരിക്കും. നമ്മൾ മാർക്സിസ്ററുകാരാണു്; മാർക്സിസം നമ്മളെ പഠിപ്പിക്കുന്നതു് ഒരു പ്രശ്നത്തോടുള്ള നമ്മുടെ സമീപനം നമ്മൾ ആരംഭി

ക്കേണ്ടതു് വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളിൽനിന്നാണെന്നും, എല്ലാത്തിൽനിന്നും ഒററപ്പെട്ട നിൽക്കുന്ന നിർവചനങ്ങളിൽ നിന്നല്ലെന്നും, നമ്മരം ഈ യാഥാർത്ഥ്യങ്ങളിൽനിന്നു് നമുക്കു മാർഗ്ഗനിർദ്ദേശം നൽകുന്ന തത്വങ്ങളും നയങ്ങളും പദ്ധതികളും നേടി എടുക്കണമെന്നും ആണു്. സാഹിത്യപരവും കലാപരവും ആയ പ്രവർത്തനത്തെ കുറിച്ചുള്ള നമ്മുടെ ഇപ്പോഴത്തെ ചർച്ചയിലും നമ്മരം അതുതന്നെ ചെയ്യണം.

ഇപ്പോഴത്തെ യാഥാത്ഥ്യങ്ങരം എന്തൊക്കെയാണു്? അവയാണു്: ചൈന അഞ്ചുവർഷങ്ങളായി പൊരുതികൊണ്ടിരിക്കുന്ന ജപ്പാനു് എതിരായുള്ള പ്രതിരോധയുദ്ധം; ലോകം മുഴവൻ വ്യാപിച്ചിരിക്കുന്ന ഫാസിസ്റ്റ് വിരുദ്ധ സമരം; ചൈനയിലെ വൻകിട ജന്മിവർഗ്ഗവും വൻകിട ബൂർഷ്വാസിയും പ്രതിരോധ യുദ്ധത്തിൽ കാണിക്കുന്ന ചഞ്ചലിപ്പും ജനങ്ങളുടെമേൽ അക്രമപരമായ മർദ്ദനം നടത്തുന്ന അവരുടെ നയവും; മേയ് നാല് പ്രസ്ഥാനത്തിനുശേഷമുള്ള സാഹിത്യ, കലാരംഗങ്ങളിലെ വിപ്ലവപ്രസ്ഥാനം—കഴിഞ്ഞ ഇരുപത്തിമൂന്നു് വർഷങ്ങളായി ഇതു് വിപ്ലവത്തിനു പ്രദാനം ചെയ്ത മഹത്തായ സംഭാവനകളും ഇതിൻെറ പല പോരായ്മകളും; എട്ടാം റൂട്ട സൈന്യത്തിൻേറയും പുതിയ നാലാം സൈന്യത്തിൻേറയും ജപ്പാൻ വിരുദ്ധ, ജനാധിപത്യ താവളപ്രദേശങ്ങളും, ഈ സൈന്യങ്ങളുമായും ഈ പ്രദേശങ്ങളിലെ തൊഴിലാളികളും കർഷകരുമായും നിരവധി എഴുത്തുകാരുടേയും കലാകാരന്മാരുടേയും സംയോജനവും; താവള പ്രദേശങ്ങളിലേയും കുമിന്താങ്ങ് പ്രദേശങ്ങളിലേയും എഴുത്തുകാരും കലാകാരന്മാരും തമ്മിൽ പരിതസ്ഥിതികളുടെ കാര്യത്തിലും കടമകളുടെ കാര്യത്തിലുമുള്ള വത്യാസം; യെനാനിലും മററു് ജപ്പാൻ വിരുദ്ധ താവളപ്രദേശങ്ങളിലും സാഹിത്യത്തേയും കലയേയും സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള വിവാദപരമായ പ്രശ്നങ്ങരം. ഇവ വാസ്തവത്തിൽ ഉള്ളതും നിഷേധിക്കുവാൻ വയ്യാത്തതും ആയ യാഥാത്ഥ്യങ്ങളാണു്. ഇവയുടെ

വെളിച്ചത്തിൽ നമ്മാം പ്രശ്നങ്ങളെ പരിഹരിക്കേണ്ടിയരിക്കുന്നു.

അപ്പോഠം പ്രശ്നത്തിൻെറ കാതലായ ഭാഗം എന്താണു്? എൻെറ അഭിപ്രായത്തിൽ രണ്ടു് അടിസ്ഥാനപരമായ പ്രശ്നങ്ങഠം ഉണ്ടു്: ജനങ്ങഠംക്കുവേണ്ടി പ്രവത്തിക്കുക എന്നതും, എങ്ങിനെയാണു് ജനങ്ങഠംക്കുവേണ്ടി പ്രവർത്തിക്കുക എന്നതും. ഈ രണ്ടു പ്രശ്നങ്ങളേയും പരിഹരിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഇവയെ അപര്യാപ്തമായിട്ടു മാത്രമേ പരിഹരിക്കുന്നുള്ളു എങ്കിൽ, നമ്മുടെ എഴുത്തുകാക്കും കലാകാരന്മാക്കും ചുററുപാടുകളുമായി സ്വയം പൊരുത്തപ്പെടുവാനോ, തങ്ങളുടെ കർത്തവ്യങ്ങഠംക്കു് അനുയോജ്യരായിത്തീരുവാനോ കഴിയുകയില്ല. എന്നുതന്നെയല്ലാ അവർക്കു് അകത്തുനിന്നും പുറത്തുനിന്നുമുള്ള തുടർച്ചയായ വിഷമതകളെ നേരിടേണ്ടിയും വരും. ഈ രണ്ടു പ്രശ്നങ്ങളിലും കേന്ദ്രീകരിക്കുവാനും അതോടൊപ്പം ബന്ധപ്പെട്ട ചില പ്രശ്നങ്ങളെകൂടി സ്പർശിക്കുവാനും ആണു് ഈ ഉപസംഹാര പ്രസംഗത്തിൽ ഞാൻ ഉദ്ദേശിക്കുന്നതു്.

## I

ആദ്യത്തെ പ്രശ്നം ഇതാണു്: സാഹിത്യവും കലയും ആർക്കു വേണ്ടിയാണു്?

ഈ പ്രശ്നത്തിനു് വളരെ നാളുകഠംക്കു മുൻപു തന്നെ മാർക്സിസ്ററുകാർ, പ്രത്യേകിച്ചും ലെനിൻ, പരിഹാരം കണ്ടു പിടിച്ചിട്ടുണ്ടു്. നമ്മുടെ സാഹിത്യവും കലയും "'ദശലക്ഷക്കണെക്കിനും കോടിക്കണെക്കിനും ഉള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സേവിക്കണം'' x എന്നു് 1905—ൽ തന്നെ ലെനിൻ ഖണ്ഡിതമായി ചൂണ്ടിക്കാണിച്ചു. ജപ്പാൻ വിരുദ്ധ താവള പ്രദേശങ്ങളിൽ സാഹിത്യ, കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടി

---

x ലെനിൻ, 'പാർട്ടി സംഘടനയും പാർട്ടി സാഹിത്യവും,' കളക്ററഡ് വർക്സ്, ഭാഗം—10, പേജ് 48—49.

ട്ടുള്ള സഖാക്കൾക്ക് ഈ പ്രശ്നം ഇതിനകം തന്നെ പരിഹരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടെന്നും കൂടുതൽ ചർച്ചയുടെ യാതൊരാവശ്യവും ഇല്ലെന്നും തോന്നിയേക്കാം. വാസ്തവത്തിൽ കാര്യം അങ്ങിനെയല്ല. പല സഖാക്കളും ഒരു വ്യക്തമായ പരിഹാരം കണ്ടുപിടിച്ചു കഴിഞ്ഞിട്ടില്ല. ഇതിൻെറ ഫലമായി, സാഹിത്യത്തിനും കലയ്ക്കും മാർഗ്ഗനിർദ്ദേശം നൽകേണ്ട തത്വങ്ങളെ കുറിച്ചുള്ള അവരുടെ സങ്കല്പങ്ങളും, അവരുടെ കൃതികളും, അവരുടെ പ്രവർത്തനങ്ങളും, അവരുടെ അഭിപ്രായങ്ങളും അനിർവാര്യമായും ജനങ്ങളുടേയും പ്രായോഗിക സമരങ്ങളുടേയും ആവശ്യങ്ങൾ അനുസരിച്ചു നോക്കുമ്പോൾ ഏറെക്കുറെ വ്യത്യാസം ഉള്ളതായിരുന്നിട്ടുണ്ട്. വിമോചനത്തിനുവേണ്ടിയുള്ള മഹത്തായ സമരത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയോടും എട്ടാം റൂട്ട് സൈന്യത്തോടും പുതിയ നാലാം സൈന്യത്തോടുമൊപ്പം പ്രവത്തനത്തിലേപ്പെട്ടിട്ടുള്ള അനേകം സാംസ്കാരിക പ്രവർത്തകരുടേയും, എഴുത്തുകാരന്മാരുടേയും, കലാകാരന്മാരുടേയും, സാഹിത്യ, കലാരംഗങ്ങളിലെ മററു പ്രവത്തകരുടേയും കൂട്ടത്തിൽ താൽക്കാലികമായി മാത്രം നമ്മുടെ കൂടെ പ്രവത്തിക്കുന്ന ചില അവസരവാദികൾ തീർച്ചയായും കണ്ടെന്നുവരാം. പക്ഷേ അവരിൽ ബഹുഭൂരിപക്ഷം പേരും പൊതുവായ ലക്ഷ്യത്തിനുവേണ്ടി അത്യുത്സാഹത്തോടുകൂടി പ്രവർത്തിക്കുകയാണ്. ഈ സഖാക്കളെ വിശ്വാസപൂർവ്വം ആശ്രയിക്കുന്നതിൽക്കൂടി നമ്മുടെ സാഹിത്യത്തിലും, നാടകരംഗത്തും, സംഗീതത്തിലും, ലളിതകലകളിലും നമ്മൾ വളരെ അധികം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ എഴുത്തുകാരുടേയും കലാകാരന്മാരുടേയും ഇടയിൽ പലരും പ്രതിരോധയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം തങ്ങളുടെ പ്രവർത്തനം തുടങ്ങിയവരാണ്. മററു പലരും യുദ്ധത്തിനു മുൻപ് വളരെയേറെ വിപ്ലവ പ്രവത്തനം നടത്തുകയും, അനേകം യാതനകൾ സഹിക്കുകയും. തങ്ങളുടെ പ്രവർത്തനങ്ങളിലും കൃതികളിലുംകൂടി വൻപിച്ച ജനവിഭാഗങ്ങളെ സ്വാധീനിക്കുകയും ചെയ്തു. പിന്നെ എന്തിനാണ് ഈ സഖാക്കളുടെ

ഇടയിൽപോലും സാഹിത്യവും കലയും ആക്കുവേണ്ടി യാണ് എന്ന പ്രശ്നത്തിന് ഒരു വ്യക്തമായ പരിഹാരം കണ്ടെത്തിയിട്ടില്ലാത്ത കുറെ ആളുകൾ ഉണ്ടെന്നു് നമ്മൾ പറയുന്നതു്? വിപ്ലവസാഹിത്യവും കലയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കു വേണ്ടിയല്ല, പ്രത്യുത ചൂഷകന്മാർക്കും മർദ്ദകന്മാർക്കും വേണ്ടിയാണ് എന്ന അഭിപ്രായം വച്ചുപുലർത്തുന്ന ചിലർ ഇപ്പോഴും ഉണ്ടെന്നുള്ളതു് സങ്കൽപ്പിക്കുവാൻ കഴിയുമോ?

ചൂഷകന്മാർക്കും മർദ്ദകന്മാർക്കും വേണ്ടിയുള്ള സാഹിത്യവും കലയും നിലവിലുണ്ട് എന്നുള്ളതൊരു സത്യമാണ്. ജന്മിവർഗ്ഗത്തിനു വേണ്ടിയുള്ള സാഹിത്യവും കലയും നാടുവാഴിത്ത സാഹിത്യവും കലയും ആണ്. ചൈനയുടെ നാടുവാഴിത്ത കാലഘട്ടത്തിലെ ഭരണാധികാരിവർഗ്ഗത്തിന്റെ സാഹിത്യവും കലയും അതുപോലെയുള്ളതായിരുന്നു. അതുപോലെയുള്ള സാഹിത്യത്തിനും കലക്കും ഇന്നും ചൈനയിൽ ഗണ്യമായ സ്വാധീനമുണ്ട്. ബൂർഷ്വാസിക്കു വേണ്ടിയുള്ള സാഹിത്യവും കലയും ബൂർഷ്വാ സാഹിത്യവും കലയും ആണ്. ലൂഷ്വൻന്റെ വിമർശനത്തിനു വിധേയനായ ലിയാംഗ് ഷിഹ്—ചുx വിനെ പോലെയുള്ളവർ സാഹിത്യവും കലയും വർഗ്ഗങ്ങൾക്ക് അതീതമാണ് എന്നതുപോലെയാണ് അവയെ കുറിച്ചു സംസാരിക്കുന്നതു്. എന്നാൽ വാസ്തവത്തിൽ അവർ ചെയ്യുന്നതു് ബൂർഷ്വാ സാഹിത്യത്തേയും കലയേയും ഉയർത്തിപ്പിടിക്കുകയും തൊഴിലാളിവർഗ്ഗ സാഹിത്യത്തേയും കലയേയും എതിർക്കുകയും ആണ്. ഇവയെ

---

x പ്രതിവിപ്ലവകാരികളുടെ നാഷണൽ സോഷ്യലിസ്റ്റ് പാർട്ടിയിലെ ഒരംഗം. അയാൾ അമേരിക്കൻ പിന്തിരിപ്പൻ ബൂർഷ്വാസിയുടെ സാഹിത്യ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുകയും, വിപ്ലവത്തെ മർക്കടമുഷ്ടിയോടുകൂടി എതിർക്കുകയും, വിപ്ലവസാഹിത്യത്തിനെതിരായി പരസ്യമായി കുററാരോപണങ്ങൾ നടത്തുകയും ചെയ്തു.

കൂടാതെ സാമ്രാജ്യത്വ വാദികരംക്ക് സേവനമനുഷ്ഠിക്കുന്ന സാഹിത്യവും കലയും നിലവിലുണ്ട്—ഉദാഹരണത്തിനു്, ചൗ ട്ഷൊ–ജെൻ, ചാംഗ് ട്ഷു–പിംഗ് xx എന്നിവരെ പോലെയുള്ളവരുടെ കൃതികരം. ഇവരുടെ സാഹിത്യത്തേയും കലയേയും നമ്മരം വിളിക്കുന്നതു് വഞ്ചകസാഹിത്യവും കലയും എന്നാണു്. നമ്മളെ സംബന്ധിച്ചിടത്തോളം സാഹിത്യവും കലയും ജനങ്ങരംക്ക വേണ്ടിയുള്ളതാണു്, അല്ലാതെ മുകളിൽ പറഞ്ഞ ഏതെങ്കിലും വിഭാഗത്തിനു വേണ്ടിയുള്ളതല്ല. വർത്തമാന കാലഘട്ടത്തിലെ ചൈനയുടെ പുതിയ സംസ്കാരം തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൻകീഴിലുള്ള ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ സാമ്രാജ്യത്വ വിരുദ്ധ, നാടുവാഴിത്ത വിരുദ്ധ സംസ്കാരമാണു് എന്നു് നമ്മരം പറഞ്ഞിട്ടുണ്ടു്. ഇന്നു് യഥാൎത്ഥത്തിൽ ജനങ്ങളുടേതായിട്ടുള്ള എന്തും ആവശ്യമായും തൊഴിലാളിവൎഗ്ഗത്താൽ നയിക്കപ്പെടുന്നതായിരിക്കണം. ബൂർഷ്വാസിയുടെ നേതൃത്വത്തിൻകീഴിലുള്ള ഒന്നിനും തന്നെ ജനങ്ങളുടേതായിത്തീരുവാൻ സാധിക്കുകയില്ല. സ്വാഭാവികമായും പുതിയ സംസ്കാരത്തിൻെറ ഭാഗങ്ങളായ പുതിയ സാഹിത്യത്തേയും കലയേയും സംബന്ധിച്ചും ഇതു ശരിയാണു്. ചൈനയുടേയും വിദേശ രാജ്യങ്ങളുടേയും ഭൂതകാലത്തിൽ നിന്നു് ലഭ്യമായിട്ടുള്ള സാഹിത്യ, കലാ രംഗങ്ങളിലെ സമൃദ്ധമായ പരമ്പരാർജ്ജിത സമ്പത്തും മഹത്തായ പാരമ്പര്യങ്ങളും നമ്മരം ഏറ്റെടുക്കണം. പക്ഷേ അങ്ങിനെ ചെയ്യുമ്പോഴും നമ്മുടെ ലക്ഷ്യം ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ സേവിക്കുക എന്നതായിരിക്കണം. പഴയകാലത്തെ സാഹിത്യ, കലാ രൂപങ്ങളെ ഉപയോഗപ്പെടുത്തുന്നതിൽ നമ്മരം വിസമ്മതം കാണിക്കരുതു്. ഈ പഴയരൂപങ്ങളും നമ്മുടെ കൈകളിൽ എത്തു

---

xx 1937–ൽ ജാപ്പനീസ് അക്രമണകാരികരം പീക്കിംഗും ഷാംഗ്ഹായിയുംകൈവശപ്പെടുത്തിയപ്പോരം ഈ രണ്ടെഴുത്തുകാരും അവരുടെ ദാസ്യവേലക്കാരായി മാറി.

മ്പോൾ, അവയെ പുനർ രൂപീകരിക്കുകയും പുതിയ ഉള്ളടക്കം അവയിൽ നിവേശിപ്പിക്കുകയും ചെയ്യുന്നതു വഴിയായി, ജനങ്ങളുടെ സേവനത്തിനു വേണ്ടിയുള്ള വിപ്ലവകരമായ രൂപങ്ങളായിത്തീരുന്നു.

അടുത്തതായി, ആരാണ് ജനങ്ങൾ? നമ്മുടെ മൊത്തം ജനസംഖ്യയിൽ തൊണ്ണൂറു ശതമാനത്തിൽ അധികം വരുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ തൊഴിലാളികളും, കൃഷ്കരും, സൈനികരും, നഗരങ്ങളിലെ പെററി ബൂർഷ്വാസിയും ആണ്. അതുകൊണ്ട്, നമ്മുടെ സാഹിത്യവും കലയും ആദ്യമായി വിപ്ളവത്തെ നയിക്കുന്ന വർഗ്ഗമായ തൊഴിലാളികൾക്കു വേണ്ടിയുള്ളതാണ്. രണ്ടാമതായി, അവ ജനസംഖ്യയുടെ ഭൂരിഭാഗം വരുന്നതും നമ്മുടെ വിപ്ലവസഖാക്കളിൽ ഏററവും അചഞ്ചലരായവരുമായ കൃഷ്കർക്കു വേണ്ടിയുള്ളതാണ്. മൂന്നാമതായി, അവ സായുധരായ തൊഴിലാളികൾക്കും കർഷകർക്കും വേണ്ടിയുള്ളതാണ്, അതായത് വിപ്ളവ സൈന്യത്തിലെ പ്രധാനശക്തികളായ എട്ടാം റൂട്ട സൈന്യത്തിനും പുതിയ നാലാം സൈന്യത്തിനും ജനങ്ങളുടെ മററു് സായുധ സംഘങ്ങൾക്കും വേണ്ടിയുള്ളതാണ്. നാലാമതായി, അവ കഷ്ടത അനുഭവിക്കുന്ന ജനവിഭാഗങ്ങളായ നഗരങ്ങളിലെ പെററി ബൂർഷ്വാസിക്കും, പെററിബൂർഷ്വാ ബുദ്ധിജീവികൾക്കും വേണ്ടിയുള്ളതാണ്; ഇവർ രണ്ടുകൂട്ടരും വിപ്ളവത്തിൽ നമ്മുടെ മിത്രങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ നമ്മളോട്ട് സഹകരിക്കുവാൻ കഴിവുള്ളവരുമാണ്. ഈ നാലു വിഭാഗങ്ങളിൽ പെട്ട ജനങ്ങളാണ് ചൈനീസ് രാഷ്ട്രത്തിലെ ജനസംഖ്യയുടെ ബഹുഭൂരിപക്ഷവും.

നമ്മൾ മുകളിൽ വിവരിച്ച നാലുവിഭാഗത്തിൽ പെട്ട ജനങ്ങൾക്കു വേണ്ടിയുള്ളതായിരിക്കണം നമ്മുടെ സാഹിത്യവും കലയും. അവരെ സേവിക്കുന്നതിനു് നമ്മൾ തൊഴിലാളി വർഗ്ഗത്തിൻെറ വർഗ്ഗപരമായ നിലപാട്ട് സ്വീകരിക്കണം, അല്ലാതെ പെററി ബൂർഷ്വാസിയുടെ വർഗ്ഗപരമായ നിലപാടല്ല സ്വീകരിക്കേണ്ടതു്. വ്യക്തിനിഷ്ഠാപരമായ പെററി ബൂർഷ്വാ നില

പാടിനോട്ട് പററിപ്പിടിച്ച നില്ക്കുന്ന എഴുത്തുകാക്ക് ഇന്നു്, വിപ്ലവകാരികളായ തൊഴിലാളികളും കർഷകരും സൈനികരും ഉൾപ്പെടുന്ന സാധാരണ ജനതയെ യഥാത്ഥത്തിൽ സേവിക്കുവാൻ കഴിയുകയില്ല. അവരുടെ ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നതു് ഒരു ചെറിയ സംഖ്യ മാത്രം വരുന്ന പെററിബൂർഷ്വാ ബുദ്ധിജീവികളിൽ ആണു്. നമ്മുടെ സഖാക്കളിൽ ചിലർക്കു് "ആക്കുവേണ്ടി?" എന്ന പ്രശ്നത്തിനു് ശരിയായ ഉത്തരം കണ്ടുപിടിക്കുവാൻ കഴിയാത്തതിനുള്ള സർവ്വപ്രധാനമായ കാരണം ഇതാണു്. ഇതു പറയുമ്പോഠം ഞാൻ സിദ്ധാന്തത്തിൻെറ കാര്യമല്ല പരാമശിക്കുന്നതു്. നമ്മുടെ അണികളിൽ ഉള്ളവർ ആരുംതന്നെ സിദ്ധാന്തപരമായിട്ടുള്ള വിശകലനങ്ങളിൽ, അല്ലെങ്കിൽ വെറും വാക്കുകളിൽപോലും, തൊഴിലാളികളും കർഷകരും സൈനികരും ഉൾപ്പെടുന്ന സാധാരണ ജനതയെ പെററിബൂർഷ്വാ ബുദ്ധിജീവികളേക്കാഠം പ്രാധാന്യം കുറഞ്ഞവർ ആയി പരിഗണിക്കുന്നില്ല. ഞാൻ പരാമർശിക്കുന്നതു് അനുഷ്ഠാനത്തെ കുറിച്ചാണു്, പ്രവൃത്തിയെ കുറിച്ചാണു്. അനുഷ്ഠാനത്തിൽ, പ്രവൃത്തിയിൽ അവർ തൊഴിലാളികളേയും കർഷകരേയും സൈനികരേയും അപേക്ഷിച്ച് കൂടുതൽ പ്രാധാന്യമുള്ളവരായി പെററിബൂർഷ്വാ ബുദ്ധിജീവികളെ പരിഗണിക്കുന്നുണ്ടോ? ഞാൻ വിചാരിക്കുന്നതു് അവർ അങ്ങിനെ ചെയ്യുന്നുണ്ടെന്നാണു്. അനേകം സഖാക്കഠം പെററിബൂർഷ്വാ ബുദ്ധിജീവികളെ പഠിക്കുന്നതിലും അവരുടെ മനശ്ശാസ്ത്രത്തെ വിശകലനം ചെയ്യുന്നതിലും താൽപര്യം കാണിക്കുന്നു. തൊഴിലാളികളും കർഷകരും സൈനികരും ഉൾപ്പെടുന്ന സാധാരണ ജനങ്ങളോടു് കൂടുതൽ അടുക്കുന്നതിലും, സാധാരണ ജനങ്ങളുടെ പ്രായോഗിക സമരങ്ങളിൽ പങ്കെടുക്കുന്നതിലും, സാധാരണ ജനങ്ങളെ ചിത്രീകരിക്കുന്നതിലും വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും തങ്ങളോടു യോജിക്കുവാൻ ഈ ബുദ്ധിജീവികാഠക്കു് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുപകരം അവർ ഈ ബുദ്ധിജീവികളെ ചിത്രീകരിക്കുന്നതിനും അവക്കു

വേണ്ടി എതിർവാദം ചെയ്യുന്നതിനും അല്ലെങ്കിൽ അവരുടെ നിലപാട്ട ന്യായീകരിക്കുന്നതിനുമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പെററി ബൂർഷ്വാ വിഭാഗത്തിൽനിന്നു് വന്നവരായതുകൊണ്ടും സ്വയം ബുദ്ധിജീവികൾ ആയതുകൊണ്ടും പല സഖാക്കളും ബുദ്ധിജീവികളുടെ ഇടയിൽ നിന്നുമാത്രം സുഹൃത്തുക്കളെ ഉണ്ടാക്കുവാൻ ശ്രമിക്കുകയും അവരെ പഠിക്കുന്നതിലും അവരെ കുറിച്ച് വിവരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഒരു തൊഴിലാളിവർഗ്ഗ വീക്ഷണരീതിയോടുകൂടിയാണ ചെയ്യുന്നതെങ്കിൽ അതുപോലെയുള്ള പഠനവും വിവരണവും ഉചിതമാണു്. പക്ഷേ അതല്ല അവർ ചെയ്യുന്നതു്, അല്ലെങ്കിൽ, അതല്ല അവർ പൂർണ്ണമായും ചെയ്യുന്നതു്. അവർ ഒരു പെററിബൂർഷ്വാ നിലപാട്ടു് എടുക്കുകയും, അനേകം സാഹിത്യ, കലാശില്പങ്ങളുടെ കാര്യത്തിൽ കാണാൻ കഴിയുന്നതുപോലെ, അവരുടെ കൃതികൾ പെററി ബൂർഷ്വാസിയുടെ ആത്മപ്രകാശത്തിനുള്ള ഒരു രൂപമായിരിക്കുകയും ചെയ്യുന്നു. അവർ പലപ്പോഴും പെററിബൂർഷ്വാ വിഭാഗത്തിൽനിന്നു വരുന്ന ബുദ്ധിജീവികളോട്ടു് അകമഴിഞ്ഞ സഹതാപം പ്രദർശിപ്പിക്കുന്നു, അവരുടെ പോരായ്മകളെ അനുകമ്പാപൂർവ്വം വീക്ഷിക്കുകയോ പ്രശംസിക്കുകയോപോലും ചെയ്യുന്നു. നേരേമറിച്ചു്, ഈ സഖാക്കൾ തൊഴിലാളികളും, കൃഷിക്കരും, സൈനികരുമായി വളരെ വിരളമായിട്ടു മാത്രം സമ്പർക്കം പുലർത്തുന്നു. അവരെ മനസ്സിലാക്കുന്നതിനോ, അവരെ കുറിച്ചു് പഠിക്കുന്നതിനോ, അവരുടെ ഇടയിൽ ഉററ സുഹൃത്തുക്കളെ ഉണ്ടാക്കുന്നതിനോ, അവരെ ശരിയായ രീതിയിൽ ചിത്രീകരിക്കുന്നതിനോ ഈ സഖാക്കൾ ഒരുമ്പെടുന്നില്ല. അവരെ ചിത്രീകരിക്കുവാൻ ഈ സഖാക്കൾ എപ്പോഴെങ്കിലും തയാറായാൽ തന്നെ അവർ സൃഷ്ടിക്കുന്ന കഥാപാത്രങ്ങളുടെ വസ്ത്രങ്ങൾ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വസ്ത്രങ്ങൾ ആണെങ്കിലും അവരുടെ മുഖങ്ങൾ പെററിബൂർഷ്വാ ബുദ്ധിജീവികളുടേതുപോലെ ഇരിക്കുന്നു. ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഖാക്കൾ തൊഴിലാളി

കളോടും കർഷകരോടും, സൈനികരോടും, അവരുടെ ഇടയിൽ നിന്നുയർന്നു വരുന്ന പാർട്ടി പ്രവർത്തകരോടും സ്നേഹമുള്ളവരാണ്. പക്ഷേ അവർ അവരെ ഇഷ്ടപ്പെടാത്ത സമയങ്ങളുണ്ട്. അതുപോലെതന്നെ ചില കാര്യങ്ങളിൽ അവർ സാധാരണ ജനതയെ ഇഷ്ടപ്പെടുന്നില്ല. സാധാരണ ജനങ്ങളുടെ ചിന്താരീതികളേയോ, പെരുമാററ രീതികളേയോ, അവരുടെ ഭിത്തികളിൽ ഒട്ടിച്ചു വയ്ക്കുന്ന വർത്തമാന പത്രങ്ങൾ, ചുവർ ചിത്രങ്ങൾ, നാടൻ പാട്ടുകൾ, നാടോടിക്കഥകൾ തുടങ്ങിയവപോലെയുള്ള വളർന്നുകൊണ്ടിരിക്കുന്ന സാഹിത്യ, കലാരൂപങ്ങളേയോ ഈ സഖാക്കൾ ഇഷ്ടപ്പെടുന്നില്ല. ചില സമയങ്ങളിലൊക്കെ അവർ ഈ വക കാര്യങ്ങളെ കുറിച്ചും താൽപര്യം കാണിക്കാറുണ്ട്. പക്ഷേ അതു് പുതുമയ്ക്കു വേണ്ടിയോ, തങ്ങളുടെ സ്വന്തം കൃതികളെ മോടിപിടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗത്തിനുവേണ്ടിയോ, അല്ലെങ്കിൽ പിന്നോക്കം നിൽക്കുന്നതെന്നു് തങ്ങൾ വിശ്വസിക്കുന്ന ചില പ്രത്യേകതകൾക്കു വേണ്ടിതന്നെയോ അവർ തിരഞ്ഞു കൊണ്ടിരിക്കുന്ന സന്ദർഭങ്ങളിലാണ്. മററു സന്ദർഭങ്ങളിൽ അവർ ഈ വക കാര്യങ്ങളെ പരസ്യമായി നിന്ദിക്കുകയും, പെററി ബൂർഷ്വാസിയുടേയോ അല്ലെങ്കിൽ ബൂർഷ്വാസിയുടെ പോലുമോ വകയായ സാഹിത്യ, കലാരൂപങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. ഈ സഖാക്കൾ നിലയുറപ്പിച്ചിരിക്കുന്നതു് പെററി ബൂർഷ്വാ ബുദ്ധിജീവികളുടെ ഭാഗത്താണ്. അല്ലെങ്കിൽ, കുറച്ചുകൂടി ഭംഗിയായി പറയുകയാണെങ്കിൽ, അവരുടെ ഹൃദയത്തിന്റെ ഏററവും അന്തസ്ഥിതമായ ഭാഗം ഇപ്പോഴും പെററി ബൂർഷ്വാ ബുദ്ധിജീവി വിഭാഗത്തിന്റെ ഒരു സാമ്രാജ്യമാണ്. അപ്രകാരം, ''സാഹിത്യവും കലയും ആർക്കുവേണ്ടിയാണ്?'' എന്ന പ്രശ്നത്തിനു് അവർ ഇനിയും ഉത്തരം കണ്ടുപിടിച്ചു കഴിഞ്ഞിട്ടില്ല, അല്ലെങ്കിൽ ഈ പ്രശ്നത്തിനു് അവർ ഇനിയും വ്യക്തമായ ഒരുത്തരം കണ്ടുപിടിച്ചു കഴിഞ്ഞിട്ടില്ല. ഇതു് യെനാനിൽ പുതിയതായി എത്തിച്ചേർന്ന

വരെമാത്രം സംബന്ധിക്കുന്ന ഒരു പ്രശ്നമല്ല. സമര മുന്നണിയിൽ ഉണ്ടായിരുന്നവരും നമ്മുടെ താവള പ്രദേശങ്ങളിലും എട്ടാം റൂട്ട സൈന്യത്തിലും പുതിയ നാലാം സൈന്യത്തിലും വളരെ വർഷങ്ങൾ പ്രവർത്തിച്ചിട്ടുള്ളവരും ആയ സഖാക്കളുടെ ഇടയിൽ പോലും പലരും ഈ പ്രശ്നം പൂർണ്ണമായും പരിഹരിച്ചു കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ ഒരു ദീഘ്മായ കാലഘട്ടം ആവശ്യമാണ്, ഒരുപക്ഷേ ഇതിനു് എട്ടോ പത്തോ വർഷം ആവശ്യമായി വന്നേക്കാം. പക്ഷേ,എത്ര ദീർഘമായ കാലഘട്ടം ആവശ്യമായി വന്നാലും ശരി നമ്മൾ തീർച്ചയായും ഈ 'പ്രശ്നത്തിനു് പരിഹാരം കണ്ടുപിടിക്കണം, നമ്മൾ കണ്ടുപിടിക്കുന്ന ഈ പരിഹാരം സന്ദേഹ രഹിതവും പൂർണ്ണവും ആയിരിക്കുകയും വേണം. സാഹിത്യ, കലാ രംഗങ്ങളിലെ നമ്മുടെ പ്രവത്തകർ ഈ കർത്തവ്യം നിറവേററുകയും തങ്ങളുടെ നിലപാടു മാററുകയും ചെയ്യണം. തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും മദ്ധ്യത്തിലേക്കു പോവുകയും പ്രായോഗിക സമരങ്ങൾക്കു് ഏററവും മൂർച്ചയേറിയ ഭാഗങ്ങളിലേക്കു് ഇറങ്ങിച്ചെല്ലുകയും ചെയ്യുകയെന്ന പ്രക്രിയയിൽ കൂടിയും മാർക്സിസത്തേയും സമുദായത്തേയും കുറിച്ചു് പഠിക്കുകയെന്ന പ്രക്രിയയിൽ കൂടിയും തങ്ങളുടെ നിലപാടിനു ക്രമേണ മാററം വരുത്തി അവർ തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും ഭാഗത്തു്, തൊഴിലാളി വർഗ്ഗത്തിൻെറ ഭാഗത്തു് നിലയുറപ്പിക്കണം. ഈ രീതിയിൽ കൂടി മാത്രമേ യഥാർത്ഥത്തിൽ തൊഴിലാളികൾക്കും, കഷ്കക്കും, സൈനികർക്കും വേണ്ടിയുള്ള ഒരു സാഹിത്യവും കലയും, ഒരു യഥാൎത്ഥ തൊഴിലാളിവർഗ്ഗ സാഹിത്യവും കലയും ഉണ്ടാക്കുവാൻ നമുക്കു കഴിയുകയുള്ളു.

സാഹിത്യവും കലയും ആൎക്കുവേണ്ടിയാണ്? ഇതു് അടിസ്ഥാനപരമായ ഒരു ചോദ്യമാണ്; ഇതു് അടിസ്ഥാനതത്വത്തെ സംബന്ധിക്കുന്ന ഒരു ചോദ്യവുമാണ്. കഴിഞ്ഞകാലത്തു് ചില സഖാക്കളുടെ ഇടയിൽ പൊന്തിവന്നു കൊണ്ടിരുന്ന വാദപ്രതിവാദങ്ങളും അഭിപ്രാ

യവ്യത്യാസങ്ങളും, എതിർപ്പുകളും അനൈക്യവും അടിസ്ഥാന തത്വത്തെ സംബന്ധിക്കുന്ന ഈ മുഖ്യചോദ്യത്തിന്റെ പേരിൽ അല്ലായിരുന്നു, പ്രത്യുത ദ്വിതീയ സ്ഥാനം മാത്രമുള്ള പ്രശ്നങ്ങളുടെ പേരിലോ യാതൊരടിസ്ഥാനതത്വങ്ങളും ഉൾക്കൊണ്ടിട്ടില്ലാത്ത പ്രശ്നങ്ങളുടെ പേരിൽ പോലുമോ ആയിരുന്നു. അടിസ്ഥാന തത്വത്തെ സംബന്ധിക്കുന്ന ഈ പ്രശ്നത്തിന്റെ കാര്യത്തിൽ വിവാദത്തിൽ ഏർപ്പെട്ടിരുന്ന രണ്ടു വിഭാഗങ്ങളുടേയും ഇടയിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല എന്നുതന്നെ പറയാം; അവർ ഏറെക്കുറെ പൂർണ്ണമായ യോജിപ്പുതന്നെ പ്രദർശിപ്പിച്ചു. ഒരളവുവരെ, രണ്ടു കൂട്ടരും തൊഴിലാളികളേയും കർഷകരേയും സൈനികരേയും നിന്ദിക്കുവാനും, അവരിൽ നിന്നു് സ്വയം അകന്നു നിൽക്കുവാനും ഉള്ള പ്രവണത കാണിച്ചു. ''ഒരളവുവരെ'' എന്നു ഞാൻ പറയുന്നതു്, പൊതുവിൽ പറഞ്ഞാൽ ഈ സഖാക്കൾ ക്യൂമിന്താങ്ങുകാർ ചെയ്യുന്നതുപോലെയുള്ള അതേ രീതിയിൽ തൊഴിലാളികളേയും കർഷകരേയും സൈനികരേയും നിന്ദിക്കുകയോ സാധാരണ ജനങ്ങളിൽനിന്നു് അകന്നു നില്ക്കുകയോ ചെയ്യുന്നില്ല എന്നതിനാലാണു്. എന്നിരുന്നാലും, അതിനുള്ള പ്രവണത ഇവരിലുണ്ടു്. ഈ അടിസ്ഥാന പരമായ പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ മററു പല പ്രശ്നങ്ങളും പരിഹരിക്കുന്നതു് എളുപ്പമായിരിക്കുകയില്ല. ഉദാഹരണത്തിനു്, സാഹിത്യ, കലാമണ്ഡലങ്ങളിലുള്ള വിഭാഗീയ ചിന്താഗതികളുടെ കാര്യം തന്നെ എടുത്തുനോക്കണം. ഇതും അടിസ്ഥാന തത്വങ്ങളെ സംബന്ധിക്കുന്ന ഒരു പ്രശ്നമാണു്. ''തൊഴിലാളികളേയും കർഷകരേയും സേവിക്കുക!'', ''എട്ടാം റൂട്ട് സൈന്യത്തേയും പുതിയ നാലാം സൈന്യത്തേയും സേവിക്കുക!,'' ''ജനങ്ങളുടെ മദ്ധ്യത്തിലേക്കു പോവുക!'' എന്നീ മുദ്രാവാക്യങ്ങൾ മുന്നോട്ടു വയ്ക്കുകയും അവയെ ആത്മാർത്ഥതയോടെ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നതിൽ കൂടി മാത്രമേ വിഭാഗീയ ചിന്താഗതികൾക്കു് ഉന്മൂലനാശം വരുത്തുവാൻ കഴിയു

കയുള്ള. അല്പാത്തപക്ഷം വിഭാഗീയ ചിന്താഗതിക ളെ സംബന്ധിച്ച പ്രശ്നം ഒരിക്കലും പരിഹരിക്കു വാൻ കഴിയുകയില്ല. ലൂഷ്വൺ ഒരിക്കൽ പറഞ്ഞു:

> ഒരു പൊതുവായ ലക്ഷ്യം ഉണ്ടായിരിക്കുകയെന്നതു് ഒരു ഐക്യമുന്നണിക്കുവേണ്ട മുൻവ്യവസ്ഥയാണു് ............നമ്മുടെ മുന്നണിയിൽ ഐക്യമില്ല എന്ന വസ്തുത കാണിക്കുന്നതു് നമ്മുടെ ലക്ഷ്യങ്ങളെ ഏകീ കരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ലാ എന്നും, ചില ആളുകൾ പ്രവർത്തിക്കുന്നതു് ചെറിയ സംഘങ്ങൾ ക്കു വേണ്ടി മാത്രമോ തങ്ങൾക്കു തന്നെ വേണ്ടി മാത്ര മോ ആണെന്നും ആണു്. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും കർഷകക്കും വേണ്ടി സേവനം അനുഷ്ഠിക്കുന്നതു് നമ്മൾ എല്ലാവരും ലക്ഷ്യമാക്കുക യാണെങ്കിൽ നമ്മുടെ മുന്നണി തീർച്ചയായിട്ടും സം ഘടിതമായിത്തീരും. x

ഇതേ പ്രശ്നം അന്നു് ഷാംഗ് ഹായിയിൽ നി ലവിലുണ്ടായിരുന്നു; ഇപ്പോൾ അതു് ചുംഗ് കിം ഗിൽ നിലവിലുണ്ടു്. അതുപോലെയുള്ള സ്ഥലങ്ങളിൽ ഭരണാധികാരികൾ വിപ്ലവകാരികളായ എഴുത്തുകാരേ യും കലാകാരന്മാരേയും മർദ്ദിച്ചൊതുക്കുകയും തൊഴിലാ ളികളും കർഷകരുംസൈനികരും ഉൾപ്പെടുന്ന സാധാരണ ജനങ്ങളുടെ ഇടയിൽ പോകുന്നതിനുള്ള സ്വാതന്ത്ര്യം അവ ക്കു നിഷേധിക്കുകയും ചെയ്യുന്നതുകൊണ്ടു് പ്രശ്നം പൂർണ്ണ മായും പരിഹരിക്കുക വളരെ പ്രയാസമാണു്. ഇവിടെ നമ്മളെ സംബന്ധിച്ചിടത്തോളം സ്ഥിതിഗതികൾ തി കച്ചും വ്യത്യസ്തമാണു്. വിപ്ലവകാരികളായ എഴുത്തു കാർക്കും കലാകാരന്മാർക്കും സാധാരണ ജനങ്ങളുടെ ഇട യിൽ പോകുന്നതിനു പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തുകൊ ണ്ടു്, തൊഴിലാളികളും കർഷകരും സൈനികരും ആയി ഉററ ബന്ധം പുലർത്തുന്നതിനും ഒരു യഥാർത്ഥ വിപ്ലവ

---

x ലൂഷ്വൺ, 'ഇടതുപക്ഷ സാഹിത്യകാരന്മാരുടെ സഖ്യ ത്തെ കുറിച്ചുള്ള എന്റെ അഭിപ്രായം,' കളക്റ്റഡ് വർക്സ്, ചൈനീസ് പതിപ്പ്, ഭാഗം—4.

സാഹിത്യവും കലയും സൃഷ്ടിക്കുന്നതിനും നമ്മൾ അവരെ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ട് ഇവിടെ നമ്മുടെ ഇടയിൽ ഈ പ്രശ്നം പരിഹരിക്കപ്പെടാറായിട്ടുണ്ട്. എന്നാൽ പരിഹരിക്കപ്പെടാറായിട്ടുണ്ട് എന്നു പറയുന്നതും, പൂർണ്ണമായും സാർവത്രികമായും പരിഹരിക്കപ്പെട്ടുകഴിഞ്ഞു എന്നു പറയുന്നതും രണ്ടും ഒരുപോലെയല്ല. മുൻപു് പറഞ്ഞിട്ടുള്ളതുപോലെ, പൂർണ്ണവും സാർവത്രികവും ആയ ഒരു പ്രശ്നപരിഹാരം കണ്ടുപിടിക്കുന്നതിൻവേണ്ടി നമ്മൾ മാർക്സിസത്തെ കുറിച്ചും സമുദായത്തെ കുറിച്ചും പഠിക്കണം. മാർക്സിസംകൊണ്ട് നമ്മൾ അർത്ഥമാക്കുന്നതു്, വെറും വാചകമടികളിൽ ഒതുങ്ങി നില്ക്കുന്ന മാർക്സിസം എന്നല്ല, പ്രത്യുത ജനങ്ങളുടെ ജീവിതത്തിലും സമരത്തിലും ഒരു ഫലപ്രദമായ പങ്കു വഹിക്കുന്ന സജീവമായ മാർക്സിസം എന്നാണ്. മാർക്സിസത്തെ കുറിച്ചുള്ള വാചകമടികൾ യഥാർത്ഥ ജീവിതത്തിലുള്ള മാർക്സിസം ആയി രൂപാന്തരപ്പെടുമ്പോൾ വിഭാഗീയ ചിന്താഗതികൾ നാമാവശേഷമാകും. അപ്പോൾ വിഭാഗീയ ചിന്താഗതികളെ സംബന്ധിക്കുന്ന പ്രശ്നം മാത്രമല്ല അതോടൊപ്പം മററു പല പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

## II

ആരെയാണ് സേവിക്കേണ്ടതു് എന്ന പ്രശ്നത്തെ കുറിച്ച് നമ്മൾ വിശകലനം നടത്തുകയും തീരുമാനത്തിൽ എത്തുകയും ചെയ്തു. നമുക്ക് ഇനി അടുത്ത ചോദ്യത്തിലേക്കു കടക്കാം: എങ്ങിനെയാണ് സേവിക്കേണ്ടതു്. നമ്മുടെ ചില സഖാക്കളുടെ വാക്കുകളിൽ അവതരിപ്പിക്കുകയാണെങ്കിൽ: നമ്മൾ നിലവാരം ഉയർത്തുന്നതിനു വേണ്ടിയാണോ പരിശ്രമിക്കേണ്ടതു് അതോ ജനസമ്മതിയാർജ്ജിക്കുന്നതിനു വേണ്ടിയോ?

കഴിഞ്ഞ കാലത്തു് ചില സഖാക്കൾ ജനസമ്മതി ആർജ്ജിക്കുന്നതിനെ ഒരളവുവരെ, ചിലപ്പോഴൊക്കെ വളരെ വലിയ ഒരളവുവരെ, നിസ്സാരമാക്കുകയും അവഗണിക്കുകയും, നിലവാരം ഉയർത്തുന്നതിൽ അനർഹ

മായ പ്രാധാന്യം ഊന്നുകയും ചെയ്യു. നിലവാരം ഉയ ത്ത്തുന്ന കാര്യത്തിനു് പ്രാധാന്യം കൊടുക്കേണ്ടതാണു്. പക്ഷേ ഏകപക്ഷീയമായിട്ടും, മറെറല്ലാത്തിനേയും ഒഴി ച്ചു നിറുത്തിക്കൊണ്ടു് അതുമാത്രമായിട്ടും അപ്രകാരം ചെയ്യുന്നതു്, ക്രമാതീതമായ രീതിയിൽ അപ്രകാരം ചെയ്യുന്നതു്, ഒരു തെററാണു്. ആരെ സേവിക്കണം എന്ന പ്രശ്നത്തിനു പരിഹാരം കാണുന്നതിലുള്ള വ്യക്ത തയുടേയും പൂർണ്ണതയുടേയും അഭാവവും ഈ സന്ദർഭ ത്തിലും തെളിഞ്ഞു കാണാം. ആരെ സേവിക്കണം എന്ന പ്രശ്നം വ്യക്തമായി പരിഹരിക്കുവാൻ ഈ സ ഖാക്കാംക്ക കഴിഞ്ഞിട്ടില്ലാത്തതിനാൽ നിലവാരം ഉയ ത്ത്തുന്നതിൻേറയും ജനസമ്മതി ആജ്ജിക്കുന്നതിൻേറയും കാര്യത്തിലും അവർക്കു് ശരിയായ ഒരു മാനദണ്ഡവും ഇല്ല. അതുകൊണ്ടു് ഇവരണ്ടും തമ്മിലുള്ള ബന്ധം കണ്ടു പിടിക്കുവാൻ സ്വാഭാവികമായും അവക്കു് വളരെ പരി മിതമായിട്ടു മാത്രമേ കഴിയുകയുള്ളു. നമ്മുടെ സാഹി ത്യവും കലയും അടിസ്ഥാനപരമായിട്ടും തൊഴിലാളി കാംക്കും കർഷകർക്കും സൈനികർക്കും വേണ്ടിയുള്ളതാ യതിനാൽ, ജനസമ്മതിയാജ്ജിക്കുക എന്നതു കൊണ്ടു് അത്ഥമാകുന്നതു് തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും ഇടയിൽ പ്രചരിപ്പിക്കുക എന്നും, നിലവാരം ഉയത്ത്തുക എന്നതുകൊണ്ടു് അത്ഥമാകുന്നതു് അവരുടെ ഇപ്പോഴത്തെ സാഹിത്യപരവും കലാപരവും ആയ നിലവാരത്തെ ഉയത്ത്തുക എന്നും ആണു്. നമ്മാം എന്താണു് അവരുടെ ഇടയിൽ പ്രചരിപ്പിക്കേണ്ടതു്? നാ ടുവാഴി ജന്മിവഗ്ഗത്തിനു് ആവശ്യമായിട്ടുള്ളതും അവക്കു് എളുപ്പം സ്വീകരിക്കുവാൻ കഴിയുന്നവയുമാണോ ന മ്മാം പ്രചരിപ്പിക്കേണ്ടതു്? പെററിബൂർഷ്വാ ബുദ്ധിജീ വികാംക്കു് ആവശ്യമായിട്ടുള്ളതും അവക്കു് എളുപ്പം സ്വീ കരിക്കുവാൻ കഴിയുന്നവയുമാണോ നമ്മാം പ്രചരിപ്പി ക്കേണ്ടതു്? അല്ല, ഇവ രണ്ടുമല്ല. നമ്മാം പ്രചരിപ്പിക്കേ ണ്ടതു് തൊഴിലാളികാംക്കും കർഷകർക്കും സൈനിക ക്കും ആവശ്യമായിട്ടുള്ളതും അവക്കു് എളുപ്പം സ്വീകരി ക്കുവാൻ കഴിയുന്നതും ആയവ മാത്രമാണു്. ഇതിൻെറ

ഫലമായി തൊഴിലാളികളേയും കർഷകരേയും സൈനികരേയും വിദ്യാഭ്യാസം ചെയ്യിക്കുക എന്ന കർത്തവ്യം നിറവേററുന്നതിനു മുൻപായി അവരിൽ നിന്നു പഠിക്കുക എന്ന കർത്തവ്യം നിറവേറേറണ്ടതായിട്ടുണ്ട്. ഇതു് നിലവാരം ഉയർത്തുക എന്നതിനെ സംബന്ധിച്ചിടത്തോളം കൂടുതൽ സത്യമാണു്. ഒരു അടിസ്ഥാനമുണ്ടെങ്കിലേ അതിൽ നിന്നു് പണിതുയർത്തുവാൻ സാധിക്കുകയുള്ളു, ഉദാഹരണത്തിനു് ഒരു തൊട്ടി വെള്ളത്തിൻെറ കാര്യം തന്നെ എടുക്കണം: നമ്മളതു് തറയിൽ നിന്നല്ലാതെ മറ്റെവിടെ നിന്നാണു് ഉയർത്തിയെടുക്കുന്നതു്? അതു് ആകാശത്തിൽ തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ നിന്നല്ലല്ലോ? അപ്പോൾ ഏതടിസ്ഥാനത്തിൽ നിന്നാണു് സാഹിത്യത്തേയും കലയേയും പണിതുയർത്തേണ്ടതു്? നാടുവാഴി വർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ നിന്നാണോ? ബൂർഷ്വാസിയുടെ അടിസ്ഥാനത്തിൽ നിന്നാണോ? പെററിബൂർഷ്വാബുദ്ധിജീവികളുടെ അടിസ്ഥാനത്തിൽ നിന്നാണോ? അല്ല, ഇവ ഒന്നിൽനിന്നും അല്ല; അതു് ഉയർത്തേണ്ടതു് തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും അടിസ്ഥാനത്തിൽ നിന്നു മാത്രമാണു്. തൊഴിലാളികളേയും കർഷകരേയും സൈനികരേയും നാടുവാഴി വർഗ്ഗങ്ങളുടേയോ, ബൂർഷ്വാസിയുടേയോ, അല്ലെങ്കിൽ പെററിബൂർഷ്വാ ബുദ്ധിജീവികളുടേയോ ഉച്ചസ്ഥാനങ്ങളിലേക്കു് ഉയർത്തുക എന്നും ഇതുകൊണ്ടു് അർത്ഥമാകുന്നില്ല; നേരേമറിച്ചു് ഇതുകൊണ്ടു് അർത്ഥമാകുന്നതു്, സാഹിത്യത്തിൻേറയും കലകളുടേയും നിലവാരം തൊഴിലാളികളും കർഷകരും സൈനികരും മുന്നേറിക്കൊണ്ടിരിക്കുന്ന ലക്ഷ്യത്തിലേക്കു്, തൊഴിലാളിവർഗ്ഗം മുന്നേറിക്കൊണ്ടിരിക്കുന്ന ലക്ഷ്യത്തിലേക്കു് ഉയർത്തുക എന്നാണു് ഇതുകൊണ്ടർത്ഥമാകുന്നതു്. ഇവിടെ, തൊഴിലാളികളിൽ നിന്നും കർഷകരിൽ നിന്നും സൈനികരിൽ നിന്നും പഠിക്കുക എന്ന പ്രശ്നം വീണ്ടും ഉദിക്കുന്നു. തൊഴിലാളികളിൽ നിന്നും കർഷകരിൽ നിന്നും സൈനികരിൽ നിന്നും പഠനം ആരംഭിക്കുന്നതിൽ കൂടി മാത്രമേ നമുക്കു് ജനസമ്മതി ആർജ്ജിക്കുന്നതിനെ കുറിച്ചും

നിലവാരം ഉയർത്തുന്നതിനെ കുറിച്ചും ഒരു ശരിയായ ധാരണ ഉണ്ടാക്കുന്നതിനും അവ രണ്ടും തമ്മിലുള്ള ശരിയായ ബന്ധം കണ്ടുപിടിക്കുന്നതിനും കഴിയുകയുള്ളു.

അവസാന വിശകലനത്തിൽ, സാഹിത്യത്തിന്റേയും കലകളുടേയും എല്ലാം ഉറവിടം ഏതാണ്? ഏതെങ്കിലും ഒരു സമുദായത്തിലെ ജീവിതം മനുഷ്യന്റെ പ്രതിഭയിൽ ഉണ്ടാക്കുന്ന പ്രതിഫലനങ്ങളുടെ സൃഷ്ടികളാണ് ആ സമുദായത്തിലെ സാഹിത്യ, കലാ ശിൽപ്പങ്ങളുടെ രൂപങ്ങളിൽ ഉള്ള പ്രത്യയശാസ്ത്രപരമായ പ്രകാശനങ്ങൾ. ജനങ്ങളുടെ ജീവിതം വിപ്ളവകാരികളായ എഴുത്തുകാരുടേയും കലാകാരന്മാരുടേയും പ്രതിഭയിൽ ഉണ്ടാക്കുന്ന പ്രതിഫലനങ്ങളുടെ സൃഷ്ടികളാണ് വിപ്ളവ സാഹിത്യവും കലകളും. ജനങ്ങളുടെ ജീവിതം എല്ലായ്പ്പോഴും സാഹിത്യത്തിനും കലകൾക്കും വേണ്ട അസംസ്കൃത പദാർത്ഥങ്ങളുടെ ഒരു ഖനി ആണ്. അവിടെ നിന്നു കിട്ടുന്ന പദാർത്ഥങ്ങൾ അവയുടെ സ്വാഭാവിക രൂപത്തിൽ ഉള്ളതായിരിക്കും. ആ പദാർത്ഥങ്ങൾ ശുദ്ധിചെയ്യാത്തവ ആയിരിക്കാം. പക്ഷേ അവ അത്യധികം മർമ്മ പ്രധാനവും, സമ്പന്നവും അടിസ്ഥാനപരവും ആണ്. അവയോടു താരതമ്യപ്പെടുത്തുമ്പോൾ എല്ലാ സാഹിത്യത്തിനും കലയ്ക്കും നിറം മങ്ങിയതുപോലെ കാണപ്പെടുന്നു. അവ സാഹിത്യത്തിനും കലയ്ക്കും അക്ഷയമായ ഒരു ഉറവിടം പ്രദാനം ചെയ്യുന്നു. ശരിക്കു പറഞ്ഞാൽ സാഹിത്യത്തിന്റേയും കലയുടേയും ഏകമാത്ര ഉറവിടം അവ മാത്രമാണ്. അവയെ കൂടാതെ വേറൊരു ഉറവിടവും ഉണ്ടാവുക സാദ്ധ്യമല്ല. പുസ്തകങ്ങളിലും, പുരാതനകാലഘട്ടങ്ങളിലേയും വിദേശ രാജ്യങ്ങളിലേയും സാഹിത്യത്തിലും കലകളിലും മറെറാരു ഉറവിടം ഇല്ലേ എന്നു ചിലർ ചോദിച്ചേക്കാം. വാസ്തവത്തിൽ, കഴിഞ്ഞ കാലഘട്ടങ്ങളിലെ സാഹിത്യ, കലാ ശില്പങ്ങൾ ഒരു ഉറവിടമല്ല, പ്രത്യുത ഒരു പ്രവാഹമാണ്; നമ്മുടെ പൂർവ്വികന്മാരും വിദേശീയരും അവയെ സൃഷ്ടിച്ചതു് അവരുടെ കാലഘട്ടത്തിലും അവർ ജീവിച്ചിരുന്ന സ്ഥലങ്ങളിലും ഉണ്ടായിരുന്ന ജനങ്ങളുടെ ജീവിതത്തിൽ നിന്നു് അവർ

കണ്ടെത്തിയ സാഹിത്യപരവും കലാപരവും ആയ അസംസ്കൃത പദാൎത്ഥങ്ങളിൽ നിന്നാണ്. സാഹിത്യപരവും കലാപരവും ആയ രംഗങ്ങളിലെ നമ്മുടെ പൈതൃകാൎജ്ജിത സമ്പത്തിലുള്ള നല്ല കാൎയ്യങ്ങളെ എല്ലാം നമ്മൾ ഏറ്റെടുക്കുകയും, പ്രയോജന പ്രദമായിട്ടുള്ളവയെ എല്ലാം വിമൎശനബുദ്ധ്യാ ഉൾകൊള്ളുകയും, നമ്മുടെ തന്നെ കാലഘട്ടത്തിലേയും നമ്മൾ ജീവിക്കുന്ന സ്ഥലങ്ങളിലേയും ജനങ്ങളുടെ ജീവിതത്തിൽ നിന്നു ലഭ്യമായ സാഹിത്യപരവും കലാപരവും ആയ അസംസ്കൃത പദാൎത്ഥങ്ങളിൽനിന്ന് സാഹിത്യ, കലാശില്പങ്ങൾ സൃഷ്ടിക്കുമ്പോൾ അവയെ ഉദാഹരണങ്ങളായി ഉപയോഗിക്കുകയും ചെയ്യണം. അങ്ങിനെയുള്ള ഉദാഹരണങ്ങൾ നമുക്ക് ഉണ്ടോ ഇല്ലയോ എന്നത് ഒരു വ്യത്യാസം സൃഷ്ടിക്കുന്നു; അസംസ്കൃതാവസ്ഥയും ശുദ്ധീകരിച്ച അവസ്ഥയും തമ്മിലും, സംസ്കാരശൂന്യതയും സംസ്കാരവും തമ്മിലും, താഴ്ന്ന നിലവാരവും ഉയൎന്ന നിലവാരവും തമ്മിലും, മന്ദഗതിയിലുള്ള പ്രവൎത്തനവും ദ്രുതതരമായ പ്രവൎത്തനവും തമ്മിലും ഉള്ള വ്യത്യാസം. അതുകൊണ്ട്, നമ്മുടെ പൂൎവ്വികരിൽ നിന്നും വിദേശീയരിൽ നിന്നും നമുക്കു കിട്ടിയ പരമ്പരാവകാശിതമായ സമ്പത്തുകൾ നാടുവാഴി വൎഗ്ഗങ്ങളുടേയോ ബൂൎഷ്വാ വൎഗ്ഗങ്ങളുടേയോ സൃഷ്ടികൾ ആണെങ്കിൽ കൂടിയും, നമ്മൾ ഒരു കാരണവശാലും അവയെ തിരസ്കരിക്കുകയോ അവയിൽനിന്നു പഠിക്കുവാൻ വിസമ്മതിക്കുകയോ ചെയ്യരുത്. പക്ഷേ പരമ്പരാവകാശിതമായ സമ്പത്തുകളെ ഏറ്റെടുക്കുന്നതും ഉദാഹരണങ്ങളായി അവയെ ഉപയോഗപ്പെടുത്തുന്നതും ഒരിക്കലും നമ്മുടെ സ്വന്തം സൃഷ്ടിപരമായ പ്രവൎത്തനങ്ങൾക്ക് പകരം ആയിപ്പോകരുത്; എന്തെന്നാൽ നമ്മുടെ സൃഷ്ടിപരമായ പ്രവൎത്തനങ്ങളുടെ സ്ഥാനം ഏറ്റെടുക്കുവാൻ മറ്റൊന്നിനും കഴിയുകയില്ല. പൂൎവ്വികന്മാരിൽനിന്നും വിദേശീയരിൽനിന്നുമുള്ള വിമൎശന ബുദ്ധിയോടു കൂടിയല്ലാത്ത പറിച്ചുനടീലോ അനുകരണമോ ആണ് സാഹിത്യത്തിലേയും കലയിലേയും ഏററ

വുമധികം ഉൽപാദനശേഷിയില്ലാത്തതും ഹാനികരവും ആയ വരട്ടുതത്വവാദം. ചൈനയിലെ വിപ്ലവകാരികളായ എഴുത്തുകാരും കലാകാരന്മാരും, നല്ല ഭാവിയുള്ള യുവാക്കളായ എഴുത്തുകാരും കലാകാരന്മാരും സാധാരണ ജനങ്ങളുടെ ഇടയിൽ പോകണം; എല്ലാ വ്യത്യസ്ത തരക്കാരായ ജനങ്ങളേയും, എല്ലാ വർഗ്ഗങ്ങളേയും, എല്ലാ ജനവിഭാഗങ്ങളേയും, ജീവിതത്തിൻേറയും സമരത്തിൻേറയും എല്ലാ ഓജസ്സുള്ള പ്രതിരൂപങ്ങളേയും, സാഹിത്യത്തിൻേറയും കലയുടേയും എല്ലാവിധ അസംസ്കൃത പദാൎത്ഥങ്ങളേയും നിരീക്ഷിക്കുന്നതിനും അവയെ കുറിച്ച് അനുഭവജ്ഞാനം നേടുന്നതിനും അവയെ പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുംവേണ്ടി അവർ ഒരു ദീർഘ കാലഘട്ടം കലവറയില്ലാത്ത രീതിയിലും പൂർണ്ണമനസ്സോടെയും തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും ഇടയിൽ ജീവിക്കുകയും, സമരത്തിൻെറ തീച്ചൂളയിലേക്ക് ഇറങ്ങിച്ചെല്ലുകയും, സാഹിത്യത്തിൻേറയും കലയുടേയും ഏകമാത്രമായ ഉറവിടത്തിലേക്ക്, ഏററവും വിശാലവും ഏററവുമധികം സമ്പന്നവും ആയ ഉറവിടത്തിലേക്ക് പോവുകയും ചെയ്യണം. അപ്പോൾ മാത്രമേ അവർക്ക് സൃഷ്ടിപരമായ പ്രവൎത്തനത്തിലേക്ക് മുന്നേറുവാൻ കഴിയുകയുള്ളു. അല്ലെങ്കിൽ, നിങ്ങൾക്ക് സാഹിത്യ, കലാസൃഷ്ടികൾക്ക വേണ്ട ആശയസമ്പുഷ്ടി ലഭിക്കാതെ വരികയും, നിങ്ങൾ യാഥാർത്ഥ്യബോധമില്ലാത്ത വെറുമൊരു എഴുത്തുകാരനോ കലാകാരനോ മാത്രമായി അവശേഷിക്കുകയും ചെയ്യും. ഒരിക്കലും ഈ തരത്തിൽ പെട്ട ഒരാളായിത്തീരരുതെന്നാണ് ലൂഷ്വൺ തൻെറ മരണശാസനത്തിൽ തൻെറ മകന് ആത്മാൎത്ഥമായി മുന്നറിയിപ്പു നൽകിയത്. x

---

x ലൂഷ്വൺ, മരണം, കളക്റ്ററഡ് വർക്സ്, ചൈനീസ് പതിപ്പ് ആറാം ഭാഗം.

മനുഷ്യന്റെ സാമൂഹ്യജീവിതമാണ്' സാഹിത്യത്തിന്റേയും കലയുടേയും ഏകമാത്ര ഉറവിടം എങ്കിലും, അതു് ഉള്ളടക്കത്തിന്റെ കാര്യത്തിൽ അന്യാദൃശമായ വിധം കൂടുതൽ ചൈതന്യവത്തും സമ്പന്നവും ആണെങ്കിലും, ജനങ്ങൾ ജീവിതം കൊണ്ടുമാത്രം സംതൃപ്തർ ആകുന്നില്ല. അവർ സാഹിത്യവും കലയും ആവശ്യപ്പെടുന്നു. എന്തു കൊണ്ടു്? എന്തെന്നാൽ, രണ്ടും സുന്ദരമാണെങ്കിൽ തന്നെയും സാഹിത്യ, കലാ ശില്പങ്ങളിൽ പ്രതിഫലിപ്പിക്കുന്നതു പോലെയുള്ള ജീവിതത്തിനു കൂടുതൽ ഉയർന്ന ഒരു തലത്തിൽ എത്തുവാൻ കഴിയുന്നതാണു്, കഴിയേണ്ടതാണു്; എന്നുതന്നെയല്ല ആ ജീവിതം കൂടുതൽ തീക്ഷ്ണവും കൂടുതൽ ഏകാഗ്രവും കൂടുതൽ സവിശേഷസ്വഭാവങ്ങളുള്ളതും ആദർശങ്ങൾക്കു് അനുസൃതമായ മാതൃകയോടു് കൂടുതൽ അടുത്തതും അതുകൊണ്ടു് യഥാർത്ഥത്തിലുള്ള ദൈനംദിന ജീവിതത്തിലേതിനേക്കാൾ കൂടുതൽ സാർവത്രിക സ്വഭാവമുള്ളതും ആയിരിക്കുന്നു. വിപ്ലവ സാഹിത്യവും. കലയും യഥാർത്ഥ ജീവിതത്തിൽ നിന്നു് വൈവിധ്യം നിറഞ്ഞ കഥാപാത്രങ്ങളെ സൃഷ്ടിക്കുകയും ചരിത്രത്തെ മുന്നോട്ടു പായിക്കുവാൻ ജനങ്ങളെ സഹായിക്കുകയും ചെയ്യണം. ഉദാഹരണത്തിനു്, ഒരു ഭാഗത്തു് വിശപ്പിൽനിന്നും തണുപ്പിൽനിന്നും മർദ്ദനത്തിൽനിന്നും മനുഷ്യൻ യാതന അനുഭവിക്കുമ്പോൾ, മറുഭാഗത്തു് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയും മർദ്ദിക്കുകയും ചെയ്യുന്നു. എല്ലായിടത്തും നിലവിലുള്ള ഈ യാഥാർത്ഥ്യങ്ങളുടെ നേരേ ജനങ്ങൾ അവ സാധാരണ സംഭവങ്ങളാണെന്നതുപോലെ നോക്കുന്നു. എഴുത്തുകാരും കലാകാരന്മാരും ഇതുപോലെയുള്ള ദൈനംദിന പ്രതിഭാസങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, അവയ്ക്കുള്ളിലുള്ള വൈരുദ്ധ്യങ്ങളേയും സമരങ്ങളേയും പ്രതിരൂപങ്ങളിൽ കൂടി അവതരിപ്പിക്കുകയും, ജനങ്ങളെ പ്രബുദ്ധരാക്കുകയും അവരുടെ ആവേശത്തെ ആളിക്കത്തിക്കുകയും തങ്ങളുടെ ചുററുപാടുകൾക്കു് പരിവർത്തനം വരുത്തുന്നതിനു വേണ്ടി സംഘടിക്കുവാനും സമരം ചെയ്യുവാനും അവരെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന സാഹിത്യ, കലാശില്പങ്ങൾ സൃഷ്ടി

ക്കുകയും ചെയ്യണം. അതുപോലെയുള്ള സാഹിത്യവും കലയും കൂടാതെ തങ്ങളുടെ കർത്തവ്യം നിറവേററുവാൻ അവക്കു കഴിയുകയില്ല, അല്ലെങ്കിൽ, ചുരുങ്ങിയതു്, ഇത്ര മാത്രം ഫലപ്രദമായിട്ടും വേഗതയോടുകൂടിയും നിറവേററുവാൻ കഴിയുകയില്ല.

സാഹിത്യ, കലാശിൽപ്പങ്ങറംക്കു ജനസമ്മതി ആജ്ജിക്കുകയും അവയുടെ നിലവാരം ഉയത്തുകയും ചെയ്യുക എന്നതുകൊണ്ടു് എന്താണു് അർത്ഥമാക്കുന്നതു്? ഈ രണ്ടു കർത്തവ്യങ്ങറംക്കും തമ്മിലുള്ള ബന്ധം എന്താണു്? ജനകീയ ശിൽപ്പങ്ങറം കൂടുതൽ ലളിതവും സ്പഷ്ടവും ആണു്. അതുകൊണ്ടു് അവയെ ഇന്നു് ജനങ്ങറം കൂടുതൽ ഉത്സാഹപൂർവം സ്വീകരിക്കുന്നു. നേരേമറിച്ചു്, കലാപരമായി ഉയന്ന നിലവാരമുള്ള സാഹിത്യ, കലാശില്പങ്ങറംക്കു് കൂടുതൽ ഗഹനമായ ശിൽപ്പരീതി ആവശ്യമായതുകൊണ്ടു് അവയുടെ സൃഷ്ടി കൂടുതൽ പ്രയാസമാണു്. തന്നെയല്ല, സമകാലീനകാലഘട്ടത്തിൽ അവക്കു് അത്ര എളുപ്പവും വേഗവും ജനങ്ങളുടെ ഇടയിൽ പ്രചാരം സിദ്ധിക്കുകയില്ല. തൊഴിലാളികളേയും കർഷകരേയും സൈനികരേയും അഭിമുഖീകരിക്കുന്ന പ്രശ്നം ഇതാണു്: അവരിപ്പോറം ശത്രുവുമായിട്ടു് കഠിനവും രക്തരൂക്ഷിതവുമായ ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണു്; പക്ഷേ ദീഘകാലത്തെ നാടുവാഴി, ബൂഷ്വാ വഗ്ഗങ്ങളുടെ ഭരണത്തിൻെറ ഫലമായി അവർ അക്ഷരജ്ഞാനമില്ലാത്തവരും, വിദ്യാഭ്യാസമില്ലാത്തവരും ആണു്; അതുകൊണ്ടു് അവരുടെ സമരാവേശവും വിജയത്തിലുള്ള വിശ്വാസവും വർദ്ധിപ്പിക്കുകയും, അവരുടെ ഐക്യം ശക്തിപ്പെടുത്തുകയും, ഹൃദയൈക്യത്തോടും ഏക ചിന്തയോടുംകൂടി ശത്രുവിനോടു് സമരം ചെയ്യുന്നതിൽ അവരെ സഹായിക്കുകയും ചെയ്യുന്നതിനുവേണ്ടി, അവരുടെ അടിയന്തിരമായ ആവശ്യങ്ങളെ നിറവേററുന്നതും അവക്കു് ഉറംക്കൊള്ളുവാൻ എളുപ്പവും ആയ സാഹിത്യ, കലാശിൽപ്പങ്ങളും, വിദ്യാഭ്യാസ രീതിയും, പ്രബോധനവും അവർ ആകാംക്ഷയോടുകൂടി ആവശ്യപ്പെടുകയാണു്. അവരുടെ അതിപ്രധാനമായ ആവശ്യം ''കസവുപിടിപ്പിച്ച പട്ടിൽ കൂടു

തൽ പുഷ്പങ്ങൾ തുന്നിച്ചേർക്കുക'' അല്ല, പ്രത്യുത ''മഞ്ഞുപൊഴിയുന്ന കാലാവസ്ഥയിൽ കൂടുതൽവിറക്'' ആണ്. അതുകൊണ്ട്, ഇപ്പോഴത്തെ സ്ഥിതിഗതികളിൽ ജനസമ്മതി ആർജ്ജിക്കലാണ് കൂടുതൽ അടിയന്തിരമായിട്ടുള്ള കർത്തവ്യം. ജനസമ്മതി ആർജ്ജിക്കലിനെ നിസ്സാരമാക്കി തള്ളുന്നതോ അവഗണിക്കുന്നതോ തെററാണ്.

എന്നിരുന്നാലും, ജനസമ്മതിയാർജ്ജിക്കലിനും നിലവാരം ഉയർത്തുന്നതിനും ഇടയ്ക്ക് കൃത്യമായ യാതൊരു അതിർത്തിരേഖകളും വരയ്ക്കുവാൻ സാധിക്കുകയില്ല. മേന്മകൂടിയ ചില കൃതികൾക്ക് ഇപ്പോഴും ജനസമ്മിതി നേടുവാൻ സാധിക്കുമെന്നു മാത്രമല്ല, ജനങ്ങളുടെ സാംസ്കാരിക നിലവാരം സ്ഥിരമായി ഉയർന്നുകൊണ്ടിരിക്കുകയുമാണ്. ജനസമ്മതി നേടുന്നതിനുള്ള ശ്രമങ്ങൾ ഒരേ നിലവാരത്തിൽ എന്നെന്നേയ്ക്കുമായി തുടരുകയാണെങ്കിൽ, മാസങ്ങളും വർഷങ്ങളും കടന്നുപോകുന്നതു കൂട്ടാക്കാതെ ഒരേ ചപ്പും ചവറും തന്നെ വീണ്ടും വീണ്ടും വിതരണം നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ, എല്ലായ്പോഴും ഒരേ ''കൊച്ചു് ആട്ടിടയനും'' x ഒരേ ''മനുഷ്യൻ, കൈയ്, വായ്, കത്തി, പശു, ആട്'' x എന്നിവയും ആണെങ്കിൽ പഠിപ്പിക്കുന്നവരും പഠിക്കുന്നവരും ഒരേ നിലവാരത്തിൽതന്നെ അവശേഷി

---

x ജനസമ്മതി നേടിയ ഒരു ചൈനീസ് നൃത്തസംഗീതനാടകം. ആകെയുള്ള രണ്ടു കഥാപാത്രങ്ങൾ ഒരു ആട്ടിടയനും ഒരു ഗ്രാമീണ കന്യകയും ആണ്. ജപ്പാൻ വിരുദ്ധ പ്രചരണത്തിനുള്ള ഗാനങ്ങൾ ഉൾപ്പെടുത്തിയിരുന്ന ഈ കലാശില്പം പ്രതിരോധയുദ്ധത്തിന്റെ ആദ്യകാലഘട്ടത്തിൽ വളരെ പ്രചാരം നേടുകയുണ്ടായി.

x ഇവ ചൈനീസ് ഭാഷയിലെ ലഘുവായ ലിപികളാണ്. സാധാരണ പ്രാഥമിക വിദ്യാലയങ്ങളിൽ ആദ്യം പഠിപ്പിച്ചു തുടങ്ങിയിരുന്നതു് ഈ ലിപികളാണ്.

ക്കകയില്ലേ? അതുപോലെയുള്ള ജനസമ്മതിയാർജ്ജിക്കൽ കൊണ്ടു് എന്താണു് പ്രയോജനം ഉണ്ടാവുക? ജനങ്ങൾ തങ്ങളുടെ അഭിരുചി അനുസരിച്ചുള്ള സാഹിത്യ, കലാശില്പങ്ങൾ ആവശ്യപ്പെടുന്നതോടൊപ്പംതന്നെ അവസ്സു് ഉയർന്ന നിലവാരവും ഉണ്ടായിരിക്കണമെന്നു് അവർ ആഗ്രഹിക്കുന്നു; മാസങ്ങളും വർഷങ്ങളും കടന്നുപോകുന്നതനുസരിച്ചു് കൂടുതൽ കൂടുതൽ ഉയർന്ന നിലവാരവും അവർ ആവശ്യപ്പെടുന്നു. ഇവിടെ ജനസമ്മതിയാർജ്ജിക്കുക എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു് ജനങ്ങൾക്കുവേണ്ടി ജനസമ്മതിയുണ്ടാക്കുക എന്നും, നിലവാരം ഉയർത്തുക എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു് ജനങ്ങൾക്കുവേണ്ടി നിലവാരം ഉയർത്തുക എന്നും ആണു്. അതുപോലെയുള്ള നിലവാരം ഉയർത്തൽ ആകാശ മദ്ധ്യത്തിൽ നിന്നോ അടച്ചു കുററിയിട്ട മുറികൾക്കുള്ളിൽ വച്ചോ അല്ല, പ്രത്യുത യഥാർത്ഥത്തിലുള്ള ജനസമ്മതിയെ ആസ്പദമാക്കിയാണു് ഉണ്ടാകുന്നതു്. ഇതു നിർണ്ണയിക്കുന്നതും, അതേസമയം തന്നെ ഇതിനെ നിയന്ത്രിക്കുന്നതും ജനസമ്മതി ആണു്. ചൈനയിൽ മൊത്തത്തിൽ നോക്കുകയാണെങ്കിൽ വിപ്ളവത്തിൻേറയും വിപ്ളവ സംസ്കാരത്തിൻേറയും വികസനം നിമ്നോന്നതമായതും അവയുടെ പ്രചാരം ക്രമേണ ഉള്ളതും ആകുന്നു. ഒരു സ്ഥലത്തു്, ജനസമ്മതി നേടുന്നതിനും പിന്നീടു് അതിൻെറ അടിസ്ഥാനത്തിൽ നിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ മററു സ്ഥലങ്ങളിൽ ജനസമ്മതി നേടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുപോലുമുണ്ടായിരിക്കുകയില്ല. അതുകൊണ്ടു് ഒരു പ്രദേശത്തു് നടത്തുന്ന നിലവാരം ഉയർത്തുന്നതിലേക്കു നയിക്കുന്ന ജനസമ്മതിക്കു വേണ്ടിയുള്ള ശ്രമങ്ങളിൽ നിന്നുള്ള അനുഭവജ്ഞാനം മററു പ്രദേശങ്ങളിൽ നടത്തുന്ന ഇതേ ശ്രമങ്ങളിൽ ഉപയോഗിക്കുവാൻ കഴിയും. ഇതുമൂലം പ്രവർത്തനരംഗത്തും പാകപ്പിഴകളിലും ഉണ്ടാകുന്ന ആവർത്തനങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണു്. അന്തർദ്ദേശീയമായിട്ടു് നോക്കുമ്പോൾ വിദേശ രാജ്യങ്ങളിലെ

നല്ല അനുഭവങ്ങൾക്ക്, പ്രത്യേകിച്ചും സോവിയററു് യൂണിയനിലെ അനുഭവങ്ങൾക്ക്, നമുക്കു മാർഗ്ഗദർശി ആയിത്തീരുവാൻ കഴിയും. നമ്മൾ നിലവാരം ഉയർത്തേണ്ടതു് ജനസമ്മതി നേടുന്നതിനെ അടിസ്ഥാനമാക്കിയാണു്. അതേസമയംതന്നെ ജനസമ്മിതി നേടുന്നതിനുള്ള ശ്രമങ്ങൾക്ക് മാഗ്ഗനിർദ്ദേശം നൽകേണ്ടതു് നിലവാരം ഉയർത്തുന്നതിൽ കൂടിയാണു്. ഇക്കാരണം കൊണ്ടുതന്നെ, ജനസമ്മതി നേടുന്നതിനുവേണ്ടിയുള്ള നമ്മുടെ പ്രവത്തനങ്ങൾ നിലവാരം ഉയത്തുന്നതിനു് ഒരു തടസ്സമായിത്തീരുന്നതിനു പകരം അതു്, നമ്മൾ ഇപ്പോൾ ഒരു പരിമിതമായ അളവിൽ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ നിലവാരം ഉയത്തുന്നതിനുള്ള പരിശ്രമങ്ങൾക്ക് ഒരു അടിസ്ഥാനം പ്രദാനം ചെയ്യുകയും, ഭാവിയിൽ കൂടുതൽ വ്യാപകമായ തോതിൽ നിലവാരം ഉയത്തുന്നതിനു് നമുക്ക് ആവശ്യമായ പരിതസ്ഥിതികൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ടു സാധിച്ചു കൊടുക്കുന്ന ഇതുപോലെയുള്ള നിലവാരം ഉയർത്തലിനു പുറമേ അവരുടെ ആവശ്യങ്ങൾ പരോക്ഷമായിട്ടു സാധിച്ചുകൊടുക്കുന്ന രീതിയിലുള്ള നിലവാരം ഉയർത്തലുംഉണ്ടു്, അതായതു് പാർട്ടി പ്രവർത്തകക്കു് ആവശ്യമായിട്ടുള്ള രീതിയിലുള്ളവ. പാർട്ടി പ്രവത്തകർ ജനങ്ങളുടെ ഇടയിലെ മുന്നോക്കം നില്ക്കുന്ന ഘടകങ്ങളാണു്. പൊതുവെ അവർക്കു് വിദ്യാഭ്യാസവും കൂടുതൽ സിദ്ധിച്ചിട്ടുണ്ടു്. കൂടുതൽ ഉയർന്ന നിലവാരത്തിലുള്ള സാഹിത്യവും കലയും അവക്കു് അത്യധികം ആവശ്യമായിരിക്കുന്നു. ഇതിനെ അവഗണിക്കുന്നതു് തെററായിരിക്കും. ജനങ്ങൾക്കു് വിദ്യാഭ്യാസം നൽകുവാനും മാർഗ്ഗനിർദ്ദേശം നൽകുവാനും നമുക്കു കഴിയുന്നതു് പാർട്ടി പ്രവത്തകരിൽകൂടി മാത്രമായതിനാൽ, പാർട്ടി പ്രവത്തകക്കു വേണ്ടി ചെയ്യുന്നതെന്തും ജനങ്ങൾക്കു മുഴുവനുംവേണ്ടി ചെയ്യുന്നതുപോലെ തന്നെയാണു്. ഈ ലക്ഷ്യത്തിനു് വിപരീതമായിട്ടാണു് നമ്മൾ പ്രവത്തിക്കുന്നതെങ്കിൽ, ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും അവർക്കു

മാർഗ്ഗനിർദ്ദേശം നൽകുവാനും സഹായകമായതെല്ലാം പാർട്ടി പ്രവർത്തകർക്ക് കൊടുക്കുവാൻ. നമുക്കു കഴിയുന്നില്ലെങ്കിൽ, നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങൾ അലക്ഷ്യമായി അമ്പെയ്യുന്നതുപോലെ ആവുകയും, അതു് ജനങ്ങളെ സേവിക്കുക എന്ന അടിസ്ഥാന തത്വത്തിൽനിന്നു് വ്യതിചലിക്കുകയും ചെയ്യും.

ചുരുക്കി പറയുകയാണെങ്കിൽ, വിപ്ലവകാരികളായ എഴുത്തുകാരുടേയും കലാകാരന്മാരുടേയും സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽകൂടി, ജനങ്ങളുടെ ജീവിതത്തിൽ നിന്നു കണ്ടെത്തിയ സാഹിത്യപരവും കലാപരവും ആയ അസംസ്കൃത പദാർത്ഥങ്ങൾക്കു്, ജനങ്ങളെ സേവിക്കുന്നതിനു വേണ്ടിയുള്ള സാഹിത്യവും കലയും എന്ന പ്രത്യയശാസ്ത്രപരമായ രൂപം നൽകപ്പെടുന്നു. ഉയന്ന വിദ്യാഭ്യാസ നിലവാരമുള്ള ജന വിഭാഗങ്ങൾക്കോ, അല്ലെങ്കിൽ, കൂടുതൽ അടിയന്തിരമായി, ജനങ്ങളുടെ ഇടയിൽ പ്രവത്തിക്കുന്ന പാർട്ടി പ്രവർത്തകർക്കോ ആവശ്യമായ രൂപത്തിലുള്ളതും, പ്രാഥമികമായ സാഹിത്യത്തേയും കലയേയും ആസ്പദമാക്കി വികസിപ്പിച്ചതും ആയ കൂടുതൽ പുരോഗതി പ്രാപിച്ച സാഹിത്യവും കലയും ഇതിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. അതോടൊപ്പം തന്നെ, കൂടുതൽ പുരോഗതി പ്രാപിച്ച സാഹിത്യവും കലയും മാർഗ്ഗനിർദ്ദേശം നൽകുന്നതും, വത്തമാനകാലഘട്ടത്തിൽ പ്രധാനമായിട്ടും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കു് ആവശ്യമായിട്ടുള്ളതുമായ പ്രാഥമിക സാഹിത്യവും കലയും കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. കൂടുതൽ പുരോഗതി പ്രാപിച്ചതായാലും ശരി പ്രാഥമികമായാലും ശരി നമ്മുടെ എല്ലാ സാഹിത്യ, കലാ പ്രവത്തനങ്ങളും ജനങ്ങൾക്കു വേണ്ടിയുള്ളതാണു്, പ്രധാനമായും തൊഴിലാളികൾക്കും കൃഷിക്കാക്കും സൈനികക്കും വേണ്ടിയുള്ളതാണു്. അവ സൃഷ്ടിക്കപ്പെടുന്നതു് തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും ഉപയോഗത്തിനുവേണ്ടിയാണു്, അവർക്കു വേണ്ടിയാണു്.

നിലവാരം ഉയത്തുന്നതും ജനസമ്മതിയാർജ്ജിക്കുന്ന

ത്തും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നം നമ്മാം ഇപ്പോാം പരിഹരിച്ചതുകൊണ്ടു്, വിദഗ്ദ്ധന്മാരും പ്രചാരകന്മാരും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നവും നമുക്കു് പരിഹരിക്കുവാൻ കഴിയും. നമ്മുടെ വിദഗ്ദ്ധന്മാർ പാർട്ടി പ്രവർത്തകർക്കു വേണ്ടി മാത്രം ഉള്ളവരല്ല. അവർ മുഖ്യമായും ജനങ്ങാംക്കുവേണ്ടിയും സേവനം അനുഷ്ഠിക്കുന്നു. സാഹിത്യരംഗത്തെ നമ്മുടെ വിദഗ്ദ്ധന്മാർ ജനങ്ങളുടെ ചുവർപത്രങ്ങളുടേയും, ഗ്രാമങ്ങളിലും സൈന്യത്തിനുള്ളിലും എഴുതപ്പെടുന്ന വാർത്തകുറിപ്പുകളുടേയും കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. നാടകരംഗത്തെ നമ്മുടെ വിദഗ്ദ്ധന്മാർ സൈന്യത്തിനുള്ളിലും ഗ്രാമങ്ങളിലും ഉള്ള ചെറിയനാടകസംഘങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കണം. നമ്മുടെ സംഗീത വിദഗ്ദ്ധന്മാർ ജനകീയ ഗാനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കണം. നമ്മുടെ ലളിതകലാ വിദഗ്ദ്ധന്മാർ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിൽ ഉള്ളതും ജനങ്ങാംക്കിഷ്ടപ്പെട്ടതുമായ ലളിതകലകളുടെ കാര്യത്തിൽ ശ്രദ്ധിക്കണം. ഈ സഖാക്കാം എല്ലാവരും സാഹിത്യവും കലയും ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സഖാക്കളുമായി അടുത്ത ബന്ധം പുലർത്തണം. ഒരുവശത്തു് അവർ പ്രചാരകന്മാർക്കു് സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതോടൊപ്പം തന്നെ മറുവശത്തു് അവർ ഈ സഖാക്കളിൽ നിന്നു പഠിക്കുകയും, ഇവരിൽകൂടി സ്വന്തം കുറവുകാം നികത്തുന്നതിനും സ്വയം സമ്പുഷ്ടമാകുന്നതിനും ആവശ്യമായ പോഷകാഹാരങ്ങാം ജനങ്ങളിൽനിന്നു് ഉാംക്കൊള്ളുകയും വേണം. എങ്കിൽ മാത്രമേ അവരുടെ പ്രത്യേക വൈദഗ്ദ്ധ്യങ്ങാം ജനങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങളിൽനിന്നും വേർപെട്ടതും ഉള്ളടക്കമോ ജീവചൈതന്യമോ ഇല്ലാത്തതുമായ ''ദന്തഗോപുരങ്ങാം'' ആയിത്തീരാതിരിക്കുകയുള്ളു. നമ്മാം വിദഗ്ദ്ധന്മാരെ ബഹുമാനിക്കണം; അവർ നമ്മുടെ മഹത്തായലക്ഷ്യങ്ങാം നേടിയെടുക്കുന്നതിൽ വളരെ വിലപ്പെട്ട സഹായം ചെയ്യുന്നവരാണു്. പക്ഷേ, ഒരു വിപ്ലവകാരിയായ സാഹിത്യകാരനോ കലാകാരനോ ജനങ്ങളോടു് ഉററബന്ധം പുലർത്തുകയും, അവരുടെ

വിചാരങ്ങൾക്കും വികാരങ്ങൾക്കും പ്രകാശനം നൽകുകയും, അവരോടു കൂറുള്ള വക്താവായി സേവനം അനുഷ്ഠിക്കുകയും ചെയ്തില്ലെങ്കിൽ അയാൾക്ക് എന്തെങ്കിലും ഫലപ്രദമായ പ്രവർത്തനം നടത്തുവാൻ കഴിയുകയില്ലെന്ന് നമ്മൾ അവരോടു പറയണം. ജനങ്ങൾക്കുവേണ്ടി സംസാരിക്കുന്നതിൽ കൂടി മാത്രമേ അയാൾക്ക് അവരെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ കഴിയുകയുള്ളു; അതുപോലെ തന്നെ ജനങ്ങളിൽനിന്നു പഠിക്കുവാൻ തയാറുള്ള വിദ്യാർത്ഥി ആയിരുന്നാൽ മാത്രമേ അയാൾക്ക് ജനങ്ങളുടെ അദ്ധ്യാപകൻ ആയിത്തീരുവാൻ കഴിയുകയുള്ളു. താൻ ജനങ്ങളുടെ അധിനായകൻ ആണെന്നതുപോലെയും, താഴേക്കിടയിലുള്ള വിഭാഗങ്ങളുടെമേൽ അധീശത്വം പുലർത്തുന്ന ഒരു അഭിജാതനാണെന്നതുപോലെയും അയാൾ സ്വയം പരിഗണിക്കുകയാണെങ്കിൽ, എത്രയധികം കഴിവുള്ളവൻ ആണെങ്കിലുംശരി ജനങ്ങൾക്ക് അയാളെക്കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. അയാളുടെ പ്രവർത്തനങ്ങൾക്ക് യാതൊരു ഭാവിയും ഉണ്ടായിരിക്കുകയില്ല.

നമ്മുടെ ഈ മനോഭാവം പ്രയോജനത്തിന് പ്രാധാന്യംനൽകുന്ന ഒന്നാണോ? പ്രയോജനത്തിനു പ്രാധാന്യം നൽകുന്ന സിദ്ധാന്തത്തെ (Utilitarianism) ഭൗതികവാദികൾ എതിർക്കുന്നില്ല; പക്ഷേ നാടുവാഴി, ബൂഷ്വാ, പെററിബൂർഷ്വാ വർഗ്ഗങ്ങളുടെ പ്രയോജനത്തിനു പ്രാധാന്യം നൽകുന്ന സിദ്ധാന്തത്തെ അവർ എതിർക്കുന്നു. പ്രയോജനത്തിനു പ്രാധാന്യം നൽകുന്ന സിദ്ധാന്തത്തെ വാക്കുകൾ കൊണ്ടു മാത്രം എതിർക്കുകയും അതേസമയം പ്രവൃത്തികളിൽ വരുമ്പോൾ ഏററവുമധികം സ്വാർത്ഥതൽപ്പരതയോടും ഹ്രസ്വവീക്ഷണത്തോടുംകൂടി അതിനെ ആശ്ലേഷിക്കുകയും ചെയ്യുന്ന ആ കപടനാട്യക്കാരെ ഭൗതികവാദികൾ എതിർക്കുന്നു. പ്രയോജനപ്രധാനമായ പരിഗണനകൾക്ക് അതീതമായിട്ടുള്ള ഒരു ''ഇസവും'' ലോകത്തിൽ ഇല്ല; വർഗ്ഗാധിഷ്ഠിതമായ സമുദായത്തിൽ പ്രയോജനപ്രധാനമായ സിദ്ധാന്തം ഏതെങ്കിലും ഒരു

വശ്ശത്തിന്റേതു് മാത്രമായിരിക്കും. നമ്മറം തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ പ്രയോജനത്തിനു് പ്രാധാന്യം നൽകുന്നവരാണു്. ജനസംഖ്യയുടെ തൊണ്ണൂറു ശതമാനം വരുന്ന വിശാല ജനവിഭാഗങ്ങളുടെ വർത്തമാനകാലത്തേയും ഭാവിയിലേയും താൽപര്യങ്ങറംക്കാണു് നമ്മറം കൂടുതൽ പ്രാധാന്യം കല്പിയ്ക്കുന്നതു്. അതുകൊണ്ടു് നമ്മറം ഏററവും വിശാലവും ഏററവുമധികം ദൂരവ്യാപിയും ആയ ഉദ്ദേശ്യങ്ങളെ ലക്ഷ്യമാക്കി പ്രവത്തിക്കുന്ന വിപ്ലവകാരികളായ യൂട്ടിലിട്ടേറിയനുകറം ആണു്; അല്ലാതെ ഭാഗികവും അടിയന്തിരവുമായ ഉദ്ദേശങ്ങറംക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന സങ്കുചിതമനസ്കരായ യൂട്ടിലിട്ടേറിയനുകറം അല്ല. ഉദാഹരണത്തിനു്, നിങ്ങറം ജനങ്ങളെ അവരുടെ യൂട്ടിലിട്ടേറിയനിസത്തിന്റെ പേരിൽ അധിക്ഷേപിക്കുകയും, എന്നിട്ടു് നിങ്ങളുടെ സ്വന്തം പ്രയോജനത്തിനുവേണ്ടി, അല്ലെങ്കിൽ വളരെ സങ്കുചിതമായ ഒരു ഗൂഢസംഘത്തിന്റെ പ്രയോജനത്തിനുവേണ്ടി, വളരെ ചുരുക്കം പേരേ മാത്രം സന്തോഷിപ്പിക്കുന്നതും ഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോളം പ്രയോജന രഹിതമോ അല്ലെങ്കിൽ ഹാനികരമോപോലും ആയ ഒരു കൃതിയെ വിൽപ്പനയ്ക്കായി നിർബന്ധപൂർവ്വം കമ്പോളത്തിൽ ഇറക്കുകയും അതിനുവേണ്ടി ജനങ്ങളുടെ ഇടയിൽ പ്രചാരവേല നടത്തുകയും ചെയ്യുകയാണെങ്കിൽ, അതു കാരണം നിങ്ങറം ജനങ്ങളെ അപമാനിക്കുക മാത്രമല്ല സ്വന്തം സ്വഭാവത്തെ കുറിച്ചുള്ള നിങ്ങളുടെ അറിവില്ലായ്മയെ നിങ്ങറം പ്രദർശിപ്പിക്കുക കൂടിയാണു ചെയ്യുന്നതു്. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങറംക്കു് യഥാത്ഥത്തിൽ പ്രയോജനം കൈവരുത്തുവാൻ കഴിവുള്ള ഒരു കാര്യം മാത്രമേ നല്ലതാണെന്നു് പറയുവാൻസാധിക്കുകയുള്ളു. നിങ്ങളുടെ കൃതി ''വസന്തത്തിലെമഞ്ഞി''നോളം തന്നെ മേന്മ ഉള്ളതായിരിക്കാം. പക്ഷേ അതു തൽക്കാലം ചുരുക്കം പേക്കു മാത്രമേ പ്രയോജനം ചെയ്യുന്നുള്ളു എങ്കിൽ, സാധാരണ ജനങ്ങറം ഇപ്പോഴും ''നാട്ടിൻപുറത്തെ പാവപ്പെട്ടവരുടെ

ഗാനം' x ആണ്. പാടുന്നതെങ്കിൽ, അവരുടെനിലവാരം ഉയർത്തുവാൻ ശ്രമിക്കുന്നതിനുപകരം അവരെ വെറുതെ ശകാരിച്ചതുകൊണ്ടു് നിങ്ങൾക്കു് ഒന്നും നേടിയെടുക്കുവാൻ കഴിയുകയില്ല. ഇപ്പോഴത്തെ പ്രശ്നം ''വസന്തകാലത്തിലെ മഞ്ഞും'', ''നാട്ടിൻപുറത്തെ പാവപ്പെട്ടവരുടെ ഗാനവും'' തമ്മിലും, ഉയന്ന നിലവാരവും ജനസമ്മതിയാജ്ജിക്കലും തമ്മിലും ഒരു ഐക്യം കൈവരുത്തുക എന്നുള്ളതാണു്. അതുപോലെയുള്ള ഒരു ഐക്യം കൂടാതെ ഏതൊരു വിദഗ്ദ്ധൻേറയും ഏററവും ഉയർന്ന നിലവാരത്തിലുള്ള കലാശിൽപ്പത്തിനും ഏററവും സങ്കുചിതമായ അത്ഥത്തിൽ പോലും പ്രയോജനപ്രധാനമായിത്തീരുവാൻ കഴിയുകയില്ല. നിങ്ങൾഅതിനെ ''ശുദ്ധവും ശ്രേഷ്ഠവും'' ആയ കല എന്നു വിളിച്ചെന്നു വരാം. പക്ഷേ നിങ്ങൾ അതു് ഈ കലാരൂപത്തിനു് നിങ്ങളുടെ സ്വന്തമായിട്ടു മാത്രം കൊടുക്കുന്ന നാമധേയം ആണു്. ജനങ്ങൾ അതിനെ അംഗീകരിക്കുകയില്ല.

തൊഴിലാളികളേയും കർഷകരേയും സൈനികരേയും സേവിക്കുക എന്നും, എങ്ങിനെയാണു് അവരെ സേവിക്കുക എന്നും ഉള്ള അടിസ്ഥാനപരമായ നയങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഒരിക്കൽ നമ്മൾ പരിഹരിച്ചുകഴിഞ്ഞാൽ, ജീവിതത്തിൻെറ പ്രകാശമാനമായ വശത്തെ കുറിച്ചാണോ അതോ അന്ധകാരമയമായ വശത്തെ കുറിച്ചാണോ എഴുതേണ്ടതു്, എങ്ങിനെയാണു് ഐക്യം

---

x ഇതും ''വസന്തകാലത്തെമഞ്ഞും'' ബി.സി. മൂന്നാം നൂററാണ്ടിൽ പുരാതന ചൈനയിലെ ഏററവും വലിയ സംസ്ഥാനങ്ങളിൽ ഒന്നായ ചൂവിലെ ജനങ്ങൾ പാടിയിരുന്ന പാട്ടുകൾ ആയിരുന്നു. ഒരു ഗായകൻ ''വസന്തകാലത്തെ മഞ്ഞു്'' പാടിയിരുന്നപ്പോൾ ചുരുക്കം ജനങ്ങൾ മാത്രമേ ആ സംഘഗാനത്തിൽ ചേർന്നിരുന്നുള്ളു. എന്നാൽ അയാൾ ''നാട്ടിൻപുറത്തെ പാവപ്പെട്ടവരുടെ ഗാനം'' ആയിരുന്നു പാടുന്നതെങ്കിൽ ആയിരക്കണക്കിനു ജനങ്ങൾ അയാളോടൊപ്പം ആ സംഘഗാനത്തിൽ പങ്കു ചേർന്നിരുന്നു.

കൈവരുത്തേണ്ടതു് എന്നിവപോലെയുള്ള പ്രശ്നങ്ങളും പരിഹരിക്കപ്പെടും. അടിസ്ഥാനപരമായ നയത്തോടു് നമ്മാം എല്ലാവരും യോജിച്ചു കഴിഞ്ഞെങ്കിൽ, സാഹിത്യ, കലാ രംഗങ്ങളിൽ ഉള്ള, സാഹിത്യപരവും കലാപരവുമായ എല്ലാവിധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പ്രവത്തകരും, എല്ലാ വിദ്യാലയങ്ങളും, എല്ലാവിധ പ്രസിദ്ധീകരണങ്ങളും സംഘടനകളും ഈ നയത്തിൽ ഉറച്ചു നില്ക്കണം. ഈ നയത്തിൽ നിന്നു് വ്യതിചലിക്കുന്നതു തെററാണു്. കൂടാതെ ഈ നയത്തിൽ നിന്നു വ്യത്യസ്തമായ എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെ യഥാവിധി നേരേയാക്കണം.

## III

നമ്മുടെ സാഹിത്യവും കലയും ജനങ്ങാംക്കവേണ്ടിയുള്ളതായതുകൊണ്ടു്, നമുക്കു് അടുത്തതായി ഉാംപാർട്ടിബന്ധങ്ങളെ സംബന്ധിക്കുന്ന, അതായതു്, പാർട്ടിയുടെ സാഹിത്യ, കലാ രംഗങ്ങളിലെ പ്രവർത്തനവും പാർട്ടിയുടെ മൊത്തത്തിലുള്ള പ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന ഒരു പ്രശ്നത്തെ കുറിച്ചും, അതിനു പുറമേ പാർട്ടിയുടെ ബാഹ്യമായ ബന്ധങ്ങളെ സംബന്ധിക്കുന്ന, അതായതു്, പാർട്ടിയുടെ സാഹിത്യ, കലാ രംഗങ്ങളിലെ പ്രവർത്തനവും പാർട്ടിയിൽ ഇല്ലാത്തവരുടെ ഈ രംഗങ്ങളിലെ പ്രവത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന ഒരു പ്രശ്നത്തെ, സാഹിത്യ, കലാ മണ്ഡലങ്ങളിലെ ഐക്യമുന്നണിയെ സംബന്ധിക്കുന്ന പ്രശ്നത്തെ, കുറിച്ചും ഉള്ള ചച്ച് തുടരുവാൻ കഴിയും.

നമുക്കു് ആദ്യത്തെ പ്രശ്നത്തെ കുറിച്ചു് പര്യാലോചിക്കാം. ഇന്നത്തെ ലോകത്തിൽ എല്ലാ സംസ്കാരവും, എല്ലാ സാഹിത്യവും കലകളും വ്യക്തമായി നിർവ്വചിക്കപ്പെട്ട വർഗ്ഗങ്ങാംക്കു് സ്വന്തമായിട്ടുള്ളതും, വ്യക്തമായി നിർവചിക്കപ്പെട്ട രാഷ്ട്രീയ മാർഗ്ഗങ്ങളെ പിൻതുടരുന്നവയും ആണു്. കല കലയ്ക്കുവേണ്ടി, വർഗ്ഗങ്ങാംക്കു് അതീതമായി നിലനിൽക്കുന്ന കല, അല്ലെങ്കിൽ രാഷ്ട്രീയത്തിൽനിന്നു വേർപെടുത്തപ്പെട്ടതോ സ്വതന്ത്രമോ

ആയ കല എന്നൊക്കെ പറയുന്നതൊന്നും വാസ്തവ ത്തിൽ ഇല്ല. തൊഴിലാളിവഗ്ഗ സാഹിത്യവും കല യും തൊഴിലാളി വർഗ്ഗവിപ്ളവ പ്രസ്ഥാനത്തിൻെറ ആകമാനമുള്ള ഒരു ഭാഗമാണ്; അവ, ലെനിൻ പറ ഞ്ഞിട്ടുള്ളതുപോലെ, വിപ്ളവയന്ത്രത്തിൻെറ പൽച ക്രങ്ങളും പിരിയാണികളും x ആണ്. അതുകൊണ്ടു് സാഹിത്യ, കലാ രംഗങ്ങളിൽ ഉള്ള പാർട്ടിയുടെ പ്രവ ത്തനം മൊത്തത്തിലുള്ള പാർട്ടിയുടെ വിപ്ലവപ്രവത്ത നത്തിൽ വ്യക്തമായി നിർവചിക്കപ്പെട്ടതും പകുത്തു കൊടുക്കപ്പെട്ടതുമായ ഒരു സ്ഥാനം വഹിക്കുകയും, ഒരു പ്രത്യേക വിപ്ലവ കാലഘട്ടത്തിൽ പാർട്ടിയുടെ നിയോ ഗം അനുസരിച്ചുള്ള വിപ്ലവകരമായ കർത്തവ്യങ്ങൾക്കു് വിധേയമായിരിക്കുകയും ചെയ്യുന്നു. ഈ ക്രമീകരണ ത്തോടുള്ള എതിർപ്പ് തീർച്ചയായും ദ്വന്ദ്വത്വത്തിലേ ക്കോ അനേകത്വത്തിലേക്കോ നയിക്കും. കൂടാതെ സാ രംശത്തിൽ ഇതുകൊണ്ടു് അത്ഥമാകുന്നതു് ട്രോട്സ്കി യുടെ കാര്യത്തിലെന്നതുപോലെ ''രാഷ്ട്രീയം— മാർക്സിസ്റ്റ്; കല—ബൂർഷ്വാ'' എന്നാണ്. സാഹി ത്യത്തിൻേറയും കലയുടേയും പ്രാധാന്യത്തെ കുറിച്ച് ആവശ്യത്തിൽ കൂടുതൽ ഊന്നിപ്പറയുന്നതിനെ നമ്മൾ അനുകൂലിക്കുന്നില്ല. എന്നാൽ അതേസമയം തന്നെ അ വയുടെ പ്രാധാന്യത്തിനു് കുറഞ്ഞ മൂല്യം നിർണ്ണയിക്കു ന്നതിനേയും നമ്മൾ അനുകൂലിക്കുന്നില്ല. സാഹിത്യ വും കലയും രാഷ്ട്രീയത്തിനു വിധേയമായവ ആണ്;

---

x ലെനിൻ, 'പാർട്ടി സംഘടനയും പാർട്ടി സാഹി ത്യവും:' ''സാഹിത്യം തൊഴിലാളി വഗ്ഗത്തിൻെറ പൊതുവായ പ്രസ്ഥാനത്തിൻെറ ഭാഗമായിത്തീര ണം, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ രാഷ്ട്രീ യ ബോധമുള്ള മുന്നണിപ്പടയാൽ പ്രവർത്തനയുക്ത മാക്കിയ ഒരൊററ മഹത്തായ സോഷ്യൽ—ഡെമോ ക്രാററിക് യന്ത്രഘടനയുടെ പൽചക്രവും പിരിയാ ണിയും ആയിത്തീരണം. കളക്റ്ററഡ് വർക്സ്, ഭാഗം—10, പേജ്—45.

എന്നാൽ അതേസമയം തന്നെ അവ രാഷ്ട്രീയത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. വിപ്ലവസാഹിത്യവും കലയും മൊത്തത്തിൽ ഉള്ള വിപ്ലവപ്രസ്ഥാനത്തിൻെറ ഭാഗമാണ്. അവ അതിൻെറ പൽചക്രങ്ങളും പിരിയാണികളും ആണ്. മററു ചില കൂടുതൽ പ്രധാനപ്പെട്ട ഭാഗങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അവ കുറഞ്ഞ പ്രാധാന്യം ഉള്ളവയും അടിയന്തിര സ്വഭാവം കുറഞ്ഞവയും ആയിരിക്കാമെങ്കിലും, അവ ഒരു അപ്രധാനമായ സ്ഥാനം മാത്രമേ വഹിക്കുന്നുള്ളായിരിക്കാമെങ്കിലും, മുഴുവൻ യന്ത്രത്തെ സംബന്ധിച്ചിടത്തോളം അവ ഒഴിച്ചുകൂടാൻ പാടില്ലാത്ത പൽചക്രങ്ങളും പിരിയാണികളും, സമ്പൂർണ്ണ വിപ്ലവ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അപരിത്യാജ്യമായ ഒരു ഭാഗവും ആണ്. ഏററവും വിശാലവും ഏററവും സാധാരണവും ആയ അത്ഥത്തിൽ പോലും, യാതൊരുവക സാഹിത്യവും കലയും ഉണ്ടായിരുന്നില്ലെങ്കിൽ വിപ്ളവപ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകുവാനും വിജയം നേടുവാനും നമുക്കു കഴിയുമായിരുന്നില്ല. ഇതു് അംഗീകരിക്കാതിരിക്കുന്നതു് തെററാണ് ഇതിനും പുറമേ, സാഹിത്യവും കലയും രാഷ്ട്രീയത്തിനു വിധേയമാണെന്നു് നമ്മൾ പറയുമ്പോൾ നമ്മൾ അത്ഥമാക്കുന്നതു് വർഗ്ഗാധിഷ്ഠിത രാഷ്ട്രീയത്തെ ആണ്, ജനങ്ങളുടെ രാഷ്ട്രീയത്തെ ആണ്, അല്ലാതെ ചുരുക്കം ചില രാജ്യതന്ത്രജ്ഞർ എന്നു വിളിക്കപ്പെടുന്നവരുടെ രാഷ്ട്രീയത്തെ അല്ല. രാഷ്ട്രീയം, അതു് വിപ്ളവകരമായാലും ശരി പ്രതിവിപ്ളവകരമായാലും ശരി, വർഗ്ഗത്തിനെതിരായുള്ള വഗ്ഗത്തിൻെറ സമരമാണ്, ചുരുക്കം ചില വ്യക്തികളുടെ പ്രവർത്തനമല്ല. വർഗ്ഗത്തിൻേറയും ജനങ്ങളുടേയും ആവശ്യങ്ങളെ കേന്ദ്രീകരിക്കപ്പെട്ട രീതിയിൽ പ്രകാശിപ്പിക്കുവാൻ കഴിയുന്നതു് രാഷ്ട്രീയത്തിൽക്കൂടി മാത്രമായതുകൊണ്ടു് പ്രത്യയശാസ്ത്രപരവും കലാപരവും ആയ മുന്നണികളിലെ വിപ്ളവസമരം രാഷ്ട്രീയസമരത്തിനു വിധേയമായിരിക്കണം. വിപ്ലവരാഷ്ട്രീയത്തിൻെറ ശാസ്ത്രമോ കലയോ അറിയാവുന്ന രാഷ്ട്രീയ വിദഗ്ദ്ധർ

ആയ വിപ്ളവകാരികളായ രാജ്യതന്ത്രജ്ഞന്മാർ കോടി ക്കണക്കായ രാജ്യതന്ത്രജ്ഞന്മാരുടെ—അതായത്, ജനങ്ങ ളുടെ—നേതാക്കന്മാർ മാത്രമാണ്. അവരുടെ കത്തവ്യം രാജ്യതന്ത്രജ്ഞന്മാരായ ഈ ജനകോടികളുടെ അഭിപ്രായ ങ്ങളെ ശേഖരിക്കുകയും, അവയെ സൂക്ഷ്മവിശകലനം ചെയ്യുകയും സംസ്കരിക്കുകയും, ജനങ്ങൾക്ക് അവയെ മട ക്കി കൊടുക്കുകയും ആണ്. അപ്പോൾ ജനങ്ങൾ അവ യെ സ്വീകരിക്കുകയും അവയെ പ്രയോഗത്തിൽ കൊണ്ടു വരികയും ചെയ്യുന്നു. അതുകൊണ്ട്, രഹസ്യമായി പ്രവ ത്തിക്കുകയും ബുദ്ധിയുടെ കുത്തകാവകാശം തങ്ങൾക്കാ ണെന്ന് സങ്കല്പിക്കുകയും ചെയ്യുന്ന ആഭിജാത്യമുള്ള "രാ ജ്യതന്ത്രജ്ഞൻമാരുടെ" തരത്തിൽ പെട്ടവരല്ല അവർ. തൊഴിലാളിവർഗ്ഗരാജ്യതന്ത്രജ്ഞന്മാരും അധഃപതിക്കുന്ന ബൂർഷ്വാ രാജ്യതന്ത്രജ്ഞന്മാരും തമ്മിലുള്ള വ്യത്യാസം കിടക്കുന്നത് ഇവിടെയാണ്. നമ്മുടെ സാഹിത്യ, കലാ ശിൽപ്പങ്ങളുടെ രാഷ്ട്രീയ സ്വഭാവവും അവയുടെ സത്യസ ന്ധതയും തമ്മിൽ പൂർണ്ണമായും ഐക്യം സാദ്ധ്യമാകുന്ന ത് ശരിക്കും ഇതുകാരണമാണ്. ഇത് മനസ്സിലാക്കാ തിരിക്കുന്നതും തൊഴിലാളിവർഗ്ഗത്തിൻെറ രാഷ്ട്രീയത്തേ യും രാജ്യതന്ത്രജ്ഞന്മാരേയും തരം താഴ്ത്തുന്നതും തെററാ യിരിക്കും.

നമുക്ക് അടുത്തതായിട്ട് സാഹിത്യ, കലാ മണ്ഡല ങ്ങളിലെ ഐക്യമുന്നണി എന്ന പ്രശ്നം പരിഗണിക്കാം. സാഹിത്യവും കലയും രാഷ്ട്രീയത്തിനു വിധേയമായ തിനാലും, ചൈനയുടെ ഇന്നത്തെ രാഷ്ട്രീയത്തിലെ അടിസ്ഥാനപരമായ പ്രശ്നം ജപ്പാനു് എതിരായുള്ള പ്ര തിരോധം ആയതിനാലും, നമ്മുടെ പാർട്ടിയിലുള്ള സാ ഹിത്യകാരന്മാരും കലാകാരന്മാരും ജപ്പാനു് എതിരാ യുള്ള പ്രതിരോധത്തിൻെറ പ്രശ്നത്തിൽ പാർട്ടിക്കു പുറ ത്തുള്ള എല്ലാ സാഹിത്യകാരൻമാരും കലാകാരൻമാരും ആയിട്ട് ആദ്യമായി ഐക്യം ഉണ്ടാക്കണം (പാർട്ടി അനു ഭാവികളും പെററി ബൂഷ്വാ സാഹിത്യകാരന്മാരും കലാ കാരന്മാരും മുതൽ ബൂഷ്വാ, ജന്മിവർഗ്ഗങ്ങളിലെ സാഹി ത്യകാരന്മാരും കലാകാരൻമാരും വരെയുള്ള ജപ്പാനെതി

രായ പ്രതിരോധത്തെ അനുകൂലിക്കുന്ന എല്ലാവരും ആയിട്ട് ഐക്യം ഉണ്ടാക്കണം). രണ്ടാമതായി, ജനാധിപത്യത്തിന്റെ പ്രശ്നത്തിൽ നമ്മൾ അവരുമായിട്ട് ഐക്യം ഉണ്ടാക്കണം. ഈ പ്രശ്നത്തിന്റെ കാര്യത്തിൽ, ജപ്പാൻ വിരുദ്ധ സാഹിത്യകാരൻമാരുടേയും കലാകാരന്മാരുടേയും കൂട്ടത്തിൽ നമ്മളോട് യോജിക്കാത്തവരായ ഒരു വിഭാഗം ഉണ്ട്. അതുകൊണ്ട് ഐക്യത്തിന്റെ വ്യാപ്തി അനിവാര്യമായിട്ടും ഏറെക്കുറെ പരിമിതമായിരിക്കും. മൂന്നാമതായി, സാഹിത്യ, കലാ മണ്ഡലങ്ങൾക്കു പ്രത്യേകമായിട്ടുള്ള പ്രശ്നങ്ങളിൽ, അതായത് സാഹിത്യത്തിലേയും കലയിലേയും സമ്പ്രദായത്തേയും ശൈലിയേയും കുറിച്ചുള്ള പ്രശ്നങ്ങളിൽ, നമ്മൾ അവരുമായി ഐക്യം ഉണ്ടാക്കണം. ഇവിടെയും, നമ്മൾ സോഷ്യലിസ്റ്റ് റിയലിസത്തിനുവേണ്ടി നിലകൊള്ളുന്നതു കൊണ്ടും, ചിലർ അതിനോട് യോജിക്കാത്തതു കൊണ്ടും ഐക്യത്തിന്റെ വ്യാപ്തി കൂടുതൽ സങ്കുചിതമായിരിക്കും. ഒരു പ്രശ്നത്തിൽ യോജിപ്പുണ്ടായിരിക്കുമ്പോൾ തന്നെ മറ്റൊന്നിൽ സമരമാണ്, വിമർശനമാണ്. പ്രശ്നങ്ങൾ വേർതിരിഞ്ഞതും അതേ സമയം തന്നെ പരസ്പരം ബന്ധപ്പെട്ടതും ആയിരിക്കുന്നു. അതുകൊണ്ട്, ജപ്പാനു് എതിരായ പ്രതിരോധത്തെ പോലെ വ്യാപകമായ തോതിൽ യോജിപ്പുള്ള പ്രശ്നങ്ങളിൽ പോലും, യോജിക്കുന്ന അതേസമയം തന്നെ സമരവും വിമർശനവും ഉണ്ട്. ഒരു ഐക്യമുന്നണിയിൽ ''മുഴുവനും ഐക്യം, സമരം ഇല്ല'' എന്നതും ''മുഴുവനും സമരം, ഐക്യമില്ല'' എന്നതും രണ്ടും തെററായ നയങ്ങളാണ്. മുൻകാലത്ത് ചില സഖാക്കൾ പരിശീലിച്ചിരുന്നതുപോലെയുള്ള വലതുപക്ഷ കീഴടങ്ങൽ നയവും വാലേത്തുങ്ങി നയവും, അല്ലെങ്കിൽ ''ഇടതുപക്ഷ'' എക്സ്ക്ളൂസിവിസവും വിഭാഗീയ ചിന്താഗതികളും ഇതുപോലെയുള്ളവ ആയിരുന്നു. ഇതു് രാഷ്ട്രീയത്തിൽ എന്നതുപോലെ സാഹിത്യത്തിലും കലയിലും സത്യമാണ്.

ചൈനയിൽ സാഹിത്യ, കലാ മണ്ഡലങ്ങളിൽ ഉള്ള ശക്തികൾക്കിടയിൽ പെററിബൂർഷ്വാ സാഹിത്യ

കാരന്മാരും കലാകാരന്മാരും ഒരു പ്രധാനശക്തി ആണ്. അവരുടെ ചിന്താരീതിയിലും, പ്രവർത്തനങ്ങളിലും രണ്ടിലും പല പോരായ്മകളും ഉണ്ട്. പക്ഷേ താരതമ്യേന നോക്കുകയാണെങ്കിൽ, അവർ വിപ്ളവത്തോട് ആനുകൂല്യം ഉള്ളവരും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് അടുപ്പമുള്ളവരും ആണ്. അതുകൊണ്ട് അവരെ തങ്ങളുടെ പോരായ്മകൾ പരിഹരിക്കുന്നതിൽ സഹായിക്കുന്നതും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി സേവനം അനുഷ്ഠിക്കുന്ന മുന്നണിയിലേക്ക് അവരെ കൊണ്ടുവരുന്നതും പ്രത്യേകിച്ചും പ്രധാനപ്പെട്ട കടമകൾ ആണ്.

## IV

സാഹിത്യ, കലാ മണ്ഡലങ്ങളിലെ സമരങ്ങളുടെ പ്രധാനപ്പെട്ട രീതികളിൽ ഒന്നാണ് സാഹിത്യ, കലാ വിമർശനം. ഇതിനെ നമ്മൾ വികസിപ്പിക്കണം. സഖാക്കൾ ശരിയായ രീതിയിൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ തുറയിലുള്ള നമ്മുടെ മുൻകാലത്തെ പ്രവർത്തനംതികച്ചും അപര്യാപ്തമായിട്ടുള്ളതായിരുന്നു. സാഹിത്യ, കലാ വിമർശനം സവിശേഷമായ പഠനം വലിയ അളവിൽ ആവശ്യമുള്ള ഒരു സങ്കീർണ്ണമായ പ്രശ്നമാണ്, വിമർശനത്തിൽ ഏതു മാനദണ്ഡമാണ് സ്വീകരിക്കേണ്ടതു് എന്ന അടിസ്ഥാനപരമായ പ്രശ്നത്തിനു മാത്രമാണ് ഞാൻ ഇവിടെ പ്രാധാന്യം കൊടുക്കുവാൻ പോകുന്നതു്. ചില സഖാക്കൾ ഉന്നയിച്ച ഏതാനും സവിശേഷ പ്രശ്നങ്ങളെ കുറിച്ചും, ചില തെററായ വീക്ഷണരീതികളെ കുറിച്ചും ചുരുക്കത്തിൽ അഭിപ്രായപ്രകടനം നടത്തുവാനും ഞാൻ ആഗ്രഹിക്കുന്നു.

സാഹിത്യ, കലാവിമർശനത്തിൽ രണ്ടു മാനദണ്ഡങ്ങൾ ഉണ്ട്, ഒന്നു് രാഷ്ട്രീയവും, മറേറതു് കലാപരവും. രാഷ്ട്രീയമായ മാനദണ്ഡം അനുസരിച്ചു നോക്കുമ്പോൾ, ഐക്യത്തേയും ജപ്പാനു് എതിരായുള്ള പ്രതിരോധത്തേയും സഹായിക്കുന്നതും, ജനങ്ങളെ ഹൃദയൈക്യവും ഏകചിന്തയും ഉള്ളവരായിത്തീരുവാൻ പ്രോത്സാഹിപ്പിക്കുന്നതും, പ്രതിലോമചിന്താഗതിയെ എതിർക്കുന്നതും, പുരോഗതി

ക്ക് ഉന്നമനം നൽകുന്നതുമായ എല്ലാം നല്ലതാണ്. നേരേ മറിച്ച്, ഐക്യത്തിനും ജപ്പാന്ന് എതിരായുള്ള പ്രതിരോധത്തിനും ഹാനികരമായിരിക്കുന്നതും, ജനങ്ങളുടെ ഇടയിൽ യോജിപ്പില്ലായ്മയേയും കലഹത്തേയും ഇളക്കിവിടുന്നതും, പുരോഗതിയെ എതിർക്കുന്നതും, ജനങ്ങളെ പിന്നോക്കം വലിച്ചുകൊണ്ടുപോകുന്നതും ആയ എല്ലാം ചീത്തയാണ്.

നമുക്കെങ്ങിനെയാണുനല്ലതിനേയും ചീത്തയേയുംവേർതിരിച്ചു.പറയുവാൻകഴിയുക—ആന്തരോദ്ദേശത്താലോ(ആത്മനിഷ്ഠമായ ഉദ്ദേശത്താലോ) അതോപരിണാമത്താലോ (സാമൂഹ്യമായ അനുഷ്ഠാനത്താലോ)? ആത്മീയവാദികാം ആന്തരോദ്ദേശത്തിൽ പ്രാധാന്യം ഊന്നുകയും പരിണാമത്തെ അവഗണിക്കുകയും ചെയ്യുന്നു. അതേസമയം, യാന്ത്രികമായ രീതിയിൽ ചിന്തിക്കുന്ന ഭൗദികവാദികാം പരിണാമത്തിൽ പ്രാധാന്യം ഊന്നുകയും ആന്തരോദ്ദേശത്തെ അവഗണിക്കുകയും ചെയ്യുന്നു. ഇവയുരണ്ടിനും വിരുദ്ധവും ഇവയിൽനിന്ന് വ്യതിരിക്തവും ആയ രീതിയിൽ വൈരുദ്ധ്യാത്മക ഭൗദികവാദികളായ നമ്മാം ആന്തരോദ്ദേശത്തിൻേറയും പരിണാമത്തിൻേറയും ഐക്യത്തിൽ നിഷ്കർഷിക്കുന്നു. ജനങ്ങളെ സേവിക്കുക എന്ന ആന്തരോദ്ദേശം അവരുടെ അംഗീകാരത്തെ നേടിയെടുക്കുക എന്ന പരിണാമവും ആയിട്ട് അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു; ഇവ രണ്ടും തമ്മിൽ യോജിപ്പിക്കണം. ഒരു വ്യക്തിയേയോ ഒരു ചെറിയ ഗ്രൂപ്പസംഘത്തേയോ സേവിക്കുക എന്ന ആന്തരോദ്ദേശം നല്ലതല്ല, അതുപോലെതന്നെ ജനങ്ങളുടെ അംഗീകാരത്തെ നേടിയെടുക്കുകയും അവർക്കു പ്രയോജനം ഉണ്ടാക്കുകയും ചെയ്യുക എന്ന പരിണാമത്തെ സൃഷ്ടിക്കുന്നില്ലെങ്കിൽ ജനങ്ങളെ സേവിക്കുക എന്ന ആന്തരോദ്ദേശം ഉണ്ടായതുകൊണ്ടുമാത്രം കാര്യമായില്ല. ഒരു സാഹിത്യകാരൻേറയോ കലാകാരൻേറയോ ആത്മനിഷ്ഠമായ ഉദ്ദേശങ്ങളെ കുറിച്ച് പരിശോധിക്കുമ്പോാം, അതായത് അയാളുടെ ആന്തരോദ്ദേശം ശരിയും നല്ലതും ആണോ എന്നു പരിശോധിക്കുമ്പോാം, നമ്മാം ഗുണദോഷ വിവേചനം നടത്തു

ന്നതു് അയാളുടെ പ്രഖ്യാപനങ്ങളെ അടിസ്ഥാനമാക്കി യല്ല, പ്രത്യുത അയാളുടെ പ്രവൃത്തികൾ (പ്രധാനമായും അയാളുടെ കൃതികൾ) സമുദായത്തിലും ജനങ്ങളിലും എന്തു പരിണാമം സൃഷ്ടിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണു്. ആത്മനിഷ്ഠമായ ഉദ്ദേശത്തേയോ, അല്ലെങ്കിൽ ആന്തരോദ്ദേശത്തേയോ കുറിച്ചു് ഗുണദോഷ വിവേചനം നടത്തുന്നതിനുള്ള മാനദണ്ഡം സാമൂഹ്യമായ അനുഷ്ഠാനവും അതിന്റെ പരിണാമവും ആണു്. നമ്മുടെ സാഹിത്യ, കലാ വിമർശനത്തിൽ യാതൊരു വിഭാഗീയചിന്താഗതിയും ഉണ്ടാകണമെന്നു് നമ്മൾ ആഗ്രഹിക്കുന്നില്ല; അതുകൊണ്ടു് ജപ്പാനു് എതിരായ പ്രതിരോധത്തിനു വേണ്ടിയുള്ള ഐക്യം എന്ന പൊതുതത്വത്തിനു വിധേയമായി വൈവിദ്ധ്യം നിറഞ്ഞ രാഷ്ട്രീയ മനോഭാവങ്ങളോടുകൂടിയ സാഹിത്യ, കലാ ശിൽപ്പങ്ങളെ നമ്മൾ സഹിഷ്ണുതയോടെ വീക്ഷിക്കണം. എന്നാൽ, അതേ സമയം തന്നെ, നമ്മുടെ വിമർശനത്തിൽ നമ്മൾ അടിസ്ഥാനതത്വങ്ങളിൽ ഉറച്ചു നിൽക്കുകയും, രാഷ്ട്രത്തിനും ശാസ്ത്രത്തിനും ജനങ്ങൾക്കും കമ്യൂണിസ്റ്റ് പാർട്ടിക്കും എതിരായുള്ള വീക്ഷണരീതികൾ പ്രകാശിപ്പിക്കുന്ന എല്ലാ വിധ സാഹിത്യ, കലാ ശിൽപ്പങ്ങളേയും നിശിതമായി വിമർശിക്കുകയും നിരാകരിക്കുകയും ചെയ്യണം. എന്തെന്നാൽ, സാഹിത്യ, കലാ ശിൽപ്പങ്ങൾ എന്നു വിളിക്കപ്പെടുന്ന ഇവ വ്യക്തമായ ആന്തരോദ്ദേശങ്ങളോടെ മുന്നോട്ടു നീങ്ങി ജപ്പാനു് എതിരായ പ്രതിരോധത്തിനു വേണ്ടിയുള്ള ഐക്യത്തെ തുരങ്കം വയ്ക്കുക എന്ന പരിണാമത്തെ സൃഷ്ടിക്കുന്നു. കലാപരമായ മാനദണ്ഡങ്ങൾക്കു് അനുസരണമായിട്ടു നോക്കുമ്പോൾ, കലാപരമായ മേന്മ കൂടുതലുള്ള എല്ലാ കൃതികളും നല്ലതോ താരതമ്യേന നല്ലതോ ആണു്, അതേസമയം കലാപരമായ മേന്മ കുറഞ്ഞ എല്ലാ കൃതികളും ചീത്തയോ താരതമ്യേന ചീത്തയോ ആണു്. ഇവിടെയും, നിശ്ചയമായിട്ടും, സാമൂഹ്യ പരിണാമത്തെ കണക്കിലെടുക്കണം. തന്റെ സ്വന്തം കൃതികൾ സുന്ദരമാണെന്നു പരിഗണിക്കാത്ത ഒരു സാഹിത്യകാരനേയോ കലാകാരനേയോ കണ്ടെത്തുവാൻ കഴിഞ്ഞെ

ന്നു വരികയില്ല. അതുകൊണ്ടു് നമ്മുടെ വിമർശനം നാനാരൂപങ്ങളിലുള്ള കലാശില്പങ്ങളുടെ സ്വാതന്ത്ര്യമത്സരത്തെ അനുവദിക്കേണ്ടതാണു്. എന്നാൽ ഈ കൃതികളേയും സുന്ദരകലാസിദ്ധാന്തത്തിന്റെ മാനദണ്ഡങ്ങൾക്കു് അനുസരണമായി ശരിയായ വിമർശനത്തിനു് വിധേയമാക്കുന്നതു് തികച്ചും ആവശ്യമാണു്. ഇങ്ങിനെ ചെയ്യുന്നതിൽ കൂടി, താഴ്ന്ന നിലവാരത്തിലുള്ള കലാരൂപങ്ങളെ ക്രമേണ ഉയന്ന നിലവാരത്തിൽ എത്തിക്കുവാനും ജനകീയ സമരങ്ങളുടെ ആവശ്യങ്ങൾ നിറവേററുവാൻ കഴിവില്ലാത്ത കലാരൂപങ്ങളെ അങ്ങിനെയുള്ള കലാരൂപങ്ങൾ ആക്കി രൂപാന്തരപ്പെടുത്തുവാനും കഴിയുന്നതാണു്.

സാഹിത്യ, കലാവിമർശനത്തിൽ രാഷ്ട്രീയമായ മാനദണ്ഡവും കലാപരമായ മാനദണ്ഡവും ഉണ്ടു്; എന്താണു് ഇവരണ്ടും തമ്മിലുള്ളബന്ധം? രാഷ്ട്രീയത്തെ കലയുമായിട്ടു് തുലനംചെയ്യുവാൻസാധിക്കുകയില്ല. അതുപോലെതന്നെ ഒരു സാവ്വത്രികമായ ലോകവീക്ഷണത്തെ കലാപരമായ സൃഷ്ടിയുടേയും വിമശനത്തിന്റേയും ഒരു സമ്പ്രദായവും ആയിട്ടു് തുലനം ചെയ്യുവാനും സാധിക്കുകയില്ല. ഗുണമാത്രമായതും(Abstract) പൂർണ്ണമായിട്ടും മാററാൻ കഴിയാത്തതുമായ ഒരു രാഷ്ട്രീയ മാനദണ്ഡം ഉണ്ടെന്നതിനെ മാത്രമല്ല, ഗുണമാത്രമായതും പൂർണ്ണമായിട്ടും മാററാൻ കഴിയാത്തതുമായ കലാപരമായ ഒരു മാനദണ്ഡം ഉണ്ടെന്നതിനേയും നമ്മൾ നിഷേധിക്കുന്നു; എല്ലാ വർഗ്ഗാധിഷ്ഠിത സമുദായങ്ങളിലേയും ഓരോ വർഗ്ഗത്തിനും അതിന്റേതായ രാഷ്ട്രീയവും കലാപരവും ആയ മാനദണ്ഡങ്ങൾ ഉണ്ടു്. എന്നാൽ എല്ലാ വർഗ്ഗാധിഷ്ഠിത സമുദായങ്ങളിലേയും എല്ലാ വർഗ്ഗങ്ങളും അനിർവാര്യമായിട്ടും. രാഷ്ട്രീയ മാനദണ്ഡത്തെ ആദ്യവും കലാപരമായ മാനദണ്ഡത്തെ രണ്ടാമതും പ്രതിഷ്ഠിക്കുന്നു. തൊഴിലാളിവർഗ്ഗ സാഹിത്യത്തിന്റേയും കലയുടേയും മേന്മകൾ എത്ര മഹത്തരമാണെങ്കിലും ശരി ബൂർഷ്വാസി എല്ലായ്പോഴും അതിനെ നിരോധിക്കുന്നു. തൊഴിലാളിവർഗ്ഗവും, അതുപോലെതന്നെ, കഴിഞ്ഞ കാലഘട്ടങ്ങളിലെ സാഹി

ത്യ, കലാ ശിൽപ്പങ്ങളുടെ ഗുണദോഷങ്ങരം വിവേചിച്ചറിയുകയും, ജനങ്ങളോടുള്ള അവയുടെ മനോഭാവത്തേയും അവയ്ക്കു് ചരിത്രപരമായി എന്തെങ്കിലും പുരോഗമനപരമായ പ്രാധാന്യം ഉണ്ടായിരുന്നോ ഇല്ലയോ എന്നതിനേയും പരിശോധിച്ചതിനുശേഷം മാത്രം അവയുടെ നേരെയുള്ള തങ്ങളുടെ മനോഭാവത്തെ നിർണ്ണയിക്കുകയും ചെയ്യണം. രാഷ്ട്രീയമായി പ്രത്യക്ഷമായും പിന്തിരിപ്പനായ ചില കൃതികരംക്കു് കലാപരമായി ഏതാനും മേന്മകരം ഉണ്ടായെന്നു വരാം. അവയുടെ ഉള്ളടക്കം എത്ര കൂടുതൽ പിന്തിരിപ്പൻ ആണോ, അവയുടെ കലാപരമായ മേന്മ എത്ര കൂടുതൽ ആണോ, ജനങ്ങളെ സംബന്ധിച്ചിടത്തോളം അവ അത്രയധികം വിഷമയമാണു്, അവയെ തിരസ്കരിക്കേണ്ടതു്, അതുകൊണ്ടു്, അത്രയധികം ആവശ്യവും ആണു്. എല്ലാ ചൂഷകവർഗ്ഗങ്ങളുടേയും അധ:പതന കാലഘട്ടത്തിലെ അവരുടെ സാഹിത്യത്തിൻേറയും കലയുടേയും ഒരു പൊതുവായ സവിശേഷത അവയുടെ പിന്തിരിപ്പൻ രാഷ്ട്രീയ ഉള്ളടക്കവും അവയുടെ കലാപരമായ രൂപവും തമ്മിലുള്ള വൈരുദ്ധ്യമാണു്. നമ്മരം ആവശ്യപ്പെടുന്നതു് രാഷ്ട്രീയവും കലയും തമ്മിലുള്ള ഐക്യവും, ഉള്ളടക്കവും രൂപവും തമ്മിലുള്ള ഐക്യവും, വിപ്ലവകരവും രാഷ്ട്രീയവും ആയ ഉള്ളടക്കവും പരമാവധി പൂർണ്ണതയിലെത്തിയ കലാപരമായ രൂപവും തമ്മിലുള്ള ഐക്യവും ആണു്. സാഹിത്യ, കലാ ശിൽപ്പങ്ങരംക്കു് കലാപരമായ മേന്മ കുറവാണെങ്കിൽ, അവ രാഷ്ട്രീയമായി എത്രതന്നെ പുരോഗമനപരമാണെങ്കിലും ശരി, അവയ്ക്കു് കരുത്തുണ്ടായിരിക്കുകയില്ല. അതുകൊണ്ടു്, തെററായ രാഷ്ട്രീയ വീക്ഷണരീതിയോടുകൂടിയ സാഹിത്യ, കലാ രൂപങ്ങരം നിർമ്മിക്കുന്നതിനുള്ള പ്രവണതയേയും, രാഷ്ട്രീയ വീക്ഷണരീതി ശരിയാണെങ്കിലും കലാപരമായ ശക്തി കുറവായ ''ചുവർപരസ്യങ്ങളുടേയും മുദ്രാവാക്യങ്ങളുടേയും തര''ത്തിൽ പെട്ട സാഹിത്യ, കലാ ശിൽപ്പങ്ങളെ നിർമ്മിക്കുന്നതിനുള്ള പ്രവണതയേയും നമ്മരം എതിർക്കുന്നു. സാഹിത്യത്തേയും കലയേയും സംബന്ധിക്കുന്ന പ്രശ്ന

ങ്ങളിൽ രണ്ടു മുന്നണികളിലും ഉള്ള സമരത്തെ നമ്മാം മുൻപോട്ടു കൊണ്ടുപോകണം.

പല സഖാക്കളുടേയും ചിന്താരീതികളിൽ ഈ രണ്ടു പ്രവണതകളും കണ്ടെത്തുവാൻ കഴിയും, അനേകം സഖാക്കാം കലാപരമായ സാങ്കേതിക രീതികളെ അവഗണിക്കുന്നതിനുള്ള വാസന കാണിക്കുന്നു. അതുകൊണ്ടു് കലാപരമായ നിലവാരം ഉയർത്തുന്നതിൽ ശ്രദ്ധപതിപ്പിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. എങ്കിലും എൻെറ കാഴ്ചപ്പാടിൽ, സാഹിത്യ, കലാ പ്രവർത്തനങ്ങളിലെ രാഷ്ട്രീയമായ വീക്ഷണരീതിയാണു് കൂടുതൽ വലിയ ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നതു്. ചില സഖാക്കാംക്കു് പ്രാഥമികമായ രാഷ്ട്രീയ ജ്ഞാനം പോലും ഇല്ലാത്തതിൻെറ ഫലമായി അവക്കു് എല്ലാ തരത്തിലുമുള്ള താറുമാറായ ആശയങ്ങളാണു് ഉള്ളതു്. യെനാനിൽ നിന്നുള്ള ചില ഉദാഹരണങ്ങാം ഞാൻ ഉദ്ധരിക്കാം.

''മനുഷ്യസ്വഭാവത്തെ കുറിച്ചുള്ള സിദ്ധാന്തം'' മനുഷ്യസ്വഭാവം എന്നുപറയുന്ന ഒന്നുണ്ടോ? തീച്ചയായും ഉണ്ടു്. എന്നാൽ, സ്ഥായിയായ രീതിയിലുള്ള മനുഷ്യസ്വഭാവം മാത്രമാണു് ഉള്ളതു്, ഗുണമാത്രമായ മനുഷ്യസ്വഭാവം എന്നൊന്നില്ല. വർഗ്ഗാധിഷ്ഠിത സമുദായത്തിൽ വർഗ്ഗസ്വഭാവത്തോടുകൂടിയ മനുഷ്യസ്വഭാവം മാത്രമേ ഉള്ളു; വർഗ്ഗങ്ങാംക്കതീതമായ മനുഷ്യസ്വഭാവം എന്നൊന്നില്ല. നമ്മാം തൊഴിലാളിവർഗ്ഗത്തിൻേറയും ബഹുഭൂരിപക്ഷംവരുന്ന ജനങ്ങളുടേയും മനുഷ്യസ്വഭാവത്തെ ഉയർത്തിപ്പിടിക്കുന്നു, അതേസമയം ജന്മി, ബൂർഷ്വാ വർഗ്ഗങ്ങാം തങ്ങളുടെ സ്വന്തം വർഗ്ഗങ്ങളുടെ മനുഷ്യസ്വഭാവത്തെ ഉയർത്തിപ്പിടിക്കുന്നു. അവർ അപ്രകാരം പറയുന്നില്ല എന്നു മാത്രം ഒരു വ്യത്യാസം ഉണ്ടു്. എന്നിട്ടു് അവർ തങ്ങളുടേതു മാത്രമാണു് നിലവിലുള്ള ഏകമാത്ര മനുഷ്യസ്വഭാവം എന്നു വരുത്തി തീക്കുവാൻ ശ്രമിക്കുന്നു. ചില പെററി ബൂർഷ്വാ ബുദ്ധിജീവികാം ഉയർത്തി പിടിക്കുവാൻ ശ്രമിക്കുന്ന മനുഷ്യസ്വഭാവവും ജനങ്ങളിൽ നിന്നു് വേർപെടുത്തപ്പെട്ടതോ ജനങ്ങാംക്കു് എതിരായിട്ടുള്ളതോ ആണു്. അവർ എന്തിനെയാണോ മനുഷ്യ

സ്വഭാവം എന്നു വിളിക്കുന്നതു്, അതു് ബൂഷ്വാ വ്യക്തിനിഷ്ഠവാദം അല്ലാതെ മറെറാന്നുമല്ല. അതുകൊണ്ടു്. അവരുടെ കണ്ണുകളിൽ തൊഴിലാളിവർഗ്ഗ മനുഷ്യസ്വഭാവം മനുഷ്യസ്വഭാവത്തിനു് വിപരീതമായിട്ടുള്ളതാണു്. മനുഷ്യസ്വഭാവത്തെ കുറിച്ചുള്ള ഈ സിദ്ധാന്തം, തങ്ങളുടെ സാഹിത്യ കലാരൂപങ്ങളുടെ സിദ്ധാന്തം എന്നു വിളിക്കപ്പെടുന്നതിൻെറ അടിസ്ഥാനമാണെന്നു് യെനാനിൽ ചില ആളുകൾ വാദിക്കുന്നു. മനുഷ്യസ്വഭാവത്തെ കുറിച്ചുള്ള ഇവരുടെ ഈ കാഴ്ചപ്പാടു് പൂർണ്ണമായിട്ടും തെററാണു്.

''സാഹിത്യത്തിൻേറയും കലയുടേയും പരമപ്രധാനമായ ആരംഭസ്ഥാനം സ്നേഹമാണു്, മനുഷ്യസമുദായത്തോടുള്ള സ്നേഹം.'' സ്നേഹം ഒരു ആരംഭസ്ഥാനമായി സേവനം അനുഷ്ഠിച്ചു എന്നുവരാം. പക്ഷേ ഇതിലും കൂടുതൽ അടിസ്ഥാനപരമായ വേറൊന്നുണ്ടു്. സ്നേഹം ഒരു സങ്കൽപ്പമാണു്, വസ്തുനിഷ്ഠമായ അനുഷ്ഠാനത്തിന്റെ ഒരു സൃഷ്ടിയാണു്. അടിസ്ഥാനപരമായിട്ടു് നോക്കുകയാണെങ്കിൽ, നമ്മൾ പ്രവർത്തനം തുടങ്ങുന്നതു് സങ്കല്പങ്ങളിൽ നിന്നല്ല, പ്രത്യുത വസ്തുനിഷ്ഠമായ അനുഷ്ഠാനത്തിൽ നിന്നാണു്. ബുദ്ധിജീവികളുടെ അണികളിൽ നിന്നു വരുന്ന നമ്മുടെ സാഹിത്യകാരന്മാരും കലാകാരന്മാരും തൊഴിലാളിവർഗ്ഗത്തെ സ്നേഹിക്കുന്നതു്, തങ്ങളും തൊഴിലാളിവർഗ്ഗവും ഒരേ വിധി പങ്കിടേണ്ടവരാണു് എന്ന തോന്നൽ സമുദായം അവരിൽ ഉണ്ടാക്കി എന്നതിനാലാണു്. ജാപ്പനീസ് സാമ്രാജ്യത്വം നമ്മളെ അടിച്ചമർത്തുന്നതുകൊണ്ടു് നമ്മൾ ജാപ്പനീസ് സാമ്രാജ്യത്തെ വെറുക്കുന്നു. കാര്യമോ കാരണമോ കൂടാതെയുള്ള സ്നേഹമോ വെറുപ്പോ ലോകത്തിൽ ഇല്ല. മനുഷ്യസമുദായത്തോടുള്ള സ്നേഹം എന്നു വിളിക്കപ്പെടുന്നതിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, മനുഷ്യസമുദായം വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നതിനാൽ സർവ്വത്തിനേയും ഉൾക്കൊള്ളുന്ന സ്നേഹം എന്നു പറയുന്നതു് ഒരിക്കലും ഉണ്ടായിരുന്നില്ല. കഴിഞ്ഞകാലത്തെ ഭരണാധികാരി വർഗ്ഗങ്ങളെല്ലാം തന്നെ മനുഷ്യ

സമുദായത്തോടുള്ള സ്നേഹത്തിൻെറ പേരിൽ ന്യായവാദം നടത്തുന്നതിൽ പ്രിയമുള്ളവരായിരുന്നു; അതുപോലെ തന്നെ ആയിരുന്നു പണ്ഡിതരെന്നും ജ്ഞാനികളെന്നും വിളിക്കപ്പെട്ടിരുന്ന അനേകം പേരും. പക്ഷേ ആരും തന്നെ ഇതു് ഒരിക്കലും പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടായിരുന്നില്ല, എന്തെന്നാൽ വർഗ്ഗാധിഷ്ഠിതമായ സമുദായത്തിൽ ഇതു് അസാദ്ധ്യമായ ഒരു കാര്യമാണു് ലോകത്താകമാനം വർഗ്ഗങ്ങൾ തിരസ്കരിക്കപ്പെട്ടതിനു ശേഷം മനുഷ്യസമുദായത്തോടുള്ള യഥാർത്ഥ സ്നേഹം ജനനമെടുക്കും. വർഗ്ഗങ്ങൾ സമുദായത്തെ പല ശത്രുതയുള്ള വിഭാഗങ്ങളായി ഭിന്നിപ്പിച്ചിട്ടുണ്ടു്; വർഗ്ഗങ്ങൾ തിരസ്കരിക്കപ്പെടുമ്പോഴാണു് മനുഷ്യസമുദായത്തോടു് മുഴുവനും ആയുള്ള സ്നേഹം ജനനമെടുക്കുന്നതു്, അല്ലാതെ ഇപ്പോഴല്ല. നമുക്കു് ശത്രുക്കളെ സ്നേഹിക്കുവാൻ കഴിയുകയില്ല, നമുക്കു് സാമൂഹ്യമായ തിന്മകളെ സ്നേഹിക്കുവാൻ കഴിയുകയില്ല, നമ്മുടെ ലക്ഷ്യം അവയെ നശിപ്പിക്കുക എന്നതാണു്. ഇതു് സാമാന്യബോധം മാത്രമാണു്; നമ്മുടെ ചില സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ഇതു് ഇനിയും മനസ്സിലായിട്ടില്ലെന്നു വരുമോ?

മററു ചിലർ പറയുന്നു: ''സാഹിത്യവും കലയും ജീവിതത്തിൻെറ പ്രകാശമാനമായ വശത്തേയും അതുപോലെതന്നെ ഇരുണ്ട വശത്തേയും നിഷ്പക്ഷമായും തുല്യമായും എല്ലായ്പോഴും വിവരിച്ചിട്ടുണ്ടു്.'' ഈ പ്രസ്താവനയിൽ പല ചിന്താക്കുഴപ്പം ബാധിച്ച ആശയങ്ങളും ഉൾക്കൊണ്ടിരിക്കുന്നു. സാഹിത്യവും കലയും എല്ലായ്പോഴും ഇതുപോലെ ചെയ്തിരുന്നു എന്നു പറയുന്നതു് സത്യമല്ല. പല പെററിബൂർഷ്വാ സാഹിത്യകാരന്മാരും ജീവിതത്തിൻെറ പ്രകാശമാനമായ വശത്തെ ഒരിക്കലും കണ്ടുപിടിച്ചിട്ടുണ്ടായിരുന്നില്ല. അവരുടെ കൃതികൾ തുറന്നുകാട്ടുന്നതു് ജീവിതത്തിൻെറ ഇരുണ്ട വശം മാത്രമാണു്. അതു് അറിയപ്പെട്ടിരുന്നതു് ''തുറന്നുകാട്ടലിൻെറ (Exposure) സാഹിത്യം'' എന്ന പേരിലാണു്. അവരുടെ ചില കൃതികൾ വിഷാദാത്മകതാവാദത്തെ കുറിച്ചും ലോകത്തോടുള്ള മടുപ്പിനെ കുറി

ച്ചും ഉപദേശ പ്രസംഗങ്ങൾ നടത്തുന്നതിൽ വൃഥാ പരി ജ്ഞാനം നേടുന്നവയാണു്. നേരേ മറിച്ചു്, സോഷ്യ ലിസ്റ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടി രുന്ന കാലഘട്ടത്തിലെ സോവിയററു് യൂണിയനിലെ സാഹിത്യം പ്രധാനമായിട്ടും ജീവിതത്തിൻെറ പ്രകാ ശമാനമായ വശത്തേയാണു് ചിത്രീകരിക്കുന്നതു്. ഇതും, പ്രവത്തനങ്ങളിലുള്ള പോരായ്മകളെ വിവരിക്കുകയും നിഷേധാത്മകത്വമുള്ള കഥാപാത്രങ്ങളെ ചിത്രീകരിക്കു കയും ചെയ്യുന്നുണ്ടു്. എന്നാൽ, മുഴവൻ ചിത്രത്തിൻേറ യും പ്രകാശത്തെ പൂർണ്ണമായിട്ടും പുറത്തു കൊണ്ടുവരു ന്നതിനുള്ള ഒരു വൈരുദ്ധ്യത്തിൻെറ കൃത്യമാണു് ഇതു നിർവഹിക്കുന്നതു്, അല്ലാതെ നിഷ്പക്ഷമായും തുല്യ മായും എന്നു പറയുന്നതുപോലെയുള്ള അടിസ്ഥാനത്തിൽ ഒന്നുമല്ല. ബൂർഷ്വാസിയുടെ പിന്തിരിപ്പൻ ഭരണകാല ഘട്ടത്തിൽ അവരുടെ സാഹിത്യകാരന്മാരും കലാകാര ന്മാരും വിപ്ലവകാരികളായ ജനങ്ങളെ അക്രമകാരിക ളായ ജനക്കൂട്ടം ആയിട്ടും തങ്ങളെ യോഗികളായിട്ടും ചിത്രീകരിക്കുകയും, അപ്രകാരം പ്രകാശത്തേയും ഇരു ട്ടിനേയും വിപരീതമായ സ്ഥാനത്താക്കുകയും ചെയ്യുന്നു. യഥാർത്ഥ വിപ്ലവകാരികളായ സാഹിത്യകാരന്മാക്കും കലാകാരന്മാക്കും മാത്രമേ ആരെ പ്രശംസിക്കണം ആരെ തുറന്നുകാട്ടണം എന്ന പ്രശ്നം ശരിയായി പരിഹരിക്കു വാൻ സാധിക്കുകയുള്ളു. ജനങ്ങളെ ദ്രോഹിക്കുന്ന എല്ലാ ഇരുട്ടിൻെറ ശക്തികളുടേയും കള്ളി പുറത്താക്കുകയും, ജനങ്ങളുടെ എല്ലാ വിപ്ളവ സമരങ്ങളേയും പ്രശം സിക്കുകയും ചെയ്യണം; ഇതാണു് വിപ്ളവകാരികളാ യ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും അ ടിസ്ഥാനപരമായ കർത്തവ്യം.

''സാഹിത്യത്തിൻേറയും കലയുടേയും കർത്തവ്യം എല്ലാപ്പോഴും വസ്തുതകളെ വെളിപ്പെടുത്തുക ആയിരുന്നു' മുൻപിലത്തേതിനെ പോലെ തന്നെ ഈ ഉറച്ച അഭിപ്രാ യപ്രകടനം ചരിത്രത്തെ കുറിച്ചുള്ള അജ്ഞതയിൽ നി ന്നാണു് ഉടലെടുക്കുന്നതു്. നമ്മൾ മുൻപു് ചൂണ്ടിക്കാ ണിച്ചിട്ടുള്ളതുപോലെ, സാഹിത്യവും കലയും ഒരിക്കലും

തുറന്നുകാട്ടലിനുവേണ്ടി മാത്രം പൂർണ്ണമായി നീക്കിവയ്ക്കപ്പെട്ടിട്ടുള്ളവ അല്ലായിരുന്നു. വിപ്ലവകാരികളായ സാഹിത്യകാരന്മാരേയും കലാകാരന്മാരേയും സംബന്ധിച്ചിടത്തോളം തുറന്നുകാട്ടലിന്റെ ലക്ഷ്യം ഒരിക്കലും ജനങ്ങൾ ആയിരിക്കുകയില്ല. അവർ തുറന്നുകാട്ടുന്നതു് ആക്രമണകാരികളേയും, ചൂഷകരേയും, മർദ്ദകരേയും അതോടൊപ്പം ഈ വിഭാഗങ്ങളിൽ പെട്ടവർ ജനങ്ങളിൽ ഉണ്ടാക്കുന്ന ദൂഷിച്ച സ്വാധീനങ്ങളേയും മാത്രം ആയിരിക്കും. ജനങ്ങൾക്കും പോരായ്മകൾ ഉണ്ടു്. ഇതിനെ ജയിച്ച് കീഴടക്കേണ്ടതു് ജനങ്ങളുടെ സ്വന്തം അണികൾക്കുള്ളിലുള്ള വിമർശനത്തിലും സ്വയം വിമർശനത്തിലും കൂടിയാണു്. ഇതുപോലെയുള്ള വിമർശനവും സ്വയം വിമർശനവും സാഹിത്യത്തിന്റേയും കലയുടേയും ഏററവും പ്രധാനപ്പെട്ട കത്തവ്യങ്ങളിൽ ഒന്നും കൂടിയാണു്. പക്ഷേ ''ജനങ്ങളെ തുറന്നുകാട്ടുന്നതി''നുള്ള ഏതെങ്കിലും രീതിയായി ഇതിനെ ഒരിക്കലും പരിഗണിക്കരുതു്. ജനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള അടിസ്ഥാനപരമായ പ്രശ്നം അവക്ക് വിദ്യാഭ്യാസം നൽകുകയും അവരുടെ നിലവാരം ഉയത്തുകയും ചെയ്യുക എന്നതാണു്. പ്രതിവിപ്ലവകാരികളായ സാഹിത്യകാരന്മാരും കലാകാരന്മാരും മാത്രമേ ജനങ്ങളെ ''ജന്മനായുള്ള വിഡ്ഢി''കളായിട്ടും വിപ്ലവകാരികളായ ജനങ്ങളെ ''അക്രമകാരികളായ ജനക്കൂട്ടം' ആയിട്ടും ചിത്രീകരിക്കുകയുള്ളു. ''സാററിരിക്കൽ(Satirical) ഉപന്യാസങ്ങളുടെ കാലഘട്ടം ഇനിയും കഴിഞ്ഞിട്ടില്ല, ലൂഷ്യൺന്റെ രചനാരീതി ഇപ്പോഴും ആവശ്യമാണു്.'' ഇരുട്ടിന്റെ ശക്തികളുടെ ഭരണത്തിൻ കീഴിൽ ജീവിച്ചിരുന്നതുകൊണ്ടും അഭിപ്രായ പ്രകടന സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നതുകൊണ്ടും ലൂഷൺ സമരം ചെയ്യുന്നതിനുവേണ്ടി ഉപന്യാസങ്ങളുടെ രീതിയിൽ രൂപം കൊടുക്കപ്പെട്ട രോഷം കത്തിജ്വലിപ്പിക്കുന്ന പരിഹാസ കൃതികളും ശത്രുവിനെ മരവിപ്പിക്കുന്ന വിപരീതാത്ഥ പ്രയോഗങ്ങളും ഉപയോഗിച്ചു. അയാൾ ഉപയോഗിച്ച ഈ മാർഗ്ഗം തികച്ചും ശരിയായിരുന്നു. നമ്മളും ഫാസിസ്ററുകളേയും, ചൈ

നയിലുള്ള പിന്തിരിപ്പന്മാരേയും, ജനങ്ങാംക്ക ദ്രോഹം ചെയ്യുന്ന മററെല്ലാ കാര്യങ്ങളേയും നിശിതമായ പരിഹാസ പ്രയോഗങ്ങാംക്ക് വിധേയമാക്കണം. പക്ഷേ ഷെൻഷി–കാൻസു–നിംഗ്സിയാ അതിർത്തി മേഖലയിലും, ശത്രുനിരകാംക്ക പിന്നിലുള്ള ജപ്പാൻ വിരുദ്ധ താവള പ്രദേശങ്ങളിലും വിപ്ളവകാരികളായ സാഹിത്യകാരന്മാക്കും കലാകാരന്മാക്കും ജനാധിപത്യവും സ്വാതന്ത്ര്യവും പൂർണ്ണമായി അനുവദിച്ചിട്ടുള്ളതിനാലും, ഈ വക അവകാശങ്ങാം പ്രതിവിപ്ളവകാരികാംക്ക മാത്രമാണ് തടഞ്ഞിട്ടുള്ളതെന്നതിനാലും, ഉപന്യാസങ്ങളുടെ ശൈലി ലൂഷ്വൺൻേറതുപോലെ മാത്രം ആയിരുന്നാൽ പോരാ. ഇവിടെ നമുക്ക് നമ്മുടെ പരമാവധി ശബ്ദത്തിൽ അട്ടഹസിക്കുവാൻ കഴിയും; ജനങ്ങാംക്ക മനസ്സിലാക്കുവാൻ വിഷമകരമായ രീതിയിൽ ആച്ഛാദനം ചെയ്യപ്പെട്ടതോ വളഞ്ഞ രീതിയിലുള്ളതോ ആയ ആശയ പ്രകടനങ്ങളുടെ ആവശ്യമില്ല. ജനങ്ങളുടെ പ്രശ്നങ്ങാം, അവരുടെ ശത്രുക്കളുടേതിൽ നിന്നു വ്യത്യസ്ഥമായിട്ടുള്ള രീതിയിൽ, കൈകാര്യം ചെയ്യുന്ന സന്ദർഭങ്ങളിൽ തൻേറ "സാററിരിക്കൽ (Satirical) ഉപന്യാസങ്ങളുടെ കാലഘട്ട"ത്തിലും, ലൂഷ്വൺ വിപ്ളവകാരികളായ ജനങ്ങളേയും വിപ്ളവത്തിൻേറ മുന്നണിപ്പടയായ പാർട്ടിയേയും ഒരിക്കലും പരിഹസിക്കുകയോ ആക്രമിക്കുകയോ ചെയ്തിട്ടില്ല. ഈ ഉപന്യാസങ്ങളുടെ രീതി ശത്രുവിനു് എതിരായിട്ടുള്ള ഉപന്യാസങ്ങളുടെ രീതിയിൽ നിന്നു് തികച്ചും വ്യത്യസ്ഥമായിരുന്നു. നമ്മാം ഇതിനു മുൻപു് പറഞ്ഞിട്ടുള്ളതുപോലെ, ജനങ്ങളുടെ പോരായ്മകളെ വിമർശിക്കേണ്ടതു് ആവശ്യമാണ്. പക്ഷേ അങ്ങിനെ ചെയ്യുമ്പോാം, നമ്മാം ആത്മാർത്ഥതയോടെ ജനങ്ങളുടെ നിലപാടു് അംഗീകരിക്കുകയും, അവരെ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുംവേണ്ടി തികഞ്ഞ ഔത്സുക്യത്തോടെ സംസാരിക്കുകയും ചെയ്യുന്നം. സഖാക്കളോടു് ശത്രുക്കളോടെന്നപോലെ പെരുമാറുന്നതു് ശത്രുക്കളുടെ നിലപാട സ്വീകരിക്കുന്നതിനുതുല്യമാണ്. അപ്പോാം നമ്മാം പരിഹാസ കവനങ്ങളെ

ഇല്ലായ്മ ചെയ്യണമെന്നാണോ? അല്ല. പരിഹാസകവനങ്ങൾ എല്ലായ്പോഴും ആവശ്യമാണ്. പക്ഷേ പരിഹാസകൃതികൾ തന്നെ പല രീതിയിൽ ഉണ്ട്. ഓരോന്നിനും വ്യത്യസ്തമായ മനോഭാവങ്ങൾ ആണ് ഉള്ളതു്. നമ്മുടെ ശത്രുക്കളെ കൈകാര്യം ചെയ്യുന്നതിനും, നമ്മുടെ മിത്രങ്ങളെ കൈകാര്യം ചെയ്യുന്നതിനും, നമ്മുടെ സ്വന്തം അണികളെ കൈകാര്യം ചെയ്യുന്നതിനും വ്യത്യസ്തമായ പരിഹാസ കൃതികളാണ് ഉപയോഗപ്പെടുത്തേണ്ടതു്. പൊതുവിൽ നമ്മൾ പരിഹാസകൃതികളെ എതിർക്കുന്നവരല്ല. നമ്മൾ ഇല്ലായ്മ ചെയ്യേണ്ടതു് പരിഹാസകൃതികളെ ദുർവിനിയോഗം ചെയ്യുന്നതിനെ ആണ്.

''ഞാൻ പ്രശംസകളും സ്തുതികളും വഴങ്ങി കൊടുക്കുന്ന ആളല്ല. ജീവിതത്തിന്റെ പ്രകാശമാനമായ വശത്തെ പ്രശംസിക്കുന്നവരുടെ കൃതികൾ ആവശ്യമായിട്ടും മഹത്തരമായിരിക്കണം എന്നില്ല. അതുപോലെ, ജീവിതത്തിന്റെ ഇരുണ്ട വശത്തെ ചിത്രീകരിക്കുന്നവരുടെ കൃതികൾ ആവശ്യമായിട്ടും നിസ്സാരമായിരിക്കണമെന്നുമില്ല.'' നിങ്ങൾ ഒരു ബൂർഷ്വാ സാഹിത്യകാരനോ കലാകാരനോ ആണെങ്കിൽ, നിങ്ങൾ പ്രശംസിക്കുന്നതു് തൊഴിലാളിവർഗ്ഗത്തെ ആയിരിക്കുകയില്ല, പ്രത്യുത ബൂർഷ്വാസിയെ ആയിരിക്കും. അതുപോലെതന്നെ, നിങ്ങൾ ഒരു തൊഴിലാളിവർഗ്ഗ സാഹിത്യകാരനോ, കലാകാരനോ ആണെങ്കിൽ നിങ്ങൾ പ്രശംസിക്കുന്നതു് ബൂർഷ്വാസിയെ ആയിരിക്കുകയില്ല, പ്രത്യുത തൊഴിലാളിവർഗ്ഗത്തേയും മറെറല്ലാ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളേയും ആയിരിക്കും. നിങ്ങൾ ഇതിൽ ഏതെങ്കിലും ഒന്നു് തീർച്ചയായും ആയിരിക്കും. ബൂർഷ്വാസിയെ പ്രശംസിക്കുന്നവരുടെ കൃതികൾ ആവശ്യമായിട്ടും മഹത്തരമായിരിക്കണമെന്നില്ല, എന്നു മാത്രമല്ല ബൂർഷ്വാസിയുടെ ഇരുണ്ട വശത്തെ ചിത്രീകരിക്കുന്നവരുടെ കൃതികൾ ആവശ്യമായിട്ടും നിസ്സാരമായിരിക്കണമെന്നും ഇല്ല. അതുപോലെ, തൊഴിലാളിവർഗ്ഗത്തെ പ്രശംസിക്കുന്നവരുടെ കൃതികൾ ആവശ്യമായിട്ടും മഹത്തരമായിരിക്കണമെന്നൊന്നുമില്ല. മാത്രമല്ല, തൊഴിലാളിവർഗ്ഗത്തിന്റെ

ഇരുണ്ടവശം എന്നു വിളിക്കപ്പെടുന്നതിനെ ചിത്രീകരിക്കുന്നവരുടെ കൃതികൾ നിസ്സാരമായിരിക്കും എന്നതു് തീർച്ചയാണു്. ഇവ സാഹിത്യത്തേയും കലയേയും സംബന്ധിക്കുന്ന ചരിത്രവസ്തുതകൾ അല്ലേ? എന്തുകൊണ്ടു് നമ്മൾ ജനങ്ങളെ, മാനവചരിത്രത്തിന്റെ സൃഷ്ടികർത്താക്കളായ ജനങ്ങളെ പ്രശംസിച്ചുകൂടാ? എന്തുകൊണ്ടു് നമ്മൾ തൊഴിലാളിവർഗ്ഗത്തേയും, കമ്യൂണിസ്റ്റ് പാർട്ടിയേയും, പുത്തൻ ജനാധിപത്യത്തേയും, സോഷ്യലിസത്തേയും പ്രശംസിച്ചുകൂടാ? ജനകീയ പ്രസ്ഥാനങ്ങളിൽ ആവേശം കൊള്ളാത്തവരും, തൊഴിലാളിവർഗ്ഗത്തിന്റേയും അവരുടെ മുന്നണിപ്പടയുടേയും സമരങ്ങളേയും വിജയങ്ങളേയും ഒരുകിൽ മാറി നിന്നുകൊണ്ടു് സൗഹാർദ്ദരഹിതമായി നോക്കിക്കാണുന്നവരുമായ ഒരു തരം ആളുകളുണ്ടു്; അവക്കു താല്പര്യമുള്ളതും എത്ര പ്രശംസിച്ചാലും ഒരിക്കലും മതി വരാത്തതും ആയ വസ്തു അവരെ സംബന്ധിച്ചിടത്തോളം അവർ തന്നെയാണു്, കൂടെ ഒരുപക്ഷേ തന്റെ ചെറിയ ഉപജാപകസംഘത്തിൽ പെട്ട ചുരുക്കം ചില ആളുകളും. അതുപോലെ ഉള്ള പെററിബൂർഷ്വാ വ്യക്തിനിഷ്ഠവാദികൾ വിപ്ലവകാരികളായ ജനങ്ങളുടെ പ്രവൃത്തികളേയും മേന്മകളേയും പ്രശംസിക്കുന്നതിനോ, സമരം ചെയ്യുന്നതിനുള്ള അവരുടെ മനോവീര്യത്തേയും വിജയത്തിലുള്ള അവരുടെ ആത്മവിശ്വാസത്തേയും വർദ്ധിപ്പിക്കുന്നതിനോ തയാറില്ലാത്തവരാണെന്ന കാര്യം തീർച്ചയാണു്. ഈ തരക്കാരായ ആളുകൾ വിപ്ലവകാരികളുടെ അണികളിലെ വെറും ചിതലുകൾ മാത്രമാണു്; വിപ്ളവകാരികളായ ജനങ്ങൾക്കു് ഇതുപോലെയുള്ള ''ഗായകന്മാരുടെ'' യാതൊരു ആവശ്യവും ഇല്ല.

''ഇതു് ഒരു നിലപാടിനെ സംബന്ധിക്കുന്ന പ്രശ്നമല്ല; എന്റെ വർഗ്ഗപരമായ നിലപാടു് ശരിയാണു്, എന്റെ ഉദ്ദേശങ്ങൾ നല്ലവയാണു്, എനിക്കു് കാര്യങ്ങളെ ശരിക്കു മനസ്സിലാക്കുവാനും കഴിയുന്നുണ്ടു്. പക്ഷേ എന്റെ ആശയങ്ങളെ പ്രകാശിപ്പിക്കുന്ന കാര്യത്തിൽ ഞാൻ മോശമാണു്. അതുകൊണ്ടു് എന്റെ പ്രവർത്തനത്തിന്റെ ഫലം ചീത്തയായി പരിണമിക്കു

ന്നു.'' ആന്തരോദ്ദേശത്തേയും പരിണാമത്തേയും സംബന്ധിക്കുന്ന വൈരുദ്ധ്യാധിഷ്ഠിത ഭൗതിക വാദപരമായ വീക്ഷണരീതിയെ കുറിച്ച് ഞാൻ ഇതിനു മുൻപ് സംസാരിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഒരുകാര്യം ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: പരിണാമത്തെ സംബന്ധിക്കുന്ന പ്രശ്നം നിലപാടിനെ സംബന്ധിക്കുന്ന ഒരു പ്രശ്നം തന്നെയല്ലേ? ആന്തരോദ്ദേശത്താൽ മാത്രം പ്രവർത്തിക്കുകയും തൻെറ പ്രവർത്തനത്തിൻെറ പരിണാമം എന്തായിരിക്കും എന്നതിനെ കുറിച്ച് അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി, വെറുതെ ഔഷധക്കുറിപ്പുകൾ മാത്രം എഴുതി കൊടുക്കുകയും പക്ഷേ അതുപോലെയുള്ള തൻെറ ചികിത്സ കാരണമായി എത്ര രോഗികൾ മരിക്കുന്നുണ്ട് എന്നതിനെ കുറിച്ച് ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ഒരു ഡോക്ടറെപോലെ തന്നെയായിരിക്കും. അല്ലെങ്കിൽ, വെറുതെ പ്രഖ്യാപനങ്ങൾ മാത്രം നടത്തുകയും പക്ഷേ അവ നടപ്പിലാക്കപ്പെടുന്നുണ്ടോ ഇല്ലയോ എന്നതിനെ കുറിച്ച് ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ കാര്യം നോക്കണം. ഇതു് ഒരു ശരിയായ നിലപാടാണോ? അതിൻെറ ഉദ്ദേശം നല്ലതാണോ? നേരത്തേ തന്നെ പരിണാമത്തിൻെറ കാര്യവും കണക്കിൽ എടുത്താലും അബദ്ധങ്ങൾ തീർച്ചയായും സംഭവിച്ചു എന്നുവരാം. പക്ഷേ, പരിണാമം ചീത്തയാണെന്നു് വസ്തുതകൾ തെളിയിച്ചു കഴിഞ്ഞതിനുശേഷവും ഒരാൾ അതേ പഴയ ചാലിൽ തന്നെ തുടരുകയാണെങ്കിൽ, അയാളുടെ ഉദ്ദേശം നല്ലതാണോ? ഒരു പാർട്ടിയെ കുറിച്ചോ ഒരു ഡോക്ടറെ കുറിച്ചോ ഗുണദോഷ വിവേചനം നടത്തുമ്പോൾ നമ്മൾ പരിഗണിക്കേണ്ടതു് അനുഷ്ഠാനത്തെയാണു്, പരിണാമത്തെ ആണു്. ഒരു സാഹിത്യകാരനേയോ ഒരു കലാകാരനേയോ വിലയിരുത്തുമ്പോഴും ഇതുതന്നെ ബാധകമാണു്. ആത്മാർത്ഥമായും നല്ല ഉദ്ദേശങ്ങൾ ഉള്ള ഒരു വ്യക്തി പരിണാമത്തെ കണക്കിൽ എടുക്കുകയും, അനുഭവജ്ഞാനത്തെ സംക്ഷേപിക്കുകയും, വിവിധ രീതികളെ കുറിച്ച് പഠിക്കുകയും ചെയ്യണം, അഥവാ, സൃഷ്ടി

പരമായ പ്രവർത്തനത്തിനുവേണ്ടി ആശയപ്രകാശനത്തി നുള്ള സാങ്കേതികരീതികൾ പഠിക്കണം. ആത്മാർത്ഥ മായും നല്ല ഉദ്ദേശങ്ങൾ ഉള്ള ഒരു വ്യക്തി സ്വന്തം പ്രവ ർത്തനത്തിലുള്ള കുററങ്ങളേയും കുറവുകളേയും പരമാവധി നിഷ്കപടതയോടുകൂടി വിമർശിക്കുകയും അവയെ തിരു ത്തുവാൻ ദൃഢപ്രതിജ്ഞ ചെയ്യുകയും വേണം. കമ്യൂണി സ്റ്റ്കാർ സ്വയം വിമർശനം എന്ന സമ്പ്രദായം ഉപയോ ഗപ്പെടുത്തുന്നതിൻെറ കാരണം ശരിക്കും ഇതാണ്. ഇതു മാത്രമാണ് ശരിയായ നിലപാട്. ഗൗരവപൂർവവും ഉത്തരവാദിത്വ ബോധത്തോടു കൂടിയതും ആയ പ്രവ ർത്തനം എന്ന ഈ പ്രക്രിയയിൽ കൂടി മാത്രമേ ഏതാണ് ശരിയായ നിലപാട് എന്ന് ക്രമേണ മനസ്സിലാക്കുവാ നും, അതിനെ കുറിച്ചുള്ള ഒരു നല്ല ഗ്രാഹ്യം ക്രമേണ നേടിയെടുക്കുവാനും സാധിക്കുകയുള്ളൂ. ഒരാൾ തൻെറ പ്രവർത്തനത്തിൽകൂടി ഈ ലക്ഷ്യത്തിൻെറ നേരേ മുന്നോ ട്ടു നീങ്ങുന്നില്ലെങ്കിൽ, തനിക്ക് ''എല്ലാം ശരിക്കും മനസ്സിലാകുന്നുണ്ട്'' എന്ന വെറും ആത്മസംതൃപ്തി യോടുകൂടിയുള്ള ഉറച്ച അഭിപ്രായപ്രകടനം മാത്രമേ ഉള്ളു എങ്കിൽ, അതിൻെറ അർത്ഥം അയാൾ വാസ്തവ ത്തിൽ ഒന്നുംതന്നെ മനസ്സിലാക്കിയിട്ടില്ല എന്നാണ്.

''മാർക്സിസം പഠിക്കുന്നതിന് ഞങ്ങളോട് ആഹ്വാനം ചെയ്യുന്നതു്, ഞങ്ങളുടെ സൃഷ്ടിപരമായ പ്രവ ർത്തനത്തിൽ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദപരമായ സിദ്ധാന്തങ്ങളെ ഉപയോഗിക്കുക എന്ന തെററിൻെറ ഒരു ആവർത്തനമാണ്. ഇതു് ഞങ്ങളുടെ സൃഷ്ടിപരമായ പ്രേരണയ്ക്കു് ഹാനികരമായിരിക്കും.'' മാർക്സിസം പഠിക്കുക എന്നതുകൊണ്ടു് അർത്ഥമാകുന്നതു് വൈരുദ്ധ്യാ ധിഷ്ഠിത ഭൗതികവാദപരവും ചരിത്രാധിഷ്ഠിത ഭൗതിക വാദപരവും ആയ വീക്ഷണരീതിയെ ലോകത്തേയും, സ മുദായത്തേയും, സാഹിത്യത്തേയും കലകളേയും കുറിച്ചുള്ള നമ്മുടെ നിരീക്ഷണത്തിൽ പ്രയോഗിക്കുക എന്നുള്ളതാ ണ്; നമ്മുടെ സാഹിത്യ, കലാ ശിൽപ്പങ്ങളിൽ തത്വ ശാസ്ത്രപരമായ പ്രഭാഷണങ്ങൾ എഴുതി പിടിപ്പിക്കുക എന്ന് ഇതുകൊണ്ടു് അർത്ഥമാകുന്നില്ല. സാഹിത്യപരവും

കലാപരവും ആയ സൃഷ്ടിയുടെ രംഗത്തെ റിയലിസം മാർക്സിസം ഉൾക്കൊള്ളുന്നു, പക്ഷേ അതിനുപകരമായി സ്വയം പ്രതിഷ്ഠിക്കുവാൻ മാർക്സിസത്തിനു കഴിയുകയില്ല; ഊർജ്ജതന്ത്രത്തിലെ പരമാണു സിദ്ധാന്തത്തേയും എലക്ട്രോണിക്ക് സിദ്ധാന്തത്തേയും മാർക്സിസം ഉൾക്കൊള്ളുന്നു, പക്ഷേ അവയ്ക്കു് പകരം സ്വയം പ്രതിഷ്ടിക്കുവാൻ മാർക്സിസത്തിനു കഴിയുകയില്ല എന്നു പറഞ്ഞതു പോലെ തന്നെയാണു് ഇതും. പൊള്ളയും ശുഷ്കവുമായ വരട്ടുതത്വവാദപരമായ സൂത്രവാക്യങ്ങൾ സൃഷ്ടിപരമായ പ്രേരണയെ നശിപ്പിക്കും എന്നുള്ളതു് ശരിയാണു്; എന്നുതന്നെയല്ല, അവ ആദ്യം നശിപ്പിക്കുന്നതു് മാർക്സിസത്തെ ആയിരിക്കും. വരട്ടുതത്വവാദപ്രകാരമുള്ള ''മാർക്സിസം'', മാർക്സിസം അല്ല; അതു് മാർക്സിസത്തിനു വിരുദ്ധമായിട്ടുള്ളതാണു്. അപ്പോൾ മാർക്സിസം സൃഷ്ടിപരമായ പ്രേരണയെ നശിപ്പിക്കുന്നില്ലേ? ഉണ്ടു്, നശിപ്പിക്കുന്നുണ്ടു്. നാടുവാഴിത്ത വ്യവസ്ഥിതിയെ സംബന്ധിക്കുന്നതും, ബൂർഷ്വാസിയെ സംബന്ധിക്കുന്നതും, പെററിബൂർഷ്വാസിയെ സംബന്ധിക്കുന്നതും, ലിബറലിസത്തിനു് അനുരൂപമായിട്ടുള്ളതും, വ്യക്തിനിഷ്ഠാവാദപരവും, നിഹിലിസത്തെ സംബന്ധിക്കുന്നതും, കലകലയ്ക്കുവേണ്ടി എന്നു വാദിക്കുന്നവരുടേതും, പ്രഭുജനങ്ങളെ സംബന്ധിക്കുന്നതും, ക്ഷയോന്മുഖമോ വിഷാദാത്മകത്വപരമോ ആയതുമായ സൃഷ്ടിപരമായ പ്രേരണകളേയും, ജനങ്ങളേയും തൊഴിലാളിവർഗ്ഗത്തേയും സംബന്ധിച്ചിടത്തോളം വിജാതീയമായിട്ടുള്ള മററെല്ലാ സൃഷ്ടിപരമായ പ്രേരണകളേയും ഇതു് നിശ്ചയമായിട്ടും നശിപ്പിക്കുന്നു. തൊഴിലാളിവർഗ്ഗ സാഹിത്യകാരന്മാരേയും കലാകാരന്മാരേയും സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ, ഇത്തരത്തിൽപ്പെട്ട സൃഷ്ടിപരമായ പ്രേരണകൾ നശിപ്പിക്കപ്പെടേണ്ടവയല്ലേ? ഞാൻ വിചാരിക്കുന്നതു് അവയെ നശിപ്പിക്കണമെന്നാണു്; അവ പരിപൂർണ്ണമായും നശിപ്പിക്കപ്പെടണം. അവയെ നശിപ്പിച്ചുകൊണ്ടിരി

കുന്ന സമയത്തു് പുതിയതായിട്ടുള്ളവയെ നിർമ്മിക്കു വാൻ സാധിക്കും.

## V

ഇപ്പോൾ ചർച്ച ചെയ്തു കഴിഞ്ഞ പ്രശ്നങ്ങൾ യെനാനിലെ സാഹിത്യ, കലാ മണ്ഡലങ്ങളിൽ നിലവിലുണ്ടു്. ഇതു് എന്താണു് കാണിക്കുന്നതു്? നമ്മുടെ സാഹിത്യ, കലാ മണ്ഡലങ്ങളിൽ തെററായ പ്രവർത്തന സമ്പ്രദായങ്ങൾ ഒരു ഗുരുതരമായ അളവിൽ ഇപ്പോഴും നിലവിലുണ്ടു് എന്നും, ആദർശവാദം, വരട്ടുതത്വവാദം പൊള്ളയായ വ്യാമോഹങ്ങൾ, അർത്ഥശൂന്യമായ സംസാരം, പ്രവർത്തനത്തോടുള്ള വെറുപ്പ്, ജനങ്ങളിൽനിന്നു് അകന്നുമാറിയുള്ള നിലപാടു് എന്നിങ്ങനെ അനേകം ന്യൂനതകൾ നമ്മുടെ സഖാക്കൾക്കിടയിൽ ഇപ്പോഴും ഉണ്ടെന്നുമാണു് ഇതു് കാണിക്കുന്നതു്. ഇവയെ എല്ലാം നിർമ്മാജ്ജനം ചെയ്യുന്നതിനുവേണ്ടി ഫലപ്രദവും, ഗൗരവതരവുമായ സംശോധന പ്രസ്ഥാനം ആവശ്യമായിരിക്കുന്നു.

തൊഴിലാളിവർഗ്ഗവും പെററിബൂർഷ്വാസിയും തമ്മിലുള്ള വ്യത്യാസമെന്താണെന്നു് ഇപ്പോഴും വളരെ വ്യക്തമായി മനസ്സിലായിട്ടില്ലാത്ത പല സഖാക്കളും നമ്മുടെ കൂട്ടത്തിൽ ഉണ്ടു്. സംഘടനാപരമായി നോക്കുകയാണെങ്കിൽ കമ്യൂണിസ്ററു പാർട്ടിയിൽ ചേർന്നിട്ടുണ്ടെങ്കിലും, പൂർണ്ണമായിട്ടോ അല്ലെങ്കിൽ പ്രത്യയശാസ്ത്രപരമായിട്ടോ പാർട്ടിയിൽ ഇനിയും സാത്മ്യം പ്രാപിച്ചു കഴിഞ്ഞിട്ടില്ലാത്ത അനേകം പാർട്ടി അംഗങ്ങൾ ഉണ്ടു്. പ്രത്യയശാസ്ത്രപരമായി പാർട്ടിയിൽ ചേർന്നു കഴിഞ്ഞിട്ടില്ലാത്ത പാർട്ടി അംഗങ്ങൾ ചൂഷകവർഗ്ഗങ്ങളുടെ വളരെയധികം മലീമസമായ ആശയങ്ങൾ ഇപ്പോഴും തങ്ങളുടെ തലകൾക്കുള്ളിൽ ചുമന്നുകൊണ്ടു നടക്കുന്നുണ്ടു്. അവർക്കു് തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്രം, കമ്യൂണിസം, പാർട്ടി എന്നിവയെകുറിച്ചു് യാതൊരു വക ഗ്രാഹ്യവും ഇല്ല. ''തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്രമോ? ഇതു് ആ പഴയ സാധനം തന്നെയല്ലേ!''

എന്നാണ് അവർ ചിന്തിക്കുന്നതു്. ഈ സാധനത്തെ കുറിച്ചുള്ള അറിവു് നേടിയെടുക്കുന്നതു് അത്ര എളുപ്പമായ കാര്യമല്ല എന്നു് അവർ ഒട്ടുംതന്നെ മനസ്സിലാക്കുന്നില്ല. ചിലർക്കു്, അവർ ജീവിച്ചിരിക്കുന്നിടത്തോളംകാലം അൽപ്പമാത്രമായ കമ്യൂണിസ്റ്റ് ഗന്ധംപോലും ഒരിക്കലും ഉണ്ടാവുകയില്ല; അവർക്കു് അവസാനം പാർട്ടിയെ വിട്ടുപോകുവാൻമാത്രമേ സാധിക്കുകയുള്ളു. അതുകൊണ്ടു്, നമ്മുടെ പാർട്ടിയിലും നമ്മുടെ അണികളിലും ഉള്ളവർ ഭൂരിപക്ഷം പേരും നിർമ്മല സ്വഭാവത്തോടുകൂടിയവരും ആത്മാർത്ഥതയുള്ളവരും ആണെങ്കിലും, വിപ്ളവപ്രസ്ഥാനത്തെക്കൂടുതൽ ഫലപ്രദമായി വികസിപ്പിക്കുകയും കൂടുതൽ വേഗതയോടെ അതിനെ വിജയത്തിൽ എത്തിക്കുകയും ചെയ്യണമെങ്കിൽ, നമ്മൾ പൂർണ്ണമായ കാര്യഗൗരവത്തോടുകൂടി പ്രത്യയശാസ്ത്രപരവും സംഘടനാപരവും ആയ കാര്യങ്ങൾ ക്രമപ്പെടുത്തണം. സംഘടനാപരമായി കാര്യങ്ങൾ ക്രമപ്പെടുത്തുന്നതിനു് നമ്മൾ ആദ്യമായി പ്രത്യയശാസ്ത്രപരമായ രംഗത്തു് അപ്രകാരം ചെയ്യേണ്ടതു് ആവശ്യമായിരിക്കുന്നു. ഇതിനുവേണ്ടി, തൊഴിലാളിവർഗ്ഗത്തിൻേറതു് അല്ലാത്ത പ്രത്യയശാസ്ത്രത്തിനു് എതിരായി തൊഴിലാളിവർഗ്ഗ പ്രത്യയശാസ്ത്രത്തിന്റെ ഒരു സമരം നമ്മൾ തുടങ്ങേണ്ടി ഇരിക്കുന്നു. യെനാനിലെ സാഹിത്യ, കലാ മണ്ഡലങ്ങളിൽ ഒരു പ്രത്യയശാസ്ത്രപരമായ സമരം ഇതിനകംതന്നെ തുടങ്ങി കഴിഞ്ഞിട്ടുണ്ടു്. ഇതു് ഏററവുമധികം അത്യാവശ്യമായ ഒന്നാണു്. പെററിബൂർഷ്വാ വിഭാഗങ്ങളിൽ നിന്നു വരുന്ന ബുദ്ധിജീവികൾ സ്വന്തം പ്രശസ്തിക്കുവേണ്ടിയും തങ്ങളുടെ വീക്ഷണരീതികളെ പ്രചരിപ്പിക്കുന്നതിനു വേണ്ടിയും സാഹിത്യത്തിൻേറയും കലയുടേയും മാർഗ്ഗങ്ങൾ ഉൾപ്പെടെ എല്ലാവിധ രീതികളിലും എല്ലായ്പ്പോഴും നിർബന്ധബുദ്ധിയോടുകൂടി ശ്രമിക്കുന്നു. തങ്ങളുടെ സ്വന്തം പ്രതിരൂപത്തെ അടിസ്ഥാനമാക്കി പാർട്ടിക്കും ലോകത്തിനും പുതിയരൂപം നൽകുവാൻ അവർ ആഗ്രഹിക്കുന്നു. ഈ പരിതസ്ഥിതിയിൽ അവരെ ഒന്നു കുലുക്കേണ്ടതും അവരോടു് ഇങ്ങിനെ കർക്കശമായി പറയേണ്ടതും നമ്മുടെ

കടമ ആകുന്നു: ' ' 'സഖാക്കളെ', നിങ്ങളുടെ ഇംഗിതം നടപ്പിലാകുന്ന ഒന്നല്ല. തൊഴിലാളിവർഗ്ഗത്തിനു് നിങ്ങളുടെ ആഗ്രഹത്തിനു് അനുസരണമായി വഴങ്ങിത്തരുവാൻ സാധിക്കുകയില്ല. നിങ്ങൾക്കു് വഴങ്ങി തരുകയാണെങ്കിൽ അതു് യഥാർത്ഥത്തിൽ വൻകിട ജന്മിവർഗ്ഗത്തിനും വൻകിട ബൂർഷ്വാസിക്കും വഴങ്ങിക്കൊടുക്കുന്നതിനു സമമായിരിക്കും, നമ്മുടെ പാർട്ടിയേയും നമ്മുടെ രാജ്യത്തേയും തുരങ്കം വയ്ക്കുക എന്ന അപകടസാദ്ധ്യതയും അതുമൂലം ഉണ്ടാകും.'' അപ്പോൾ, നമ്മൾ പിന്നെ ആർക്കാണു് വഴങ്ങിക്കൊടുക്കേണ്ടതു്? നമുക്കു് പാർട്ടിയേയും ലോകത്തേയും തൊഴിലാളിവർഗ്ഗ മുന്നണിപ്പടയുടെ പ്രതിരൂപത്തിൽ മാത്രമേ രൂപപ്പെടുത്തുവാൻ കഴിയുകയുള്ളു. സാഹിത്യ, കലാ മണ്ഡലങ്ങളിലെ നമ്മുടെ സഖാക്കൾ ഈ മഹത്തായ ചർച്ചയുടെ ഗൗരവസ്വഭാവം മനസ്സിലാക്കുമെന്നും ഈ സമരത്തിൽ സജീവമായി പങ്കെടുക്കുമെന്നും നമ്മൾ പ്രതീക്ഷിക്കുന്നു. ഈ മാർഗ്ഗത്തിൽക്കൂടി, ഓരോ സഖാവിനും കുററമററവരായിത്തീരുവാനും, നമ്മുടെ മുഴുവൻ അണികൾക്കും പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും യോജിക്കുവാനും കെട്ടുറപ്പുള്ളവരായിത്തീരുവാനും കഴിയും.

തങ്ങളുടെ ചിന്താക്കുഴപ്പം കാരണം നമ്മുടെ പല സഖാക്കൾക്കും, വിപ്ലവശക്തികളുടെ നിയന്ത്രണത്തിൻ കീഴിലുള്ള നമ്മുടെ താവളപ്രദേശങ്ങൾ ക്കുമിന്താങ്ങുപ്രദേശങ്ങൾ ഇവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ കഴിയാതെ വരികയും, അതിൻെറ ഫലമായി അവർ പല തെററുകൾ വരുത്തുകയും ചെയ്യുന്നു. അനേകം സഖാക്കൾ ഇവിടെ വന്നിട്ടുള്ളതു് ഷാംഗ്ഹായിയിലെ തട്ടിൻപുറങ്ങളിലുള്ള കുടുസ്സായ മുറികളിൽ x നിന്നാണു്. അവിടെനിന്നു് വിപ്ലവശക്തികളുടെ നിയന്ത്രണത്തിൻകീഴിലുള്ള താവളപ്രദേശങ്ങളിലേക്കു വരു

---

x അക്കാലത്തു്, ഷാംഗ്ഹായിയിലെ നിർദ്ധനരായ സാഹിത്യകാരന്മാരും, കലാകാരൻമാരും, ബുദ്ധിജീവികളും, താഴെക്കിടയിലുള്ള ഗവണ്മെൻറ് ജീവ

ന്നതു വഴി, അവർ ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേക്കു് വരുക മാത്രമല്ല ചെയ്തതു്, പ്രത്യുത ഒരു ചരിത്രപരമായ കാലഘട്ടത്തിൽനിന്നു് മറെറാന്നിലേക്കു് കടന്നു വരികയാണു് അവർ ചെയ്തതു്. ഒന്നു്, അർദ്ധനാടുവാഴിത്ത, അർദ്ധഅധിനിവേശവ്യവസ്ഥ നിലവിലുള്ളതും, വൻകിട ജന്മിമാരുടേയും വൻകിട ബൂർഷ്വാസിയുടേയും ഭരണത്തിൻകീഴിൽ ഉള്ളതുമായ സമുദായംആണെങ്കിൽ, മറേറതു് തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൻ കീഴിലുള്ള വിപ്ലവകരമായ ഒരു പുത്തൻ ജനാധിപത്യ സമുദായമാണു്. വിപ്ലവശക്തികളുടെ നിയന്ത്രണത്തിൻ കീഴിലുള്ള താവളപ്രദേശങ്ങളിലേക്കു് വരുന്നതുകൊണ്ടു് അർത്ഥമാകുന്നതു് ആയിരക്കണക്കിനു വർഷങ്ങരം പഴക്കമുള്ള ചൈനയുടെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം അഭൂതപൂർവമായ ഒരു കാലഘട്ടത്തിലേക്കു പ്രവേശിക്കുക എന്നാണു്, ജനങ്ങരം ഭരണാധികാരം പ്രയോഗിക്കുന്ന ഒരു കാലഘട്ടത്തിലേക്കു പ്രവേശിക്കുക എന്നാണു്. ഇവിടെ നമ്മുടെ ചുററിനും ഉള്ള ജനങ്ങളും നമ്മുടെ പ്രചരണം ശ്രവിക്കുന്ന സദസ്യരും തികച്ചും വ്യത്യസ്തരാണു്. മുൻകാലഘട്ടം ഇനിയൊരിക്കലും തിരിച്ചു വരാത്തവിധം ഇല്ലാതായി. അതുകൊണ്ടു് നമ്മരം പുതിയ യുഗത്തിലെ ജനങ്ങളും ആയിട്ടു് യാതൊരു മടിയും കൂടാതെ സംയോജിക്കണം. പുതിയ യുഗത്തിലെ ജനങ്ങളുടെ ഇടയിൽ താമസിക്കുമ്പോരം, ഞാൻ പറഞ്ഞിട്ടുള്ളതുപോലെ, ചില സഖാക്കരം ഇപ്പോഴും ''അറിവും ധാരണയും കുറവുള്ളവർ'' ആയിരിക്കുകയും ''തങ്ങളുടെ കഴിവുകളെ പ്രദർശിപ്പിക്കുന്നതിനു് യാതൊരു സ്ഥലവും ലഭിക്കാത്ത ധീരനായകന്മാ''രെപോലെ അവശേഷിക്കുകയും ചെയ്യുകയാണെങ്കിൽ, ഗ്രാമങ്ങളിൽ പോകുമ്പോരം മാത്ര

---

നക്കാരും അധികപങ്കും താമസിച്ചിരുന്നതു് വാടക കുറവുള്ളതും ആളുകരം തിങ്ങി പാർത്തിരുന്നതുമായ തട്ടിൻപുറങ്ങളിലെ മുറികളിലോ അതുപോലെയുള്ള വാടക കുറഞ്ഞ മററു് താമസസ്ഥലങ്ങളിലോ ആണു്.

മല്ല, യെനാനിൽ താമസിക്കുമ്പോഴുംപോലും അവർക്ക് വിഷമതകളെ നേരിടേണ്ടിവരും. ചില സഖാക്കൾ ചിന്തിച്ചേക്കാം: ''ഞാൻ വലിയ പിന്നണി പ്രദേശ x ത്തുള്ള വായനക്കാർക്കുവേണ്ടി എഴുത്തു തുടരുന്നതായിരിക്കും നല്ലതു്. അതു് എനിക്കു നല്ലവണ്ണം അറിയാവുന്ന ഒരു ജോലിയാണു്. തന്നെയല്ല അതിനു് ദേശീയ പ്രാധാന്യവും ഉണ്ടു്.'' ഈ ചിന്താരീതി പൂർണ്ണമായും തെററാണു്. വലിയ പിന്നണിപ്രദേശവും മാറിക്കൊണ്ടിരിക്കുകയാണു്. വിപ്ലവശക്തികളുടെ നിയന്ത്രണത്തിൻ കീഴിലുള്ള താവളപ്രദേശങ്ങളിലെ സാഹിത്യകാരന്മാർ പുതിയ ജനത പുതിയ ലോകം എന്നിവയെ കുറിച്ച് പ്രതിപാദിക്കുമെന്നും, പഴയ കഥകൾ തന്നെ പറഞ്ഞു് തങ്ങളെ മുഷിപ്പിക്കുകയില്ലെന്നും വലിയ പിന്നണിപ്രദേശത്തെ വായനക്കാർ പ്രതീക്ഷിക്കുന്നു. അതുകൊണ്ടു് വിപ്ലവശക്തികളുടെ നിയന്ത്രണത്തിൻ കീഴിലുള്ള താവളപ്രദേശങ്ങളിലെ ജനങ്ങൾക്കുവേണ്ടി എഴുതപ്പെടുന്ന കൃതികൾക്കാണു് കൂടുതൽ ദേശീയ പ്രാധാന്യം ലഭിക്കുന്നതു്. 'അത്യാഹിതം' x x എന്ന കൃതിയിൽ ഒരു ചെറിയ ഒളിപ്പോരു സംഘത്തിന്റെ കഥ മാത്രം പറഞ്ഞ ഫെഡയേവിനു് പഴയലോകത്തിലെ വായനക്കാരുടെ മനസ്സിന്നിണങ്ങിയ രീതിയിൽ കഥപറയണമെന്നു് യാതൊരു

---

x ജപ്പാൻ വിരുദ്ധ സമരത്തിനിടയ്ക്കു് കൂമിന്താങ്ങിന്റെ നിയന്ത്രണത്തിൻ കീഴിൽ ഉണ്ടായിരുന്നതും ജപ്പാൻകാർ അതുവരെ കയ്യേറിയിട്ടില്ലായിരുന്നതും ആയ തെക്കുപടിഞ്ഞാറൻ ചൈനയിലേയും വടക്കുപടിഞ്ഞാറൻ ചൈനയിലേയും പ്രദേശങ്ങളെ ജനങ്ങൾ വലിയ പിന്നണിപ്രദേശം' എന്നു വിളിച്ചിരുന്നു. കമ്യൂണിസ്റ്റ് നേതൃത്വത്തിൻകീഴിലുള്ള ജപ്പാൻ വിരുദ്ധ താവള പ്രദേശങ്ങളെ ജനങ്ങൾ വിളിച്ചിരുന്നതു് 'ചെറിയ പിന്നണിപ്രദേശം' എന്നാണു്.

x x 1927–ൽ പ്രസിദ്ധപ്പെടുത്തിയ ഈ റഷ്യൻ നോവൽ ലൂഷുൺ ചൈനീസ് ഭാഷയിലേക്കു വിവർത്തനം ചെയ്തു.

ഉദ്ദേശവും ഉണ്ടായിരുന്നില്ല. എന്നിട്ടും ആ പുസ്തകത്തിന് വിശാലവ്യാപകമായ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞു. നിങ്ങൾക്ക് അറിയാവുന്നതുപോലെ, ചൈനയിൽ അതിനു് വൻപിച്ച സ്വാധീനം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചൈന മുന്നേറുകയാണ്, അല്ലാതെ പുറകോട്ടു പോവുകയല്ല:, ചൈനയെ മുന്നോട്ടു നയിക്കുന്നത് വിപ്ലവശക്തികളുടെ നിയന്ത്രണത്തിൻ കീഴിലുള്ള താവളപ്രദേശങ്ങളാണ്, അല്ലാതെ പിന്നോക്കം നില്ക്കുന്നതും പ്രതിലോമഗതിയോടുകൂടിയതും ആയ ഏതെങ്കിലും പ്രദേശങ്ങളല്ല. സംശോധന പ്രസ്ഥാനത്തിൽ സഖാക്കൾ മറ്റെല്ലാത്തിനും ഉപരിയായി മനസ്സിലാക്കേണ്ട അടിസ്ഥാനപരമായ ഒരു പ്രശ്നമാണ് ഇത്.

പുതിയ യുഗത്തിലെ ജനങ്ങളുമായി സംയോജിക്കേണ്ടതു് അത്യാവശ്യമായതിനാൽ, വ്യക്തിയും ജനങ്ങളും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നത്തെ പൂർണ്ണമായും പരിഹരിക്കേണ്ടതു് ആവശ്യമാണ്. ലൂഷുൺൻെറ ഒരു കവിതയിൽ നിന്നുള്ള ഈ ഈരടിയായിരിക്കണം നമ്മുടെ ആദർശവാക്യം:

> ''എൻെറ നേരേ ചൂണ്ടുന്ന ഒരായിരം വിരലുകളെ ഞാൻ നെററിചുളിക്കാതെ ശാന്തനായി അവഗണിക്കുന്നു, തലയും താഴ്ത്തി, ജോലിയെടുക്കുവാൻ തയാറുള്ള ഒരു കാളയെപോലെ ഞാൻ കുഞ്ഞുങ്ങളെ സേവിക്കുന്നു.'' x

നമ്മുടെ ''നേരേ ചൂണ്ടുന്ന ആയിരം വിരലുകൾ'' നമ്മുടെ ശത്രുക്കളുടേതാണ്, അവർ എത്രതന്നെ ഭീകരരായിരുന്നാലും ശരി നമ്മൾ ഒരിക്കലും അവക്കു വഴങ്ങുകയില്ല. ''കുഞ്ഞുങ്ങൾ'' എന്ന പ്രതിരൂപംകൊണ്ടു് ഇവിടെ സൂചിപ്പിക്കുന്നതു് തൊഴിലാളിവർഗ്ഗത്തേയും ജനങ്ങളേയും ആണ്. എല്ലാ കമ്യൂണിസ്റ്റ്കാരും, എല്ലാ വിപ്ലവകാരികളും, എല്ലാ വിപ്ളവകാരികളായ സാഹിത്യ,

---

x ലൂഷുൻ, 'ഇൻ മോക്കറി ഓഫ് മൈ സെൽഫ്', കളക്റ്ററഡ് വർക്സ്, ചൈനീസ് പതിപ്പ്, ഭാഗം ഏഴ്.

കലാ പ്രവർത്തകരും ലൂഷൂൺന്റെ ഉദാഹരണത്തിൽനിന്നു പഠിക്കുകയും, തൊഴിലാളിവർഗ്ഗത്തിനും ജനങ്ങൾക്കും വേണ്ടി കാളകളെ പോലെ ജോലിയെടുക്കുകയും, മരണ ദിവസംവരെ തങ്ങളുടെ മുതുകും കുനിച്ച് കർത്തവ്യനിർവഹണത്തിൽ ഏർപ്പെടുകയും ചെയ്യണം. ജനങ്ങളുമായി സ്വയം സംയോജിക്കുവാൻ ആഗ്രഹിക്കുന്നവരും, ജനങ്ങളെ സേവിക്കുവാൻ ആഗ്രഹിക്കുന്നവരും ആയ ബുദ്ധിജീവികൾ, തങ്ങൾക്കും ജനങ്ങൾക്കും പരസ്പരം അടുത്തറിയുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കണം. തീർച്ചയായും ഈ നടപടി വളരെയേറെ വേദനാജനകവും, ഉരസലിന് ഇടയാക്കുന്നതും ആയിരുന്നേക്കാം, ആയിരിക്കും; പക്ഷേ നിങ്ങൾക്കു ദൃഢനിശ്ചയം ഉണ്ടെങ്കിൽ ഈ ആവശ്യങ്ങൾ നിവ്വഹിക്കുവാൻ നിങ്ങൾക്കു കഴിയും.

നമ്മുടെ സാഹിത്യ, കലാ പ്രസ്ഥാനത്തിനുവേണ്ട അടിസ്ഥാനപരമായ ലക്ഷ്യബോധത്തെ സംബന്ധിച്ച പ്രശ്നങ്ങളിൽ ചിലതിനെ കുറിച്ചു മാത്രമാണ് ഞാനിന്ന് ചർച്ച ചെയ്തത്. വേറേയും അനേകം സവിശേഷമായ പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. അവയെ കുറിച്ചും കൂടുതൽ പഠനം ആവശ്യമാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ട ലക്ഷ്യത്തിൻെറനേരേ മുന്നോട്ടു നീങ്ങുന്നതിന് ദൃഢപ്രതിജ്ഞ എടുത്തിട്ടുള്ളവരാണ് നമ്മുടെ സഖാക്കൾ എന്ന് എനിക്ക് വിശ്വാസമുണ്ട്. സംശോധനപ്രസ്ഥാനത്തിൻെറ പുരോഗതിക്ക് ഇടയ്ക്കും, ഭാവിയിലെ ദീർഘമായ പഠന കാലഘട്ടത്തിനും പ്രവത്തനത്തിനും ഇടയ്ക്കും, നിങ്ങളിലും നിങ്ങളുടെ കൃതികളിലും ഒരു രൂപാന്തരം വരുത്തുവാനും, ജനങ്ങൾ ഹാർദ്ദമായി സ്വാഗതം ചെയ്യുന്ന അനേകം ഉത്തമമായ കൃതികൾ സൃഷ്ടിക്കുവാനും, വിപ്ളവശക്തികളുടെ നിയന്ത്രണത്തിൻ കീഴിലുള്ള താവള പ്രദേശങ്ങളിലും ചൈനയിൽ ആകമാനവും സാഹിത്യ, കലാ പ്രസ്ഥാനത്തെ ഒരു ശോഭനമായ പുതിയ ഘട്ടത്തിലേക്ക് മുന്നോട്ടു കൊണ്ടുപോകുവാനും നിങ്ങൾക്കു തീച്ചയായും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

# സാംസ്കാരിക പ്രവത്തനത്തിലെ ഐക്യമുന്നണി X

(1944 ഒക്ടോബർ 30)

ജാപ്പനീസ് സാമ്രാജ്യത്വത്തെ ബഹിഷ്കരിക്കുകയാണു് നമ്മുടെ എല്ലാ പ്രവത്തനങ്ങളുടേയും ഉദ്ദേശം. ഹിററ്ലറെപോലെ, ജാപ്പനീസ് സാമ്രാജ്യത്വവും അതിൻെറ വിനാശത്തെ സമീപിച്ചു കൊണ്ടിരിക്കുകയാണു്. പക്ഷേ നമ്മുടെ ശ്രമങ്ങരം നമ്മരം തീച്ച്യയായും തുടരണം. എങ്കിൽ മാത്രമേ സാമ്രാജ്യത്വത്തെ എന്നെന്നേക്കുമായി ഉന്മൂലനം ചെയ്യുവാൻ നമുക്കു് കഴിയുകയുള്ളു. നമ്മുടെ പ്രവത്തനത്തിൽ യുദ്ധത്തിനാണു് പ്രഥമസ്ഥാനം, പിന്നീടു് ഉൽപ്പാദനത്തിനും, അടുത്തതു് സാംസ്കാരിക പ്രവത്തനത്തിനും. സംസ്കാരം ഇല്ലാത്ത ഒരു സൈന്യം മന്ദബുദ്ധിയുള്ള ഒരു സൈന്യം ആയിരിക്കും; മന്ദബുദ്ധിയുള്ള ഒരു സൈന്യത്തിനു് ശത്രുവിനെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല.

വിമോചിത പ്രദേശങ്ങളിലെ സംസ്കാരത്തിനു് രണ്ടു വശങ്ങരം ഉണ്ടു്, പുരോഗമനപരവും പിന്നോക്കം നിൽക്കുന്നതും. വിമോചിത പ്രദേശങ്ങളിൽ ഇതിനകം തന്നെ ഒരു പുതിയ സംസ്കാരം, ഒരു ജനകീയ സംസ്കാരം, ഉയർന്നു വന്നിട്ടുണ്ടു്. എങ്കിലും നാടുവാഴിത്തത്തിൻെറ അനേകം അവശിഷ്ടങ്ങരം ഇപ്പോഴും അവ

---

X ഷെൻസി–കാൻസു–നിംഗ്സിയാ അതിർത്തിമേഖലാ പ്രദേശത്തെ സാംസ്കാരിക, വിദ്യാഭ്യാസ പ്രവത്തകരുടെ ഒരു സമ്മേളനത്തിൽ സഖാവു് മാവോ സേ–തുങ്ങ് ചെയ്ത പ്രസംഗം.

ശേഷിക്കുന്നുണ്ട്. ഷെൻസി–കാൻസു–നിംഗ്സിയാ അതിർത്തിമേഖലാ പ്രദേശത്തെ പതിനഞ്ചുലക്ഷം ജനങ്ങളുടെ ഇടയിൽ പത്തുലക്ഷത്തിൽ അധികംപേർ അക്ഷരജ്ഞാനം ഇല്ലാത്തവരാണ്, ഇവിടെ രണ്ടായിരം മന്ത്രവാദികൾ ഉണ്ട്. കൂടാതെ ബഹുഭൂരിപക്ഷം ജനങ്ങളും ഇപ്പോഴും അന്ധവിശ്വാസങ്ങളുടെ സ്വാധീനത്തിന് അടിപ്പെട്ടവരാണ്. ജനങ്ങളുടെ മനസ്സിനുള്ളിൽതന്നെ ശത്രുക്കൾ ഒളിച്ചിരിക്കുന്നുണ്ട്. ജാപ്പനീസ് സാമ്രാജ്യത്വത്തിന് എതിരായി സമരം ചെയ്യുന്നതിനേക്കാൾ പലപ്പോഴും കൂടുതൽ വിഷമകരമായിട്ടുള്ളതാണ് ജനങ്ങളുടെ മനസ്സിനുള്ളിലുള്ള ശത്രുക്കളുമായി പടപൊരുതുന്നത് തങ്ങളുടെ ഇടയിലുള്ള നിരക്ഷരത്വത്തിനും, അന്ധവിശ്വാസങ്ങൾക്കും, അനാരോഗ്യകരമായ സ്വഭാവങ്ങൾക്കും എതിരായി സമരം ചെയ്യുന്നതിന് സംഘടിച്ച് ഉയരുവാൻ നമ്മൾ ജനങ്ങളെ ആഹ്വാനം ചെയ്യണം. ഈ സമരത്തിന് വിശാലമായ ഒരു ഐക്യമുന്നണി അപരിത്യാജ്യമാണ്. ജനസാന്ദ്രത കുറഞ്ഞതും, ഗതാഗത സൗകര്യങ്ങൾ മോശമായതും, സാംസ്കാരിക നിലവാരം താഴ്ന്നതും, ഇതിനെല്ലാം ഉപരിയായി ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതും ആയ ഷെൻസി–കാൻസു–നിംഗ്സിയാ അതിർത്തിമേഖലാ പ്രദേശത്തെ പോലെയുള്ള ഒരു സ്ഥലത്തെ സംബന്ധിച്ചിടത്തോളം ഈ ഐക്യമുന്നണി പ്രത്യേകിച്ചും വിശാലമായിട്ടുള്ളത് ആയിരിക്കണം. അതുകൊണ്ട്, ഈ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ക്രമാനുസാരമായ പ്രൈമറി, സെക്കണ്ടറി വിദ്യാലയങ്ങൾ മാത്രമല്ല, അങ്ങിങ്ങായി പ്രവർത്തിക്കുന്നതും ക്രമാനുസാരമായിട്ടുള്ളതല്ലാത്തതും ആയ ഗ്രാമീണ വിദ്യാലയങ്ങളും, പത്രവായനാ സംഘങ്ങളും, അക്ഷരജ്ഞാനം നൽകുന്നതിനുള്ള ക്ലാസ്സുകളുംകൂടി സംഘടിപ്പിക്കുന്നതിന്നായി ശ്രമിക്കണം. ആധുനിക രീതിയിലുള്ള വിദ്യാലയങ്ങൾ മാത്രം നമ്മൾ ഉപയോഗപ്പെടുത്തിയാൽ പോരാ; പഴയ രീതിയിലുള്ള ഗ്രാമീണ വിദ്യാലയങ്ങളേയും ഉപയോഗപ്പെടുത്തുകയും അവയ്ക്ക് പുരോഗമന

പരമായ മാററങ്ങരം വരുത്തുകയും ചെയ്യണം. കലാരംഗത്തു് ആധുനിക നാടകങ്ങരം മാത്രം ഉണ്ടായാൽപോരാ; ഷെൻസി സംഗീത നാടകത്തേയും 'യാൻകൊ' നൃത്തത്തേയും നമ്മരം പ്രചരിപ്പിക്കണം. പുതിയ ഷെൻസി സംഗീതനാടകസംഘങ്ങളും പുതിയ 'യാൻകൊ' നൃത്തസംഘങ്ങളും രൂപീകരിക്കുന്നതുകൊണ്ടുമാത്രം നമ്മരം തൃപ്തിപ്പെടരുതു്; പ്രത്യുത, പഴയ സംഗീതനാടക സംഘങ്ങളേയും, എല്ലാവിധ 'യാൻകൊ' നൃത്തസംഘങ്ങളുടേയും മൊത്തസംഖ്യയുടെ തൊണ്ണൂറു ശതമാനം വരുന്ന പഴയ 'യാൻകൊ' നൃത്തസംഘങ്ങളേയും നമ്മരം ഉപയോഗപ്പെടുത്തുകയും അവയ്ക്കു ക്രമേണ മാററങ്ങരം വരുത്തുകയും ചെയ്യണം. വൈദ്യശാസ്ത്രരംഗത്തു് ഈ സമീപനം ഇതിലും കൂടുതൽ ആവശ്യമായിരിക്കുന്നു. ഷെൻഷി—കാൻസു—നിംഗ്സിയാ അതിർത്തിമേഖലാ പ്രദേശത്തു് മനുഷ്യരുടേയും മൃഗങ്ങളുടേയും മരണനിരക്കു് വളരെ ഉയർന്നതാണു്. അതേസമയംതന്നെ അനേകം ആളുകരം ഇപ്പോഴും മന്ത്രവാദത്തിൽ വിശ്വസിക്കുന്നു. ഇതുപോലെയുള്ള പരിതസ്ഥിതികളിൽ ആധുനിക ഡോക്ടർമാരെ മാത്രം പൂർണ്ണമായും ആശ്രയിക്കുന്നതുകൊണ്ടു് പ്രശ്നത്തിനു് പരിഹാരം ആവുകയില്ല. ആധുനിക ഡോക്ടർമാരുടെ ചികിത്സ പഴയ രീതിയിലുള്ള വൈദ്യൻമാരുടെ ചികിത്സയെ അപേക്ഷിച്ചു് കൂടുതൽ സൗകര്യപ്രദമാണു് എന്നതു് ശരിതന്നെ. എന്നാൽ അവർ ജനങ്ങളുടെ കഷ്ടപ്പാടുകളുമായി സ്വയം ബന്ധപ്പെടാതിരിക്കുകയും, ജനങ്ങരംക്കുവേണ്ടി ഡോക്ടർമാരെ പരിശീലിപ്പിക്കാതിരിക്കുകയും, അതിർത്തിമേഖലാ പ്രദേശത്തുള്ള പഴയ രീതിക്കാരായ ആയിരത്തിലും അധികം വരുന്ന വൈദ്യന്മാരും മൃഗവൈദ്യന്മാരും ആയി ഐക്യം സ്ഥാപിക്കാതിരിക്കുകയും പുരോഗതി നേടുന്നതിനു് അവരെ സഹായിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതിൻെറ അത്ഥം അവർ യഥാത്ഥത്തിൽ മന്ത്രവാദികളായ വൈദ്യന്മാരെ സഹായിക്കുകയും, മനുഷ്യരുടേയും മൃഗങ്ങളുടേയും ഇടയിലുള്ള ഉയന്ന മരണനിരക്കിനെ കുറിച്ചു് അലക്ഷ്യത ഭാവം കാട്ടുകയും ചെയ്യുന്ന

എന്നതായിരിക്കും. ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം രണ്ടു് അടിസ്ഥാനതത്വങ്ങൾ ഉണ്ടു്: ആദ്യത്തേതു് ഏകീഭവിക്കുക എന്നതും, രണ്ടാമത്തേതു് വിമർശിക്കുക എന്നതും; പഠിപ്പിക്കുകയും പരിവർത്തനം വരുത്തുകയും. ഐക്യമുന്നണിയിൽ, കീഴടങ്ങി കൊടുക്കുന്ന മനോഭാവം തെററാണു്; തനിക്കു മാത്രമായിട്ടുള്ളതാണു് എന്ന രീതിയിലുള്ള പെരുമാററവും മററുള്ളവരോടുള്ള വെറുപ്പും അടങ്ങുന്ന വിഭാഗീയ ചിന്താഗതിയും തെററാണു്. ഉപയോഗപ്രദമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിവുള്ള പഴയ രീതിക്കാരായ എല്ലാ ബുദ്ധിജീവികളും കലാകാരന്മാരും വൈദ്യന്മാരും ആയിട്ടു് ഏകീഭവിക്കുകയും, അവരെ സഹായിക്കുകയും, അവരെ പഠിപ്പിക്കുകയും, അവർക്കു പരിവർത്തനം വരുത്തുകയും ചെയ്യുകയാണു് നമ്മുടെ കർത്തവ്യം. അവരിൽ പരിവർത്തനം വരുത്തുന്നതിനുവേണ്ടി നമ്മൾ ആദ്യമായി അവരുമായിട്ടു് ഏകീഭവിക്കണം. നമ്മൾ ഇതു് ശരിയായ രീതിയിൽ ചെയ്യുകയാണെങ്കിൽ അവർ നമ്മുടെ സഹായത്തെ സ്വാഗതം ചെയ്യും.

നമ്മുടെ സംസ്കാരം ഒരു ജനകീയ സംസ്കാരമാണു്; നമ്മുടെ സാംസ്കാരിക പ്രവർത്തകർ അത്യധികമായ ആവേശത്തോടും, സമർപ്പണ മനോഭാവത്തോടും കൂടി ജനങ്ങളെ സേവിക്കുകയും, ജനങ്ങളോടു് സ്വയം ബന്ധപ്പെടുകയും, ജനങ്ങളിൽനിന്നു് ഒററപ്പെട്ടു പോകാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യണം. ജനങ്ങളുമായുള്ള ഐക്യം നേടിയെടുക്കുന്നതിനുവേണ്ടി അവർ ജനങ്ങളുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരണമായി പ്രവർത്തിക്കണം. ജനങ്ങൾക്കുവേണ്ടിയുള്ള എല്ലാ പ്രവർത്തികളും ആരംഭിക്കേണ്ടതു് അവരുടെ ആവശ്യങ്ങളിൽ നിന്നാണു്, അല്ലാതെ എത്രയൊക്കെ നല്ല ഉദ്ദേശങ്ങളോടുകൂടിയതായിരുന്നാലും ശരി ഏതെങ്കിലും വ്യക്തിയുടെ ആഗ്രഹങ്ങളിൽ നിന്നല്ല. വസ്തുനിഷ്ഠമായി നോക്കുമ്പോൾ ജനങ്ങൾക്കു് ചില പരിവർത്തനങ്ങൾ ആവശ്യമുണ്ടെങ്കിലും, ആത്മനിഷ്ഠമായി അവക്കു് തങ്ങളുടെ ആവശ്യത്തെ കുറിച്ചു് ഇനിയും ബോധമില്ലെന്നും,

അവർ പരിവർത്തനം വരുത്തുന്നതിനു് ഇനിയും തയാറുള്ളവരോ നിശ്ചയദാർഢ്യം ഉള്ളവരോ അല്ലെന്നും വരാവുന്നതാണു്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നമ്മൾ ക്ഷമാപൂർവം കാത്തിരിക്കണം. നമ്മുടെ പ്രവത്തനങ്ങളുടെ ഫലമായി ജനങ്ങളിൽ ബഹുഭൂരിപക്ഷവും തങ്ങളുടെ ആവശ്യത്തെകുറിച്ചു് ബോധമുള്ളവർ ആയിത്തീരുകയും, പരിവർത്തനങ്ങൾ വരുത്തുന്നതിനു് തയാറുള്ളവരും നിശ്ചയദാർഢ്യമുള്ളവരും ആവുകയും ചെയ്യുന്നതുവരെ നമ്മൾ പരിവർത്തനങ്ങൾ വരുത്തരുതു്. നേരേമറിച്ചാണു് പ്രവത്തിക്കുന്നതെങ്കിൽ, നമ്മൾ ജനങ്ങളിൽനിന്നു് നമ്മളെത്തന്നെ ഒററപ്പെടുത്തുകയായിരിക്കും ചെയ്യുന്നതു്. ജനങ്ങൾ ബോധം ഉള്ളവരും തയാറുള്ളവരും അല്ലെങ്കിൽ, അവരുടെ ഭാഗഭാഗിത്വം ആവശ്യമായിട്ടുള്ള ഏതു തരത്തിലുള്ള പ്രവർത്തനവും ഒരു വെറും ചടങ്ങു മാത്രമായി പരിണമിക്കുകയും, പരാജയമടയുകയും ചെയ്യും. ''ധൃതി പിടിച്ചതുകൊണ്ടു് വിജയം കൈവരുകയില്ല'' എന്ന പഴഞ്ചൊല്ലുകൊണ്ടു് അത്ഥമാകുന്നതു് നമ്മൾ ധൃതി കാണിക്കരുതു് എന്നല്ല, പ്രത്യുത നമ്മൾ വീണ്ടുവിചാരമില്ലാത്തവർ ആയിരിക്കരുതെന്നാണു്; വീണ്ടുവിചാരമില്ലായ്മ പരാജയത്തിൽ മാത്രമാണു് കലാശിക്കുക. ഏതു തരത്തിലുള്ള പ്രവർത്തനത്തിനും ഇതു ബാധകമാണു്, പ്രത്യേകിച്ചും ജനങ്ങളുടെ ചിന്താരീതിയിൽ പരിവർത്തനം വരുത്തുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവും ആയ പ്രവർത്തനങ്ങളിൽ ഇതു തികച്ചും സത്യമാണു്. ഇവിടെ രണ്ടു് അടിസ്ഥാനതത്വങ്ങൾ ഉണ്ടു്: ആദ്യമായി, ജനങ്ങൾക്കു് എന്താണു് ആവശ്യമായിട്ടുള്ളതെന്നു് നമ്മൾ സങ്കല്പിക്കുന്നതിനേക്കാളേറെ അവക്കു് യഥാത്ഥത്തിൽ എന്താണു് ആവശ്യമായിട്ടുള്ളതു്; രണ്ടാമതായി, ജനങ്ങൾക്കുവേണ്ടി എന്തു ചെയ്യുവാനാണു് നമുക്കു് നിശ്ചയദാർഢ്യമുള്ളതു് എന്നതിനേക്കാളേറെ എന്തുചെയ്യുന്നതിന്നാണു് അവർ തയാറുള്ളതും ദൃഢനിശ്ചയത്തോടെ മുന്നോട്ടിറങ്ങുന്നതും.

# സംസ്കാരത്തേയും, വിദ്യാഭ്യാസത്തേയും, ബുദ്ധിജീവികളേയും സംബന്ധിച്ച പ്രശ്നങ്ങൾ

(1945 ഏപ്രിൽ 24)

വിദേശീയ ശക്തികളുടേയും നാടുവാഴിത്ത ശക്തികളുടേയും മർദ്ദനം ചൈനീസ് ജനതയുടെ മേൽ വരുത്തിവച്ച ദുരന്തങ്ങൾ നമ്മുടെ ദേശീയ സംസ്കാരത്തേയും ബാധിച്ചിട്ടുണ്ട്. പുരോഗമനപരമായ സാംസ്കാരിക, വിദ്യാഭ്യാസ സ്ഥാപനങ്ങളേയും, പുരോഗമന ചിന്താഗതിക്കാരായ സാംസ്കാരിക പ്രവർത്തകരേയും, വിദ്യാഭ്യാസരംഗത്തെ പ്രവർത്തകരേയും ഇതു് പ്രത്യേകിച്ചും ബാധിച്ചു. വിദേശീയ ശക്തികളുടേയും നാടുവാഴിത്ത ശക്തികളുടേയും മർദ്ദനം ഇല്ലാതാക്കുവാനും ഒരു പുത്തൻ ജനാധിപത്യ ചൈന കെട്ടിപ്പടുക്കുവാനുമായി ജനങ്ങൾക്കുവേണ്ടി ഒരു വലിയ സംഖ്യ വരുന്ന വിദ്യാഭ്യാസപ്രവർത്തകരേയും, അദ്ധ്യാപകരേയും, അതോടൊപ്പംതന്നെ ജനങ്ങളെ സേവിക്കുവാൻ സന്നദ്ധരായ ശാസ്ത്രജ്ഞന്മാരേയും, എഞ്ചിനീയർമാരേയും, സാങ്കേതിക വിദഗ്ദ്ധൻമാരേയും, ഡോക്ടർമാരേയും, പത്രപ്രവർത്തകരേയും, സാഹിത്യകാരന്മാരേയും, പണ്ഡിതന്മാരേയും, കലാകാരന്മാരേയും, സാംസ്കാരിക രംഗത്തെ സാധാരണ പ്രവർത്തകരേയും നമുക്കു് ആവശ്യമുണ്ടു്. അവർ ജനങ്ങളെ സേവിക്കുന്നതിനുവേണ്ടത്ര ഊർജ്ജസ്വലതയുള്ളവർ ആയിരിക്കുകയും, കഠിനമായി പ്രവർത്തിക്കുകയും ചെയ്യണം. ജനങ്ങൾക്കുവേണ്ടി ഉത്കൃഷ്ടമായ സേവനം അനുഷ്ഠിച്ചിട്ടുള്ള എല്ലാ ബുദ്ധിജീവികളേയും രാഷ്ട്രത്തിന്റേയും

സമുദായത്തിൻേറയും വിലപ്പെട്ട നേട്ടങ്ങളായി ആദരിക്കണം. വിദേശീയ ശക്തികളുടേയും നാടുവാഴിത്ത ശക്തികളുടേയും മർദ്ദനത്തിൻെറ ഫലമായി ചൈന സാംസ്കാരിക രംഗത്തു് പിന്നോക്കമായതിനാലും, വിമോചനത്തിനുവേണ്ടിയുള്ള ചൈനീസ് ജനതയുടെ സമരത്തിനു് ബുദ്ധിജീവികളുടെ ഭാഗഭാഗിത്വം അടിയന്തിരമായി ആവശ്യമുണ്ടെന്നതിനാലും ബുദ്ധിജീവികളെ സംബന്ധിക്കുന്ന പ്രശ്നം വ്യക്തമായും വളരെ പ്രധാനപ്പെട്ടതാണു്. കഴിഞ്ഞ അര നൂററാണ്ടുകാലത്തെ ചൈനീസ് ജനതയുടെ വിമോചനത്തിനുവേണ്ടിയുള്ള സമരത്തിൽ, പ്രത്യേകിച്ചും 1919—ലെ മേയ് നാലു് പ്രസ്ഥാനത്തിനുശേഷവും, ജപ്പാൻ വിരുദ്ധ സമരം പൊട്ടിപ്പുറപ്പെട്ടതിനുശേഷമുള്ള എട്ടു വർഷങ്ങൾക്കു് ഇടയിലും, അസംഖ്യം വിപ്ളവകാരികളായ ബുദ്ധിജീവികൾ ഒരു പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ടു്. വരാനിരിക്കുന്ന സമരങ്ങളിൽ അവർ ഇതിലും കൂടുതൽ പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കും. അതുകൊണ്ടു്, ജനകീയ ഗവണ്മെൻറു്, പാർട്ടി പ്രവർത്തകരായി സേവനം അനുഷ്ഠിക്കുന്നതിനും, പ്രവർത്തന രംഗത്തു് ഉപയോഗിക്കുവാൻ കഴിയുന്ന കിട്ടാവുന്ന എല്ലാ ബുദ്ധിജീവികളുമായും സുഹൃദ്ബന്ധം സ്ഥാപിക്കുന്നതിലും അവരെ പുനർ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും ശ്രദ്ധ ചെലുത്തുന്നതിനും ആയി ജനങ്ങളുടെ ഇടയിൽ നിന്നുള്ള വിവിധ വിഭാഗങ്ങളിൽപെട്ട ബുദ്ധിജീവികളെ യഥാക്രമം പരിശീലിപ്പിക്കണം.

ജനസംഖ്യയുടെ എൺപതു ശതമാനത്തിൻെറ ഇടയിലുള്ള നിരക്ഷരത്വത്തെ ഉന്മൂലനം ചെയ്യേണ്ടതു പുതിയ ചൈനയുടെ ഒരു പ്രധാനപ്പെട്ട കർത്തവ്യമാണു്.

ദാസ്യമനോഭാവത്തോടുകൂടിയതും, നാടുവാഴിത്ത സ്വഭാവത്തോടുകൂടിയതും, ഫാസിസ്റ്റ് രീതിയിലുള്ളതും ആയ എല്ലാവിധ സംസ്കാരത്തേയും വിദ്യാഭ്യാസത്തേയും പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതിനു് അനുയോജ്യമായതും, നിശ്ചയ ദാർഢ്യത്തോടുകൂടിയുള്ളതും ആയ നടപടികൾ തീർച്ചയായും എടുക്കണം.

ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന പകർച്ച വ്യാധികളേയും രോഗങ്ങളേയും തടയുന്നതിനും അവയ്ക്കെതിരായി ചികിത്സകൾ നടത്തുന്നതിനും, പൊതുജനാരോഗ്യത്തേയും വൈദ്യസഹായത്തേയും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി ഊർജ്ജസ്വലമായ നടപടികൾ എടുക്കണം.

പഴയ രീതിക്കാരായ സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തകരേയും വൈദ്യൻമാരേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് നമ്മൾ അനുയോജ്യമായ നടപടികൾ എടുക്കണം, അതിൻെറ ഫലമായി അവർ ഒരു പുതിയ മനോഭാവവും ജനങ്ങളെ സേവിക്കുന്നതിനുവേണ്ടി പുതിയ സമ്പ്രദായങ്ങളും നേടിയെടുത്തേക്കാം.

ചൈനീസ് ജനതയുടെ സംസ്കാരവും വിദ്യാഭ്യാസവും, ദേശീയവും ശാസ്ത്രീയവും ജനസമ്മതി ഉള്ളതും ആയ സംസ്കാരവും വിദ്യാഭ്യാസവും കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയ പുത്തൻ ജനാധിപത്യ സംസ്കാരവും വിദ്യാഭ്യാസവും ആയിരിക്കണം.

വിദേശീയ സംസ്കാരത്തെ ഒഴിച്ചു നിറുത്തുന്ന ഒരു നയം സ്വീകരിക്കുന്നതു് തെററായിരിക്കും. എന്തെന്നാൽ, ചൈനയുടെ പുതിയ സംസ്കാരം വികസിപ്പിക്കുന്നതിൽ സഹായിക്കുന്നതിനുവേണ്ടി പുരോഗമനപരമായ വിദേശീയ സാഹിത്യത്തെ നമ്മൾ പൂർണ്ണമായും ഉൾക്കൊള്ളണം. എന്നാൽ വിവേചനാ രഹിതമായ രീതിയിൽ വിദേശീയ സാഹിത്യത്തെ ചൈനയിലേക്കു പ്രവേശിപ്പിക്കുന്ന നയവും തെററാണു്. ചൈനീസ് ജനതയുടെ യഥാർത്ഥത്തിലുള്ള ആവശ്യങ്ങളെ നിറവേററുന്നതിനുവേണ്ടി വിമർശനപരമായിട്ടു് ആയിരിക്കണം നമ്മൾ വിദേശീയ സാഹിത്യത്തെ ഉൾക്കൊള്ളേണ്ടതു്.

സോവിയററ് യൂണിയനിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള പുതിയ സംസ്കാരം, ജനകീയ സംസ്കാരം കെട്ടിപ്പടുക്കുന്നതിനു വേണ്ടിയുള്ള നമ്മുടെ മാതൃകയായി നമ്മൾ സ്വീകരിക്കണം. അതുപോലെതന്നെ നമ്മൾ ചൈനയുടെ പുരാതന സംസ്കാരത്തെ മൊത്തമായി തിരസ്കരിക്കുകയാകട്ടെ, വിമർശനബുദ്ധ്യാലല്ലാതെ സ്വീകരിക്കുകയാകട്ടെ ചെയ്യരുത്. പകരം, നമ്മൾ അതിനെ ഏററവും യുക്തിപൂർവം സൂക്ഷ്മ വിശകലനം ചെയ്യുകയും, ചൈനയുടെ പുതിയ സംസ്കാരത്തിൻെറ വികസനത്തിന് സഹായകമായിട്ടുള്ളതിനെ എല്ലാം സ്വീകരിക്കുകയും ചെയ്യണം.

['സഖ്യകക്ഷിഗവണ്മെൻറിനെ കുറിച്ച്'' എന്ന ലേഖനത്തിൽ നിന്ന്]

# ചൈനയിലെ സാംസ്കാരിക പ്രസ്ഥാനത്തെ സംബന്ധിക്കുന്ന പ്രധാന വിഷയം

(1945 ഏപ്രിൽ 24)

വർത്തമാന കാലഘട്ടത്തിൽ ചൈനയിലെ സാംസ്കാരിക പ്രസ്ഥാനത്തെ സംബന്ധിക്കുന്ന പ്രധാന വിഷയം കഷ്ക ജനതയും ആയി ബന്ധപ്പെട്ടതാണ്. മുപ്പത്തിആറുകോടിവരുന്ന കർഷകരെ കണക്കിലെടുക്കാതെയിരുന്നാൽ, നിരക്ഷരത്വം പാടെ നീക്കം ചെയ്യുക, സാർവത്രികമായ വിദ്യാഭ്യാസം, ജനങ്ങൾക്കുവേണ്ടിയുള്ള സാഹിത്യവും കലകളും, പൊതുജനാരോഗ്യ പ്രവത്തനങ്ങൾ എന്നിവയെല്ലാം പൊതുവെ വ്യർത്ഥ ജൽപ്പനമായി തീരുകയില്ലേ?

ഇതു പറയുമ്പോൾ, അവശേഷിക്കുന്ന ഒൻപതുകോടി ജനങ്ങളുടെ, പ്രത്യേകിച്ചും രാഷ്ട്രീയമായി ഏററവുമധികം പ്രബുദ്ധരും അതുകൊണ്ടുതന്നെ മുഴവൻ വിപ്ളവപ്രസ്ഥാനത്തെയും നയിക്കുവാൻ ഏററവുമധികം യോഗ്യതയുള്ളവരും ആയ തൊഴിലാളി വര്ഗ്ഗത്തിൻെറ, രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും ആയ പ്രാധാന്യത്തെ ഞാൻ തീച്ച്യായും അവഗണിക്കുന്നില്ല; ഇക്കാര്യത്തെ കുറിച്ച് യാതൊരു തെററിദ്ധാരണകളും ഉണ്ടാകരുത്.

['സഖ്യകക്ഷി ഗവണ്മെൻറിനെ കുറിച്ച്' എന്ന ലേഖനത്തിൽ നിന്ന്]

# എന്തിനെയാണു് പ്രശംസിക്കുക, എന്തിനെയാണു് പഴിക്കുക X

(1951)

പല എഴുത്തുകാരുടേയും വീക്ഷണത്തിൽ, ചരിത്രപരമായ വികസനം ഉൾക്കൊണ്ടിരിക്കുന്നതു്, പഴയതിനെ മാററി പുതിയതിനെ പ്രതിഷ്ഠിക്കുന്നതിലല്ല, പ്രത്യുത എല്ലാവിധ പരിശ്രമങ്ങളിലുംകൂടി പഴയതിനെ നശിപ്പിക്കാതെ സംരക്ഷിക്കുന്നതിലാണു്; ബഹിഷ്കരിക്കപ്പെടേണ്ടവരായ പിന്തിരിപ്പൻ നാടുവാഴി ഭരണാധികാരികളെ വർഗ്ഗസമരത്തിൻെറ മാർഗ്ഗത്തിൽക്കൂടി ബഹിഷ്കരിക്കുന്നതിലല്ല, പ്രത്യുത വൂ ഹ് സുൺ ചെയ്ത

X സഖാവു് മാവോ സേ–തുങ്ങ് പീപ്പിൾസ് ഡെയിലിയിൽ എഴുതിയ ഒരു മുഖപ്രസംഗത്തിൽ നിന്നുള്ള ഒരു ഭാഗമാണു് ഇതു്. വൂ ഹ്സുൺെറ(1838–1896) ജീവിതകഥയെ അടിസ്ഥാനമാക്കി 1950–ൽ നിർമ്മിക്കപ്പെട്ട സിനിമയെ കുറിച്ചുള്ള ഈ നിരൂപണത്തിൽ, വളരെ ദരിദ്രനായിരുന്ന വൂ ഹ്സുൺ തനിക്കു ഭിക്ഷ യാചിച്ചു കിട്ടിയ പണം വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ചെലവഴിച്ചുവെങ്കിൽത്തന്നെയും, നാടുവാഴിത്ത വ്യവസ്ഥയ്ക്കും സാമ്രാജ്യത്വത്തിനും എതിരായ സമരങ്ങൾ നടന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ ജീവിച്ചിരുന്ന അയാൾ, ആ വിപ്ലവ സമരങ്ങളോടു് എന്തു സമീപനം സ്വീകരിച്ചു എന്നതിൻെറ അടിസ്ഥാനത്തിലാണു് അയാളെ വിലയിരുത്തേണ്ടതെന്നു് സഖാവു് മാവോ സേ–തുങ്ങ് വ്യക്തമാക്കുന്നു.

തുപോലെ മർദ്ദിത ജനവിഭാഗങ്ങളുടെ വർഗ്ഗസമരത്തെ തിരസ്കരിക്കുന്നതിലും ഈ ഭരണാധികാരികൾക്ക് കീഴടങ്ങിക്കൊടുക്കുന്നതിലുംകൂടിയാണ്. ചൈനീസ് ജനതയുടെ മേൽ മർദ്ദനഭരണം നടത്തിയിരുന്ന ശത്രുക്കൾ ആരായിരുന്നു എന്നോ, അതുപോലെയുള്ള ശത്രുക്കൾക്ക് കീഴടങ്ങുകയും അവർക്കുവേണ്ടി സേവനം അനുഷ്ഠിക്കുകയും ചെയ്തിരുന്നവർ പ്രശംസിക്കപ്പെടണമോ എന്നോ നിർണ്ണയിക്കുന്നതിനുവേണ്ടി നമ്മുടെ എഴുത്തുകാർ ചൈനീസ് ചരിത്രത്തെ പരിശോധിച്ചിട്ടില്ല. 1840–ലെ കറുപ്പുയുദ്ധത്തിനുശേഷമുള്ള ഒരു നൂററാണ്ടിൽ കൂടുതൽ ദൈർഘ്യമുള്ള കാലഘട്ടത്തിൽ പഴയ സമ്പ്രദായത്തിലുള്ള സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകളും അവയുടെ ഉപരിഘടകത്തിനും (രാഷ്ട്രീയം, സംസ്കാരം തുടങ്ങിയവ) എതിരായി സമരം ചെയ്തുകൊണ്ട് ചൈനയിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള പുതിയ സമ്പ്രദായത്തിൽപെട്ട സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയും, പുതിയ വർഗ്ഗശക്തികളും, പുതിയ വ്യക്തിത്വങ്ങളും ആശയങ്ങളും എന്തൊക്കെ ആണെന്നു് കണ്ടുപിടിക്കുവാനും, അപ്രകാരം എന്തിനെയൊക്കെയാണ് അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യേണ്ടതെന്നും, എന്തിനെയൊക്കെയാണ് അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യരുതാത്തതെന്നും, എന്തിനെയൊക്കെയാണ് പഴിക്കേണ്ടതെന്നും തീരുമാനിക്കുവാനും അവർ ശ്രമിച്ചിട്ടില്ല.

# 'റെഡ്' ചേംബർ ഡ്രീമി'നെ കുറിച്ചുള്ള പഠനം

(1954 ഒക്ടോബർ 16)

യു പിഗ്-പോയുടെ അഭിപ്രായങ്ങൾ തെററാണെന്നു സമർത്ഥിച്ചുകൊണ്ടുള്ള രണ്ടു ലേഖനങ്ങൾ ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്. ദയവുചെയ്ത് അവയെ ശ്രദ്ധയോടെ പരിശോധിക്കണം. 'ദി റെഡ് ചേംബർ ഡ്രീം' എന്ന ഗ്രന്ഥത്തെ കുറിച്ചുള്ള പഠനരംഗത്തെ ആധികാരിക ജ്ഞാനമുള്ള പണ്ഡിതൻ എന്നു വിളിക്കപ്പെട്ടിരുന്ന ഒരാളുടെ തെററായ വീക്ഷണങ്ങൾക്കെതിരായി കഴിഞ്ഞ മുപ്പതുവർഷങ്ങളിൽ അധികമായിട്ട് ആദ്യമായുണ്ടാകുന്ന ഗൗരവപൂർവമായ വിമർശനങ്ങളാണ് അവ. ലേഖകർ 'യൂത്ത് ലീഗി'ലെ രണ്ട് അംഗങ്ങളാണ്. യു പിംഗ്-പോയെ വിമശിക്കുന്നതു് ശരിയായിരിക്കുമോ എന്ന് അന്വേഷിച്ചുകൊണ്ട് ആദ്യം അവർ 'വെൻ-യി പാഒ' xx യ്ക്ക് എഴുതി. പക്ഷേ അവർ അവഗണിക്കപ്പെട്ടു. വേറെ യാതൊരു മാർഗ്ഗവും ഇല്ലായിരുന്നതുകൊണ്ട് അവർ തങ്ങളുടെ പഴയ വിദ്യാലയമായ ഷാംട്ടംഗ് സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ ഉപദേശം ആരായുകയും, അവരിൽനിന്ന് അവർക്ക് പിൻതുണ ലഭിക്കുകയും ചെയ്തു. ' ''ദി റെഡ് ചേംബർ ഡ്രീമി' x നെ കുറിച്ചുള്ള

---

xx ചൈനീസ് എഴുത്തുകാരുടെ യൂണിയന്റെ സാഹിത്യത്തേയും കലയേയും കുറിച്ചുള്ള ഒരു താത്വിക പ്രസിദ്ധീകരണം.

---

x 'ദി റെഡ് ചേംബർ ഡ്രീം' 18-ാം നൂററാണ്ടിൽ ട്സാഒ ഹ്സെപ-ചിൻ എഴുതിയ ഒരു നോവലാണ്. അതിനെ കുറിച്ചുള്ള വിമർശനത്തെ പരാമർശിച്ചുകൊണ്ട് സഖാവ് മാവോ സേ തുങ്ങ് പോളിററ്ബ്യൂറോക്കയച്ച ഒരെഴുത്താണിതു്. 'മാവോ പേപ്പേർസ്', ജെറോംചെൽ, പേജ് 80,81 നോക്കുക.

ഒരു സംക്ഷിപ്ത വിവരണ''ത്തെ എതിർത്തു കൊണ്ടുള്ള അവരുടെ ലേഖനം സർവകലാശാലാ പ്രസിദ്ധീകരണ മായ 'മെൻ ഷിഹ് ചേ'യിൽ('സാഹിത്യം, ചരിത്രം, തത്വശാസ്ത്രം') പ്രസിദ്ധീകരിക്കപ്പെട്ടു. അപ്പോൾ ഈ പ്രശ്നം പീക്കിംഗിൽ വീണ്ടും ഉയർന്നു വന്നു. ചർച്ചയ്ക്കും വിമർശനത്തിനും പ്രചോദനം നൽകുന്നതിനുവേണ്ടി ഈ ലേഖനം 'പീപ്പിൾസ് ഡെയിലി'യിൽ വീണ്ടും പ്രസിദ്ധീകരിക്കണമെന്ന് ചിലർ ആവശ്യപ്പെട്ടു. പക്ഷേ മററുചിലർ പല കാരണങ്ങളാലും ഇതിനെ എതിർത്തതു കൊണ്ട് ലേഖനം 'പീപ്പിൾസ് ഡെയിലി'യിൽ പ്രസിദ്ധീകരിക്കുകയുണ്ടായില്ല (ഇതു് 'അപ്രസിദ്ധരായ ആളുകൾ എഴുതിയ ഒരു ലേഖനമാണെന്നും', പാർട്ടിപത്രം സ്വതന്ത്രചർച്ചയ്ക്കുള്ള ഒരു വേദിയല്ലെന്നും' ഉള്ളതായിരുന്നു അവർ ഉന്നയിച്ച പ്രധാന കാരണം). ഇതിന്റെ ഫലമായി ഒരു ഒത്തുതീർപ്പ് ഉണ്ടാവുകയും ലേഖനം 'വെൻ-യി പാഓ'യിൽ പ്രസിദ്ധീകരിക്കുന്നതിനു് അനുവാദം നൽകുകയും ചെയ്തു. പിന്നീട്, യു പിംഗ് പോയുടെ പുസ്തകമായ '' 'ദി റെഡ് ചേംബർ ഡ്രീമി'നെ കുറിച്ചുള്ള പഠനങ്ങളെ'' എതിർത്തുകൊണ്ടുള്ള ഈ രണ്ടു് യുവാക്കളുടേയും മറെറാരു ലേഖനം 'കുവാഗ്-മിംഗ് ജിഹ്-പാഓ'യിലെ പുരാതനസാഹിത്യത്തെ കുറിച്ച് പ്രതിപാദിക്കുന്ന ഭാഗത്തു് പ്രസിദ്ധീകരിക്കപ്പെട്ടു. കഴിഞ്ഞ മുപ്പതു വർഷങ്ങളിൽ അധികമായി ക്ലാസ്സിക്കൽ സാഹിത്യത്തിൻെറ രംഗത്തു് യുവജനങ്ങളുടെ മനസ്സിനെ വിഷലിപ്തമാക്കിക്കൊണ്ടിരുന്ന ബൂർഷ്വാ ആത്മീയവാദത്തെ പ്രചരിപ്പിച്ചിരുന്ന 'ഹു ഷിഷ് ചിന്താഗതി'

ക്കെതിരായി സമരം ആരംഭിക്കാറായിട്ടുള്ളതുപോലെ തോന്നുന്നു. ഈ സമരം ആരംഭിക്കുവാൻ കാരണഭൂതരായിത്തീന്നിട്ടുള്ളതു് രണ്ടു് 'അപ്രസിദ്ധരായ' യുവാക്കളാണു്; അതേസമയം 'വൻകിടക്കാർ' സാധാരണ ഇതിനെ അവഗണിക്കുകയോ തടസ്സപ്പെടുത്തുകയോ പോലും ചെയ്യുകയും, ആത്മീയവാദത്തിൻെറ അടിസ്ഥാനത്തിൽ അവർ ബൂർഷ്വാ എഴുത്തുകാരുമായിച്ചേർന്നു് ഒരു

ഐക്യമുന്നണി രൂപീകരിക്കുകയും, ബൂർഷ്വാസിയുടെ അടിമകളായിത്തീരുവാൻ തയാറാവുകയും ചെയ്യുന്നു. ചിങ്ങ് രാജസദസ്സിലെ രഹസ്യങ്ങരം', 'വൂ ഹ്ഷ്വൺ ൻെറ ജീവിതകഥ' എന്നീ സിനിമകരം പ്രദർശിക്കപ്പെട്ടപ്പോഴും ഏതാണ്ട് ഇതുതന്നെ ആയിരുന്നു അവസ്ഥ. ദേശസ്നേഹപരമാണെന്ന് ചില ആളുകരം വിശേഷിപ്പിച്ചിട്ടുള്ളതും എന്നാൽ യഥാൎത്ഥത്തിൽ ദേശീയവഞ്ചന നടത്തുന്നതുമായ 'ചിംഗ് രാജസദസ്സിലെ രഹസ്യങ്ങരം' എന്ന സിനിമ രാജ്യം മുഴുവൻ പ്രദർശിപ്പിക്കപ്പെട്ടതിനു ശേഷവും ഏതെങ്കിലും സമയത്ത് അതു് വിമർശിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. 'വൂ ഹ്സുൺൻെറ ജീവിതകഥ'യെ വിമർശിച്ചിട്ടുണ്ടെങ്കിൽ തന്നെയും, ഇതുവരെയും അതിൽനിന്നു് പാഠങ്ങരം ഒന്നും ഉരംക്കൊണ്ടിട്ടില്ല; ഇതിലും ഉപരിയായി, യൂപിങ്ങ്—പോയുടെ ആത്മീയവാദത്തെ വച്ചുപൊറുപ്പിക്കുകയും, അതേസമയം അതിനെ എതിർത്തുകൊണ്ടു് 'അപ്രസിദ്ധർ' എഴുതിയ സജീവവും, വിമർശന പരവും ആയ ഉപന്യാസങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന അസാധാരണ പരിതസ്ഥിതിയാണു് ഇപ്പോരം ഉള്ളതു്. ഇതു് നമ്മുടെ ശ്രദ്ധ അർഹിക്കുന്ന ഒരു കാര്യമാണു്.

യൂ പിംഗ്—പോയെ പോലെയുള്ള ബൂർഷ്വാ ബുദ്ധിജീവികളുടെ നേരെയുള്ള നമ്മുടെ മനോഭാവം സ്വാഭാവികമായും അവരുമായി ഐക്യം സ്ഥാപിക്കുക എന്നുള്ളതു് ആയിരിക്കണം; എന്നാൽ യുവജനങ്ങളുടെ മനസ്സുകളെ വിഷലിപ്തമാക്കുന്ന അവരുടെ തെററായ ആശയങ്ങളെ നമ്മരം വിമർശിക്കുകയും നിരാകരിക്കുകയും ചെയ്യണം; നമ്മരം അവർക്കു് ഒരിക്കലും കീഴടങ്ങി കൊടുക്കരുതു്.

## സാഹിത്യ ശൈലി
(1955)

ഈ ലേഖനത്തിൻെറ അജ്ഞാത നാമാവായ രചയിതാവിന്ന് നന്ദി പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അത്യധികമായ ആവേശത്തോടുകൂടി, അയാൾ സഹകരണസംഘങ്ങൾ കെട്ടിപ്പടുക്കുക. എന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ഡിസ്ട്രിക്ടിനെ കുറിച്ച് ജീവസ്സുള്ള ഭാഷയിൽ ഒരു വിശദമായ വിവരണം നൽകുന്നു. രാജ്യത്താകമാനമുള്ള സഹകരണ പ്രസ്ഥാനത്തിന്ന് അയാളുടെ ലേഖനം മഹത്തായ ഒരു സേവനമാണ് അനുഷ്ഠിക്കുന്നത്. എല്ലാ സംസ്ഥാനങ്ങൾക്കും, പ്രത്യേക ഭരണമേഖലകൾക്കും, കൗണ്ടികൾക്കും ഇതുപോലെതന്നെ മേന്മയുള്ള ഒന്നോ അതിൽ അധികമോ ലേഖനങ്ങൾ സംജാതമാക്കുവാൻ കഴിയുമെന്ന് ഞങ്ങൾ ആശിക്കുന്നു.

['ചൈനയിലെ ഗ്രാമപ്രദേശങ്ങളിലെ സോഷ്യലിസ്റ്റ് മുന്നേററ'ത്തിൽ പ്രസിദ്ധീകരിച്ച, 'പാർട്ടി സെക്രട്ടറി നേതൃത്വം നൽകുകയും എല്ലാ പാർട്ടി അംഗങ്ങളും സഹകരണ സംഘങ്ങൾ നടത്തുവാൻ സഹായിക്കുകയും ചെയ്യുന്നു' എന്ന ലേഖനത്തെ കുറിച്ചുള്ള പത്രാധിപരുടെ കുറിപ്പുകളിൽനിന്ന്.]

ഈ ലേഖനത്തിൽ വിവരിച്ചിട്ടുള്ള സമ്പ്രദായം —''നാലു താരതമ്യ വിവേചനങ്ങളും അഞ്ചു ഗണനങ്ങളും നടത്തുക'—ഏതു സമ്പ്രദായമാണ് നല്ലതെന്നും, ഏതാണ് ചീത്തയെന്നും കർഷകരെ വ്യക്തമായി കാണിക്കുന്നതിനുള്ള വളരെ പ്രയോജനകരമായ ഒരു മാർഗ്ഗ

---

മാവോ സേ—തുങ്ങ്: സാഹിത്യവും കലയും, നാഷണൽ ബുക്ക് ഏജൻസി പ്രൈവററ് ലിമററഡ്, കൽക്കട്ട, പേജ്: 116 മുതൽ 118 വരെ.

മാണ്. കേരക്കുന്ന നിമിഷത്തിൽതന്നെ അവർക്ക് ഇതു മനസ്സിലാകും. ഇതുപോലെയുള്ള സമ്പ്രദായങ്ങരം ഏററവുമധികം ബോധ്യം വരുത്തുന്നവയാണ്. പ്രചരണ പ്രവത്തനം നടത്തുന്നതിനു് കഴിവില്ലാത്തവരും, ''ഒന്നു കിൽ നിങ്ങരം കമ്യൂണിസ്ററ് പാർട്ടിയുടെ മാർഗ്ഗത്തെ പിൻതുടരുക അല്ലെങ്കിൽ നിങ്ങരം ചിയാംഗ് കൈഷ ക്കിൻെറ മാർഗ്ഗത്തെ പിൻതുടരുക'' എന്നതുപോലെയു ള്ള മുദ്രാവാക്യങ്ങരംകൊണ്ടു് പ്രശ്നത്തെ ലഘൂകരിച്ചു കാണിക്കുവാൻ ശ്രമിക്കുന്നവരും ആയ സഖാക്കരം ചെ യ്യുന്ന രീതിയിലുള്ള കാര്യങ്ങളിൽ നിന്നു് വളരെ അ ധികം മുന്നേറിയവ ആണ് ഈ ലേഖനത്തിൽ പ്രതി പാദിക്കുന്ന കാര്യങ്ങരം. മുൻപറഞ്ഞ സഖാക്കരം സൃഷ്ടി പരവും ഉത്തേജനം നൽകുന്നതുമായ എന്തെങ്കിലും ആയി മുന്നോട്ടു വരുന്നതിനുപകരം, ഭീഷണികൊണ്ടു് നിർവീ ര്യരാക്കി അനുസരിപ്പിക്കുന്നതിന്നായി ജനങ്ങളെ വെറു തെ ഇനംതിരിച്ച് മുദ്രയടിക്കുവാൻ മാത്രമാണ് ശ്രമി ക്കുന്നതു്. എന്നാൽ കർഷകരുടെ സ്വന്തം അനുഭവങ്ങളെ ഉപയോഗപ്പെടുത്തുകയും അവയെ വിശദമായി വശകല നം നടത്തുകയും ചെയ്യുക എന്നതു് ശരിയ്ക്കും ഫലവത്താ യിട്ടുള്ള ഒരു സമ്പ്രദായമാണ്.

['ചൈനയിലെ ഗ്രാമപ്രദേശങ്ങളിലെ സോഷ്യ ലിസ്റ്റു് മുന്നേററ'ത്തിൽ പ്രസിദ്ധീകരിച്ച, 'സഹ കരണ സംഘങ്ങളെ ശക്തിപ്പെടുത്തുക—ഒരു നല്ല ഉദാഹരണം' എന്ന ലേഖനത്തെ കുറിച്ചുള്ള പത്രാ ധിപരുടെ കുറിപ്പുകളിൽനിന്നു്.]

ഈ ലേഖനം വളരെ നന്നായി എഴുതപ്പെട്ടിരി ക്കുന്നു. കൗണ്ടി, ഡിസ്ട്രിക്ട് നിലവാരത്തിലുള്ള എല്ലാ പാർട്ടി, യൂത്തു് ലീഗു് കമ്മിററികളുടേയും എല്ലാ ടൗൺ ഷിപ്പു് ബ്രാഞ്ചുകളുടേയും പഠനത്തിനുവേണ്ടി ശുപാർശ ചെയ്യപ്പെടുവാൻ തക്ക അർഹത ഇതിനുണ്ടു്. ഇതിൽ വിവരിച്ചിരിക്കുന്ന മാതൃക എല്ലാ സഹകരണ സംഘ ങ്ങളും പിൻതുടരണം. ഇതിൻെറ ലേഖകൻ പാർട്ടി പരിപാടി മനസ്സിലാക്കുകയും കാര്യങ്ങളെ കുറിച്ച് വള

രെ നേരിട്ടുള്ള രീതിയിൽ സംസാരിക്കുകയും ചെയ്യുന്നു. പറയാനുള്ള കാര്യങ്ങൾ ശരിയായ രീതിയിൽ പ്രകാശിപ്പിക്കുവാനും അയാൾക്കു കഴിഞ്ഞിട്ടുണ്ട്. ഒററ നോട്ടത്തിൽതന്നെ അയാൾ അർത്ഥമാക്കുന്ന കാര്യങ്ങൾ എന്താണെന്ന് നിങ്ങൾക്കു മനസ്സിലാകും. തന്നെയല്ല അയാളുടെ ലേഖനം പാർട്ടി ജാർഗണിൽ (പാർട്ടിയിൽ ഉപയോഗിച്ചു കാണാറുള്ള വലിച്ചുനീട്ടിയ താത്വികഭാഷയിൽ) നിന്നു് വിമുക്തവും ആണ്. പല സഖാക്കളും തങ്ങളുടെ ലേഖനങ്ങളിൽ പാർട്ടി ജാർഗൺ ഉപയോഗിക്കുന്നതിൽ അത്യധികം തൽപ്പരരാണ് എന്ന വസ്തുതയിലേയ്ക്കു് ഈ അവസരത്തിൽ വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവരുടെ ലേഖനങ്ങൾ ഓജസ്സുള്ളതോ വ്യക്തമോ അല്ല. അവ വായിക്കുമ്പോൾ നിങ്ങൾക്കു തലവേദന ഉണ്ടാകുന്നു. സാഹിത്യഭാഷയും ഗ്രാമ്യഭാഷയുംകൂട്ടികലർത്തിയ ഒരു സങ്കരഭാഷപോലെയുള്ള ഒന്നിനു് താരതമ്യേന മുൻഗണന നൽകുന്നഅവർവ്യാകരണത്തിൻെറകാര്യത്തിലോ വാക്യബന്ധങ്ങളിലോ ഒട്ടും ശ്രദ്ധിക്കാറില്ല. ചിലടത്തൊക്കെ അതിഭാഷണ സ്വഭാവവും ആവർത്തനതല്പരതയുംകാണും, മററുചിലടത്തു് പൗരാണികമായ എന്തോ ഒന്നിനെ അനുകരിക്കുന്നതുപോലെയുള്ള നിഗൂഢതയും; ഇതിൻെറ ഫലമായി, അവർ തങ്ങളുടെ വായനക്കാരെ പീഡിപ്പിക്കുവാൻ മനപ്പൂർവം ശ്രമിക്കുന്നുണ്ടു് എന്നതുപോലെയാണ് അനുഭവപ്പെടുക. ഈ പുസ്തകത്തിലുള്ള നൂററി എഴുപതിൽ കൂടുതൽ ലേഖനങ്ങളിൽ ചിലതെല്ലാം പാർട്ടി ജാർഗൺ ഉപയോഗിച്ചിരിക്കുന്നതു കാരണം കാഠിന്യം കൂടിയവയാണ്. അനേകം പ്രാവശ്യത്തെ പുതുക്കലിനുശേഷം മാത്രമാണ് അവയെ ഒരുവിധം പാരായണയോഗ്യമാക്കിത്തീർക്കുവാൻ കഴിഞ്ഞതു്. എന്നിട്ടുകൂടിയും ചിലതെല്ലാം ഇപ്പോഴും അവ്യക്തവും, വിരൂപവും, മനസ്സിലാക്കുവാൻ വിഷമമേറിയവയും ആണ്. അവയുടെ ഉള്ളടക്കത്തിൻെറ പ്രാധാന്യം കൊണ്ടു മാത്രമാണ് അവയെ ഉൾപ്പെടുത്തിയിരിക്കുന്നതു്. നമുക്കു് ഇത്ര

വലിയ തലവേദന നൽകുന്ന പാർട്ടി ജാർഗൺ ഒന്നു കുറഞ്ഞുകാണുവാൻ നമ്മൾ എത്ര വർഷം ഇനിയും കാത്തിരിക്കണം? നമ്മുടെ ദിനപ്പത്രങ്ങളും അനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസാധനം ചെയ്യുന്ന സഖാക്കൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. ഓജസ്സുള്ളതും, വ്യക്തവും, അവതരണത്തിൻെറ കാര്യത്തിൽ നല്ല നിലവാരം പുലർത്തുന്നതും ആയ ലേഖനങ്ങൾ അവർ എഴുത്തുകാരിൽനിന്നു് ആവശ്യപ്പെടണം. കൂടാതെ പരിശോധിച്ചു തെററുകൾ തിരുത്തുന്നതിൽകൂടി. അവർ എഴുത്തുകാരെ വ്യക്തിപരമായി സഹായിക്കണം.

['ചൈനയിലെ ഗ്രാമപ്രദേശങ്ങളിലെ സോഷ്യലിസ്റ്റ് മുന്നേററ'ത്തിൽ പ്രസിദ്ധീകരിച്ച 'സഹകരണ സംഘങ്ങളിലെ രാഷ്ട്രീയ പ്രവർത്തനം' എന്ന ലേഖനത്തെ കുറിച്ചുള്ള പത്രാധിപരുടെ കുറിപ്പുകളിൽ നിന്നു്.]

# കവിതയെ കുറിച്ചുള്ള ഒരു എഴുത്ത്

(1957 ജനുവരി 12)

ജനുവരി 12, 1957.

പ്രിയപ്പെട്ട കെഹ്—ചിയാ, സഖാക്കളെ,

നിങ്ങളുടെ എഴുത്ത് എനിക്കു് കുറച്ചു ദിവസങ്ങ ൾക്കു മുൻപു് കിട്ടി. മറുപടി അയക്കുവാൻ ഇത്രയും താമസിച്ചതിൽ എനിക്കു ഖേദമുണ്ടു്. നിങ്ങൾ ആഗ്ര ഹിച്ചതുപോലെ, എനിക്കു് ഓർക്കുവാൻ കഴിഞ്ഞ എന്റെ എല്ലാ ക്ലാസ്സിക്കൽ കവിതകളും, അതുപോലെതന്നെ നിങ്ങൾ അയച്ചുതന്ന എട്ടു കവിതകളും ഞാൻ ഇപ്പോൾ വെവ്വേറെ കടലാസ്സുകളിൽ പകർത്തി എഴുതിയിട്ടുണ്ടു്. അവയെല്ലാംകൂടി പതിനെട്ടു് എണ്ണമുണ്ടു്. ഈ കവിത കൾ ഞാൻ എഴുത്തോടൊപ്പം അയക്കുന്നു. അവയെ നി ങ്ങളുടെ ഇഷ്ടംപോലെ വിനിയോഗിക്കാം.

അവ എഴുതിയിരിക്കുന്നതു പഴയ സമ്പ്രദായത്തിൽ ആയതുകൊണ്ടു്, അവയെ ഏതെങ്കിലും ഔപചാരികമാ യ രൂപത്തിൽ പരസ്യപ്പെടുത്തണമെന്നു് ഈ സമയംവ രെ ഞാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ഒരു തെറ്റായ പ്രവണതയെ ഇതു പ്രോത്സാഹിപ്പിച്ചേക്കാമെന്നും, യുവജ നങ്ങളുടെ മേൽ ഒരു ദൂഷിച്ച സ്വാധീനം ഇതു ചെലുത്തി യേക്കാമെന്നും ഞാൻ ഭയപ്പെട്ടിരുന്നു. കൂടാതെ, കവിത കൾ എന്ന നിലയിൽ അവ അത്ര ഗുണമുള്ളവയൊന്നും അല്ല. എടുത്തു പറയത്തക്കതായിട്ടു് അവയിൽ ഒന്നുമി ല്ല. എന്നിരുന്നാലും, അവ പരസ്യപ്പെടുത്തണമെന്നും

അതോടൊപ്പം തന്നെ ഇതിനുമുൻപു പ്രസിദ്ധീകരിച്ചിട്ടുള്ള കവിതകളിലെ അച്ചടിപ്പിശകുകൾ തിരുത്തുവാൻ കഴിയുമെന്നും ആണ് നിങ്ങൾക്കു തോന്നുന്നതെങ്കിൽ തീർച്ചയായും അവ പ്രസിദ്ധീകരിച്ചുകൊള്ളുക.

'കവിത' എന്ന മാസിക നിങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതു് വളരെ നല്ല ഒരു കാര്യമാണ്. ഇതു് വളരെവേഗം വളരുമെന്നും അഭിവൃദ്ധി പ്രാപിക്കുമെന്നും ഞാൻ ആശിക്കുന്നു. നമ്മുടെ കവിതകൾ എഴുതേണ്ടതു് പ്രധാനമായും ആധുനിക രീതിയിലാണ് എന്ന കാര്യം തീർച്ചയാണ്. നമ്മൾ ചില പദ്യങ്ങൾ ക്ലാസ്സിക്കൽ രീതിയിലും എഴുതിയെന്നുവരാം. പക്ഷേ ഇപ്രകാരം ചെയ്യുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു് യുക്തിപൂർവമായിരിക്കുകയില്ല. എന്തെന്നാൽ ഈ രചനാശൈലി അവരുടെ ആശയങ്ങളെ പരിമിതപ്പെടുത്തുമെന്നു മാത്രമല്ല, അവ പഠിക്കുവാനും വിഷമമാണ്. ഞാൻ ഈ അഭിപ്രായം നിങ്ങളുടെ പരിഗണനയ്ക്കായി മാത്രം ഉന്നയിക്കുന്നു.

സൗഹൃദം നിറഞ്ഞ അഭിവാദനങ്ങൾ!

മാവോ സേ—തുങ്ങ്.

# "നൂറു പുഷ്പങ്ങൾ വിരിയട്ടെ!", "നൂറു ചിന്താസരണികൾ മത്സരിക്കട്ടെ!"

(ഫെബ്രുവരി, 1957)

"നൂറു പുഷ്പങ്ങൾ വിരിയട്ടെ", "നൂറു ചിന്താസരണികൾ മൽസരിക്കട്ടെ". "ദീർഘകാല സഹവർത്തിത്വവും പരസ്പര മേൽനോട്ടവും പുലരട്ടെ"–എങ്ങിനെയാണ് ഈ മുദ്രാവാക്യങ്ങൾ ഉന്നയിക്കപ്പെടുവാൻ ഇടയായത്?

അവ ഉന്നയിക്കപ്പെട്ടത് ചൈനയിൽ നിലവിലിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളുടെ വെളിച്ചത്തിലും, സോഷ്യലിസ്റ്റ് സമുദായത്തിൽ വിവിധ രീതികളിലുള്ള വൈരുദ്ധ്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എന്നു കണ്ടറിഞ്ഞതിന്റെ അടിസ്ഥാനത്തിലും, സാമ്പത്തികവും സാംസ്കാരികവും ആയ വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കുക എന്ന രാജ്യത്തിന്റെ അടിയന്തിരമായ ആവശ്യത്തോടുള്ള പ്രതികരണം ആയിട്ടും ആയിരുന്നു.

"നൂറു പുഷ്പങ്ങൾ വിരിയട്ടെ" എന്നും "നൂറു ചിന്താസരണികൾ മൽസരിക്കട്ടെ" എന്നും ഉള്ള നയം, കലകൾ അഭിവൃദ്ധിപ്പെടുന്നതിനേയും ശാസ്ത്രം പുരോഗതി പ്രാപിക്കുന്നതിനേയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി രൂപംനൽകിയിട്ടുള്ള ഒന്നാണ്; നമ്മുടെ രാജ്യത്ത് ഒരു സോഷ്യലിസ്റ്റ് സംസ്കാരം പുഷ്ടിപ്പെടുന്നതിനുവേണ്ടി രൂപം നൽകിയിട്ടുള്ള ഒന്നാണിത്. കലാരംഗത്ത് വ്യത്യസ്തരൂപങ്ങളും രചനാരീതികളുംസ്വതന്ത്ര

മായി വികസിക്കേണ്ടതു് ആവശ്യമാണു്; ശാസ്ത്രീയരംഗത്തു് വ്യത്യസ്ത ചിന്താസരണികൾ സ്വതന്ത്രമായി മൽസരിക്കേണ്ടതു് ആവശ്യമാണു്. ഒരു പ്രത്യേക കലാരൂപത്തേയോ ചിന്താസരണിയേയോ അടിച്ചേൽപ്പിക്കുവാനും മററൊന്നിനെ നിരോധിക്കുവാനും ഭരണപരമായ നടപടികൾ ഉപയോഗപ്പെടുത്തുന്നതു് കലയുടേയും ശാസ്ത്രത്തിൻേറയും വളർച്ചക്കു് ഹാനികരമാണെന്നു് നമ്മൾ വിചാരിക്കുന്നു. കലകളുടേയും ശാസ്ത്രങ്ങളുടേയും രംഗങ്ങളിലുള്ള ശരിയേയും തെററിനേയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ, കലാപരവും ശാസ്ത്രീയവും ആയ മണ്ഡലങ്ങളിലെ സ്വതന്ത്രമായ ചർച്ചകളിൽക്കൂടിയും, കലകളിലും ശാസ്ത്രങ്ങളിലും ഉള്ള പ്രായോഗിക പ്രവർത്തനത്തിൻെറ പുരോഗതിക്കിടയിലും പരിഹരിക്കണം. അല്ലാതെ അവയെ സംക്ഷിപ്തമായ രീതിയിൽ പരിഹരിക്കരുതു്. ഒരു കാര്യം ശരിയോ തെറേറാ എന്നു നിർണ്ണയിക്കുന്നതിനു് ഒരു പരീക്ഷണ കാലഘട്ടം പലപ്പോഴും ആവശ്യമുണ്ടു്. കഴിഞ്ഞ കാലത്തു്, പുതിയതും ശരിയും ആയ കാര്യങ്ങൾ ഭൂരിപക്ഷം ജനങ്ങളുടെ അംഗീകാരം നേടുന്നതിൽ ആരംഭത്തിൽതന്നെ പരാജയം അടയുകയും, അവയ്ക്കു് സമരത്തിൻെറ വളവുകളിലും തിരിവുകളിലും കൂടി വികസിക്കേണ്ടി വരികയും ചെയ്തു. ശരിയും നല്ലതും ആയ കാര്യങ്ങളെ ആദ്യം പലപ്പോഴും വീക്ഷിച്ചിരുന്നതു് സുഗന്ധം വമിക്കുന്ന പുഷ്പങ്ങളായിട്ടല്ല, പ്രത്യുത വിഷമയമായ പാഴ്ച്ചെടികൾ ആയിട്ടാണു്. ഒരിക്കൽ തെററാണെന്നു പറഞ്ഞു് തള്ളിക്കളഞ്ഞിരുന്ന കോപ്പർനിക്കസ്സിൻെറ സൗരയൂഥത്തെ കുറിച്ചുള്ള സിദ്ധാന്തത്തിനും, ഡാർവിൻെറ പരിണാമ സിദ്ധാന്തത്തിനും കടുത്ത എതിർപ്പിനെ അതിജീവിച്ചു കൊണ്ടാണു് വിജയം നേടേണ്ടി വന്നതു്. ഇതുപോലെയുള്ള പല ഉദാഹരണങ്ങൾ ചൈനയുടെ ചരിത്രത്തിലും ഉണ്ടു്. സോഷ്യലിസ്റ്റ് സമുദായത്തിൽ പുതിയ കാര്യങ്ങൾക്കു് വളരുന്നതിനു് അനുകൂലമായ സാഹചര്യങ്ങൾ, പഴയ സമുദായത്തിൽ ഉള്ളതിനേക്കാൾ അടിസ്ഥാനപരമായി വ്യത്യസ്തവും, കൂടുതൽ മെച്ചപ്പെട്ടതും ആണു്. എന്നിരുന്നാ

ലും, പുതിയതും ഉയർന്നു വരുന്നതും ആയ ശക്തികളെ പലപ്പോഴും പിന്നോക്കം പിടിച്ചു നിറുത്തുന്നതും, ന്യായയുക്തമായ നിർദ്ദേശങ്ങളെ ശ്വാസം മുട്ടിച്ചു കൊല്ലുന്നതും ഇപ്പോഴും സംഭവിക്കുന്ന കാര്യങ്ങളാണ്.

മനപൂർവ്വമായ അടിച്ചമർത്തൽ കാരണം മാത്രമല്ല, സൂക്ഷ്മദർശിത്വം ഇല്ലാത്തതു കാരണവും പുതിയ കാര്യങ്ങളുടെ വളർച്ച തടയപ്പെട്ടുവാനിടയുണ്ട്. അതുകൊണ്ടാണ് നമ്മൾ കലകളിലേയും ശാസ്ത്രങ്ങളിലേയും ശരിയായിട്ടുള്ളതും തെററായിട്ടുള്ളതും ആയ പ്രശ്നങ്ങളെ സംബന്ധിച്ച് ജാഗ്രതയോടുകൂടിയ ഒരു മനോഭാവം സ്വീകരിക്കുകയും, സ്വതന്ത്രമായ ചർച്ച പ്രോത്സാഹിപ്പിക്കുകയും, ധൃതഗതിയിലുള്ള നിഗമനങ്ങൾ ഒഴിവാക്കുകയും, ചെയ്യേണ്ടതു്. ഇപ്രകാരമുള്ള ഒരു മനോഭാവം കലകളുടേയു, ശാസ്ത്രങ്ങളുടേയും സുഗമമായ വളർച്ച എളുപ്പമാക്കുമെന്നു് നമ്മൾ വിശ്വസിക്കുന്നു.

മാർക്സിസവും വികസിച്ചിട്ടുള്ളതു് സമരങ്ങളിൽ കൂടിയാണ്. ആരംഭദശയിൽ, മാർക്സിസം എല്ലാ രീതികളിലും ഉള്ള ആക്രമണങ്ങൾക്ക് വിധേയമാക്കപ്പെടുകയും, ഒരു വിഷമയമായ പാഴ്ച്ചെടിയായി പരിഗണിക്കപ്പെടുകയും ചെയ്തു. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇതു് ഇപ്പോഴും ആക്രമിക്കപ്പെടുകയും, ഒരു പാഴ്ച്ചെടിയായി പരിഗണിക്കപ്പെടുകയും ചെയ്യുന്നുണ്ട്. എങ്കിലും, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഇതിനു് വ്യത്യസ്തമായ ഒരു സ്ഥാനം കൈവന്നിരിക്കുന്നു. പക്ഷേ, ഈ രാജ്യങ്ങളിൽ പോലും മാർക്സിസ്റ്റേതരവും അതു പോലെത്തന്നെ മാർക്സിററു് വിരുദ്ധവും ആയ പ്രത്യയശാസ്ത്രങ്ങൾ ഉണ്ട്. ചൈനയിൽ, ഉടമാസമ്പ്രദായത്തിൽ ഒരു വ്യത്യാസം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം സോഷ്യലിസ്റ്റ് പരിവർത്തനം മുഖ്യപങ്കും പൂർത്തിയായി എന്നതും, വിപ്ലവകാലഘട്ടങ്ങൾക്കു സവിശേഷമായിട്ടുള്ള പ്രക്ഷുബ്ധവും വലിയ തോതിലുള്ളതും സാധാരണ ജനങ്ങൾ കൂട്ടായി പങ്കെടുക്കുന്നതും ആയ വർഗ്ഗസമരങ്ങൾ മുഖ്യപങ്കും സമാപിച്ചു എന്നതും സത്യമാണ്. പക്ഷേ ബഹിഷ്കരിക്കപ്പെട്ട ജന്മി, ദല്ലാളി

(കോമ്പ്രഡോർ) വർഗ്ഗങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു, ബൂർഷ്വാസി ഇപ്പോഴും നിലനിൽക്കുന്നു, പെററി ബൂഷ്വാസി തങ്ങളുടെ മാനസിക പുനരാവിഷ്കരണത്തിനുള്ള ശ്രമങ്ങൾ ഇപ്പോൾ തുടങ്ങിയിട്ടു മാത്രമേ ഉള്ളു. വർഗ്ഗസമരം ഇനിയും തീർന്നിട്ടില്ല, തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള വർഗ്ഗസമരവും, വിവിധരാഷ്ട്രീയ ശക്തികൾ തമ്മിലുള്ള വർഗ്ഗസമരവും, തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള പ്രത്യയശാസ്ത്രരംഗത്തെ വർഗ്ഗസമരവും ഇനിയും ദീർഘവും വക്രഗതിയോടുകൂടിയതും ആയിരിക്കും; ചില സമയങ്ങളിലൊക്കെ അതു് വളരെ നിശിതമായി തീരുകപോലും ചെയ്തേക്കാം. തങ്ങളുടെ വിശ്വവീക്ഷണരീതിയ്ക്കു് അനുസരണമായി ലോകത്തിനു് പരിവർത്തനം വരുത്തുവാൻ തൊഴിലാളിവർഗ്ഗം ശ്രമിക്കുന്നു; അതുതന്നെയാണു് ബൂർഷ്വാസിയുടേയും ശ്രമം. ഇതു സംബന്ധിച്ചു്, സോഷ്യലിസമാണോ മുതലാളിത്വമാണോ ജയിക്കുക എന്നതു് ഇനിയും യഥാർത്ഥത്തിൽ തീരുമാനിക്കപ്പെട്ടിട്ടില്ല. മുഴവൻ ജനസംഖ്യയുമായും, അതുപോലെതന്നെ ബുദ്ധിജീവികളുമായും തട്ടിച്ചുനോക്കുമ്പോൾ മാർക്സിസ്റ്റുകാർ ഇപ്പോഴും ഒരു ന്യൂനപക്ഷം മാത്രമാണു്. അതുകൊണ്ടു് മാർക്സിസത്തിനു് ഇനിയും സമരത്തിൽക്കൂടി വികസിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. മാർക്സിസത്തിനു് സമരത്തിൽക്കൂടി മാത്രമേ വികസിക്കുവാൻ കഴിയുകയുള്ളു—ഇതു് കഴിഞ്ഞ കാലത്തേയും വർത്തമാനകാലത്തേയും സംബന്ധിക്കുന്ന ഒരു സത്യം മാത്രമല്ല, ഭാവിയെ സംബന്ധിച്ചിടത്തോളവും ഇതു തീർച്ചയായും അങ്ങിനെതന്നെയായിരിക്കും. തെററായ കാര്യങ്ങളുമായുള്ള സമരത്തിനിടയ്ക്കു് ശരിയായ കാര്യങ്ങൾ എല്ലാപ്പോഴും വികസിക്കുന്നു. സത്യവും, നന്മയും സൗന്ദര്യവും എല്ലാപ്പോഴും അസത്യത്തിനും തിന്മയ്ക്കും വൈരൂപ്യത്തിനും എതിർനില സ്വീകരിച്ചുകൊണ്ടു് അവയ്ക്കെതിരായ സമരത്തിൽക്കൂടിയാണു് വളരുന്നതു്. മനുഷ്യവർഗ്ഗം പൊതുവിൽ അസത്യത്തെ തിരസ്കരിക്കുകയും സത്യത്തെ

സ്വീകരിക്കുകയും ചെയ്യുന്നതിനാൽ, ഒരു പുതിയ സത്യം പുതിയ തെററായ ആശയങ്ങളും ആയിട്ട് സമരം ചെയ്യുവാൻ തുടങ്ങുന്നു. അതുപോലെയുള്ള സമരങ്ങൾ ഒരിക്കലും അവസാനിക്കുകയില്ല. ഇതാണു് സത്യത്തിൻെറ വികസനത്തെ സംബന്ധിക്കുന്ന നിയമം; ഇതുതന്നെയാണു് സ്വാഭാവികമായും മാർക്ക്സിസത്തിൻെറ വികസനത്തെ സംബന്ധിക്കുന്ന നിയമവും.

നമ്മുടെ രാജ്യത്തിൽ സോഷ്യലിസവും മുതലാളിത്വവും തമ്മിൽ പ്രത്യയ ശാസ്ത്രപരമായ രംഗത്തുനടക്കുന്ന സമരത്തിൻെറ ഫലം നിർണ്ണയിക്കുന്നതിനു് ഒരു ഗണ്യമായ സമയമെടുക്കും. ബൂർഷ്വാസിയുടേയും, പഴയ സമുദായത്തിൽനിന്നു വരുന്നവരായ ബുദ്ധിജീവികളുടേയും സ്വാധീനം ഒരു വർഗ്ഗത്തിൻെറ പ്രത്യയ ശാസ്ത്രമെന്ന നിലയിൽ വളരെ ദീർഘകാലത്തേക്കുകൂടി അവശേഷിക്കും എന്നതിനാലാണു് ഇത്രയും സമയം ആവശ്യമായി വരുന്നതു്. ഇതു ഗ്രഹിക്കുന്നതിലുള്ള പരാജയം, അല്ലെങ്കിൽ അതിലും വഷളായിട്ടു്, ഇതിനെ കുറിച്ചു് ഒന്നുംതന്നെ മനസ്സിലാക്കുന്നതിലുള്ള പരാജയം ഏററവും ഗുരുതരമായ അബദ്ധങ്ങളിലേക്കു നയിക്കുവാൻ ഇടവരുത്തും—അതായതു്, പ്രത്യയ ശാസ്ത്രപരമായ രംഗത്തു് സമരം നടത്തേണ്ടതിൻെറ ആവശ്യത്തെ ഒരിക്കലും അവഗണിക്കരുതു്. പ്രത്യയ ശാസ്ത്രപരമായ സമരം മററു രീതികളിലുള്ള സമരം പോലെയല്ല. അസംസ്കൃതവും ബലപ്രയോഗമോ ഭീഷണിയോ ഉപയോഗിക്കുന്നതും ആയ മാർഗ്ഗങ്ങൾ ഈ സമരത്തിൽ ഉപയോഗിക്കരുതു്, ക്ഷമയോടും സ്ഥിരോത്സാഹത്തോടുംകൂടി യുക്തിവാദം ചെയ്യുക എന്ന സമ്പ്രദായം മാത്രമാണു് ഈ സമരത്തിൽ ഉപയോഗിക്കേണ്ടതു്. പ്രത്യയ ശാസ്ത്രപരമായ സമരത്തിൽ, ഇന്നു്, സോഷ്യലിസത്തിനു് അനുകൂലമായ സാഹചര്യങ്ങൾ ആണു് ഉള്ളതു്. രാഷ്ട്രത്തിൻെറ ഭരണാധികാരം തൊഴിലാളി വർഗ്ഗത്തിൻെറ നേതൃത്വത്തിലുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കയ്യിലാണു്. കമ്യൂണിസ്ററു പാർട്ടി വളരെ ശക്തവും അതിൻെറ അന്തസ്സു് വളരെ സമുന്നതവും ആണു്. നമ്മുടെ പ്രവർത്തന

ത്തിൽ കുററങ്ങളും കുറവുകളും ഉണ്ടെങ്കിലും, നമ്മൾ ജന ങ്ങളോട്ട് കൂറുള്ളവർ ആണെന്നും, ജനങ്ങളോടൊപ്പംനിന്നു കൊണ്ട് നമ്മുടെ രാജ്യത്തെ കെട്ടിപ്പടുക്കുന്നതിനുവേണ്ട നിശ്ചയദാർഢ്യവും കഴിവും ഉള്ളവരാണെന്നും, മഹത്തായ വിജയങ്ങൾ നമ്മൾ നേടിയെടുത്തിട്ടുണ്ടെന്നും, കൂടുതൽ മഹത്തായ വിജയങ്ങൾ ഇനിയും നേടിയെടുക്കുമെന്നും ന്യായമായി വിധി കല്പിക്കുവാൻ കഴിയുന്ന എല്ലാവർക്കും കാണാവുന്നതാണ്. പഴയ സമുദായത്തിൽനിന്നു വരുന്ന ബൂർഷ്വാസിയുടേയും ബുദ്ധിജീവികളുടേയും ഇടയിൽ ബഹുഭൂരിപക്ഷംപേരും രാജ്യസ്നേഹമുള്ളവരാണ്; അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ സോഷ്യലിസ്ററു മാതൃരാജ്യത്തിനുവേണ്ടി സേവനം അനുഷ്ടിക്കുവാൻ അവർ തയാറാണ്; സോഷ്യലിസ്റ്റ് ലക്ഷ്യത്തിൽനിന്നും കമ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തിലുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽനിന്നും തങ്ങൾ വ്യതിചലിക്കുകയാണെങ്കിൽ തങ്ങൾക്ക് വിശ്വാസപൂർവം ആശ്രയിക്കുവാൻ ആരും ഉണ്ടാവുകയില്ലെന്നും ഒരു ശോഭനമായ ഭാവിയും തങ്ങൾക്കു പ്രതീക്ഷിക്കുവാൻ ഉണ്ടായിരിക്കുകയില്ലെന്നും അവർക്ക് അറിയാം.

ജനങ്ങൾ ചോദിച്ചെന്നു വരാം: നമ്മുടെ രാജ്യത്തിലെ ഭൂരിപക്ഷംജനങ്ങളും തങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകുന്ന പ്രത്യയശാസ്ത്രം ആയി മാർക്സിസത്തെ അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക്, അതിനെ വിമർശിക്കുവാൻ കഴിയുമോ? തീർച്ചയായും വിമർശിക്കുവാൻ കഴിയും. വാദപ്രതിവാദത്തിൽ അതു പരാജയപ്പെടുത്തപ്പെടുമെങ്കിൽ, അതിനെ പരാജയപ്പെടുത്തുവാൻ സാദ്ധ്യമാണെങ്കിൽ; അതു നിഷ്പ്രയോജനമായ ഒന്നാണ്. വാസ്തവത്തിൽ, ആത്മീയവാദികൾ മാർക്സിസത്തെ എല്ലാ ദിവസവും, എല്ലാവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ചും വിമർശിച്ചുകൊണ്ടിരിക്കുകയല്ലേ? ബൂർഷ്വാ, പെററിബൂർഷ്വാ ആശയങ്ങൾ വച്ചുപുലർത്തുകയും, പരിവർത്തനം വരുത്തുവാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ, അവരും എല്ലാവിധ മാർഗ്ഗങ്ങളും ഉപയോഗിച്ച് മാർക്സിസത്തെ വിമർശിച്ചു

കൊണ്ടിരിക്കുകയല്ലേ? ഏതു ഭാഗത്തുനിന്നുവരുന്ന വിമർശനമായാലുംശരി മാർക്സിസ്റ്റുകാർ അതിനെ ഭയപ്പെടരുതു്. നേരേമറിച്ച്, വിമർശനത്തിൻെറ മൂർദ്ധന്യത്തേയും സമരത്തിൻെറ കൊടുങ്കാററിനേയും, സമ്മർദ്ദത്തേയും അഭിമുഖീകരിച്ചുകൊണ്ടു് അവർ സ്വയം ഉരുക്കുപോലെ കട്ടപ്പം ഉണ്ടാക്കുകയും, മേന്മ വർദ്ധിപ്പിക്കുകയും, പുതിയ ബഹുമതികൾ നേടിയെടുക്കുകയും ആണു് ചെയ്യേണ്ടതു്. തെററായ ആശയങ്ങൾക്കെതിരായി സമരം ചെയ്യുന്നതു് സുഖക്കേടു വരാതിരിക്കുവാൻ മരുന്നു കുത്തിവയ്ക്കുന്നതുപോലെയാണു്—മരുന്നു് ശരീരത്തിൽ പിടിച്ചു കഴിഞ്ഞാൽ ആ മനുഷ്യനു് രോഗത്തിൽ നിന്നു് വളരെയധികം സുരക്ഷിതത്വം ലഭിക്കുന്നു. പ്രത്യേകം തയാറാക്കപ്പെട്ട പുരയ്ക്കകത്തു് കൃത്രിമച്ചൂടിൽ വളർത്തിയെടുക്കുന്ന ചെടികൾ സാധാരണഗതിയിൽ ഓജസ്സുള്ളവ ആയിരിക്കുകയില്ല. ''നൂറു പുഷ്പങ്ങൾ വിരിയട്ടെ'', ''നൂറു ചിന്താസരണികൾ മത്സരിക്കട്ടെ'' എന്ന നയം നടപ്പിലാക്കുന്നതിൽക്കൂടി പ്രത്യയശാസ്ത്രരംഗത്തു് മാർക്സിസത്തിനുള്ള നേതൃസ്ഥാനം ദുർബ്ബലപ്പെടുകയില്ല, ശക്തിപ്പെടുകയേ ഉള്ളൂ.

മാർക്സിസ്റ്റേതര ചിന്താഗതികളുടെ നേരെയുള്ള നമ്മുടെ നയം എന്തായിരിക്കണം? പ്രതിവിപ്ലവകാരികൾ എന്നു വ്യക്തമായി അറിയപ്പെടുന്നവരേയും സോഷ്യലിസ്റ്റു് ലക്ഷ്യത്തെ അട്ടിമറിക്കുവാൻ ശ്രമിക്കുന്നവരേയും സംബന്ധിച്ചിടത്തോളം പ്രശ്നം എളുപ്പമാണു്: അവർക്കുള്ള അഭിപ്രായ സ്വാതന്ത്ര്യം നമ്മൾ എടുത്തു കളയുക. എന്നാൽ, ജനങ്ങൾക്കിടയിലുള്ള തെററായ ആശയങ്ങളെ അഭിമുഖീകരിക്കുമ്പോൾ പ്രശ്നത്തെ നേരിടേണ്ടതു് തികച്ചും വ്യത്യസ്തമായ രീതിയിലാണു്. അത്തരം ആശയഗതികളെ നിരോധിക്കുന്നതും ആ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുവാൻ അവർക്കു് അവസരം നിഷേധിക്കുന്നതും ശരിയാണോ? തീർച്ചയായും അല്ല. ജനങ്ങൾക്കിടയിലെ പ്രത്യയ ശാസ്ത്രപരമായ പ്രശ്നങ്ങൾ—അതായതു്, മനുഷ്യൻെറ മാനസിക ലോകത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ—കൈകാര്യം ചെയ്യുമ്പോൾ

സംസ്കാരമില്ലാത്തതും സംക്ഷിപ്തവും ആയ നടപടികഠം കൈക്കൊള്ളുന്നതു് വിഫലമെന്നു മാത്രമല്ല, വളരെ ഹാനികരവും ആയിരിക്കും. തെററായ ആശയഗതികഠം പ്രകടിപ്പിക്കുന്നതിനെ നിങ്ങഠം നിരോധിച്ചേക്കാം. എന്നാൽ ആ ആശയങ്ങഠം പിന്നെയും അവിടെത്തന്നെ ഉണ്ടായിരിക്കും. നേരെമറിച്ചു്, ശരിയായ ആശയങ്ങളെ പുരസ്കരിച്ചു് കൃത്രിമച്ചൂടിൽ കാററും വെളിച്ചവും കൊള്ളിക്കാതെയും രോഗപ്രതിരോധത്തിനു കുത്തിവയ്ക്കാതെയും ലാളിച്ചു വളർത്തുകയാണെങ്കിൽ അവ തെററായ ആശയഗതികഠംക്കെതിരെ പൊരുതി വിജയിക്കുകയില്ല. അതുകൊണ്ടു്, ചർച്ചയുടേയും വിമർശനത്തിൻേറയും യുക്തിവാദത്തിൻേറയും മാർഗ്ഗങ്ങഠം ഉപയോഗിക്കുന്നതിൽക്കൂടി മാത്രമേ നമുക്കു് ശരിയായ ആശയങ്ങളെ സമ്പുഷ്ടമാക്കുവാനും, തെററായ ആശയങ്ങളെ പരാജയപ്പെടുത്തുവാനും, പ്രശ്നങ്ങഠംക്കു് യഥാർത്ഥ പരിഹാരം കാണുവാനും കഴിയുകയുള്ളു.

ബൂർഷ്വാസിയും പെററിബൂർഷ്വാസിയും സ്വന്തം ആശയഗതി പുറത്തുകൊണ്ടുവരുമെന്നുള്ളതു് അനിവാര്യമായ ഒരു സംഗതിയാണു്. രാഷ്ട്രീയവും പ്രത്യയശാസ്ത്രസംബന്ധവും ആയ പ്രശ്നങ്ങളെ കുറിച്ചുള്ള സ്വന്തം ആശയങ്ങഠം അവർ കഴിവുള്ള എല്ലാ രീതികളിലും വാശിയോടുകൂടി പ്രകടിപ്പിക്കുമെന്നതും അനിവാര്യമാണു്. അവർ അപ്രകാരം ചെയ്യുകയില്ലെന്നു് നിങ്ങഠം പ്രതീക്ഷിക്കരുതു്. അവരുടെ അഭിപ്രായ പ്രകടനത്തെ തടയുന്നതിനുവേണ്ടി അടിച്ചമർത്തലിൻേറ മാർഗ്ഗങ്ങഠം ഉപയോഗിക്കാതെ, അവരെ അഭിപ്രായം പറയുവാൻ അനുവദിക്കുകയും, അവരുമായി വാദപ്രതിവാദം നടത്തുകയും, ശരിയായരീതിയിൽ അവരെ വിമർശിക്കുകയും ആണു് നമ്മഠം ചെയ്യേണ്ടതു്.

എല്ലാത്തരത്തിലുമുള്ള തെററായ ആശയഗതികളേയും വിമർശിക്കണമെന്നതു് സംശയമററ കാര്യമാണു്. വിമർശിക്കാതെ മാറി നിൽക്കുന്നതും, തെററായ ആശയഗതികഠം അനിയന്ത്രിതമായി പ്രചരിക്കുന്നതുനോക്കി നില്ക്കുന്നതും, രംഗത്തു് ആധിപത്യം സ്ഥാപിക്കുവാൻ അവ

യെ അനുവദിക്കുന്നതും തീർച്ചയായും ശരിയായിരിക്കുക യില്ല. തെററുകൾ വിമർശിക്കപ്പെടുകയും വിഷമയമായ പാഴ്ച്ചെടികൾ തലപൊക്കുന്നിടത്തൊക്കെ അവയ്ക്കെതിരായി സമരം നടത്തുകയും ചെയ്യണം. എന്നാൽ അതു പോലെയുള്ള വിമർശനം പ്രമാണമാത്ര സ്വഭാവം ഉള്ളതാകരുത്. നമ്മൾ ആത്മീയവാദമാർഗ്ഗം ഉപയോഗിക്കരുത്. നേരേമറിച്ച് വൈരുദ്ധ്യാത്മകരീതി ഉപയോഗിക്കുവാനാണ് നമ്മൾ ശ്രമിക്കേണ്ടത്. നമുക്ക് ആവശ്യമായിരിക്കുന്നത് ശാസ്ത്രീയ വിശകലനവും, പൂർണ്ണമായും കാര്യങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള വാദഗതിയുമാണ്. പ്രമാണമാത്രരീതി ഉപയോഗിച്ചുകൊണ്ടുള്ള വിമർശനം ഒന്നും പരിഹരിക്കുകയില്ല. ഏതുതരത്തിലുള്ള വിഷമയമായ പാഴ്ച്ചെടികളും നമ്മൾ എതിരാണ്. എന്നാൽ യഥാർത്ഥത്തിലുള്ള വിഷമയമായ പാഴ്ച്ചെടി ഏതാണെന്നും യഥാർത്ഥത്തിലുള്ള സുഗന്ധപുഷ്പമേതെന്നും നമ്മൾ സൂക്ഷ്മതയോടെ തിരിച്ചറിയണം. നമ്മൾ ബഹുജനങ്ങളോടു് ഒത്തുനിന്നുകൊണ്ടു് ഈ രണ്ടെണ്ണത്തേയും തമ്മിൽ എങ്ങിനെയാണ് സൂക്ഷ്മതയോടെ തിരിച്ചറിയേണ്ടതെന്ന് പഠിക്കുകയും, വിഷമയമായ പാഴ്ച്ചെടികൾക്ക് എതിരായി സമരം ചെയ്യുന്നതിന് ശരിയായ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്യണം.

പ്രമാണമാത്രവാദത്തെ വിമർശിക്കുന്ന അതേ അവസരത്തിൽ തന്നെ തിരുത്തൽവാദത്തെ വിമർശിക്കുന്നതിലും നമ്മുടെ ശ്രദ്ധ പതിയേണ്ടതാണ്. തിരുത്തൽവാദം അഥവാ വലതുപക്ഷ അവസരവാദം പ്രമാണമാത്രവാദത്തേക്കാൾ കൂടുതൽ അപകടകരമായ ഒരു ബൂർഷ്വാ ചിന്താഗതിയാണ്. തിരുത്തൽവാദികൾ അഥവാ വലതുപക്ഷ അവസരവാദികൾ മാർക്സിസത്തിനു് അധരസേവ ചെയ്യുകയും പ്രമാണമാത്രവാദത്തെ എതിർക്കുകയും ചെയ്യുന്നു. എന്നാൽ അവർ യഥാർത്ഥത്തിൽ എതിർക്കുന്നതു് മാർക്സിസത്തിൻെറ ഏററവുമധികം അടിസ്ഥാനപരമായ ഘടകങ്ങളെ ആണ്. അവർ ഭൗതികവാദത്തേയും വൈരുദ്ധ്യവാദത്തേയും എതിർക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുകയാണ്; ജനകീയ ജനാധിപത്യ

സർവ്വാധിപത്യത്തേയും കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വപരമായ പങ്കിനേയും എതിർക്കുകയോ ദുർബലപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്യുകയാണ്; സോഷ്യലിസ്റ്റ് പരിവർത്തനത്തേയും സോഷ്യലിസ്ററ് നിർമ്മാണത്തേയും എതിക്കുകയോ ദുർബലപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്യുകയാണ്. നമ്മുടെ രാജ്യത്തിൽ സോഷ്യലിസ്ററ് വിപ്ലവത്തിന് അടിസ്ഥാന വിജയം കൈവന്നതിനു ശേഷവും മുതലാളിത്ത സമ്പ്രദായം പുനരുദ്ധരിക്കുവാൻ വ്യർത്ഥമായി ആശിക്കുന്ന കുറെ ആളുകൾ ഇപ്പോഴുമുണ്ട്. അവർ പ്രത്യയശാസ്ത്രപരമായ മുന്നണി ഉൾപ്പെടെയുള്ള എല്ലാ മുന്നണികളിലും തൊഴിലാളിവർഗ്ഗത്തിനെതിരായി സമരം നടത്തുന്നു. ഈ സമരത്തിൽ അവരുടെ വലതുകൈ ആയി പ്രവർത്തിക്കുന്നതു് തിരുത്തൽവാദികളാണ്.

"നൂറു പുഷ്പങ്ങൾ വിരിയട്ടെ, നൂറു ചിന്താസരണികൾ മത്സരിക്കട്ടെ" എന്ന രണ്ടു മുദ്രാവാക്യങ്ങൾക്കും ഒററനോട്ടത്തിൽ ഒരു വർഗ്ഗസ്വഭാവവും കാണാനില്ല; തൊഴിലാളിവർഗ്ഗത്തിന് അതിനെ ഉപയോഗപ്പെടുത്തുവാൻ കഴിയും, അതുപോലെതന്നെ ബൂർഷ്വാസിക്കും മററാളുകൾക്കും അതിനെ ഉപയോഗപ്പെടുത്തുവാൻ കഴിയും. എന്നാൽ വ്യത്യസ്ത വർഗ്ഗങ്ങൾക്കും, വ്യത്യസ്ത തട്ടുകളിലുള്ളവർക്കും, വിവിധ സാമൂഹ്യ വിഭാഗങ്ങൾക്കും സുഗന്ധം വമിക്കുന്ന പുഷ്പങ്ങളെ കുറിച്ചും വിഷമയമായ പാഴ്ച്ചെടികളെ കുറിച്ചും അവരവരുടേതായ വീക്ഷണഗതികൾ ഉണ്ട്. അതുകൊണ്ട് ബഹുജനങ്ങളുടെ വീക്ഷണകോണത്തിൽനിന്നു നോക്കുമ്പോൾ സുഗന്ധം വമിക്കുന്ന പുഷ്പങ്ങളേയും വിഷമയമായ പാഴ്ച്ചെടികളേയും തമ്മിൽ തിരിച്ചറിയുന്നതിനുള്ള ഇന്നത്തെ മാനദണ്ഡം എന്തായിരിക്കണം?

നമ്മുടെ രാജ്യത്തിൻെറ രാഷ്ട്രീയ ജീവിതത്തിൽ, നമ്മുടെ വാക്കുകളിലും നമ്മുടെ പ്രവൃത്തികളിലും ഏതാണ് ശരിയെന്നും ഏതാണ് തെററെന്നും നമ്മുടെ ജനങ്ങൾ എങ്ങിനെയാണ് തീരുമാനിക്കുന്നതു്? നമ്മുടെ

ഭരണഘടനയുടെ പ്രമാണങ്ങളേയും, നമ്മുടെ ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിൻേറയും ആഗ്രഹത്തേയും, നമ്മുടെ രാഷ്ട്രീയ പാർട്ടികളും ഗ്രൂപ്പുകളും നിരവധി സന്ദർഭങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ള പൊതുരാഷ്ട്രീയ നിലപാടുകളേയും അടിസ്ഥാനമാക്കി നോക്കുമ്പോരം, പൊതുവിൽ പറഞ്ഞാൽ, ഈ മാനദണ്ഡം താഴെ പറയുന്ന തരത്തിലായിരിക്കണം:

(1) വാക്കുകളും പ്രവർത്തികളും നമ്മുടെ വിവിധ ദേശീയ ജനവിഭാഗങ്ങളെ യോജിപ്പിക്കുവാൻ സഹായിക്കണം; വിഭജിക്കുവാൻ ഇടയാക്കരുത്.

(2) അവ സോഷ്യലിസ്റ്റ് പരിവത്തനത്തിനും, സോഷ്യലിസ്റ്റ് നിമ്മാണത്തിനും ഗുണകരമായിരിക്കണം; ദോഷകരമായിരിക്കരുത്.

(3) അവ ജനകീയ ജനാധിപത്യ സർവ്വാധിപത്യത്തിന് ഉറപ്പു വരുത്തുവാൻ സഹായിക്കണം; അതിനെ തുരങ്കം വയ്ക്കുകയോ ദുബ്ബലപ്പെടുത്തുകയോ ചെയ്യരുത്.

(4) അവ ജനാധിപത്യ കേന്ദ്രീകരണത്തിന് ഉറപ്പു വരുത്തുവാൻ സഹായിക്കണം; അതിനെ തുരങ്കം വയ്ക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യരുത്.

(5) അവ കമ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തെ ശക്തിപ്പെടുത്തുവാൻ സഹായിക്കണം; അതിനെ നിഷേധിക്കുവാനോ ദുർബ്ബലപ്പെടുത്തുവാനോ ഇടയാക്കരുത്.

(6) അവ അന്താരാഷ്ട്രീയ സോഷ്യലിസ്റ്റ് ഐക്യത്തിനും, ലോകത്തിലെ സമാധാന തല്പരരായ ജനങ്ങളുടെ ഐക്യത്തിനും ഗുണകരമായിരിക്കണം; ദോഷകരമായിരിക്കരുത്.

മേൽപറഞ്ഞ ആറു മാനദണ്ഡങ്ങളിൽ ഏററവും പ്രധാനപ്പെട്ടവ സോഷ്യലിസ്റ്റ് മാർഗ്ഗത്തേയും പാർട്ടിനേതൃത്വത്തേയും സംബന്ധിക്കുന്നവയാണ്. ജനങ്ങളുടെ ഇടയ്ക്കുള്ള വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച സ്വതന്ത്രചർച്ചയെ പ്രോത്സാഹിപ്പിക്കുവാനാണ്, വിഘാതപ്പെടുത്തുവാനല്ല, ഇവ ഉന്നയിച്ചിട്ടുള്ളത്. ഈ മാനദണ്ഡങ്ങളെ അംഗീകരിക്കാത്ത ആളുകരംക്കു സ്വന്തം

അഭിപ്രായങ്ങരം ഉന്നയിക്കുകയും സ്വന്തം നിലപാടിനു വേണ്ടി വാദിക്കുകയും ചെയ്യാവുന്നതാണ്. ഏതായാലും, ഭൂരിപക്ഷം ജനങ്ങളുടെ കൈവശം വ്യക്തമായ മാനദണ്ഡങ്ങരം ഉപയോഗിക്കുവാനുള്ളതുകൊണ്ടു്, വിമർശനവും സ്വയം വിമർശനവും ശരിയായ രീതിയിൽ നടത്തുവാൻ കഴിയുന്നതാണ്; ജനങ്ങളുടെ വാക്കുകളും പ്രവൃത്തികളും ശരിയാണോ തെററാണോ എന്നും, അവ സുഗന്ധം വമിക്കുന്ന പുഷ്പങ്ങളാണോ അതോ വിഷമയമായ പാഴ്ച്ചെടികളാണോ എന്നും തീരുമാനിക്കുന്നതിനുവേണ്ടി ഈ മാനദണ്ഡങ്ങരം പ്രയോഗിച്ചു നോക്കുവാനും കഴിയുന്നതാണ്. ഇവ രാഷ്ട്രീയ മാനദണ്ഡങ്ങളാണ്. ശാസ്ത്രസിദ്ധാന്തങ്ങരം ശരിയാണോ എന്നു നിശ്ചയിക്കുന്നതിനും കലാശില്പങ്ങളുടെ മൂല്യനിർണ്ണയത്തിനും സ്വാഭാവികമായും പ്രസക്തങ്ങളായ മററു മാനദണ്ഡങ്ങളും ആവശ്യമാണ്. എന്നാൽ മേല്പറഞ്ഞ ആറു രാഷ്ട്രീയ മാനദണ്ഡങ്ങരം കലാ സംബന്ധവും ശാസ്ത്രസംബന്ധവും ആയ എല്ലാ പ്രവർത്തനങ്ങളിലും പ്രയോഗിക്കാവുന്നതാണ്. നമ്മുടേതുപോലെയുള്ള ഒരു സോഷ്യലിസ്ററു രാഷ്ട്രത്തിൽ, മേൽപ്പറഞ്ഞ രാഷ്ട്രീയ മാനദണ്ഡങ്ങരംക്കു് എതിരും അതേസമയംതന്നെ പ്രയോജനകരവും ആയ എന്തെങ്കിലും ശാസ്ത്രീയപ്രവർത്തനമോ കലാപ്രവർത്തനമോ ഉണ്ടായിരിക്കുക സാദ്ധ്യമാണോ?

മുകളിൽ പറഞ്ഞ അഭിപ്രായഗതികരം ചൈനയിലെ പ്രത്യേക ചരിത്ര പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്തവയാണ്. വ്യത്യസ്ത സോഷ്യലിസ്ററു് രാജ്യങ്ങളിലേയും, വ്യത്യസ്ത കമ്യൂണിസ്ററു് പാർട്ടികളിലേയും സ്ഥിതിഗതികരം വ്യത്യസ്തങ്ങളായതുകൊണ്ടു് മററു രാജ്യങ്ങളും മററു പാർട്ടികളും ചൈനീസ് മാർഗ്ഗം സ്വീകരിക്കണമെന്നോ, സ്വീകരിച്ചേ തീരു എന്നോ നമുക്കു് അഭിപ്രായമില്ല.

['ജനങ്ങരംക്കിടയിലെ വൈരുദ്ധ്യങ്ങളെ ശരിയായി കൈകാര്യം ചെയ്യുന്ന വിധം'', എന്ന ലേഖനത്തിൽ നിന്നു്.]

## മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്ക്കാരിക വിപ്ളവത്തിൻെറ കാലഘട്ടത്തിലെ സഖാവു് മാവോ–സേതുങ്ങിൻെറ നിർദ്ദേശങ്ങൾ

[ഈ കാലഘട്ടത്തിലെ പാർട്ടി പ്രമേയങ്ങളും നിർദ്ദേശങ്ങളും ജോവാൻ റോബിൻസൺ എഴുതിയ 'ചൈനയിലെ സാംസ്കാരിക വിപ്ലവം' എന്ന പുസ്തകത്തിൻെറ മലയാള വിവർത്തനത്തിൽ കൊടുത്തിട്ടുണ്ടു്. താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ജെറോം ചെൻെറ 'മാവോ പേപ്പർസിൽ' നിന്നു് എടുത്തിട്ടുള്ളവയാണു്. 'മാവോ പേപ്പർസു്' പേജ് 116 മുതൽ 159 വരെ നോക്കുക.]

1. 2–8–1966 **വർഗ്ഗസമരം**
നമ്മുടെ യുവജനങ്ങൾക്കു വേണ്ടിയുള്ള പ്രധാന പഠനവിഷയം വർഗ്ഗസമരമാണു്.

2. 17–8–1966 **ജനങ്ങളെ സേവിക്കുക**
നമ്മൾ ഒരിക്കലും ജനങ്ങളും ആയുള്ള ബന്ധം വിടത്തരുതു്; ജനങ്ങളും ആയി ബന്ധം പുലർത്തുന്നതിൽക്കൂടി നമുക്കു് അവരെ അറിയുവാനും, അവരെ മനസ്സിലാക്കുവാനും, അവരോടൊന്നിച്ചു് കഴിച്ചുകൂട്ടുവാനും, അവർക്കുവേണ്ടി ശരിയായ രീതിയിൽ സേവനം അനുഷ്ഠിക്കുവാനും സാധിക്കും.

3. 20–8–1966 **കമ്യൂണിസ്റ്റുകാരും ജനങ്ങളും**
ഒരു കമ്മ്യൂണിസ്റ്റുകാരൻ ഒരു ഉദ്യോഗസ്ഥമേധാവിയെപ്പോലെ ഒരിക്കലും ജനങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിയോ, താൻ ജനങ്ങൾക്കു് ഉപരിയാണെന്ന തോന്നലോടെയോ കഴിച്ചുകൂട്ടരുതു്. ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ അയാൾ ഒരു സാധാരണ തൊഴിലാളിയെപ്പോലെ ആയിരിക്കണം. ജനങ്ങളുടെ

കൂടെ ചേരുവാനും, അവരിൽ ഒരാളായി തീരുവാനും ഓരോ കമ്മ്യൂണിസ്റ്റുകാരനും ശ്രദ്ധിക്കണം.

4. 5–9–1966 **അക്രമപരമായ സമരങ്ങൾ**

മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവം ജനങ്ങളുടെ അന്തസ്സത്തയെ സ്പർശിക്കുന്ന ഒരു വിപ്ലവമാണ്. ഈ വിപ്ലവത്തിന്റെ ലക്ഷ്യങ്ങളെ നേടിയെടുക്കുന്നതിനുവേണ്ടി നമ്മൾ സമാധാനപരവും, അക്രമരഹിതവുമായ സമരരീതികൾ ഉപയോഗിക്കണം.

5. 7–9–1966 **വിപ്ളവത്തിന്റെ കാരണങ്ങൾ**

ഏതൊരു വിപ്ലവത്തിലും, അതിന്റെ ആന്തരികമായ കാരണങ്ങൾ അടിസ്ഥാനപരമായവയും, ബാഹ്യമായ കാരണങ്ങൾ അനുബന്ധമായവയുംആണ്.

6. 13–9–1966 **തെററുകൾ**

തെററുകൾ പ്രവർത്തിക്കുവാൻ യുവജനങ്ങളെ അനുവദിക്കേണ്ടതാണ്. അവരുടെ പൊതുവായ ലക്ഷ്യബോധം ശരിയായിരിക്കുന്നിടത്തോളംകാലം, അവർ നിസ്സാരമായ തെററുകൾ ചെയ്തുകൊള്ളട്ടെ. പ്രായോഗികപ്രവർത്തനത്തിൽക്കൂടി അവർക്ക് തങ്ങളുടെ തെററുകളെ സ്വയം തിരുത്തുവാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

7. 24–9–1966 **സാംസ്കാരികവിപ്ളവത്തിലെ അടിസ്ഥാനപരമായ വൈരുദ്ധ്യങ്ങൾ**

മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവം പരിഹരിക്കുവാൻ ശ്രമിക്കുന്ന അടിസ്ഥാനപരമായ വൈരുദ്ധ്യം തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലും, തൊഴിലാളിവർഗ്ഗമാർഗ്ഗവും ബൂർഷ്വാമാർഗ്ഗവും തമ്മിലും ഉള്ള വൈരുദ്ധ്യമാണ്. പാർട്ടികളിൽ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന മുതലാളിത്തമാർഗ്ഗം സ്വീകരിച്ചവർക്ക് എതിരായി സമരം ചെയ്യുക എന്നുള്ളതാണ് പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം.

8. 1–10–1966 ലോകജനത

ലോകജനതയ്ക്ക് ധൈര്യമുണ്ടായിരിക്കുകയും, അവർ സമരം ചെയ്യുന്നതിനുള്ള ധീരത പ്രദർശിപ്പിക്കുകയും, കഷ്ടപ്പാടുകളെ ഭയപ്പെടാതിരിക്കുകയും ചെയ്യണം. മുന്നണിയിലുള്ളവർ നിലംപതിക്കുമ്പോൾ പുറകിലുള്ളവർ അവരുടെ മാർഗ്ഗം പിൻതുടരണം. ഈ രീതിയിൽ ലോകംമുഴുവൻ ജനങ്ങൾക്ക് അവകാശപ്പെട്ടതു് ആയിത്തീരുകയും, രാക്ഷസന്മാർ എല്ലാവരും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്യും.

9. 28–11–66 സാഹിത്യവും കലയും

ബഹിഷ്കരിക്കപ്പെട്ട ബൂർഷ്വാസിജനങ്ങളെ ദുഷിപ്പിക്കുന്നതിന് സാഹിത്യവും കലയും ഉപയോഗപ്പെടുത്തുവാൻ എല്ലാവിധ മാർഗ്ഗങ്ങളിലും കൂടി ശ്രമിക്കുന്നു. അപ്രകാരം ഒരു മുതലാളിത്തപുനരുദ്ധാരണത്തിനുവേണ്ടി വഴിയൊരുക്കാമെന്നാണ് അവർ ആഗ്രഹിക്കുന്നതു്. ഇതു് സാഹിത്യ,കലാരംഗത്തെ നമ്മുടെകടമകൾ ഭാരിച്ചതാകുന്നു, ഒട്ടും ലഘൂകരിക്കുന്നില്ല. അതുകൊണ്ടു്, സാഹിത്യ, കലാമുന്നണിയിലുള്ള നമ്മുടെ നേതൃത്വത്തെ ദുർബലമാക്കുന്നതിനു പകരം നമ്മൾ ശക്തിപ്പെടുത്തണം. തങ്ങളുടെ മഹത്തരമായ കടമകളെ നിർവ്വഹിക്കുന്നതിനുവേണ്ടി നമ്മുടെ സാഹിത്യ, കലാസംഘടനകൾ മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവത്തെ അവസാനഘട്ടംവരെ വിജയകരമായി മുന്നോട്ടുകൊണ്ടുപോകണം.

10. 1–1–1967 നേതൃത്വവും ജനാധിപത്യവും

വിപ്ലവത്തിൻെറ അടിസ്ഥാനപ്രമാണങ്ങൾക്ക് ഹാനികരമായിട്ടുള്ള തെററായ നേതൃത്വത്തെ നിരുപാധികമായി അംഗീകരിക്കരുതു്; പകരം, അതിനെ നിശ്ചയദാർഢ്യത്തോടുകൂടി തിരസ്കരിക്കണം. ജനാധിപത്യം തന്നെ ഒരു ലക്ഷ്യമായി പരിണമിച്ചതുപോലെ ചിലപ്പോൾ കാണപ്പെടുന്നു; എന്നാൽ യഥാർത്ഥത്തിൽ അതു് ഒരു ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള മാർഗ്ഗം മാത്രമാണു്.

11. 8-2–1967 പൊതുജനാഭിപ്രായവും വിപ്ലവവും

ഒരു ഭരണസമ്പ്രദായം ബഹിഷ്കരിക്കുന്നതിനുവേണ്ടി നമ്മരം ആദ്യമായി അതിനനുകൂലമായി ബഹുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ കൂടി ഉപരിഘടകത്തിൻെറ, പ്രത്യയശാസ്ത്രത്തിന്റെ, നിയന്ത്രണം ഏറെറടുക്കണം.

12. 1–4–1967 സാമ്രാജ്യത്വവും ചൈനയും

ബോക്സർ x ഗ്രൂപ്പുകളെ സംഘടിപ്പിക്കുകയും, വ്യവസ്ഥാപിത ഗവണ്മെൻറുകരംക്കെതിരായി ലഹള നടത്തുന്നതിനും, ജനങ്ങളെ കൊന്നൊടുക്കുന്നതിനും, ജനങ്ങളുടെ വസ്തുവകകളെ തീവച്ചു നശിപ്പിക്കുന്നതിനും ആയി അവരെ യൂറോപ്പിലേക്കും അമേരിക്കയിലേക്കും ജപ്പാനിലേക്കും അയക്കുകയും ചെയ്തത് ചൈനീസ് ജനത ആയിരുന്നോ? അതോ ചൈനയുടെ മേൽ കടന്നാക്രമണം നടത്തുവാനും ചൈനീസ് ജനതയെ ചൂഷണം നടത്തുവാനും ആയി വരുകയും, അപ്രകാരം സാമ്രാജ്യത്വത്തിനും അവരുടെ പാദസേവകന്മാർക്കും ചൈനയിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കരംക്കും എതിരായി സമരം ചെയ്യുവാൻ ചൈനീസ് ജനതയെ പ്രകോപിക്കുകയും ചെയ്തത് സാമ്രാജ്യത്വശക്തികരം ആയിരുന്നോ? ഇത് ശരിയേയും തെററിനേയും സംബന്ധിക്കുന്ന ഒരു ഗുരുതരമായ പ്രശ്നമാണ്. ഇത് എല്ലാവക്കും പൂർണ്ണമായിട്ട് വ്യക്തമാക്കി കൊടുക്കേണ്ടതാണ്.

13. 18–5–1967 അനുസ്യൂതമായ വിപ്ളവം

ഇപ്പോരം നടന്നുകൊണ്ടിരിക്കുന്ന മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവം ആദ്യത്തേതു

---

x 1900–ൽ നടന്ന ബോക്സർലഹളയിൽ ചൈനയെ ചൂഷണം ചെയ്യുന്നതിനുള്ള അവകാശം സ്ഥാപിച്ചു കിട്ടുവാനായി സാമ്രാജ്യത്വശക്തികരം 'ബോക്സർ ഗ്രൂപ്പ്'കളെ അയച്ച് ചൈനീസ് ജനതയെ അടിച്ചമർത്തുകയുണ്ടായി.

മാത്രമാണു്; ഇതുപോലെയുള്ള കൂടുതൽ വിപ്ലവങ്ങൾ അനിർവാര്യമായിട്ടും ഇതിനെത്തുടർന്നു് ഉണ്ടാകും. ചെയർമാൻ മാവോ പലപ്പോഴും പറഞ്ഞിട്ടുണ്ടു്: ''വിപ്ലവത്തിന്റെ വിജയമോ പരാജയമോ നിശ്ചയിക്കുവാൻ കഴിയുന്നതു് ഒരു ദീർഘമായ കാലഘട്ടം കഴിഞ്ഞു മാത്രമാണു്. അതിനെ തെററായ രീതിയിലാണു് കൈകാര്യം ചെയ്യുന്നതെങ്കിൽ ഒരു മുതലാളിത്ത പുനരുദ്ധാരണത്തിന്റെ അപകടം എല്ലായ്പോഴും ഉണ്ടായിരിക്കും. ഒന്നോ, രണ്ടോ, മൂന്നോ, നാലോ മഹത്തായ സാംസ്കാരിക വിപ്ളവങ്ങൾക്കുശേഷം മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങളെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുമെന്നു് നമ്മുടെ പാർട്ടിയിലെ എല്ലാ അംഗങ്ങളും നമ്മുടെ രാജ്യത്തിലെ എല്ലാ ജനങ്ങളും ചിന്തിക്കരുതു്. അവർ എല്ലായ്പോഴും ഉണർവ്വുള്ളവരായിരിക്കണം; തങ്ങളുടെ ജാഗ്രതയ്ക്കു് അവർ ഒരിക്കലും അയവു വരുത്തരുതു്.''

[പീപ്പിൾസ് ഡെയിലിയിലെ മുഖപ്രസംഗം]

14. 28–5–1967 **നോവലുകളും പാർട്ടിവിരുദ്ധ പ്രവത്തനങ്ങളും**

നോവലുകൾ എഴുതുന്നതിൽക്കൂടി പാർട്ടിവിരുദ്ധ പ്രവത്തനങ്ങൾ നിർവഹിക്കുക എന്ന പദ്ധതി പുതിയതല്ല. ഏതെങ്കിലും ഭരണസമ്പ്രദായത്തെ ബഹിഷ്കരിക്കുന്നതിനു് പ്രത്യയശാസ്ത്രപരമായ പ്രവത്തനത്തിൽനിന്നാരംഭിച്ചു് ബഹുജനാഭിപ്രായം രൂപപ്പെടുത്തുന്നതു് ആവശ്യമാണു്. വിപ്ളവകാരികളെ സംബന്ധിച്ചിടത്തോളം ഇതു സത്യമാണു്; പിന്തിരിപ്പന്മാരുടെ കാര്യത്തിലും ഇതു സത്യം തന്നെയാണു്.

15. 1–6–1967 **പ്രായംചെന്ന പാർട്ടിപ്രവത്തകർ**

പ്രായംചെന്ന പാർട്ടിപ്രവത്തകർ കഴിഞ്ഞകാലത്തു് തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ടു്. പക്ഷേ അവർ ആ 'മൂലധന'ത്തെ ആശ്രയിച്ചു

മാത്രം ജീവിയ്ക്കരുത്. അവർ സ്വയം പരിവർത്തനം വരുത്തുകയും മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിന് പുതിയ സംഭാവനകൾ നൽകുകയും ചെയ്യണം.

16. 11–6–1967 **പ്രധാനവും അപ്രധാനവും ആയ കാരണങ്ങൾ**

എല്ലാത്തിനും അതിൻേറതായ പ്രധാനവും അപ്രധാനവുമായ കാരണങ്ങൾ ഉണ്ട്; പ്രധാനമായ എല്ലാ കാരണങ്ങളും അപ്രധാനമായ എല്ലാ കാരണങ്ങളേയും നിയന്ത്രിക്കുന്നു. നമ്മുടെ രാജ്യത്തിലെ ജനങ്ങൾ ശരിയായ രീതിയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവർ പ്രധാനമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കണം.

17. 12–6–1967 **വർഗ്ഗസമരവും പാർട്ടി പ്രവർത്തകരും**

വർഗ്ഗത്തിൻേറയും വർഗ്ഗസമരത്തിൻേറയും വീക്ഷണരീതിയിൽക്കൂടിയും, വർഗ്ഗവിശകലനത്തിൻെറ മാർഗ്ഗം ഉപയോഗിച്ചും എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുകയും, അവയെ കുറിച്ച് യുക്തിപൂർവ്വമായ നിഗമനത്തിലെത്തുകയും ചെയ്യണം. നേതൃസ്ഥാനത്തിരിക്കുന്ന എല്ലാ പാർട്ടിപ്രവർത്തകരേയും ഒരേ രീതിയിൽ കരുതണം. എല്ലാത്തിനേയും ലഘുവായ രീതിയിൽ തിരസ്കരിക്കുന്നതും എല്ലാത്തിനേയും നിഷേധിക്കുന്നതും ആയ സമ്പ്രദായവും, ഉത്തരവാദിത്വത്തിൻെറ മുഖ്യഭാഗവും വഹിക്കുന്നവരും ഏററവുമധികം പ്രവർത്തനം നടത്തുന്നവരുമായ പാർട്ടിപ്രവർത്തകർക്ക് എതിരായിട്ടോ, ഗവണ്മെൻറിൻെറ ജോലികൾ നിർവഹിക്കുന്ന വകുപ്പദ്ധ്യക്ഷന്മാർക്കെതിരായിട്ടോ സമരത്തെ തിരിച്ചു വിടുന്ന സമ്പ്രദായവും ഉപേക്ഷിക്കണം.

18. 21–6–1967 **ജനങ്ങളെ കാര്യങ്ങൾ തുറന്നുപറയുവാൻ അനുവദിക്കുക.**

ജനങ്ങളെ കാര്യങ്ങൾ തുറന്നുപറയുവാൻ അനുവദി

ക്കക. അങ്ങിനെ ചെയ്യുന്നതുകൊണ്ട് ആകാശം ഇടിഞ്ഞുവീഴാനൊന്നും പോകുന്നില്ല. തന്നെയല്ല, അതിന്റെ ഫലമായി നിങ്ങൾ സ്ഥാനഭ്രഷ്ടനാകുവാനും പോകുന്നില്ല. നിങ്ങൾ ജനങ്ങളെ കാര്യങ്ങൾ തുറന്നു പറയുവാൻ അനുവദിച്ചില്ലെങ്കിൽ എന്താണ് സംഭവിക്കുക? നിങ്ങൾ ഒരു ദിവസം സ്ഥാന ഭ്രഷ്ടനാക്കപ്പെട്ടു എന്നു വന്നേക്കാം.

19. 25–6–1967 **പെററിബൂർഷ്വാ ചിന്താഗതി**

നമ്മുടെ അണികളിലുള്ള പെററിബൂർഷ്വാ പ്രത്യയശാസ്ത്രത്തെ നമ്മൾ സാമർത്ഥ്യപൂർവം തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ മാർഗ്ഗത്തിലേക്ക് തിരിച്ചുവിടണം. മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ളവത്തെ വിജയത്തിലേക്കു നയിക്കുന്നതിന് സഹായിക്കുന്ന ഒരു മമ്മ പ്രധാനമായ കാര്യമാണിതു്.

20. 27–6–1967 **ജനങ്ങളുടെ ഭാഗത്തു നിലയുറപ്പിക്കുക**

നമ്മൾ ജനങ്ങളുടെ ഭാഗത്തു് നിലയുറപ്പിക്കണം; അല്ലാതെ ജനങ്ങളെ എതിർക്കുന്നവരുടെ ഭാഗത്തല്ല. ഒരു മാർക്സിസ്ററു്–ലെനിനിസ്റ്റിന്റെ നിലപാടിനെ സംബന്ധിക്കുന്ന ഒരു അടിസ്ഥാനപരമായ പ്രശ്നമാണ് ഇതു്.

21. 4–7–1967 **പാർട്ടി അംഗങ്ങൾ**

കമ്യൂണിസ്റ്റുകാരായ നമ്മൾ ഔദ്യോഗിക സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നില്ല; നമ്മൾ വിപ്ലവം ആഗ്രഹിക്കുന്നു. നമുക്ക് പരിപൂർണ്ണമായും വിപ്ളവകരമായ ഒരു അന്തസ്സത്ത ഉണ്ടായിരിക്കണം; ഓരോ മണിക്കൂറും ഓരോ നിമിഷവും നമ്മൾ ജനങ്ങളുടെ കൂടെ ആയിരിക്കണം. ജനങ്ങളുടെകൂടെ നിലയുറപ്പിക്കുന്നിടത്തോളം കാലം, നമുക്ക് എല്ലായ്പോഴും വിജയം കൈവരും.

22. 5–7–1967 **ജനങ്ങളെ സംഘടിപ്പിക്കുക**

പിന്തിരിപ്പന്മാർക്കെതിരായി കടന്നാക്രമണം നടത്തുന്നതിന്, മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിന്, ആവശ്യമായിരിക്കുന്നത് ദശലക്ഷക്കണക്കിനുള്ള ജനങ്ങളെ സംഘടിപ്പിക്കുകയും, അതിമഹത്തായ ഒരു വിപ്ലവശക്തിയെ സമരത്തിനുവേണ്ടി സേവനസന്നദ്ധമാക്കുകയുമാണ്.

23. 7–7–1967 **രണ്ടുകക്ഷികളിൽപെട്ട ബഹുജന സംഘടനകൾ**

രണ്ടുകക്ഷികളിൽപ്പെട്ട ബഹുജന സംഘടനകൾക്കിടയിൽ തീവ്രമായ എതിർപ്പ് നിലനില്ക്കുന്ന സന്ദർഭങ്ങളിൽ, അവ തമ്മിലുള്ള എല്ലാവിധ വ്യത്യാസങ്ങൾക്കും പരിഹാരം ഉണ്ടാക്കുന്നതിനു സഹായിക്കുവാൻ കഴിവുള്ള ശ്രദ്ധാപൂർവ്വമായ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവും ആയ പ്രവർത്തനത്തിന്റെ ആവശ്യം ഉണ്ടായിരിക്കും. നമ്മൾ യാഥാസ്ഥിതിക, പിന്തിരിപ്പൻ സംഘടനകളുമായി ഇടപെടുന്ന സന്ദർഭങ്ങളിൽ പോലും ശ്രദ്ധാപൂർവ്വമായ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവും ആയ പ്രവർത്തനം ആവശ്യമാണ്.

24. 3–8–1967 **വിപ്ലവവും <u>ഉൽപ്പാദക</u>** (productive) **ശക്തിയും**

വിപ്ലവം ഉല്പാദക ശക്തിയുടെ വിമോചനമാണ്; അതു് ഉല്പാദക ശക്തിയുടെ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നു.

25. 13–8–1997 **രാഷ്ട്രീയാധികാരം**

ഒരു വിപ്ലവത്തിന്റെ അടിസ്ഥാനപരമായ പ്രശ്നം രാഷ്ട്രീയാധികാരത്തെ സംബന്ധിക്കുന്ന പ്രശ്നമാണ്. രാഷ്ട്രീയാധികാരം സ്വായത്തമാക്കുകയാണെങ്കിൽ സർവ്വവും സ്വായത്തമായി എന്നാണർത്ഥം; അതേ സമയം അതു നഷ്ടമാവുകയാണെങ്കിൽ സർവ്വവും നഷ്ടമായി എന്നാണർത്ഥം.

26. 25–8–1967 **ദിനപ്പത്രങ്ങൾ**

ഒരു സോഷ്യലിസ്റ്റ് രാജ്യത്തിലെ ദിനപ്പത്രങ്ങൾ

ഒരു മുതലാളിത്ത രാജ്യത്തിലുള്ള ദിനപ്പത്രങ്ങളിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ഒരു സോഷ്യലിസ്റ്റ് രാജ്യത്തിൽ, പൊതു ഉടമാവകാശത്തെ അടിസ്ഥാനമാക്കിയുള്ള ആസൂത്രിത സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയെ ദിനപ്പത്രങ്ങൾ പ്രതിഫലിപ്പിക്കുന്നു. സാമ്പത്തിക അരാജകത്വത്തേയും, ഗ്രൂപ്പുമത്സരങ്ങളേയും പ്രതിഫലിപ്പിക്കുന്ന മുതലാളിത്ത രാജ്യങ്ങളിലെ ദിനപ്പത്രങ്ങളിൽനിന്ന് ഇത് തികച്ചും വ്യത്യസ്തമാണ്. ലോകത്തിൽ വർഗ്ഗവ്യത്യാസം നിലനില്ക്കുന്നിടത്തോളം കാലം, ദിനപ്പത്രങ്ങൾ വർഗ്ഗസമരത്തിനുള്ള ഒരു ഉപകരണമാണ്.

27. 26–8–1967 **അവശിഷ്ടമായ പ്രത്യയശാസ്ത്രം**

സാമൂഹ്യ,സാമ്പത്തിക വ്യവസ്ഥയിൽ പരിവർത്തനം വരുത്തിയിട്ടുണ്ടെങ്കിലും, കഴിഞ്ഞ കാലത്തുനിന്ന് ജന്മസിദ്ധമായി ആർജ്ജിച്ചിട്ടുള്ള പിന്തിരിപ്പൻ ചിന്താഗതികളും. ബൂർഷ്വാ, ഉയർന്ന പെററിബൂർഷ്വാ വിഭാഗങ്ങളുടെ ചിന്താഗതികളും ഇപ്പോഴും വളരെയധികം ആളുകളുടെ മനസ്സിൽ നിലനിൽക്കുന്നു. അതിനു പെട്ടെന്നു പരിവർത്തനം വരുത്തുവാൻ സാധിക്കുകയില്ല. അതിൻെറ പരിവർത്തനത്തിനു് സമയം, വളരെ ദീർഘമായ ഒരു കാലഘട്ടം ആവശ്യമുണ്ട്. ഇതാണ് നമ്മുടെ സമുദായത്തിലെ വർഗ്ഗസമരം.

28. 30–8–1967 **വിപ്ളവകാരികളായ മുന്നണിപ്പടയാളികളെ പരിശീലിപ്പിക്കുക**

രാഷ്ട്രീയ വീക്ഷണവും, സമരോത്സുകമായ ഊർജ്ജസ്വലതയും, ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനു സന്നദ്ധതയും ഉള്ള അനേകം വിപ്ളവകാരികളായ മുന്നണിപ്പടയാളികളെ നമ്മൾ പരിശീലിപ്പിക്കണം. അവർ നിഷ്കപടമായ സ്വഭാവത്തോടുകൂടിയവരും, സത്യസന്ധരും, പ്രസരിപ്പുള്ളവരും, അഭിമാനബോധം ഉള്ളവരും ആയിരിക്കണം.

അവർ യാതൊരു വക സ്വാർത്ഥതാല്പര്യവും കാംക്ഷിക്കുന്നില്ല. അവർ ദേശീയവും സാമൂഹ്യവും ആയ വിമോചനത്തിനുവേണ്ടി പൂർണ്ണമായി സ്വയം സമർപ്പിച്ചവരാണ്. അവർ യാതൊരു കഷ്ടപ്പാടുകളേയും ഭയപ്പെടുന്നില്ല. കഷ്ടപ്പാടുകളെ അഭിമുഖീകരിക്കുമ്പോാം അവർ എല്ലായ്പോഴും ദൃഢനിശ്ചയമുള്ളവരും ധീരരും ആണ്. അവർ ഒരിക്കലും ആത്മപ്രശംസ ചെയ്യുന്നവരല്ല. അവർ ഒരു പ്രസിദ്ധിയും ആശിക്കുന്നില്ല. അവർ കപടഭാവം കാണിക്കാത്തവരും യാഥാർത്ഥ്യബോധമുള്ളവരും ആയ ആളുകളാണ്. ഇതുപോലെയുള്ള അനേകം മുന്നണിപ്പടയാളികളെ പരിശീലിപ്പിക്കുകയാണെങ്കിൽ, ചൈനീസ് വിപ്ലവത്തിന്റെ കർത്തവ്യങ്ങളെ അനായാസമായി പൂർത്തിയാക്കുവാൻ കഴിയും.

29. 2–9–1997 **വർഗ്ഗസമരം**

സോഷ്യലിസ്റ്റ് ഘട്ടത്തിൽ ഉടനീളം വർഗ്ഗങ്ങളും വർഗ്ഗസമരവും നിലനിൽക്കുന്നു. ഈ വർഗ്ഗസമരം ദീർഘവും സങ്കീർണ്ണവും ആണ്. ചിലപ്പോാം ഇതു് ഭീകരമായിരുന്നെന്നു പോലും വരും. അതുകൊണ്ടു്, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഉപകരണങ്ങളെ തീർച്ചയായും ദുർബ്ബലപ്പെടുത്തരുത്. നേരേമറിച്ച്, അവയെ ശക്തിപ്പെടുത്തേണ്ടതാണ്.

30. 17–9–1967 **ഐക്യത്തിൽനിന്നു് ഐക്യത്തിലേക്കു്**

ഐക്യം—വിമർശനവും സ്വയംവിമർശനവും—ഐക്യം.

31. 19–10–1967 **വിപ്ളവ സംഘടനയുടെ രൂപം**

വിപ്ളവസംഘടനയുടെ രൂപത്തെ നിർണ്ണയിക്കേണ്ടതു് വിപ്ളവസമരത്തിന്റെ ആവശ്യങ്ങാംക്കു് അനുസരണമായിട്ടാണ്. ഒരു സംഘടനാരൂപം ഒരു വിപ്ളവ സമരത്തിന്റെ ആവശ്യങ്ങളെ നേരി

ടുവാൻ പര്യാപ്തമല്ലെങ്കിൽ, അതിനെ തീർച്ചയായും പരിത്യജിക്കണം.

32. 6–11–1967 **സ്വാർത്ഥതയെ എതിർക്കുക, തിരുത്തൽവാദത്തെ വിമർശിക്കുക**

മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ളവത്തിന്റെ അടിസ്ഥാനപരമായ പ്രത്യയശാസ്ത്രപരമായ പരിപാടി 'സ്വാർത്ഥതയെ എതിർക്കുകയും തിരുത്തൽവാദത്തെ വിമർശിക്കുകയും ചെയ്യുക' എന്നതാണ്.

33. 9–11–1967 **അത്യുത്തമമായ പരിതസ്ഥിതി**

മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ളവത്തിലെ പരിതസ്ഥിതി നല്ലതാണെന്നു മാത്രമല്ല, അത്യുത്തമമാണ്. കഴിഞ്ഞകാലത്ത് ഏതെങ്കിലും സമയത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ടതാണ് മൊത്തത്തിലുള്ള പരിതസ്ഥിതി. ഈ അത്യുത്തമമായ പരിതസ്ഥിതിയുടെ പ്രധാനപ്പെട്ട ലക്ഷണം ജനങ്ങൾ പൂർണ്ണമായും പ്രബുദ്ധരാക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഒരു ബഹുജനപ്രസ്ഥാനം ഇതിനു മുമ്പൊരിക്കലും ഇപ്പോൾ സംഭവിച്ചിരിക്കുന്നതുപോലെ ഇത്രയധികം വ്യാപകമായ രീതിയിലും മനസ്സിനുള്ളിൽ പതിയുന്ന രീതിയിലും ഉത്തേജിപ്പിക്കപ്പെട്ടിട്ടില്ല.

34. 16–11–1967 **ഉയർന്നനിലവാരത്തിലും താഴ്ന്ന നിലവാരത്തിലും ഉള്ളവർ തമ്മിലുള്ളബന്ധം**

വിവിധ നിലവാരങ്ങളിലുള്ള പാർട്ടിപ്രവർത്തകർ തമ്മിലുള്ള ബന്ധത്തെ ശരിയായ രീതിയിൽ കൈകാര്യം ചെയ്യണം. അതുപോലെ തന്നെ, പാർട്ടിപ്രവർത്തകരും ജനങ്ങളും തമ്മിലുള്ള ബന്ധത്തേയും നല്ല രീതിയിൽ കൈകാര്യം ചെയ്യേണ്ടതാണ്. ഭാവിയിൽ, പാർട്ടിപ്രവർത്തകർ വ്യക്തിപരമായി വിവിധ സ്ഥലങ്ങളിൽ പോവുകയും, താഴെ എന്താണു സംഭവിക്കുന്നതെന്ന് മനസ്സിലാക്കുകയും

ചെയ്യണം. അവർ ബഹുജനമാർഗ്ഗം (Mossline) ദൃഢമായി പിൻതുടരണം; എപ്പോഴെങ്കിലും ഒരു പ്രശ്നം പൊന്തിവരുമ്പോഠം അതു ജനങ്ങളുമായി ചർച്ചചെയ്യണം. ജനങ്ങളുടെ ശിഷ്യർ ആയിരിക്കണം;ഒരത്ഥത്തിൽ നോക്കുകയാണെങ്കിൽ, ഏററവും സമ്പന്നമായ പ്രായോഗിക പരിശീലനം സിദ്ധിച്ചിട്ടുള്ള യോദ്ധാക്കളാണ് ഏററവുമധികം ബുദ്ധിശാലികളും കഴിവുള്ളവരും.

## 35. 10–4–1968 സാംസ്കാരിക വിപ്ളവത്തിൻെറ സ്വഭാവം

മഹത്തായ തൊഴിലാളിവഗ്ഗ സാംസ്കാരിക വിപ്ളവം സാരാംശത്തിൽ, സോഷ്യലിസ്റ്റ്സാഹചര്യങ്ങഠംക്കു കീഴിൽ ബൂർഷ്വാസിക്കും മറെറല്ലാ ചൂഷക വർഗ്ഗങ്ങഠംക്കും എതിരായി തൊഴിലാളിവർഗ്ഗം നടത്തുന്ന ഒരു മഹത്തായരാഷ്ട്രീയ വിപ്ളവമാണ്. ഇതു്, ക്ലമിന്താങ്ങ് പിന്തിരിപ്പന്മാക്ക് എതിരായി ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും, അതിൻെറ നേതൃത്വത്തിൻ കീഴിൽ വിപ്ലവകാരികളായ ജനങ്ങളും നടത്തിയ ദീർഘമായ സമരത്തിൻെറ തുടർച്ചയാണ്.ഇതു്,തൊഴിലാളിവഗ്ഗവുംബൂഷ്വാസിയുംതമ്മിലുള്ളസമരത്തിൻെറതുടച്ചയാണ്.

## 36. 27–8–1968 വിദ്യാഭ്യാസവിപ്ളവം

തൊഴിലാളിവർഗ്ഗ വിദ്യാഭ്യാസ വിപ്ലവത്തെ നടപ്പിലാക്കുന്നതിന്, ജനകീയ വിമോചന സേനയിലെ സൈനികരും, വിദ്യാത്ഥികളും, അദ്ധ്യാപകരും, തൊഴിലാളിവഗ്ഗവിദ്യാഭ്യാസ വിപ്ളവത്തെ വിജയകരമായ പരിസമാപ്തിയിൽ എത്തിക്കുവാൻ ദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ളവരായ തൊഴിലാളികഠംക്കിടയിലെ സജീവപ്രവത്തകരും ചേർന്നുള്ള വിപ്ളവകാരികളായ മൂന്നു വിഭാഗങ്ങളുടെ സഖ്യത്തോടൊപ്പം തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വവും അതിൻെറ ഭാഗഭാഗിത്വവും ഉണ്ടായിരിക്കേണ്ടതു് അനുപേക്ഷണീയമാണ്. തൊഴിലാളിക

ളുടെ പ്രചരണസംഘങ്ങൾ, 'സമരം—വിമർശനം—പരിവത്തനം' എന്ന കത്തവ്യത്തിൽ പങ്കുചേരുന്നതിനും, തങ്ങളുടെ നേതൃത്വത്തെ നിലനിത്തുന്നതിനുമായി ഒരു ദീർഘകാലം വിദ്യാലയങ്ങളിൽ താമസിക്കണം. ഗ്രാമപ്രദേശങ്ങളിൽ വിദ്യാലയങ്ങൾ നടത്തേണ്ടതു് തൊഴിലാളി വഗ്ഗത്തിൻെറ ഏററവും വിശ്വസ്തമിത്രങ്ങളായ പാവപ്പെട്ടവരും, താഴെക്കിടയിലുള്ളവരും, ഇടത്തരക്കാരും ആയ കഷ്കരാണു്.

37. 16–10–1968 **പാർട്ടി ശുദ്ധീകരണം**

1. ഒരു മനുഷ്യനു് രക്തധമനികളും ഞരമ്പുകളും ഉണ്ടു്. അയാളുടെ ഹൃദയം രക്തചംക്രമണം നടത്തുന്നു. അയാൾ ശ്വാസകോശങ്ങൾ ഉപയോഗിച്ചു് കാർബൺ ഡയോക്സൈഡിനെ നിശ്വസിച്ചുകൊണ്ടും, പുതുതായി ഓക്സിജനെ ശ്വസിച്ചുകൊണ്ടും ശ്വാസോച്ഛ്വാസം ചെയ്യുന്നു; അതായതു് നിഷ്പ്രയോജനമായവയിൽനിന്നു് രക്ഷപ്രാപിക്കുകയും പുതിയവയെ ഉള്ളിലേക്കു് പ്രവേശിപ്പിക്കുകയും ചെയ്യുന്നു ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയും നിഷ്പ്രയോജനമായവയിൽനിന്നു് രക്ഷപ്രാപിക്കുകയും പുതിയവയെ ഉള്ളിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യണം. ഈ രീതിയിൽമാത്രമേ അതിനു് തികഞ്ഞ ഓജസ്സോടുകൂടി ഇരിക്കുവാൻ കഴിയുകയുള്ളു. നിഷ്പ്രയോജനമായവയെ തിരസ്കരിക്കുകയും പുതുരക്തത്തെ ഉള്ളിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യില്ലെങ്കിൽ, പാർട്ടിക്കു് ഓജസ്സുണ്ടായിരിക്കുകയില്ല.

2. നമ്മുടെ ശക്തി—ആരാണു് നമുക്കതു് തരുന്നതു്? തൊഴിലാളിവഗ്ഗമാണു് നമുക്കതു് തരുന്നതു്, ജനസംഖ്യയുടെ തൊണ്ണൂറുശതമാനത്തിൽ അധികം വരുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളാണു് നമുക്കതു തരുന്നതു്. നമ്മൾ തൊഴിലാളിവർഗ്ഗത്തേയും ജനങ്ങളേയും പ്രതിനിധീകരിക്കുന്നു; ജനശത്രുക്കളെ നമ്മൾ ബഹിഷ്കരിച്ചു. അതുകൊണ്ടു്, ജനങ്ങൾ

നമുക്കു് പിൻതുണ നൽകുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാന തത്വങ്ങളിൽ ഒന്നു് വിപ്ലവകാരികളായ ജനങ്ങളെ നേരിട്ടു് ആശ്രയിക്കുക എന്നതാണു്.

## 38. 22–12–1968 യുവജനങ്ങളുടെ പുനർവിദ്യാഭ്യാസം

പാവപ്പെട്ടവരും താഴ്ന്ന ഇടത്തരക്കാരും ആയ കഷകരാൽ പുനർവിദ്യാഭ്യാസം ചെയ്യിക്കപ്പെടുന്നതിനുവേണ്ടി, അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ പോകേണ്ടതു് നിസ്സംശയമായിട്ടും ആവശ്യമാണു്. ജൂണിയർ മിഡിൽ സ്കൂളിലേയോ, സീനിയർ മിഡിൽ സ്കൂളിലേയോ, കോളേജിലേയോ, സർവ്വകലാശാലയിലേയോ വിദ്യാഭ്യാസം പൂർത്തിയാക്കിയ തങ്ങളുടെ പുത്രന്മാരേയും പുത്രികളേയും ഗ്രാമപ്രദേശങ്ങളിലേക്കയക്കുവാൻ പാർട്ടിപ്രവർത്തകരേയും മററു നഗരവാസികളേയും പ്രേരിപ്പിക്കേണ്ടതാണു്. നമുക്കവരെ ശേഖരിച്ചു് സേവന സന്നദ്ധർ ആക്കി നിർത്താം. ഗ്രാമപ്രദേശങ്ങളിൽ ഉടനീളം ഉള്ള സഖാക്കൾ അവരെ സ്വാഗതം ചെയ്യണം.

## 39. 13–3–1969 റഷ്യൻ തിരുത്തൽവാദം

സോവിയററു് യൂണിയനിലെ ജനങ്ങളും, ഭൂരിപക്ഷം പാർട്ടി അംഗങ്ങളും പ്രവർത്തകരും, നല്ലവരും വിപ്ളവകാരികളും ആണു്. അതുകൊണ്ടു് തിരുത്തൽ വാദികളുടെ ആധിപത്യം അധികംനാൾ നിലനിൽക്കുകയില്ല.

## 40. 15–4–1969 തൊഴിലാളിവർഗ്ഗം

തൊഴിലാളി വർഗ്ഗം മനുഷ്യചരിത്രത്തിലെ ഏററവും മഹത്തായ വർഗ്ഗമാണു്. പ്രത്യയശാസ്ത്രപരമായിട്ടും, രാഷ്ട്രീയമായിട്ടും, സഖ്യപരമായിട്ടും ഇതു് ഏററവും മഹത്തായ വിപ്ളവമാർഗ്ഗമാണു്. ഒരു കൈപ്പിടിയിൽ ഒതുങ്ങുന്ന ശത്രുക്കളെ കഴിയാവു

ന്നത്ര ഒററപ്പെടുത്തുന്നതിനും ആക്രമിക്കുന്നതിനുംവേണ്ടി ബഹുഭൂരിപക്ഷം ജനങ്ങളെ തങ്ങൾക്കു ചുററും സംഘടിപ്പിക്കുവാൻ അവർക്കു കഴിയും; അവരെ തങ്ങൾക്കു ചുററും സംഘടിപ്പിക്കുവാൻ അവർക്കു കഴിയണം.

## 41. 15–4–1969 ചൈനീസ് വിപ്ളവവും ലോക വിപ്ളവവും

നമ്മൾ ഒരു മഹത്തായ വിജയംനേടി. പക്ഷേ പരാജിതരായ വർഗ്ഗം സമരം തുടരും. അതിലെ അംഗങ്ങൾ ഇപ്പോഴും നമ്മുടെ ചുററുമുണ്ട്, ആ വർഗ്ഗം ഇപ്പോഴും നിലനില്ക്കുന്നു. അതുകൊണ്ട്, അവസാനവിജയത്തെ കുറിച്ചു സംസാരിക്കുവാൻ നമുക്കു കഴിയുകയില്ല, അനേകം വർഷത്തേക്കു് നമുക്കതു് കഴിയുകയില്ല. നമ്മുടെ ജാഗ്രതയ്ക്കു് നമ്മൾ ഒരിക്കലും കുറവു വരുത്തരുതു്. ലെനിനിസ്റ്റ് വീക്ഷണരീതിയിൽക്കൂടി നോക്കുമ്പോൾ, ഒരു സോഷ്യലിസ്റ്റ് രാജ്യത്തിലെ അവസാന വിജയത്തിനു് ആ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിൻേറയും ജനങ്ങളുടേയും പരിശ്രമങ്ങൾ മാത്രമല്ല ആവശ്യമായിരിക്കുന്നതു്, നേരേമറിച്ചു് അതു് ലോകവിപ്ളവത്തിൻെറ വിജയത്തേയും, മനുഷ്യവർഗ്ഗം മുഴവൻ വിമോചിക്കപ്പെടത്തക്ക വിധത്തിൽ ഈ ഭൂമിയിൽ മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതി ഇല്ലായ്മ ചെയ്യുന്നതിനേയും ആശ്രയിച്ചുകൂടിയാണു് ഇരിക്കുന്നതു്. ഇതിൻെറ ഫലമായി, നമ്മുടെ രാജ്യത്തിലെ വിപ്ളവത്തിൻെറ അവസാന വിജയത്തെ കുറിച്ചു് ലഘുമനസ്സരായി സംസാരിക്കുന്നതു് തെററാണു്. അങ്ങിനെ ചെയ്യുന്നതു് ലെനിനിസത്തിനു വിരുദ്ധവും വസ്തുതകൾക്കു നിരക്കാത്തതും ആയിരിക്കും.

PG Library & Research Center

"വിപ്ലവത്തിനുവേണ്ടി പ്രവർത്തിക്കുക....ജനങ്ങളെ സേവിക്കുക" എന്നിവ പരിചിതമായ വാക്കുകളാണെങ്കിലും ഏററവും ലഘുവും അതേസമയം ഏററവും ഗഹനവുമായ വിപ്ലവസത്യങ്ങളെ പ്രതിനിധീകരിക്കുന്നു എന്ന അപരിമിതമായ പ്രാധാന്യം അവയ്ക്കുണ്ട്. സോഷ്യലിസ്റ്റ് സംസ്കാരവും സോഷ്യലിസ്റ്റ് കലയും സോഷ്യലിസ്റ്റ് സാഹിത്യവും വിപ്ലവാനുഷ്ഠാനത്തിലൂടെ ഉടലെടുക്കുന്നതും അതിന്റെ അനിർവാര്യഘടകവുമാണ്. വിപ്ലവങ്ങളാണല്ലോ വിപ്ലവ സാഹിത്യകലാകാരന്മാരെയും സൃഷ്ടിക്കുക. അതായത് സോഷ്യലിസ്റ്റ് സംസ്കാരമെന്ന ഉപരിഘടകത്തിന്റെ സൃഷ്ടിക്ക് സോഷ്യലിസ്റ്റ് അടിത്തറ അത്യന്താപേക്ഷിതമാണ്. ആ അടിത്തറ പണിതുയർത്തുന്നതിന് ആത്മാർത്ഥമായി ശ്രമിക്കാതെ ഉപരിഘടകം സൃഷ്ടിക്കുന്നതിനെക്കുറിച്ച് എത്രയേറെ വാചകമടിച്ചിട്ടും പ്രയോജനമില്ല. 'യെനാൻ ഫോറത്തിൽ ചെയ്ത പ്രസംഗം' തുടങ്ങി ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ലേഖനങ്ങൾ തന്റെ ദീർഘമായ വിപ്ലവാനുഷ്ഠാനത്തിനിടയ്ക്കു വസ്തുനിഷ്ഠമായ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ മാവോ സേതുങ്ങ് രചിച്ചവയാണ്. മഹത്തായ ഈ കൃതികൾ ചൈനയിൽ ഒരു സോഷ്യലിസ്റ്റ് സംസ്കാരം കെട്ടിപ്പടുക്കുന്നതിനും, സോഷ്യലിസ്റ്റേതര പ്രവണതകൾ സോഷ്യലിസ്റ്റ് അടിത്തറയെ കാർന്നുതിന്നുന്നതിനെതിരെ നടന്ന മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവത്തിനും പ്രചോദനം നൽകി, ഒരു പുതിയ യുഗപ്പിറവിക്കായി ശ്രമിക്കുന്ന നമ്മുടെ നാട്ടിലെ ജനങ്ങൾക്കും ഈ ലേഖനങ്ങൾ ഒരു വഴികാട്ടിയായിരിക്കും.

---

ജനതാ ബുക്ക് സ്റ്റാൾ. പാലാ.

കലയും
സാഹിത്യവും

ടാഗോർ

895.14
TSE

Indic Digital Archive Foundation
gpura.org